# *നിങ്ങളുടെ ജീവിതം സുവിശേഷത്തിനു യോഗ്യമോ?*

ഇപ്പോൾ കർത്താവിങ്കലേയ്ക്ക് നോക്കി, നമുക്ക് നമ്മുടെ തലകളെ കുമ്പിട്ട് കൊണ്ട്, ഒരു നിമിഷത്തേയ്ക്ക് കൂടെ നില്ക്കാം. കർത്താവിനെ അറിയിക്കാനായി ഏതെങ്കിലും വിധത്തിലെ ഒരു അപേക്ഷയുണ്ടെങ്കിൽ, ഇങ്ങനെ, നിങ്ങളുടെ കൈകളെ അവങ്കലേയ്ക്ക്, *ഇങ്ങനെ*, ഉയർത്തി, നിങ്ങൾ ഹൃദയത്തിൽ എന്താണ് ആഗ്രഹിക്കുന്നത് എന്ന് അവനോടു പറയുക.

2 ഞങ്ങളുടെ സ്വർഗ്ഗീയ പിതാവെ, മറ്റൊരു ദിവസത്തിനായി ഞങ്ങൾ നന്ദിയുള്ളവരാകുന്നു. ഇത് ഇപ്പോൾ അവസാനിക്കാറായിരിക്കുന്നു; ഇത് ഒരു ചരിത്രമാകുകയും ചെയ്യും. ഇന്നു രാവിലെ നേരമുള്ള ശുശ്രൂഷ മുന്നമേ കഴിഞ്ഞിരിക്കുന്നു. ഈ അന്തരീക്ഷത്തിൽ പറയപ്പെട്ട വാക്കുകളെല്ലാം, ടേപ്പുകളിലായിരിക്കുകയും, അതിനെ ഞങ്ങൾക്ക് ഒരു ദിവസം സന്ധിക്കേണ്ടതായിട്ടും വരും. അത് ഒന്നുകിൽ ശരിയായിരിക്കണം അല്ലെങ്കിൽ തെറ്റാകണം. അത് ശരിയാണെന്നു ഞങ്ങൾ—ഞങ്ങൾ വിശ്വസിക്കുന്നു, എന്തുകൊണ്ടെന്നാൽ അത് നിന്റെ വചനമാകുന്നു.

3 ഇപ്പോൾ, ഇന്നു രാത്രിയിൽ, ഞങ്ങൾ യാചിക്കുന്ന അപേക്ഷകളെ ഞങ്ങൾക്ക് നൽകേണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു. ഞങ്ങളുടെ കൈകളെ, ഉയർത്തിക്കൊണ്ട്, അപേക്ഷകൾക്കായി സമർപ്പിക്കുന്നു. ഞങ്ങൾക്ക് ആവശ്യമുള്ളത് എന്താണെന്ന് അങ്ങ് അറിയുകയും, ഞങ്ങൾ എന്തിനു വേണ്ടിയാണ് ചോദിക്കുന്നത് എന്ന് അറിയുകയും ചെയ്യുന്നു. അതുകൊണ്ട് കർത്താവെ, അത് നിന്റെ മഹത്വത്തിനായി ഉപയോഗിക്കാൻ ഞങ്ങൾക്ക് സാധിക്കുമെങ്കിൽ, നീ ഞങ്ങൾക്ക് ഉത്തരം തരേണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു, ഞങ്ങളുടെ ഹൃദയാഭിലാഷങ്ങളെ, ഞങ്ങൾക്ക് നൽകിയാലും. ഇത് അനുവദിക്കേണം, കർത്താവെ.

4 ഞങ്ങളുടെ മദ്ധ്യേയുള്ള രോഗങ്ങളെ സൌഖ്യമാക്കേണമെ. സകല അവിശ്വാസത്തെയും പാപത്തെയും എടുത്തുമാറ്റേണമെ. ഞങ്ങൾക്ക് അവിടുത്തെ...തന്ന്, കർത്താവെ, ഞങ്ങൾ ജീവിക്കുന്ന സമയത്തെയും, വചനത്തെയും ഞങ്ങൾ ധ്യാനിക്കുമ്പോൾ, അങ്ങയുടെ അനുഗ്രഹങ്ങളുടെ ഒരംശം വീണ്ടും, ഇന്നു രാത്രിയിൽ,

ഞങ്ങൾക്ക് നൽകേണമെ. എങ്ങനെയാണ് നിന്നോടു അടുത്ത് ജീവിക്കേണ്ടതെന്നും, എങ്ങനെയാണ് ഒരു നല്ല ജീവിതം നയിക്കേണ്ടതെന്നും അറിയാനുള്ള ഏക ഉദ്ദേശത്തോടു കൂടിയല്ലാതെ മറ്റൊന്നിനും വേണ്ടിയല്ല ഞങ്ങൾ ഇവിടെ കൂടിവന്നിരിക്കുന്നത്. കാരണം ദിവസം അടുത്തു വന്നു കൊണ്ടിരിക്കുന്നത് ഞങ്ങൾ കാണുമ്പോൾ, നിന്നിൽ നിന്നും നിർദ്ദേശങ്ങൾ പ്രാപിക്കാനായി, ഞങ്ങൾ കൂടെക്കൂടെ കൂടിവരേണ്ടതുണ്ടെന്നു ഞങ്ങൾ അറിയുന്നു. യേശുവിന്റെ നാമത്തിൽ, ഇത് അനുവദിക്കേണം, പിതാവെ, ആമേൻ.

നന്ദി, നിങ്ങൾക്കിരിക്കാം.

5 വളരെയേറെ ചൂടാണെന്നു എനിക്കറിയാം, സ്ഥലങ്ങളെല്ലാം അതിന് ഉൾക്കൊള്ളാൻ കഴിയുന്നതുപോലെ നിറഞ്ഞിരിക്കുന്നു. എയർ കണ്ടിഷൻ...ഇല്ലാത്തതിനാൽ ഞങ്ങൾ ഖേദിക്കുന്നു. മാത്രമല്ല ഞാൻ...ഒരുപക്ഷേ അത്...ഞാൻ ആഗ്രഹിക്കുന്ന വിധത്തിൽ തന്നെ എനിക്ക് തിരികെ വരാൻ സാധിച്ചാലും, കൃത്യമായി എനിക്ക് യോഗങ്ങളിലേയ്ക്ക് തിരികെ കടന്നു കൂടാൻ സാധിക്കുമെങ്കിലും, ആലയത്തിനായി രണ്ടു കാര്യങ്ങൾ ചെയ്യാൻ ഞാൻ ആഗ്രഹിക്കുന്നു. ഒരു—ഒരു പീയാനോ ഞാൻ ആഗ്രഹിക്കുന്നത്, പീയാനോ വായിക്കുന്ന ആളിന് നേരിട്ട് ശ്രോതാക്കളെ കാണാൻ കഴിയുന്ന വിധം, അതിനെ *ഈ വിധത്തിൽ* ഇവിടെ ഉറപ്പിക്കാൻ ആഗ്രഹിക്കുന്നു. *ഈ വശത്തു* ഒരു ഓർഗനും; ഒരു എയർ കണ്ടീഷണറും ഞാൻ ആഗ്രഹിക്കുന്നു. അപ്പോൾ ഞാൻ ഏതു വിധമാണോ ആഗ്രഹിക്കുന്നത് അപ്രകാരമായി തീരും. അതുകൊണ്ട് നാം...നാം കർത്താവിൽ ആശ്രയിക്കുകയും, അവൻ അതു അനുവദിക്കുകയും ചെയ്യുമെന്നു നാം അറിയുന്നു.

6 സഹോദരൻ ഹിക്കേർസൻ മാഗസീനിൽ നിന്നും *ഇത്* ഇപ്പോൾ പുറത്തെടുത്തതേയുള്ളൂ എന്നു, അവർ എന്നോടു പറഞ്ഞു എന്നു, ഞാൻ കരുതുന്നു. അദ്ദേഹം അത് പിന്നിലുള്ള എന്റെ ഡെസ്കിനു മേൽ ഇട്ടിരുന്നു. അത് ദൂതന്മാരുടെ സഞ്ചയത്തെപ്പറ്റി ആ മാഗസീനിൽ പറഞ്ഞിരുന്ന കാര്യമായിരുന്നു. ആ പിരമിഡിന്റെ ആകൃതി കണ്ടോ? *ഈ* വശത്തുള്ളവനെ നോക്കൂ, ചിറകിന്റെ അഗ്രം കൂർത്തിരിക്കുന്നു, തന്റെ നെഞ്ച് പുറത്തേയ്ക്ക് ഉന്തി, എന്റെ വലതു വശത്തായി വന്നു നിന്നു. ഞാൻ ഇതെ പുൾപ്പിറ്റിൽ നിന്നും, മാസങ്ങൾക്കും മാസങ്ങൾക്കും മാസങ്ങൾക്കും മുമ്പ് പറഞ്ഞിരുന്ന അതേ പ്രകാരം തന്നെ, നോക്കൂ, അത് അവിടെയാകുന്നു. മാത്രമല്ല *ലുക്ക്* മാസഗീനിൽ...*ലൈഫ്* മാഗസീനിന്റെ, മേയ് മാസത്തുള്ള പതിപ്പിൽ അതുണ്ട്. അത് മേയ് മാസം 17-ാം തീയതിയിലുള്ളതിലാണെന്നു, ഞാൻ വിചാരിക്കുന്നു. അത് ശരിയല്ലേ? മേയ് 17-ന്റെ പതിപ്പിലാണ്. അനേകർ ശ്രീമതി.

വുഡിനെ വിളിക്കുകയും ചോദിക്കുകയും ചെയ്തെന്നു ഇന്നു എന്നോടു അവൾ പറഞ്ഞു. അത് മേയ് മാസത്തെ പതിപ്പിലാണ്, മേയ് മാസം 17-ാം തീയതി.

7 അതൊരു നിഗൂഢാത്മകമായ മേഘമായിരുന്നു. മേഘം ഇരുപത്തിയാറ് മൈൽ ഉയരത്തിലും മുപ്പത് മൈൽ വിലങ്ങനെയുമായിരുന്നു. അതിനെപ്പറ്റിയാണ് നാം ഇവിടെ സംസാരിച്ചിരുന്നത്. അവിടെയാണ് കർത്താവിന്റെ ദൂതൻ ഇറങ്ങി വന്ന് ആ സ്ഥലത്തെ ഇളക്കിക്കളഞ്ഞത്. മാത്രമല്ല മുഴവനും...അത് വളരെ ഉച്ചത്തിലായിട്ട്...

8 എനിക്കറിയാം അവിടെ ഉണ്ടായിരുന്ന ഒരാൾ...സഹോദരൻ സോത്ത്മാൻ, കുറച്ചു മുമ്പു ഞാൻ അദ്ദേഹത്തെ, ഇവിടെ എവിടെയോ കണ്ടെന്നു വിചാരിക്കുന്നു. അവൻ ഇവിടെ ഉണ്ട്. അവൻ നില്ക്കുന്നുണ്ടായിരുന്നു...അതെ. *ഇവിടെ* പിന്നിലായിട്ടുണ്ട്. അത് സംഭവിക്കുമ്പോൾ അവൻ അവിടെ അടുത്തു തന്നെ നിന്നിരുന്നു. അവൻ നിന്നിരുന്നിടത്തു നിന്നും ഞാൻ വളരെ അകലെ ആയിരുന്നില്ല എന്നു ഞാൻ കരുതുന്നു. എനിക്ക് അവനെ കാണാൻ കഴിഞ്ഞിട്ട്, അവനെ കൈ വീശി കാണിക്കാൻ ശ്രമിച്ചിരുന്നു. എന്റെ കൈയ്യിൽ അവന്റെ ബൈനക്കുലറുകൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. അതായത്, ഞങ്ങൾ വേട്ടയാടിക്കൊണ്ടിരുന്ന മൃഗങ്ങൾ ഉണ്ടായിരുന്നത്... അത് ആ മലകളിൽ ആയിരുന്നില്ല. അത് മറ്റെ മലയിലേയ്ക്ക് പോയിരുന്നു. ഒരു ദിവസത്തിനു മുമ്പു തന്നെ ഞാൻ അവയെ കാണുകയും, എവിടേയ്ക്കാണ് പോകേണ്ടതെന്നു മുൻകൂട്ടി പറയുകയും ചെയ്തിരുന്നു. ഞാൻ *ഇവിടേയ്ക്ക്* പോകുകയും, അവ ആ വഴിയെ വന്നിരുന്നെങ്കിൽ, അവർക്ക്—അവരുടെ—അവരുടെ മൃഗത്തെ കിട്ടാനായി, ഞാൻ ആകാശത്തേയ്ക്ക് വെടിവെച്ചിട്ട്, അവയെ തിരികെ ഓടിക്കുകയും ചെയ്യും. അങ്ങനെയാണ് (ജെവാലിനാസ്) കാട്ടുപന്നിയെപ്പോലെയുള്ള ഒരു മൃഗം, കിട്ടിയിരുന്നത്.

9 അതുകൊണ്ട് ഞാൻ, ഈ വശത്തേയ്ക്ക്, പോയപ്പോൾ, അവർ കൂടെ ഉണ്ടായിരുന്നില്ല. അവ മറ്റെ വശത്തായിരുന്നില്ല. അവ അവിടെ ഇല്ലാതിരുന്നതിനാൽ, സഹോദരൻ ഫ്രെഡ് പുറത്തേയ്ക്ക് നടക്കുന്നതും ഞാൻ കണ്ടിരുന്നു. അവൻ തിരികെ പോകുകയും, സഹോദരൻ നോർമാൻ മലയുടെ മുകളിലേയ്ക്ക് പോകുകയും ചെയ്തു. ഞാൻ തിരിഞ്ഞിട്ട്, ഒരു ചെറിയ പിളർപ്പിലൂടെ കടന്നു മുകൾ വശത്തേയ്ക്ക് വന്നു, ഒന്നര മൈൽ വിസ്താരമുള്ള നിരപ്പില്ലാത്ത ഭൂഭാഗത്ത്, ഞാൻ മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഞാൻ അവിടെ ഒറ്റയ്ക്ക് ഇരുന്നുകൊണ്ട്

ചുറ്റിനും നോക്കുന്നുണ്ടായിരുന്നു. അപ്പോൾ ദിവസം അതിന്റെ ഉച്ചയോടു അടുത്തു വരികയായിരുന്നു.

മാത്രമല്ല നമ്മൾ ആട്ടുത്തലകൾ എന്നു വിളിക്കുന്നതിനെ പെറുക്കുകയായിരുന്നു. അതു മുള്ളുകളുള്ള ഒരുതരം പഴത്തിന്റെ വിത്തുകൾ പോലെയുള്ളവയാണ്. അത് സംഭവിക്കുന്നതിന് ഏകദേശം ആറു മാസങ്ങൾക്കു മുമ്പ്, ഞാൻ അവിടെ വെച്ചു ദർശനത്തെക്കുറിച്ച് പറയുമ്പോൾ, പറഞ്ഞിരുന്നതു പോലെ തന്നെ, കൃത്യമായും, അവയെ എന്റെ ട്രൌസറിന്റെ കാലുകളിൽ നിന്നും പെറുക്കി മാറ്റിക്കൊണ്ടിരിക്കുകയായിരുന്നു. ഞാൻ പറഞ്ഞു, "അത് വിചിത്രമായിരിക്കുന്നു, ട്യൂസന്റെ വടക്കു കിഴക്ക്, അതിന്റെ വടക്കായിട്ടായിരിക്കും എന്നു പറയപ്പെട്ടതുപോലെ എത്രമാത്രം സമ്പൂർണ്ണമായിരിക്കുന്നു. സംഭവിച്ചിട്ട്..."

"ട്യൂസൻ," നിങ്ങൾ ഓർക്കുന്നോ, ഞാൻ പറഞ്ഞു, "അല്പം തെക്കുപടിഞ്ഞാറായിട്ട്."

അപ്പോൾ ഞാൻ പറഞ്ഞു, "ഇത് വിചിത്രമായിരിക്കുന്നു." ഞാൻ ഈ വിത്തുകളെ പെറുക്കിയെടുത്ത് അതിലേയ്ക്ക് *ഇങ്ങനെ* നോക്കുകയായിരുന്നു...അതു വളരെ കൂട്ടതലായി, എന്റെ ട്രൌസറിന്റെ കാലുകളിൽ പറ്റിപ്പിടിച്ചിട്ടുണ്ടായിരുന്നു. നിങ്ങൾ ഒരിക്കൽപ്പോലും അവിടെയ്ക്ക് പോയിട്ടില്ലെങ്കിൽ, അത് ഒരു മരുഭൂമിപോലെയുള്ള പ്രദേശമാണ്. അത്, ഇതുപോലെയുള്ളതല്ല. ഏകദേശം ഇരുപതു പ്രാവശ്യം പ്രകാശമേറിയതാണ്; മാത്രമല്ല ഇവിടെയുള്ളതുപോലെ മരങ്ങളും മറ്റും തന്നെയില്ല. അവിടെ കള്ളിമുള്ളും മണലും മാത്രമാണുള്ളത്.

10 അങ്ങനെ ഞാൻ—ഞാൻ, *ഇങ്ങനെ*, അതിലേയ്ക്ക് നോക്കുകയായിരുന്നു. എന്റെ കണ്ണുകളെ അല്പം ഒന്നു ഉയർത്തി. അപ്പോൾ, ഏകദേശം എന്നിൽ നിന്നും അര മൈൽ അകലത്തായി, ഒരു കൂട്ടം കാട്ടു പന്നി...കാട്ടു പന്നികളുടെ ഒരു കൂട്ടം, കിടക്കുന്നു, ഏറ്റവും അവസാനത്തു നിന്നും വരുന്നു, അവിടെ അവ കുറച്ചു (ഫില്ലറി) ഒരു പൂവോട്ടുകൂടിയെ ചെടി തിന്നുകയായിരുന്നു. അപ്പോൾ ഞാൻ ചിന്തിച്ചു, "ഇപ്പോൾ, അവിടേയ്ക്ക് എനിക്ക് സഹോദരൻ ഫ്രെഡിനെയും സഹോദരൻ നോർമാനെയും അയയ്ക്കാൻ കഴിഞ്ഞിരുന്നെങ്കിൽ, അതാണ് ആ സ്ഥലം."

11 തലേന്നു സന്ധ്യയിലും, പരിശുദ്ധാത്മാവ് അതിശക്തമായി ക്യാമ്പിലേയ്ക്ക് വന്നിരുന്നു, അപ്പോൾ അവിടെ വെച്ചു അവൻ സംഭവിക്കാൻ പോകുന്ന കാര്യങ്ങളും സംഭവിച്ചു കഴിഞ്ഞതുമായ

കാര്യങ്ങളും എന്നോടു പറഞ്ഞിരുന്നു. എനിക്ക് ക്യാമ്പിൽ നിന്നും എഴുന്നേറ്റു പുറത്തേയ്ക്ക് പോകേണ്ടി വന്നു.

പിന്നെ, അടുത്ത പ്രഭാതത്തിലും, ഞാൻ അവിടേയ്ക്ക് പോയിരുന്നു. ഞാൻ യാത്ര തുടങ്ങുമ്പോൾ...ഞാൻ പറഞ്ഞു, "ഇപ്പോൾ, എനിക്ക് സഹോദരൻ ഫ്രെഡിനെ കിട്ടിയെങ്കിൽ, ഞാൻ അവനെ ഈ പർവ്വതത്തിനു ചുറ്റും കൊണ്ടുവരുമായിരുന്നു." അത് *ഈ* വഴിയായി ഏകദേശം ഒരു—ഒരു മൈലുണ്ടാകും. എനിക്ക് അവനെ കൂട്ടണമായിരുന്നെങ്കിൽ ഏകദേശം—ഏകദേശം രണ്ടു മൈലോ അതിൽ കൂടതലോ ചിലപ്പോൾ മൂന്നു മൈലോ പോകേണ്ടിവരുമായിരുന്നു. പുറകിലുള്ള *ഈ* വഴിയായി, താഴേയ്ക്ക് പോയാൽ, നമ്മൾ അതിനെ "ഹോഗ് ബാക്ക്, (വളരെ കീഴ്ക്കാം തൂക്കായും വഴുതാൻ സാദ്ധ്യതയുമുള്ള വഴി)" എന്നു വിളിക്കുന്നു, വളരെ കാഠിന്യമായതാണ്, കുണ്ടും കുഴിയുമുള്ള പർവ്വതങ്ങളാണ്, അത് *ഈ* വഴിയായി പോകുന്നു, കുറുകെ ചാടി കടന്നു പോയാൽ, *ഈ* ദിശയിലേയ്ക്ക് പോയാൽ, അവനെ മുകളിലേയ്ക്ക് കൂട്ടിക്കൊണ്ടു വരാമായിരുന്നു. അതിനുശേഷം അവന്, സഹോദരൻ നോർമാനെ കൂട്ടിക്കൊണ്ടു വരണമെങ്കിൽ, പർവ്വതത്തിന്റെ ഏറ്റവും താഴ്വരയിലേയ്ക്ക് പോകേണ്ടി വരും, പോകാനും തിരികെ വരാനുമായി, ഏകദേശം നാലോ അഞ്ചോ മൈലുകൾ നടക്കേണ്ടിവരും. ഞാൻ ഒരു—ഒരു ചെറിയ കഷ്ണം ഉപയോഗിച്ചുകഴിഞ്ഞ പേപ്പർ ടിഷ്യൂ അവിടെ ഉണ്ടായിരുന്ന ഒരു മെസ്ക്യൂറ്റ് ചെടിയിൽ തൂക്കിയിടാൻ പോകുകയായിരുന്നു, അതിനാൽ അത് ഞാൻ തിരികെ വരുമ്പോൾ പർവതത്തിന്റെ ഏതു സമതല പ്രദേശത്തിലേയ്ക്കാണ് പുറപ്പെട്ടു പോയതെന്ന് എന്നെ ചൂണ്ടിക്കാണിക്കും.

12 അറ്റം പരന്ന വളരെ കല്ലുകളുണ്ടായിരുന്ന ഒരു ചെറിയ പർവ്വത ശിഖരത്തിലേയ്ക്ക് ഞാൻ കയറിയപ്പോൾ, ഓ, നാല്പത്, അമ്പത് വാരം അകലെ മലയിടുക്കിന്റെ മറു വശത്ത് ഒരു—ഒരു മാനിന്റെ നടത്താര കണ്ടു. അത് ഏകദേശം, ഓ, പകൽ നേരമായിട്ട്, എട്ടോ ഒമ്പതോ മണിയാകും എന്നു എനിക്ക് പറയാം. ഏകദേശം ഒമ്പതു മണിയോ മറ്റോ ആകുമായിരിക്കും അല്ലേ സഹോദരൻ ഫ്രെഡേ? ജെവാലിനാസ് (കാട്ടുപന്നിയെപ്പോലെയുള്ള ഒരു മൃഗം) എന്നെ കാണാതിരിക്കാനായി, ഞാൻ പെട്ടെന്നു തന്നെ *ഈ* വശത്തേയ്ക്ക് ഓടി. അവ ഒരു തരം കാട്ടുപന്നിയായിട്ട്, വളരെ സംഭ്രമാജനകവുമാകുന്നു.

13 അങ്ങനെ ഞാൻ—ഞാൻ *ഈ* വഴിയായി കുന്നിലേയ്ക്ക് കയറി, മുറിച്ച്, കടന്നുകൊണ്ട്, മലയുടെ മുകളിലേയ്ക്ക് ഓടിക്കയറി. അല്പ ദൂരം ഓടുമ്പോൾ, ഒരു ചെറിയ, നാം അതിനെ, ഒരു നായുടെ

കാലടി എന്നു പറയും. വളരെ പെട്ടെന്നു തന്നെ, മുഴുവൻ പ്രദേശവും ശബ്ദമുഖരിതമായി. അത്തരത്തിലുള്ള ഒരു ഭയാനകമായ പൊട്ടിത്തെറി ഞാൻ ഒരിക്കലും കേട്ടിട്ടില്ല! ഇളക്കിമറിച്ചിട്ട്, പാറകൾ ഉരുണ്ടു വീഴാൻ തുടങ്ങി. കാഴ്ചയിൽ ഞാൻ നിലത്തു നിന്നും നാലോ അഞ്ചോ അടി മുകളിലേയ്ക്ക് ചാടിപ്പോയതു പോലെ തോന്നിച്ചു. അത് അങ്ങനെ—അങ്ങനെ എന്നെ ഭയപ്പെടുത്തി. ഞാൻ ചിന്തിച്ചു, “ഓ, എന്റെ!” ഞാൻ വിചാരിച്ചു ആരോ എന്നെ വെടിവെച്ചു. അതായത് ആരോ...ഞാൻ ഒരു കറുത്ത തൊപ്പി ധരിച്ചിരുന്നു. ഒരു കൂട്ടം ജെവാലീനാ പർവ്വത്തിന്റെ മുകളിലൂടെ ഓടുകയാണ് എന്നു നിരൂപിച്ചിട്ട് ആരോ എന്നെ വെടിവെച്ചതാകാം. അത് അത്രയേറെ ഉച്ചത്തിലായിരുന്നിട്ട്, നേരെ എന്നിൽ തന്നെ വന്നു തറച്ചതുപോലെയുള്ളതായിരുന്നു. പിന്നെ, പൊടുന്നനെ, എന്തോ ഒന്നു പറഞ്ഞു, “മുകളിലേയ്ക്ക് നോക്കു.” അത് അവിടെ ഉണ്ടായിരുന്നു. അതിനു ശേഷം, “ഇത് ആ ഏഴു മുദ്രകൾ തുറക്കുന്നതാണ്,” എന്നവൻ എന്നോടു പറഞ്ഞു. അതുകൊണ്ട്, ഞാൻ ഇവിടേയ്ക്കു വന്നു.

14 ഒരു മണിക്കൂറിനു ശേഷം, ഞാൻ സഹോദരൻ ഫ്രെഡിനെയും സോത്ത്മാനെയും കണ്ടുമുട്ടി, ഞാൻ അവനെ കണ്ടപ്പോൾ. അവർ ഉത്തേജിക്കപ്പെട്ട് അതിനെക്കുറിച്ച് സംസാരിക്കുകയായിരുന്നു. അത് അവിടെയായിരുന്നു. ബാഷ്പമോ, മഞ്ഞോ, ഏതൊരു വിധത്തിലെ ഒരു—ഒരു നീരാവിയോ അത്രയേറെ ഉയരത്തിൽ ഉണ്ടായിരിക്കുക അസാദ്ധ്യമെന്നു ശാസ്ത്രം പറയുന്നു. കാണുന്നോ? അവിടേയ്ക്ക് പോയാൽ മാത്രമേ...എനിക്ക് അത് അറിയില്ല. ഞാൻ—ഞാൻ...

15 ഞങ്ങൾ പുറം രാജ്യങ്ങളിലേയ്ക്ക് പോകുമ്പോൾ, തൊള്ളായിരം അടി ഉയരത്തിലാണ് ഞങ്ങൾ യാത്ര ചെയ്യുന്നത്. അത് കൊടുങ്കാറ്റുകൾക്കും മേലെയാണ്. അത് ഏകദേശം നാലു മൈൽ ഉയരത്തിലാണ്. പറയാം, നമുക്ക് ഇങ്ങനെ പറയാം, ഒരുപക്ഷേ നിങ്ങൾക്ക് ഈർപ്പത്തെ കൂടാതെ തന്നെ പതിനഞ്ചു മൈലുകളോളം പോകാൻ കഴിഞ്ഞെന്നു വരാം. എന്നാൽ അത് ഇരുപത്തിയാറു മൈലായിരുന്നു, അവൾ അവിടെ മുഴുവൻ ദിവസവും തൂങ്ങിക്കിടന്നു. കാണുന്നോ? അത് എന്താണെന്ന് അവർക്കറിയില്ലായിരുന്നു. എന്നാൽ, നമുക്ക് അറിയാനായതിൽ, നാം ദൈവത്തിനു നന്ദി പറയുന്നു.

സഹോദരൻ ഹിക്കേർസൻ, താങ്കൾക്ക് നന്ദി. ഞാൻ അതിനെ അവിടെ ഡെസ്കിൽ സൂക്ഷിച്ചു വെയ്ക്കും. നമ്മൾ ആ പുസ്തകം എഴുതുമ്പോൾ, നമുക്ക് അതിനെ ഉപയോഗിക്കാൻ സാധിക്കും.

16 എനിക്ക് ഇവിടെ ഒരു ചെറിയ കുറിമാനം നൽകപ്പെട്ടിരിക്കുന്നു. ഞാൻ ഇവിടെ അവസാനമായി ഉണ്ടായിരുന്നതിനെക്കാൾ നമ്മുടെ അംഗങ്ങൾ വളരെ കൂടിയിരിക്കുന്നു. ഞാൻ വിചാരിക്കുന്നത് അദ്ദേഹത്തിന്റെ പേര്...ഏറ്റവും ചുരുങ്ങിയത്, അദ്ദേഹത്തിന്റെ പിതാവിന്റെ പേര്, ഡേവിസ് വെസ്റ്റ് എന്നാകുന്നു. അവർ ഒരു ചെറിയ കുഞ്ഞിനെ കർത്താവിനായി സമർപ്പിക്കാൻ കൊണ്ടു വന്നിട്ടുള്ളത് ഇവിടെയുണ്ട്. അത് ശരിയല്ലേ? അത് ഇന്നു രാത്രിയോ, അതോ അത് ബുധനാഴ്ച രാത്രിയിലായിരുന്നോ? എനിക്കറിയില്ല. അത് കിട്ടിയിട്ട്...ഇന്നു രാത്രിയോ? അത് കൊള്ളാം. അത്, അതിനെപ്പറ്റി... താങ്കളാണോ ഡേവിഡ്, താങ്കളല്ലേ? അത് താങ്കളായിരുന്നു എന്നു ഞാൻ വിചാരിച്ചു. ശരി. ആ ചെറിയ കുഞ്ഞിനെ മുകളിലേയ്ക്ക് കൂട്ടിക്കൊണ്ടു വരുന്നതിനെക്കുറിച്ച് എന്താണ്?

*അവരെ കൊണ്ടു വരിക* എന്നു പാട്ട് നമുക്ക് നൽകാനായി, നമ്മുടെ സഹോദരി ഇവിടേയ്ക്ക് കടന്നു വന്നു ഈ പീയാനോയിൽ നിന്നിരുന്നെങ്കിൽ. പാസ്റ്റർ, അദ്ദേഹത്തിനു കഴിയുമെങ്കിലും, ഇവിടെ കടന്നു വന്നാൽ, നമ്മൾ ഈ ആൺകുഞ്ഞിനെ കർത്താവിനു സമർപ്പിക്കും. ഇപ്പോൾ, നാം ഇതിനെ തിരുവെഴുത്തു പ്രകാരം തന്നെ എടുക്കാൻ ശ്രമിക്കുന്നതാണ്.

17 സഹോദരൻ വെസ്റ്റ്, ഇതു നിങ്ങളുടെ ചെറുമകനാണ്. അത് കാഴ്ചയ്ക്ക് സാദ്ധ്യതയില്ലാത്തതുപോലെ കാണുന്നു, അത് അങ്ങനെയാണോ? സഹോദരി വെസ്റ്റ്, അതിനെക്കുറിച്ച് നിങ്ങൾ എന്തു വിചാരിക്കുന്നു? അത് അങ്ങനെയല്ലേ?...എങ്ങനെയും, ഞാൻ എന്താണ് ചിന്തിക്കുന്നതെന്ന് നിങ്ങൾക്കറിയാമല്ലോ? ഞാനും, കൂടെ ഒരു അപ്പൂപ്പനാണെന്നു നിങ്ങൾക്കറിയാം.

ഇത് എന്നെ സഹോദരൻ ഡെമോസ് ഷെക്കേരിയനെ ഓർമ്മിപ്പിക്കുന്നു. അദ്ദേഹം ഒരു വലിയ ജനക്കൂട്ടത്തിന്റെ മുന്നിൽ നില്ക്കുകയായിരുന്നു. ഞാൻ ചെയ്യാറുള്ളതുപോലെ അദ്ദേഹവും എല്ലാം കൂടെ കൂടിക്കുഴക്കാറുണ്ട്. അദ്ദേഹം അവിടെ നിന്നിട്ട്. പറഞ്ഞു, "നിങ്ങൾക്കറിയാമോ," പറഞ്ഞു, "എനിക്ക് അനുഭവപ്പെട്ടത്, ഞാൻ— ഞാൻ റോസിനോടു പറഞ്ഞിരുന്നു," അത് അദ്ദേഹത്തിന്റെ ഭാര്യയാണ്, പറഞ്ഞു, "ഞാൻ ഒരു അമ്മൂമ്മയായി തീർന്നതു മുതൽ വളരെ വയസ്സായിരിക്കുന്നു എന്നു തോന്നുന്നു." അദ്ദേഹം പറഞ്ഞു, "അല്ല, ഞാൻ അപ്പൂപ്പൻ എന്നാണ് അർത്ഥമാക്കിയത്..." നിങ്ങൾക്കറിയാമല്ലോ, ഞാൻ...

18 നിങ്ങൾ മാത്രമല്ല, സഹോദരൻ വെസ്റ്റ്. ഇവിടെയുള്ള അനേകരും അപ്രകാരം തന്നെ. അതിനു ഒരു കുഴപ്പവുമില്ല. നമ്മുടെ ചെറുമക്കളെ

നമുക്ക് വളരെ നന്നായി അഭിനന്ദിക്കാൻ കഴിയുമെന്നു നാം ചിന്തിക്കുന്നു. ഇത് ചെയ്യുന്നില്ല...ഇത് മോശമായി കേൾക്കുന്നില്ലെന്നു വിചാരിക്കുന്നു. ഞാൻ വിശ്വസിക്കുന്നത് എന്തെന്നാൽ നമുക്ക് നമ്മുടെ കുഞ്ഞുങ്ങളോടൊപ്പം ചെലവിട്ടതിനെക്കാൾ അധികം സമയം അവരോടൊപ്പം ചെലവിടാൻ സാധിക്കും എന്നാണ്. കഴിഞ്ഞ ദിവസം, അത്, ഞാൻ എന്റെ ഭാര്യയോടു ചോദിച്ചപ്പോൾ. പറഞ്ഞു, "തീർച്ചയായും. നിങ്ങൾ അവരെ കുറച്ചുനേരം ലാളിക്കുകയും, പിന്നെ തിരികെ അവരുടെ അമ്മമാരെ ഏല്പിക്കുകയും, അങ്ങനെ തുടർന്നുകൊണ്ടിരിക്കുകയും ചെയ്യും."

19 അതെ, എനിക്കു കിട്ടിയ ഒരു ചെറുമകനും അവിടെ പുറകിലുണ്ട്. അവൻ പറയുന്നത്, "പപ്പാ, പ്രസംഗിക്കുന്നു. പപ്പാ പ്രസംഗിക്കുന്നു." കഴിഞ്ഞ ഞായറാഴ്ച രാത്രിയിൽ അവർ കാണിക്ക എടുത്തിട്ട്, അതിനെ മേശമേൽ വെച്ചിരുന്നു. അവർ അവനെ അവിടെ പുറത്തു നിന്നും, അകത്തേയ്ക്കു കൊണ്ടു വന്നു, അപ്പോൾ—അപ്പോൾ അവൻ എന്നെ ഉച്ചഭാഷിണിയിലൂടെ കേട്ടു. അവൻ പറഞ്ഞു, "പപ്പാ, പ്രസംഗിക്കുന്നു. പപ്പാ, പ്രസംഗിക്കുന്നു."

ബില്ലി പറഞ്ഞു, "അതെ, *അവിടെ* മുകളിലാണ്."

അവൻ പറഞ്ഞു, "വേണ്ട." കാണിക്ക നിലത്തു എല്ലായിടത്തും ചിതറിപ്പോയി. അവൻ—അവൻ ഇവിടേയ്ക്ക് വരാൻ ആഗ്രഹിച്ചിരുന്നു. അവൻ എന്നെ ഏതൊരു കൺവെഷനിൽ വെച്ചു കണ്ടാലും, അവൻ എല്ലായ്പ്പോഴും എന്നെ നോക്കി ആർത്തു വിളിക്കുമായിരുന്നു. "പപ്പാ, പ്രസംഗിക്കുന്നു," എന്നവൻ ഉച്ചത്തിൽ പറയുമായിരുന്നു. വളരെ ഉച്ചത്തിൽ പറയും. അതുകൊണ്ട് അവർ വളരെ വശ്യതയുള്ളവരാണെന്ന് എനിക്കറിയാം.

പറയട്ടെ, ഞാൻ ആശ്ചര്യപ്പെടുന്നത്, ആ മുടിയിൽ കുറച്ച് എനിക്ക് കടം വാങ്ങാൻ കഴിഞ്ഞാലോ? അവന് ഇപ്പോൾ അതിന്റെ ആവശ്യമില്ല. എനിക്ക് ആവശ്യമുണ്ട്. അവന്റെ പേര് എന്താണ്? [സഹോദരി പറയുന്നു, "ഡേവിഡ് ജോനാഥൻ."—Ed.] ഡേവിഡ് ജോനാഥൻ. അത് ഒരു മനോഹര പേരല്ലേ? കൊള്ളാം, അവന് ചാർത്തിയിരിക്കുന്ന പേരിന്റെ പിന്നിലൂടെ തന്നെ അവന്റെ ജീവിതവും കടന്നു പോകുമെന്നു ഞാൻ പ്രതീക്ഷിക്കുന്നു. ഡേവിഡ്, രാജാവായ, ഡേവിഡ്; അവിടെ, ക്രിസ്തു അവന്റെ സിംഹാസനത്തിൽ ഇരിക്കുന്നു; പിന്നെ പ്രിയ സ്നേഹിതനായ, ജോനാഥനും കൂടെ. അവർ വളരെ നല്ല ചെറിയ കുഞ്ഞുങ്ങളായിരുന്നു, എന്നു ഞാൻ പറയട്ടെ. നാം അവരെ വളരെ അഭിനന്ദിക്കുന്നു. ഞാൻ...അവൻ മുകളിലേയ്ക്ക് നടക്കുകയാണ്. മറ്റുള്ള എല്ലാവർക്കും "ആമേൻ," ഉച്ചത്തിൽ പറയാൻ സാധിക്കുന്നതു

പോലെ തന്നെ, അവനും—അവനും പറയാൻ സാധിക്കുമെന്നു, നിങ്ങൾക്കറിയാം, അതു നമ്മെ ആരെയും ശല്യപ്പെടുത്തുകയുമില്ല. നാം അവനെ കർത്താവിനായി സമർപ്പിക്കുന്നു.

കർത്താവിന് സമർപ്പിക്കാനായി, ഈ ചെറുപ്പക്കാരായ ദമ്പതികൾക്ക്, ഇങ്ങനെയുള്ള ഒരു ചെറിയ മനുഷ്യനെ, അവനെ അവരുടെ സംരക്ഷണയിൽ നൽകിയത്, മാധുര്യമുള്ള കാര്യമായിരിക്കുന്നു എന്നു ഞാൻ കരുതുന്നു. നിങ്ങൾ അതു ചെയ്യുമ്പോൾ, അത് കാണിക്കുന്നത് നിങ്ങളല്ല...ദൈവം നിങ്ങൾക്ക് നൽകിയതിനെ നിങ്ങൾ ദൈവത്തിനു തന്നെ തിരികെ നല്കുന്നു എന്നതാണ്. ദൈവം അവനെ അനുഗ്രഹിക്കട്ടെ.

ഇപ്പോൾ, നിങ്ങൾ അവനെ പിടിച്ചു കൊള്ളാൻ ആഗ്രഹിക്കുന്നെങ്കിൽ, എനിക്ക് പിടിച്ചിരിക്കാൻ കഴിയുന്നതിനെക്കാൾ മെച്ചമായി അവന്റെ അമ്മയ്ക്കു കഴിയും എന്നു ഞാൻ കരുതുന്നു. നമുക്ക് അവന്റെ മേൽ എങ്ങനെ നമ്മുടെ കരങ്ങളെ വെയ്ക്കാൻ കഴിയുന്നത്? നാം ശരിയ്ക്കും അങ്ങനെയല്ലേ ചെയ്യേണ്ടത്? കാരണം, ഞാൻ അവനെ നിലത്തിട്ടുകളയുമോ അതല്ല അവനെ പിടിച്ചിരിക്കാൻ കഴിയുമോ എന്നും മാത്രമല്ല അവന്റെ എന്തെങ്കിലും ഒടിച്ചു കളയുമോ എന്നും ഭയപ്പെടുന്നു. ഞാൻ അവനെ മുറിപ്പെടുത്തും എന്നു എല്ലായ്പ്പോഴും ഭയപ്പെട്ടിരുന്നു. എന്റെ—എന്റെ...

മേഡാ പറയും, അവിടെ പിന്നിലിരിപ്പുണ്ട്...പ്രസംഗവേദിയിൽ ആയിരിക്കുമ്പോൾ ഈ ജോലി മറ്റാരെക്കൊണ്ടെങ്കിലും ചെയ്യിക്കേണ്ടതാണെന്നു ഞാൻ ചിന്തിക്കണം എന്ന് അവൾ കരുതുന്നു. അവൾ അതിനെ പിടിച്ചു കൊള്ളാനായി...

കൊള്ളാം, ഇവിടെ നോക്കു, അവൻ എന്നെ തന്നെ നോക്കുന്നു. അവൻ ഒരു നല്ല കുഞ്ഞാണ്. അതെ, സർ. ഒരുപക്ഷേ എനിക്ക് അവനെ എടുക്കാൻ കഴിഞ്ഞേക്കില്ല. ഞാൻ ആശ്ചര്യപ്പെടുന്നു. ഓ, സഹോദരി, വേണ്ട...അവൻ വീണുപോകില്ലെന്നു ഞാൻ പ്രതീക്ഷിക്കുന്നു. ഇവിടെ, വളരെ നന്നായിരിക്കുന്നില്ലേ? അത് മനോഹരമായിരിക്കുന്നില്ലേ? താങ്കൾക്ക് എങ്ങനെയുണ്ട്? കൊള്ളാം, ഇപ്പോൾ, നന്നായിരിക്കുന്നു.

നമുക്ക് നമ്മുടെ തലകളെ വണക്കാം.

കർത്താവായ യേശുവെ, വളരെ വർഷങ്ങൾക്ക് മുമ്പ്, ക്രിസ്തു എന്ന ഒരു മനുഷ്യന്റെ പേരിൽ, അഭിഷേകം ചെയ്യപ്പെട്ട മിശിഹാ, യേശു എന്നായിരുന്നു അവന്റെ പേർ, ക്രിസ്തുമതം ജന്മമെടുത്തു. ജനങ്ങൾ അവരുടെ ശിശുക്കളെ, അവന്റെ കൈകൾ

അവരുടെ മേൽ വെച്ച് അനുഗ്രഹിക്കുന്നതിനായി, അവന്റെ അടുക്കൽ കൊണ്ടുവന്നു. അപ്പോൾ അവൻ, "ശിശുക്കളെ എന്റെ അടുക്കൽ വരുവാൻ വിടുവിൻ, അവരെ തടുക്കരുത്, സ്വർഗ്ഗരാജ്യം ഇങ്ങനെയുള്ളവരുടേതല്ലോ," എന്നു പറഞ്ഞു. ഈ ചെറിയ കുഞ്ഞു ദമ്പതിമാരും, അവരുടെ പിതാമഹന്മാരും മറ്റുള്ളവരും വചനത്തിന്റെ യഥാർത്ഥ പിന്തുടർച്ചക്കാരാകുന്നു.

കർത്താവായ യേശുവെ, ഞാൻ കൊണ്ടുവന്ന്, ഇന്നു രാത്രിയിൽ, പാസ്റ്ററും ഞാനും ചേർന്ന്, ഈ ചെറിയ പ്രിയ ഡേവിഡ് ജോനാഥൻ വെസ്റ്റിനെ, നിന്നോടു ചേർത്തു പിടിക്കുന്നു. അമ്മയിലും അപ്പനിൽ നിന്നും, ഞാൻ അവനെ നിനക്കു തരുന്നു. ഇവനെ ഈ ലോകത്തിലേയ്ക്ക് കൂട്ടിക്കൊണ്ടു വന്ന, കർത്താവിന്റെ മഹത്വമേറിയ സേവയ്ക്കായി, അവന് ആരോഗ്യവും, ബലവും, സർവ്വശക്തനായ ദൈവത്തിന്റെ ഒരു ദൈർഘ്യമേറിയ ജീവിതവും നൽകാനായി, ഞാൻ ഇവനെ സമർപ്പിക്കുന്നു. ദൈവത്തിന്റെ അനുഗ്രഹങ്ങൾ അവന്റെ മേൽ വിശ്രമിക്കാൻ ഇടയാകട്ടെ. പരിശുദ്ധാത്മാവ് അവന്റെ മേൽ ആവസിക്കാൻ ഇടയാകട്ടെ. നാളെ എന്ന ഒന്നുണ്ടെങ്കിൽ, ഇന്നു അവന്റെ പിതാമഹന്മാരും, മാതാപിതാക്കളും താലോലിക്കുന്ന ഈ സുവിശേഷത്തെ കൊണ്ടുപോകാൻ ഇടവരട്ടെ. ഇത് അനുവദിക്കേണം, കർത്താവെ. ഇപ്പോൾ, യേശുക്രിസ്തുവിന്റെ നാമത്തിൽ, അതിന്റെ ഒരു ജീവിത സേവയ്ക്കായി, ഞാൻ ഈ കുഞ്ഞിനെ നിനക്കു തരുന്നു. ആമേൻ.

ഈ കൊച്ചു കുഞ്ഞിന്റെ ഒരു ചിത്രം എടുക്കാൻ അവർ ആഗ്രഹിക്കുന്നു എന്നു ഞാൻ കരുതുന്നു. [ഒരു ക്യാമറയുടെ ക്ലിക്ക് ശബ്ദം കേൾക്കുന്നു—Ed.] ഞാനും കൂടെ, ചാടിപ്പോയി.

ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ, സഹോദരി. കർത്താവായ യേശുവിനെ നിങ്ങൾക്ക് എപ്പോഴും പരിപോഷിപ്പിക്കാനും, ദൈവത്തിന്റെ അനുശാസനത്തിൽ ഈ ചെറിയ കുഞ്ഞിനെ വളർത്താനും, ഒരു ആശ്ചര്യവാനായ കുഞ്ഞു ആൺകുട്ടിയുമായി ഇവൻ തീരട്ടെ. എനിക്ക് തീർച്ചയാണ്. ദൈവം നിങ്ങളോടു കൂടെയിരിക്കട്ടെ.

അവന്റെ ചെറിയ (പെസിഫെർ) ഒരു നിപ്പിളോട്ടു കൂടെ കുഞ്ഞുങ്ങൾ വായിൽ വെച്ചിരിക്കുന്ന ഒരു ചെറിയ വസ്തു, അവൻ ഇവിടെ ഇട്ടേച്ചു പോയെന്നു ഞാൻ കരുതുന്നു. നിങ്ങൾക്ക് അതു കിട്ടിയോ? ഓ, എന്റെ!

*അവരെ കൊണ്ടു വരിക*, എന്ന ചെറിയ പാട്ട് നമുക്ക് പാടാം. ഈ ചെറിയ കുഞ്ഞിനുവേണ്ടി, എല്ലാവരും, ഒരുമിച്ചു ചേർന്നു പാടൂ. ശരി, സഹോദരി.

അവരെ കൊണ്ടുവരിക, അവരെ കൊണ്ടുവരിക,
ഈ ചെറിയവരെ യേശുവിന്റെ അടുക്കൽ കൊണ്ടുവരിക.

20 അവരുടെ മേൽ വെയ്ക്കാനായി, കർത്താവായ യേശുവിന്റെ കൈകളെക്കാൾ നല്ല ഒരു കൈ ഉള്ളതായി എനിക്കറിയില്ല. നിങ്ങൾ വിശ്വസിക്കുന്നോ?

21 ഇപ്പോൾ, അവിടെ നല്ല ചൂടാണെന്നു എനിക്കറിയാം. ദ്വാരപാലകനായ, എന്റെ സഹോദരൻ, ഡോക്കിനോടോ അതല്ല മറ്റാരെങ്കിലായാലും ശരി, അതിനെ കൈകാര്യം ചെയ്യണമെന്നു പറയാൻ ഞാൻ ആഗ്രഹിക്കുന്നു, അവരാണ് അതിന്റെ കാര്യം നോക്കുന്നത്. കസേരയിലുണ്ടായിരുന്ന ഗ്രീസിനാൽ ചില സഹോദരിമാരുടെ പാവാടകൾ കേടായി. അത് എത്രപേരുടെ പാവാടകളിൽ പുരണ്ടിട്ടുണ്ട്? എന്റെ ഭാര്യ, രണ്ടു മക്കൾ, ചെറിയ ബെറ്റി കോളിൻസ്, ശ്രീമതി. ബീലർ, അങ്ങനെ കുറച്ചു പേരുണ്ട്. അവിടെ ഉണ്ടായിരുന്നത്, അത് ഗ്രീസോ അതോ മറ്റെന്തെങ്കിലുമോ. ഡോക്ക്, താങ്കൾക്ക് സമയം കിട്ടുമെങ്കിൽ അത് എന്തായിരുന്നു എന്നു ഒന്നു നോക്കുക. അവിടെയുണ്ട്, ഞാൻ വിചാരിക്കുന്നത്, അത് അവർ അവിടെ...അത് ഗ്രീസോ, പെയിന്റോ, അതോ മറ്റെന്തോ ആയിട്ട്, അവർ അവിടെ കസേരയുടെ മുകളിൽ നിന്നുതന്നെ പണിയെടുത്തിരുന്നു. അത് അവിടെയില്ലേ? [സഹോദരൻ എഡ്ജർ "ഡോക്ക്" സഹോദരൻ പറയുന്നു, "അതിൽ നിന്നും പറ്റിപ്പിടിക്കാൻ, അവിടെ ഗ്രീസോ മറ്റോ ഒന്നുമില്ല."—Ed.] അതെയോ, പിന്നെ, ഞാൻ—എനിക്ക് അത് എന്താണെന്ന് അറിഞ്ഞുകൂടാ. എന്തോ ഒന്ന് ഞാൻ ഇങ്ങനെ...അത് എന്നോടു പറഞ്ഞു, അതിനെ ഞാൻ താങ്കളോടു അറിയിച്ചു എന്നു മാത്രം—ഡോക്ക്. ശരി.

ഇപ്പോൾ, ബുധനാഴ്ച രാത്രിയിലെ പ്രാർത്ഥന യോഗം. മറ്റാരെങ്കിലും നിങ്ങളെ വിളിച്ചറിയിച്ചോ? നിങ്ങളുടെ അറിയിപ്പുകൾ കഴിഞ്ഞോ, സഹോദരൻ നേവിൽ? അറിയിപ്പുകൾ എല്ലാം കഴിഞ്ഞിരിക്കുന്നു.

22 ഇപ്പോൾ, കർത്താവിന്റെ ഇഷ്ടമെങ്കിൽ, അടുത്ത ഞായറാഴ്ച രാവിലെ, ഈ തലമുറ ക്രിസ്തുവിനെ കുരിശിലേറ്റിക്കൊണ്ടിരിക്കുന്നു എന്നതിനാൽ ഞാൻ ഇതിനെ കുറ്റാരോപണം ചെയ്യുന്നു എന്ന വിഷയത്തിന്മേൽ സംസാരിക്കാൻ ആഗ്രഹിക്കുന്നു. "ഈ

തലമുറയല്ലല്ലോ അത് ചെയ്തത്," എന്ന് നിങ്ങൾ പറയും. തിരുവെഴുത്ത് പ്രകാരം അവർ അതു ചെയ്തോ ഇല്ലയോ എന്നു നാം കണ്ടുപിടിക്കുന്നതാണ്. ഇപ്പോൾ, അടുത്ത ഞായറാഴ്ച രാവിലെ, കർത്താവിന്റെ ഇഷ്ടമെങ്കിൽ മാത്രം. അതല്ല, ഇപ്പോൾ മറ്റെന്തെങ്കിലും സംഭവിച്ചാൽ...

23 ഈ ആഴ്ചയിൽ ഹ്യൂസ്റ്റണിലെ ഒരു കൺവെൻഷനിലും, കൂടെ, എനിക്ക് പങ്കെടുക്കേണ്ടതുണ്ട്, അത് ചിലപ്പോൾ എനിക്ക് ഞായറാഴ്ചയും കൂടെ നീട്ടിക്കൊണ്ടു പോകേണ്ടി വരും, അതുകൊണ്ട് എനിക്ക് ഇത് ചെയ്യാൻ സാധിക്കുമോ ഇല്ലയോ എന്നറിയില്ല. എന്നാൽ അതിനു മുമ്പായി, എങ്ങനെയും, നമുക്ക് തുടർന്നും രണ്ടു മൂന്നു ഞായറാഴ്ചകൾ കിട്ടിയിരിക്കുന്നു. അതു കഴിഞ്ഞാൽ, ഈ മാസത്തിന്റെ അവസാന ആഴ്ചയിൽ, നമുക്ക് ചിക്കാഗോയിലെ യോഗത്തിലേയ്ക്ക്, യോഗത്തിലേയ്ക്ക പോകേണ്ടതുണ്ട്. പിന്നീട് എനിക്ക് എന്റെ കുടുംബത്തെ കൂട്ടി, അവരുടെ അവധിയ്ക്കും, തിരികെ കുട്ടികളെ സ്കൂളിൽ വിടാനായും അരിസോണയിലേയ്ക്ക് കൂട്ടിക്കൊണ്ടു പോകേണം.

24 ഇപ്പോൾ, വചനം വായിക്കുന്നതിലും, കർത്താവിന്റെ അനുഗ്രഹങ്ങളിലും, എത്രപേർ ആനന്ദിച്ചിട്ടുണ്ട്? [പള്ളിയിൽ കൂടിയിരിക്കുന്നവർ പറയുന്നു, "ആമേൻ."—Ed.] നാം എല്ലാവരും, വളരെയേറെ ആനന്ദിച്ചിട്ടുണ്ട്.

25 ഇപ്പോൾ, ചൂടുണ്ട്, നിങ്ങളിൽ കുറച്ചു പേർ ഇന്നു രാത്രിയിൽ വീടുകളിലേയ്ക്ക് പോകേണ്ടതുണ്ടെന്നും എനിക്കറിയാം. സഹോദരൻ റോഡ്നിയ്ക്കും ചാർലിക്കും, മറ്റു ചിലർക്കും, വളരെ ദൂരം വാഹനം ഓടിക്കേണ്ടതുണ്ടെന്നു എനിക്കറിയാം. അല്പം കാത്തിരിക്കു, നിങ്ങൾ അവധി കാലത്താണ്, നിങ്ങൾ അവധിയിലല്ലേ? അതെ, നിങ്ങൾ മീൻ പിടിക്കാൻ പോകുകയാണെന്നു ഞാൻ കേട്ടു.

"ഒരുവൻ മീൻ പിടിക്കുമ്പോൾ കർത്താവ് അവന് ഒരുപാട് സമയം കൊടുക്കുന്നില്ല. നിങ്ങൾ മീൻ പിടിച്ചുകൊണ്ടിരുന്നാൽ, നിങ്ങൾക്ക് പ്രായം ഏറുകയുമില്ല." അതുകൊണ്ട്, ഇപ്പോൾ, പെൺകുഞ്ഞുങ്ങളെ നിങ്ങളും അവരോടൊപ്പം പോകുക. കാണുന്നോ? എനിക്ക് കഴിയുമെങ്കിൽ, ഞാനും നിങ്ങളോടൊപ്പം വന്നു കൂടും. നിങ്ങൾക്കറിയാം, "കർത്താവ് നല്ലവനാണ്," അവർ പറയും, "ഒരുവൻ മീൻ പിടിച്ചുകൊണ്ടിരുന്നാൽ ദൈവം അവന് സമയം നീട്ടിക്കൊടുക്കില്ല." നിങ്ങൾ എല്ലാറ്റിലും കൂടെ ചുറ്റിപ്പിണഞ്ഞു കിടക്കുകയാണെന്നു തോന്നുമ്പോൾ അത് വളരെയേറെ ലഭിക്കുന്നു. വിശ്രമിക്കാനായി എന്റെ ജീവിതത്തിൽ ഞാൻ കണ്ടിട്ടുള്ള ഏറ്റവും നല്ല സമയം മീൻ പിടിക്കാൻ പോകുക എന്നതാണ്.

26 ഒരിക്കൽ ശ്രീമാൻ. ട്രോട്ട്മാനിൽ നിന്നും, എനിക്കു ഒരു ചെറിയ കാർഡ് കിട്ടി. ന്യൂ ആൽബനിയുള്ള, ഐസ് കമ്പനിയിലെ ശ്രീമാൻ. ട്രോട്ട്മാനെ ഓർക്കുന്നവരായി ആരെങ്കിലുമുണ്ടോ? അദ്ദേഹം അവിടെ "മീൻ പിടിക്കാൻ പോയിരിക്കുന്നു," എന്ന ഒരു കാർഡ് ഉണ്ടായിരുന്നു. പിന്നെയും മുന്നോട്ട് പോയി, പറയും, "ഒരു മനുഷ്യൻ തനിക്ക്... അവന്റെ സഹോദരന്മാരായ, ഓരോ പുരുഷന്മാരും, മീൻ പിടിക്കാൻ പോകുന്നു. ഒരു സഹായ ഹസ്തവുമായി, അവർ എല്ലായ്പ്പോഴും ദേശത്ത്, മീൻ പിടിത്തത്തിൽ ആയിരിക്കും." അങ്ങനെ വ്യത്യസ്തമായ ഏകദേശം എട്ടോ പത്തോ തരത്തിലുള്ളതുണ്ട്. അവൻ ഏറ്റവും അടിയിൽ എത്തിക്കഴിയുമ്പോൾ, പറയും, "മനുഷ്യൻ മീൻ പിടിക്കാൻ പോകുമ്പോൾ, അവൻ ദൈവത്തോടു ഏറ്റവും അടുത്തായിരിക്കും." അതിനാൽ അതു ഏകദേശം ശരിയാണല്ലോ എന്നു ഞാൻ ചിന്തിക്കാൻ തുടങ്ങി. "മീൻ പിടിക്കുമ്പോൾ, ധനവാനും പാവപ്പെട്ടവനും അവിടെ എല്ലാവരും തുല്യരാണ്." കാണുന്നോ? "ഒരു സഹായ ഹസ്തം, അവൻ ദേശത്ത്, എപ്പോഴും മീൻ പിടിത്തത്തിലായിരിക്കും." എല്ലാമായിട്ടാണെങ്കിൽ, "മീൻ പിടിക്കുന്നു."

27 അതെ, കഴിഞ്ഞ ഏകദേശം മുപ്പത്തിമൂന്നു വർഷങ്ങളായി, ഞാൻ ചെയ്തുകൊണ്ടിരിക്കുന്ന മീൻപിടിത്തത്തെക്കുറിച്ച് പറയാം, അത് മനുഷ്യരുടെ പ്രാണനുകൾക്കുവേണ്ടി മീൻപിടിത്തമാണ്. നമുക്ക് കാണാൻ കഴിയുന്ന ഓരോരുത്തരെയും ജയിക്കാനായി കർത്താവ് നമ്മെ സഹായിക്കട്ടെ.

28 ഇപ്പോൾ, ഇന്നു രാത്രിയിൽ, ഇത് ടേപ്പ് ചെയ്യുന്നുണ്ട്. ഇന്നു രാവിലെ, (ജിം ഇവിടെയോ ടേപ്പിലോ ഉണ്ടെങ്കിൽ), ഞാൻ—ഞാൻ ചിന്തിക്കുന്നത്, ടേപ്പിൽ, ഞാൻ പറഞ്ഞത് കേട്ട ആരോ ഒരാൾ എന്നോടു, ഞാൻ "രണ്ടാമത്തെ പുറപ്പാട്," എന്നാണ് പറഞ്ഞത് എന്നു പറഞ്ഞു. ഞാൻ *രണ്ടാമത്തേത്* എന്നല്ല, "മൂന്നാമത്തെ പുറപ്പാട്," എന്നാണ് അർത്ഥമാക്കിയത്.

പരിശുദ്ധാത്മാവ് അഗ്നിസ്തംഭത്തിന്റെ രൂപത്തിലായി, ദൈവം പ്രത്യക്ഷമായി തീർന്ന് താഴേയ്ക്ക് ഇറങ്ങിവന്നപ്പോൾ, ഒന്നാം പുറപ്പാട് ഉണ്ടായി, അവിടെ പിന്നിൽ...യിസ്രായേലിനെ പുറത്തേയ്ക്ക് കൊണ്ടുവന്നതായിരുന്നു.

രണ്ടാം പുറപ്പാടിൽ ക്രിസ്തു സഭയെ യഹൂദ മതത്തിൽ നിന്നും പുറത്തു കൊണ്ടുവന്നു.

പിന്നെ, *മൂന്നാമത്തെ പുറപ്പാട്*, സംഭവിക്കുന്നത് അഗ്നിസ്തംഭം മണവാട്ടിയെ സഭയിൽ നിന്നും പുറത്തെടുക്കുമ്പോഴാണ്. കാണുന്നോ?

പ്രകൃതി സംബന്ധിയിൽ നിന്നും; ആത്മീയതയിൽ നിന്നും; ആത്മീയതയിൽ നിന്നും ആത്മീയമായതിനെ എടുക്കുന്നു. ആ മൂന്ന്, നോക്കൂ, കൂടുതൽ നന്നായി പറഞ്ഞാൽ, സഭയിൽ നിന്നും ആത്മീയമായതിനെ. അപ്പോൾ നമുക്ക് മൂന്ന് കിട്ടുന്നു, അതിന്റെ മൂന്നു കാലങ്ങളും.

29 ഇപ്പോൾ, ഇന്നു രാത്രിയിൽ, ഞാൻ മറ്റൊരു ടേപ്പ് ഉണ്ടാക്കാൻ ആഗ്രഹിക്കുന്നു, അതിനെ ഇങ്ങനെ വിളിക്കുന്നു: *നിങ്ങളുടെ ജീവിതം സുവിശേഷത്തിനു യോഗ്യമോ?* ഒരുപക്ഷേ വളരെ നേരം എടുത്തേക്കില്ല. അതെ, എനിക്ക് ഇവിടെ കിട്ടിയിട്ടുള്ള ചില തിരുവെഴുത്തുകളും കുറിമാനങ്ങളും മാത്രം, എന്നാൽ നാം ആദ്യം വചനം വായിക്കാൻ ആഗ്രഹിക്കുന്നു. അതു ചെയ്യുന്നതിനു മുമ്പായി, ഒരു നിമിഷം നമുക്ക് അവനിലേയ്ക്ക് നമ്മുടെ തലകളെ വണക്കാം.

30 കർത്താവായ യേശുവെ, ഏതൊരു പുരുഷനോ, അഥവാ സ്ത്രീയ്ക്കോ, കുഞ്ഞിനോ, ശാരീരികമായി, ഈ ബൈബിളിന്റെ പേജുകളെ പിന്നിലേയ്ക്ക് തിരിക്കാൻ സാധിക്കും, എന്നാൽ അതു നിനക്കല്ലാതെ മറ്റാർക്കും തന്നെ വെളിപ്പെടുത്തുവാൻ സാധിക്കില്ല. കർത്താവെ, ഈ വിഷയത്തെ എടുത്തു എന്റെ ഹൃദയത്തിന്മേൽ ഇട്ടുകൊണ്ട്, രാജ്യങ്ങളിലെമ്പാടുമുള്ള, ജനങ്ങൾക്കായി അയയ്ക്കുമ്പോൾ, അവർ ഏതു വിധത്തിലുള്ള ജീവിതം നയിക്കേണ്ടതുണ്ടെന്നു അറിയാൻ ഇടയാകട്ടെ എന്നു ഞാൻ പ്രാർത്ഥിക്കുന്നു. കാരണം, "ക്രിസ്തീയ ജീവിതം എന്നാൽ സഭയുടെ സേവ ചെയ്യുന്നതാണോ? ദരിദ്രനെയും, ആവശ്യക്കാരെയും സഹായിക്കുന്നതാണോ? അതോ അതു ഒരു സ്ഥിരതയുള്ള അംഗമായിട്ടിരിക്കുന്നതോ? അതോ സഭയോടു കൂറ് പുലർത്തുന്നതാണോ?" എന്നും മറ്റുമുള്ള ചോദ്യങ്ങൾ എന്നോടു അനേകർ ചോദിച്ചിട്ടുണ്ട്. പിതാവെ, ഈ വചനങ്ങളിലൂടെ, ഞങ്ങൾ അതിനെ ജനങ്ങൾക്കായി കൊണ്ടുവരാൻ പരിശ്രമിക്കുമ്പോൾ, അതിന്റെ ശരിയായ ഉത്തരം ഇന്നു രാത്രിയിൽ ലഭിക്കാൻ ഇടയാകട്ടെ. ഇത് ഞങ്ങൾ, യേശുക്രിസ്തുവിന്റെ നാമത്തിൽ ചോദിക്കുന്നു, ആമേൻ.

31 ഇപ്പോൾ നിങ്ങളുടെ ബൈബിളിൽ, വിശുദ്ധ ലൂക്കൊസിലേയ്ക്ക് തിരിച്ച്, നാം 14-ാം അദ്ധ്യായത്തിന്റെ 16-ാം വാക്യത്തിൽ തുടങ്ങി, ഒരു പശ്ചാത്തലത്തിനായി കുറച്ചു തിരുവെഴുത്തുകൾ വായിക്കും, കാരണം ഇതിൽ നിന്നാണ് നാം മുപ്പതോ നാല്പതോ മിനിട്ടുകൾക്കായി ശ്രമിക്കാൻ പോകുന്നത്. ഇപ്പോൾ, വിശുദ്ധ ലൂക്കൊസ്, 14-ാം അദ്ധ്യായം 16-ാം വാക്യം.

*അവനോടു അവൻ പറഞ്ഞതു: ഒരു മനുഷ്യൻ വലിയോരു അത്താഴം ഒരുക്കി പലരെയും ക്ഷണിച്ചു,*

*അത്താഴ സമയത്തു അവൻ തന്റെ ദാസനെ അയച്ചു ആ ക്ഷണിച്ചവരോടു: എല്ലാം ഒരുങ്ങിയിരിക്കുന്നു; വരുവിൻ എന്നു പറഞ്ഞയച്ചു.*

*എല്ലാവരും ഒരുപോലെ ഒഴികഴിവു പറഞ്ഞുതുടങ്ങി: ഒന്നാമത്തവൻ അവനോടു: ഞാൻ ഒരു നിലം കൊണ്ടതിനാൽ അതു ചെന്നു കാണേണ്ടുന്ന ആവശ്യമുണ്ട്; എന്നോടു ക്ഷമിച്ചുകൊള്ളേണം എന്നു അവൻ അവനോടു പറഞ്ഞു.*

*മറ്റൊരുത്തൻ: ഞാൻ അഞ്ചേർ കാളയെ കൊണ്ടിട്ടുണ്ടു; അവയെ ശോധന ചെയ്വാൻ പോകുന്നു; എന്നോടു ക്ഷമിച്ചുകൊള്ളേണം എന്നു ഞാൻ അപേക്ഷിക്കുന്നു എന്നു പറഞ്ഞു.*

*വേറൊരുത്തൻ: ഞാൻ ഇപ്പോൾ വിവാഹം കഴിച്ചിരിക്കുന്നു; വരുവാൻ കഴിവില്ല എന്നു പറഞ്ഞു.*

*ദാസൻ മടങ്ങിവന്നു യജമാനനോടു അറിയിച്ചു. അപ്പോൾ വീട്ടുടയവൻ കോപിച്ചു ദാസനോടു:*

ശ്രദ്ധിക്കു, അവിടെ ദാസന്മാരല്ല, “ദാസൻ,” എന്നാകുന്നു.

*...നീ വേഗം പട്ടണത്തിലെ വീഥികളിലും ഇടത്തെരുക്കളിലും ചെന്നു ദരിദ്രന്മാർ, അംഗഹീനന്മാർ കുരുടന്മാർ മുടന്തന്മാർ എന്നിവരെ കൂട്ടിക്കൊണ്ടുവരിക എന്നു കല്പിച്ചു.*

*പിന്നെ ദാസൻ: യജമാനനേ; കല്പിച്ചതു ചെയ്തിരിക്കുന്നു; ഇനിയും സ്ഥലമുണ്ട് എന്നു പറഞ്ഞു.*

*...യജമാനൻ ദാസനോടു: നീ പെരുവഴികളിലും വേലികൾക്കരികെയും പോയി, എന്റെ വീടു നിറയേണ്ടതിനു കണ്ടവരെ അകത്തു വരുവാൻ നിർബ്ബന്ധിക്ക.*

*ആ ക്ഷണിച്ച പുരുഷന്മാർ ആരും എന്റെ അത്താഴം ആസ്വദിക്കയില്ല എന്നു ഞാൻ നിങ്ങളോടു പറയുന്നു എന്നു പറഞ്ഞു.*

32 ഇപ്പോൾ, നിങ്ങൾ ശ്രദ്ധിച്ചാൽ, അവിടെ അതിന്റെ, മൂന്നു വലികളുണ്ട്, അഥവാ മൂന്നു തിരിവുകളുണ്ട്. ആദ്യമായി, അവർ പുറപ്പെട്ടു പോകുമ്പോൾ, അവർ അവിടെ ആയിരുന്നവരെയും, ക്ഷണിച്ചിരുന്നവരെയും വിളിക്കാനായി പുറപ്പെട്ടു പോകുന്നു, അവർ

വരുന്നില്ല. അതുകൊണ്ട് ഒരു രോഗസൌഖ്യ ശുശ്രൂഷയിൽക്കൂടി മുടന്തരെയും അന്ധരെയും കൂട്ടാനായി അവർ പുറപ്പെട്ടു പോകുന്നു. അപ്പോഴും മുറിയിൽ ഇടം ഉണ്ടായിരുന്നിട്ട്, നല്ലവരെയും, മോശമായവരെയും, വേലിക്കരുകിൽ നിന്നിരുന്നവരെയും; അവരെല്ലാം അകത്തു കടന്നുവരാനായി, നിർബന്ധിക്കുന്നു.

33 ഇപ്പോൾ, ഇതിനു താരതമ്യപ്പെടുന്ന മറ്റൊരു ഉപമ നിങ്ങൾ വായിക്കുകയാണെങ്കിൽ, അതു മത്തായി 22:1 മുതൽ 10 വരെയാണ്, അതു വായിക്കാൻ നിങ്ങൾ ആഗ്രഹിക്കുന്നെങ്കിൽ, പിന്നെ വായിച്ചുകൊള്ളുക. എന്നാൽ ഞാൻ—ഞാൻ ഇതിൽ നിന്നും ഒരു വിഷയത്തെ കൊണ്ടു വരുന്നു; *നിങ്ങളുടെ ജീവിതം സുവിശേഷത്തിനു യോഗ്യമോ?*

34 ഇപ്പോൾ, ഇവിടെ യേശു പറയുന്നത്...മനുഷ്യൻ എപ്പോഴും ദൈവ വചനത്തിന്റെ ക്ഷണത്തെ സ്വീകരിക്കാതിരിക്കാനായി എപ്പോഴും ഒഴികഴിവുകൾ ഉണ്ടാക്കാൻ ശ്രമിച്ചിരുന്നു എന്നതാണ്. അത് അവർക്ക്, വളരെ കൃത്യമായി തെളിയിച്ചു കാണിച്ചിട്ടും, അതായത്—അതായത് അത് അവന്റെ അത്താഴത്തിനുള്ള ക്ഷണമാണ്, എന്നാൽ മനുഷ്യൻ തുടർച്ചയായി ഒഴികഴിവുകൾ ഉണ്ടാക്കുന്നു. നിങ്ങൾ വിശുദ്ധ മത്തായി 22 വായിച്ചാൽ, അവിടെയും, ഒഴികഴിവുകൾ ഉണ്ടാക്കുന്നത് കാണാൻ സാധിക്കുന്നു. മാത്രമല്ല—മാത്രമല്ല അവർ ശ്രമിച്ചിട്ട്...

35 അത് പുറകിലുണ്ടായിരുന്ന എല്ലാ കാലത്തിലേക്കും പോയിരുന്നു. പിന്നിലുള്ള കാലത്തിൽ കടന്നു പോയിട്ട്, ഒരു മനുഷ്യൻ അവരെ ക്ഷണിച്ചിട്ട്—ഒരു മുന്തിരി തോട്ടത്തെക്കുറിച്ച് പറയുന്നു. നാം ആ ഉപമ അവിടെ കാണുന്നു. ആ മുന്തിരി തോട്ടത്തിൽ നിന്നും എങ്ങനെയാണ് അത് ശേഖരിച്ചു കൊണ്ടുവരാൻ പറയുന്നത്. ഒന്നാമത്തെ ദാസൻ വരുന്നു, അവർ അവനോടു എന്തു ചെയ്തു? അവർ അവനെ ഓടിച്ചു കളഞ്ഞു. അടുത്ത ദാസൻ വരുന്നു, അവർ അവനെയും കല്ലെറിയുന്നു. ക്രൂരന്മാരായ ആ മനുഷ്യർ; അവർ ഒരു ദാസനു ശേഷം മറ്റൊരു ദാസനെയും ഓടിച്ചുകളയുന്നതായി കാണുന്നു. അവസാനം, രാജാവ്, തന്റെ സ്വന്ത മകനെ അയയ്ക്കുന്നു. അവന്റെ മകൻ വരുമ്പോൾ, നാം കാണുന്നത്, അത്, "അവർ പറയും, ഇതാണ് ആ ഏക അവകാശി. നാം അവനെ കൊന്നാൽ, ഇപ്പോൾ നമുക്കെല്ലാം കൈവശമാകും," എന്ന് നാം കാണുന്നു. പിന്നെ യേശു അവരോടു പറഞ്ഞു, "രാജാവ് ആ കൊലപാതകന്മാരെ കൊന്നു അവരുടെ പട്ടണങ്ങളെ തീവെച്ചു കത്തിച്ചു കളയാനായി ആളയച്ചു."

36 ഇപ്പോൾ, നാം കാണുന്നത്, എന്തെങ്കിലും ചെയ്യാനായി, ദൈവം ഒരു മനുഷ്യന് ഒരു ക്ഷണം കൊടുക്കുകയോ അതല്ല അവൻ അവന് കൊടുത്ത ക്ഷണത്തെ സ്വീകരിക്കാൻ ഉണ്ടായിരിക്കുമ്പോഴോ, അവൻ അതിനെ നിരസിച്ചു കളഞ്ഞാൽ, കൃപയെ നിരസിച്ചാൽ, ന്യായവിധിയല്ലാതെ, പിന്നെ ഒന്നും തന്നെ ശേഷിക്കുന്നില്ല. നിങ്ങൾ കൃപയുടെ അതിരിന്റെ അപ്പുറത്തായി കാൽ വെയ്ക്കുമ്പോൾ, അവിടെ ഒരേ ഒരു കാര്യമെ ശേഷിക്കുന്നുള്ളൂ, അത് ന്യായവിധിയാകുന്നു. മനുഷ്യൻ എല്ലാ കാലത്തിലും അതു ചെയ്തിരുന്നതായി നാം കണ്ടുകഴിഞ്ഞു. ബൈബിളിലെ, ഏകദേശമുള്ള എല്ലാ കാലത്തിലും, അത് സംഭവിച്ചതായി കാണുന്നു.

37 ദൈവം തന്റെ ദാസനായ, നോഹയെ അയച്ചപ്പോൾ, രക്ഷപ്പെടാൻ ആഗ്രഹിക്കുന്ന എല്ലാവർക്കുമായി, അവൻ രക്ഷപ്പെടാനുള്ള ഒരു മാർഗ്ഗം ഉണ്ടാക്കി. എന്നാൽ ജനങ്ങളോ നോഹയെ നോക്കി ചിരിക്കുകയും പരിഹസിക്കുകയും ചെയ്തു. ദൈവം ഒരു വഴിയുണ്ടാക്കി, എന്നാൽ അവർക്കു ഒരു ഒഴികഴിവ് ഉണ്ടായിരുന്നു. അത് അവരുടെ നൂതനമായ ചിന്തയ്ക്ക് അനുസരണമായിരുന്നില്ല. അത് ആഗ്രഹപ്രകാരമാകാതെ...അത് ആഗ്രഹിച്ചിരുന്നതുപോലെ ആയിരുന്നില്ല, അതുകൊണ്ട് അവർ നോഹയുടെ നാൾക്കളിൽ ഒഴികഴിവുകളെ ഉണ്ടാക്കി.

38 അവർ മോശെയുടെ നാൾക്കളിൽ ഒഴികഴിവുകളെ ഉണ്ടാക്കി. അവർ ഏലീയാവിന്റെ നാൾക്കളിൽ ഒഴികഴിവുകൾ ഉണ്ടാക്കി. അവർ ക്രിസ്തുവിന്റെ നാൾക്കളിൽ ഒഴികഴിവുകളെ ഉണ്ടാക്കി. മാത്രമല്ല അവർ ഇന്നും ഒഴികഴിവുകളെ ഉണ്ടാക്കുന്നു.

39 ഇപ്പോൾ, വിരുന്നിനു ക്ഷണിച്ചിരുന്നവരായ, യിസ്രായേല്യരോടു അവൻ നേരിട്ട് സംസാരിക്കുകയാണ്, അതിനെ ഞാൻ ഇന്നു, വിരുന്നിനായി ക്ഷണിക്കപ്പെട്ടിരിക്കുന്ന, സഭയിലെ മനുഷ്യർക്കായി, കർത്താവിന്റെ ആത്മീയ വിരുന്നിന്, ക്ഷണിക്കുന്നതുപോലെ പ്രായോഗികമാക്കുന്നു, അത് അവർ ചെയ്യുന്നില്ല. അവർ അത് നിരസിക്കുന്നു. അവർ അതു ചെയ്യാൻ ഇഷ്ടപ്പെടുന്നില്ല. അവർക്ക് ചെയ്യാനായി മറ്റു പല കാര്യങ്ങളുമുണ്ട്. അവർ ഒഴികഴിവുകളെ കണ്ടുപിടിക്കുന്നു.

40 ഇപ്പോൾ, രണ്ടായിരം വർഷങ്ങൾക്കു മുമ്പ്, യിസ്രായേൽ, അവർക്ക് നൽകപ്പെട്ടിരുന്ന ക്ഷണത്തെ സ്വീകിരിച്ചിരുന്നെങ്കിൽ, അവർ ഇന്ന് ആയിരിക്കുന്നതുപോലെ ആയിരിക്കുകയില്ലായിരുന്നു. രണ്ടായിരം വർഷങ്ങൾക്ക് മുമ്പ്, വിവാഹ വിരുന്നിനായുള്ള ക്ഷണത്തെ യിസ്രായേൽ നിരസിച്ചുകളഞ്ഞു, അങ്ങനെ അവർ

അതിനെ നിരസിച്ചു കളയുകയും ന്യായവിധിയിലേയ്ക്ക് കടന്നു പോകുകയും ചെയ്തു. എന്നാൽ, യേശു പറഞ്ഞതു പോലെ, ഒഴികഴിവുകളെ ഉണ്ടാക്കിക്കൊണ്ട്, അവർക്കായി അയച്ചിരുന്ന പ്രവാചകന്മാരെ അവർ കല്ലെറിയുകയും കൊല്ലുകയും ചെയ്തു, ഇപ്പോൾ, ഒഴികഴിവുകളെ അവർ ഒരോ ദിവസവും ഉണ്ടാക്കുന്നു.

41 യേശുവിന്റെ ദിവസങ്ങളിൽ, നാം കാണുന്നത്, അവൻ—അവൻ അവർ ആരുമായും അനുബന്ധം ചെയ്തിരുന്നില്ല. അവർ ചോദിച്ചു, "എവിടെ നിന്നാണ് ഈ മനുഷ്യൻ ഇതു പഠിച്ചത്? അവൻ ഏതു സ്കൂളിൽ നിന്നാണ് വന്നത്? ഇത് ആ തച്ചന്റെ മകനല്ലേ? അവന്റെ അമ്മയെ മറിയ എന്നല്ലേ വിളിക്കുന്നത്? ജോസെയും ജെയിംസും, അവന്റെ സഹോദരന്മാരല്ലേ? അതുമല്ല അവന്റെ സഹോദരിമാരും നമ്മോടൊപ്പം ഇല്ലേ? പിന്നെ ഇതു ചെയ്യുന്നതിനുള്ള അധികാരം ഈ മനുഷ്യന് എവിടെ നിന്നു കിട്ടി?" കാണുന്നോ? മറ്റു വാക്കുകളിൽ പറഞ്ഞാൽ, അവൻ അവരുമായി സംയോജിച്ചിരുന്നില്ല. അതിനാൽ അവർ പറഞ്ഞു, "അവൻ ഒരു ബേത്സബൂബ് ആകുന്നു. അവൻ ഒരു ശമര്യക്കാരനാകുന്നു. അവന് ഒരു ഭൂതമുണ്ട്, അവന് ഭ്രാന്താകുന്നു. അവൻ ഒരു—അവൻ ഒരു...അവൻ മതത്തിന്റെ നിരയിലെ, ഒരു ദുഷ്ടാത്മാവ് ബാധിച്ചിരിക്കുന്ന ഒരു മനുഷ്യനാണ്, അത് അവനെ ഭ്രാന്തനാക്കി ഓടിച്ചുകൊണ്ടിരിക്കുന്നു. അതായിരുന്നു അത്. അവൻ അവിടെ ഒരു കാട്ടു മനുഷ്യനെപ്പോലെ ആയിരുന്നു. അവന് ഒരു ശ്രദ്ധയും കൊടുക്കരുത്." യിസ്രായേലിന് എന്തു സംഭവിച്ചു എന്ന് നമുക്കറിയാം. അവർ നിലവിളിച്ചു. അവർ അവനെ ന്യായം വിധിക്കുവോളം, ഓ, അവർക്ക് അവൻ തെറ്റായിരുന്നു എന്നു അത്രയേറെ തീർച്ചയായിട്ട്, അവൻ പറഞ്ഞു—അവൻ പറഞ്ഞു, "അവന്റെ രക്തം ഞങ്ങളുടെയും ഞങ്ങളുടെ മക്കളുടെയും മേൽ വരട്ടെ." അത് അന്നുമുതൽ ആയിത്തീർന്നു.

42 അവരുടെ ഒഴികഴിവുകളാണ്, കടന്നു വന്നിരുന്ന നീതിയായതിനെ, പ്രവാചകന്മാരെ കൊന്നത് എന്നായിരുന്നു, യേശു അവരോടു പറയാൻ ശ്രമിച്ചത്. ദൈവത്തിന്റെ വചനം എടുക്കുന്നതിനു പകരം, അവർ മനുഷ്യർ നൽകിയ മതവിശ്വാസങ്ങളെ അവർ അംഗീകരിച്ചു. മാത്രമല്ല, അതു ചെയ്യുന്നതിലൂടെ, ദൈവ വചനത്തെ ദുർബലമാക്കിക്കളയുകയും ചെയ്തു.

43 ഇപ്പോൾ, ഇതിൽ, ഒന്നുകിൽ *ഇതാണ്* ദൈവേഷ്ടവും ദൈവത്തിന്റെ ആഗ്രഹവും, എന്നു നിങ്ങൾ പറയുകയോ, അതല്ലെങ്കിൽ പെട്ടെന്നു പ്രത്യക്ഷപ്പെട്ട എന്തിനെയെങ്കിലും നിങ്ങൾ എടുത്തുകൊണ്ട്, അതിനെക്കാൾ *ഇതാണ്* നല്ലത് എന്നു

നിങ്ങൾക്ക് പറയേണ്ടതായി വരും. ഇപ്പോൾ നിങ്ങൾ ഒന്നിനെയോ മറ്റൊന്നിനേയോ എടുക്കേണ്ടതുണ്ട്. നിങ്ങൾക്ക് ദൈവത്തെയും മാമോനെയും സേവിക്കാൻ കഴിയുന്നതല്ല. "ഇതാണ് സത്യം," എന്നു നിങ്ങൾക്ക് പറയേണ്ടതായോ അതല്ല "അത് സത്യത്തിന്റെ ഒരു ഭാഗമെന്നോ," "അതു മുഴുവനും സത്യമല്ലെന്നോ," "അതെല്ലാം ഒരുമിച്ചു കൂട്ടുമ്പോൾ സത്യമായി വരുന്നില്ലെന്നോ," അഥവാ "അത് ശരിയായിട്ടല്ല വ്യാഖ്യാനം ചെയ്തിരിക്കുന്നത്," എന്നോ നിങ്ങൾക്ക് പറയേണ്ടതായും വരാം.

ബൈബിൾ അതു പറയുന്നു, അതായത്, "ദൈവത്തിന്റെ വചനം സ്വയമായ വ്യാഖ്യാനത്താൽ ഉളവാകുന്നതല്ല." ആരും അതിലേയ്ക്ക് ഒരു വ്യാഖ്യാനം ഇടാനും പാടില്ല. ദൈവം എപ്രകാരം വ്യാഖ്യാനിക്കാൻ ആഗ്രഹിച്ചിരുന്നോ അപ്രകാരം തന്നെ അത് എഴുതിയിരിക്കുന്നു. അത് എന്തു പറയുന്നോ, അത്, അപ്രകാരം തന്നെ ആയിരിക്കണം. അത് ഇവിടെ എഴുതിയിരിക്കുന്ന വിധത്തിൽ തന്നെ എടുക്കേണം, അത് ഇവിടെ എഴുതിയിരിക്കുന്നു.

44 ഇപ്പോൾ, അവർ അവരുടെ മതവിശ്വാസങ്ങളെ അംഗീകരിച്ചു. ദൈവത്തിന്റെ വാഗ്ദത്തങ്ങളെ അവരുടെ മേൽ പ്രാവർത്തികമാക്കാൻ കഴിയാത്ത വിധത്തിലാക്കി തീർത്തു. അവർ അതിൽ നിന്നും ഒഴിഞ്ഞുമാറി. അവർ അതിൽ നിന്നും വഴുതിമാറി ദൂരത്തായി.

45 ഇപ്പോൾ, എഴുപത്തിയഞ്ചു വർഷങ്ങൾക്കു മുമ്പ്, റഷ്യയിൽ പരിശുദ്ധാത്മാവ് പതിച്ചപ്പോൾ, റഷ്യ പെന്തെക്കോസ്തിന്റെ അനുഗ്രഹങ്ങളെ സ്വീകരിച്ചിരുന്നെങ്കിൽ, അവർ ഇന്നു കമ്മ്യൂണിസ്റ്റുകാർ ആകില്ലായിരുന്നു. ഇപ്പോൾ, എഴുപത്തിയഞ്ചു വർഷങ്ങൾക്കു മുമ്പ്, റഷ്യയിൽ ഒരു വലിയ ഉണർവ്വ് കടന്നുവന്നിരുന്നു. ദൈവം അവരുടെ ഇടയിലേയ്ക്ക് വരികയും, അവർക്ക് ഒരു വലിയ ഉണർവ്വു ഉണ്ടാകുകയും ചെയ്തിട്ട്, അത് സൈബീരിയ വരേയും കടന്നുപോയിരുന്നു. അവർ എന്തു ചെയ്തു? അവർ അതിനെ നിരസിച്ചു കളഞ്ഞു. മാത്രമല്ല ഇന്ന്, ആ രാജ്യം, പോയ്ക്കഴിഞ്ഞിരിക്കുന്നു, അനുവാദമില്ലാതെ, സഭകൾക്ക് മറ്റൊരു സഭയുണ്ടാക്കാൻ സാദ്ധ്യമല്ല. അവർ ന്യായവിധിയിലേയ്ക്ക് പതിച്ചു കഴിഞ്ഞിരിക്കുന്നു. കമ്മ്യൂണിസത്തിന്റെ ഈ പരിഭ്രാന്തമായ ദുശ്ശാഠ്യത്തിലേയ്ക്ക് പോയിട്ട്; പിശാചിനു മുഴുവനായി വിറ്റുകഴിഞ്ഞിരിക്കുന്നു.

46 അമ്പത് വർഷങ്ങൾക്കു മുമ്പ്, ഇംഗ്ലണ്ടിൽ പരിശുദ്ധാത്മാവ് പതിച്ചു. ജോർജ്ജ് ഫെറിയും, എഫ്. എഫ്. ബോസ്വർത്തും, ചാർലെ പ്രൈസും, സ്മിത്ത് വിഗ്ഗൽസ്വർത്തിന്റെ വരവോടും കൂടെ, ആ

മഹാന്മാരായ വിശ്വാസത്തിന്റെ വീരന്മാരാൽ, അമ്പതു വർഷങ്ങൾക്കു മുമ്പ്, ഇംഗ്ലണ്ടിന് പരിശുദ്ധാത്മാവിന്റെ ഒരു ഉണർവ്വിനെ നൽകി. എന്നാൽ അവർ ചെയ്തത് എന്താണ്? അവർ അവരെ നോക്കി ചിരിക്കുകയും, അവരെ ജയിലിൽ അടയ്ക്കുകയും, അവരെ ഭ്രാന്തന്മാർ എന്നു വിളിക്കുകയും, അവരുടെ മനോനില അവർക്കു നഷ്ടമായിപ്പോയി എന്നവർ ചിന്തിക്കുകയും ചെയ്തു. അവരെ കേൾക്കാനായി ജനങ്ങളെ കടന്നു വരാൻ സഭകൾ അനുവദിച്ചില്ല. അവർ രോഗികളെ സൌഖ്യമാക്കുകയും, പിശാചുക്കളെ പുറത്താക്കുകയും, മഹത്തായ പ്രവർത്തികൾ ചെയ്യുകയും ചെയ്തു. മാത്രമല്ല ഒരു രാജ്യമായി, ഇംഗ്ലണ്ട്, സുവിശേഷത്തെ നിരസിച്ചതിനാൽ, അവളുടെ—അവളുടെ പാപം ലോകമെമ്പാടും പ്രസിദ്ധമാകുകയും ചെയ്തു. റോമിനെയും ഫ്രാൻസിനെയും കൂടെ കൂട്ടിയാലും, ഇംഗ്ലണ്ടല്ലാതെ, അപ്പോസ്തല രാഷ്ട്രം എന്നു പറയാനായി ലോകത്തിൽ മറ്റൊന്നും തന്നെ ഉണ്ടായിരുന്നില്ല. അവളാണ് അപ്പോസ്തലിക വിശ്വാസത്തിന്റെ പരിത്യാഗം ചെയ്ത ഒരു അമ്മ. അവിടെയുള്ള, ഹെയ് മാർക്കറ്റിൽ വെച്ച തന്നെ, ഫെന്നിയും, ചാർലസ്സ് ജെ ഫെന്നിയും, വെസ്ലിയും, അങ്ങനെ തുടർന്നുള്ളവരും, പ്രസംഗിച്ചു പോരുകയും, അവൾ അതിനെ നിരസിച്ചു കളയുകയും ചെയ്തു.

47 ഇപ്പോൾ, ചാരന്മാർ വന്നു കണ്ടുപിടിക്കുവോളം, അവരുടെ മഹാന്മാരായ മനുഷ്യർ സ്ത്രീകളുമായി ലൈംഗീകതയിൽ ബലഹീനപ്പെട്ടിരുന്നത്, കഴിഞ്ഞ ആഴ്ചയിലോ അതോ രണ്ടാഴ്ചക്കു മുമ്പോ, ഉണ്ടായിരുന്ന പേപ്പറിൽ, നിങ്ങൾക്ക് കാണാൻ സാധിക്കും. അവരിൽപ്പെട്ട കുറച്ചു പേരെ കൂടെ അവരുടെ തലവൻ കണ്ടുപിടിച്ചു. മാഗസീനുകൾ അതു നിറച്ചിരുന്നു. അവരുടെ പാപത്തിന്റെ അപകീർത്തി, അവരുടെ സർക്കാർ തന്നെ, ലോകമെമ്പാടുമായി അവരുടെ മാനക്കേടായ പേരിനെ കാണിച്ചിരിക്കുന്നു. എന്തുകൊണ്ടാണ്? അവൾ സത്യത്തെ നിരസിച്ചുകളഞ്ഞതിനാലാണ്. അവൾക്കു അവളുടെ ഒഴികഴിവുകളുണ്ട്, അതുകൊണ്ട് അവൾ അവസാനിച്ചിരിക്കുന്നു. വളരെ മുമ്പു തന്നെ, ഇംഗ്ലണ്ട്, ദൈവവുമായി, പരാജിതയായിരിക്കുന്നു. എങ്കിൽ...

48 പെന്തെക്കോസ്തിൽ തുടങ്ങിയ മഹത്തായ സൌഖ്യത്തിന്റെ ഉണർവ്വ്, അമേരിക്കയിൽ, പതിനഞ്ചു വർഷങ്ങൾക്കു മുമ്പ്, രാജ്യത്ത് പൊട്ടിപ്പുറപ്പെടുകയും, തലസ്ഥാനമായ, വാഷിങ്ടൻ ഡിസിയിൽ, ഒരു ഉണർവ്വുണ്ടാകുകയും ചെയ്തു. പ്രസിഡന്റുമാർ, വൈസ് പ്രസിഡന്റുമാർ, മഹാന്മാരായ മനുഷ്യർ, ഗവർണർമാർ

ഇവർക്കെല്ലാം; മഹത്തായ കാര്യങ്ങൾ സംഭവിച്ചിട്ട്, ഗവർണർമാരും, പിന്നെ—പിന്നെ മഹാന്മാരായ മനുഷ്യരും സൌഖ്യം പ്രാപിക്കുകയും ചെയ്തിരുന്നു. അങ്ങനെ, കോൺഗ്രസുകാരനായ ഉപ്ഷോ അറുപത്തിയാറു വർഷത്തോളമായി മുടന്തി നടന്നിരുന്നു, അതു അങ്ങനെ അല്ലായിരുന്നു എന്നു അവരുടെ മുഖം തിരിച്ചു അവർക്കു പറയാൻ കഴിയില്ല. അത് നേരെ അവരുടെ മുമ്പിൽ വെച്ചായിരുന്നു, എന്നാൽ അവർ അതിനെ നിരസിച്ചു കളഞ്ഞു.

49 മാത്രമല്ല, ഇന്നു രാത്രിയിൽ, ആ കാരണത്താലാണ് രാജ്യത്തെ പിടിച്ചു കെട്ടിയിരിക്കുന്നത്. അവൾ മുങ്ങിത്താണിരിക്കുന്നു. ഒരിക്കലും, അതിനു ഒരു പ്രതീക്ഷയും ശേഷിക്കുന്നില്ല. അവൾ കൃപയ്ക്കും ന്യായവിധിക്കും ഇടയിലുള്ള നിര മുറിച്ചു കടന്നിരിക്കുന്നു. രാജ്യത്തെ നിയന്ത്രിക്കാനായി, അവൾ ഇവിടെ ആയിരിക്കുന്നതിനെ അവൾ തന്നെ തിരഞ്ഞെടുത്തിരിക്കുന്നു. അവൾ ഏറ്റവും അകത്തു നിന്നും, അഴുകിയിരിക്കുന്നു. അവളുടെ രാഷ്ട്രീയം അഴുകിയിരിക്കുന്നു. ഈ രാജ്യത്തിന്റെ സദാചാരം എനിക്ക് ചിന്തിക്കാൻ കഴിയുന്ന എന്തിനെക്കാളും താണിരിക്കുന്നു. അവളുടെ മതപരമായ ഏർപ്പാട് സദാചാരത്തെക്കാൾ അഴുകിയിരിക്കുന്നു. ഇതു ചെയ്യുന്നതിലൂടെ, അവളെ സ്വയം ഒരുമിപ്പിച്ചുകൊണ്ട്, ഈ രാജ്യത്തിലെ, എല്ലാം സഭകളും കൂടെ, ഒരു സംഘമായി ചേർന്ന്, മൃഗത്തിന്റെ മുദ്ര എടുത്തിരിക്കുന്നു, അവൾ അങ്ങനെയായിരിക്കുന്നു. എന്തൊരു കാര്യം! എന്തുകൊണ്ടാണ്? ക്രിസ്തു അവർക്ക് ഒരു അവസരം കൊടുത്തു, "എന്റെ വിരുന്നിനു വരുവിൻ," പെന്തെക്കോസ്തു വിരുന്നിനു വരുവിൻ, അതിന്റെ അർത്ഥം, "അമ്പത്," എന്നാകുന്നു.

50 പരിശുദ്ധാത്മാവ് റഷ്യയിൽ പകർന്നപ്പോൾ, അവരെ ഒരു പെന്തെക്കോസ്തു വിരുന്നിനായി, ആത്മീയ വിരുന്നിനായി, വിളിച്ചു, അവർ അതിനെ നിരസിച്ചു. ഇംഗ്ലണ്ടിൽ, പരിശുദ്ധാത്മാവ് അവരുടെ മേൽ ഒഴിക്കപ്പെട്ടു, അവർ അതിനെ നിരസിച്ചു. അമേരിക്ക, പരിശുദ്ധാത്മാവ് അവരുടെ മേൽ ഒഴിച്ചപ്പോൾ, അവർ അതിനെ നിരസിച്ചു കളഞ്ഞു.

51 അവൻ മൂന്നു പ്രാവശ്യം ക്ഷണിച്ചു. മൂന്നു പ്രാവശ്യം, അവൻ പറഞ്ഞയച്ചു, അവർ വിരുന്നിനായി കടന്നു വന്നില്ല. അതിനുശേഷം, അവൻ വീണ്ടും അയച്ചിട്ട്, അവൻ പറഞ്ഞു, "പോകു, ജനങ്ങളെ കടന്നു വരാൻ നിർബന്ധിക്കു. മേശകൾ എല്ലാം തയ്യാറേക്കേണ്ടതുണ്ട്. മേശകളെല്ലാം തയ്യാറായിരിക്കുന്നു. ഇനിയും സ്ഥലമുണ്ട്." അതിനെക്കുറിച്ച്, ഞാൻ വിശ്വസിക്കുന്നത്, ഒരുപക്ഷേ, ഒരുപക്ഷേ അടുത്ത ചില മാസങ്ങളോ, മറ്റോ, അതോ വർഷമോ, അഥവാ

അതു എന്തു തന്നെയായാലും ശരി, ദൈവം രാജ്യത്ത് മറ്റൊരു കുലുക്കത്തെ അയയ്ക്കാൻ പോകുന്നു എന്നാണ്, എന്തെന്നാൽ അവിടെ എവിടെയെങ്കിലും ആരെങ്കിലും അവശേഷിക്കുന്നെങ്കിൽ, അതു ഒരു മുൻകുറിക്കപ്പെട്ട വിത്തായിട്ട്, ലോകത്തിൽ എവിടെയായിരുന്നാലും ശരി, അതിന്റെ മേൽ പ്രകാശം പതിക്കേണ്ടതുണ്ട്. രാജ്യം, നശിച്ചു കഴിഞ്ഞിരിക്കുന്നു.

52 അതെ, കഴിഞ്ഞ ദിവസം, അവിടെ താഴ്വശത്തുള്ള ലിറ്റിൽ റോക്കിൽ വെച്ച്, കൃത്യമായും പറയുകയാണെങ്കിൽ, ഹോട്ട് സ്പ്രിംഗ്സിൽ വെച്ച്; ഞാൻ ഈ ആഴ്ചയിലെ *ലൈഫ്* മാഗസീൻ നോക്കുകയായിരുന്നു. അതിൽ ന്യൂയോർക്ക് സംസ്ഥാനത്തിലെ മേയർ എന്നാണ് ഞാൻ വിചാരിക്കുന്നത്, ഹനൊലൂലുവിൽ വെച്ച് പാട്ടിനു അനുസരണമായി വസ്ത്രങ്ങൾ ഉരിഞ്ഞു കളഞ്ഞ് നൃത്തം ചെയ്യുന്ന കുറച്ചു പിള്ളേരൊടൊപ്പം, അവൾ അവിടെ നൃത്തം ചെയ്യുന്നത്, എനിക്കു കാണാൻ സാധിച്ചു. ഇപ്പോൾ...പിന്നെ ഇവിടെ, അതിനെ കീഴിലായി, മറ്റൊരു പ്രശസ്തനായ മനുഷ്യനെയും കാണുന്നു. ഓ, എന്തൊരു അപമാനം! ഇന്ന് നമ്മുടെ രാജ്യത്തെ നോക്കുക. നമ്മുടെ—നമ്മുടെ രാജ്യത്തിന്റെ അവസ്ഥയെ നോക്കുക. അവൾ എവിടെയ്ക്കാണ് പോയിരിക്കുന്നത്, അവൾ എത്ര ആഴത്തിലാണ് മുങ്ങിയിരിക്കുന്നത്?

53 ഇന്നുള്ള നമ്മുടെ മതപരമായ വ്യവസ്ഥയെ നോക്കുക. അവർ ഇപ്പോൾ ആയിരിക്കുന്ന അവസ്ഥയിൽ സഭകൾ എപ്പോഴാണ് കടന്നു കൂടിയിരുന്നിട്ടുള്ളത്? അതു എന്തുകൊണ്ടെന്നാൽ, വിരുന്നിനായുള്ള ക്ഷണത്തെ, അവർ നിരസിക്കുകയും നിരാകരിക്കുകയും ചെയ്തതിനാലാണ്. അങ്ങനെയുള്ള ഒരു ജീവിതം സുവിശേഷത്തിന് യോഗ്യമാണെന്നു നിങ്ങൾക്കു വിളിക്കാനാകുമോ? അങ്ങനെ അവരെ—അവരെ ഉറപ്പിച്ചു കൊണ്ടു, ജനങ്ങളെ അത്തരത്തിലുള്ള കാര്യങ്ങളെ ചെയ്യാനും സിഗരേറ്റ് വലിക്കാനും അനുവദിക്കുന്നു, അതിനെയാണോ നിങ്ങൾ ജീവിതം എന്നു വിളിക്കുന്നത്?

54 കഴിഞ്ഞ ദിവസം, ഇവിടെയുള്ള പാർക്കിൽ വെച്ച് ഒരു പ്രത്യേക സഭയിലെ, ഒരു ചെറിയ സംഘം കളിക്കുകയായിരുന്നു, അതിൽ എന്റെ അളിയന്റെ കുഞ്ഞു മകൻ ഒരു ടീമിലെ പന്തടിക്കാരനായിരുന്നു. അങ്ങനെ അവൻ അവിടെ പന്തടിയിൽ ഏർപ്പെട്ടിരിക്കുമ്പോൾ, അവിടെ ഒരു സഭയുടെ സംഘവും കളിക്കുന്നുണ്ടായിരുന്നു. ഗ്രൌണ്ടിൽ ഈ കൊച്ചു കുട്ടികളുമായി കളിച്ചുകൊണ്ടിരുന്നത്, അവിടെയുള്ള ഒരു പാസ്റ്ററായിരുന്നു. ഇവിടെ നമ്മുടെ അയൽപക്കത്തുള്ള ഒരു സഭയാണ്, പാസ്റ്റർ ഒന്നിനു പുറകെ ഒന്നായി സിഗരേറ്റ്

വലിച്ചുകൊണ്ടിരുന്നു. നിങ്ങൾക്ക് ഒന്നു ഊഹിക്കാമോ ഒരു മനുഷ്യൻ... കാഴ്ചക്കാരായിരുന്ന ഓരോരുത്തരും അതു കണ്ടു. എന്നാൽ അതങ്ങനെ സാധാരണമായിട്ട് അവർ അത്തരത്തിലുള്ള ഒരു കാര്യത്തെ ശ്രദ്ധിച്ചതുപോലുമില്ല.

55 കർത്താവിന്റെ കർത്തവ്യത്തെ സേവിക്കാനായി തിരികെ വരും മുമ്പേ, പാസ്റ്ററിനും മറ്റുള്ളവർക്കും പുറമെ നിന്നുകൊണ്ട് സിഗരേറ്റ് വലിക്കാനായി, സഭയിലെ സണ്ടേസ്കൂളിനെ, പതിനഞ്ചു നിമിഷം മുമ്പേ നിർത്തിയ, ഒരു പ്രത്യേക വലിയ സഭയെ, ഒരു ബാപ്റ്റിസ്റ്റ് സഭയെ, എനിക്കറിയാം. ആ സഭയുടെ സ്ഥാപകനായ, ജോൺ സ്മിത്ത്, ദൈവം ഒരു ഉണർവ്വിനെ അയയ്ക്കാനായി, കഠിനമായി പ്രാർത്ഥിച്ചിട്ട്, രാത്രിയിൽ കണ്ണടക്കാൻ കഴിയാതെ പുറത്തേയ്ക്ക് ഉന്തി വന്നിരുന്നു, അതിനാൽ അവന്റെ ഭാര്യയ്ക്ക് അവനെ മേശവരെയും കൂട്ടിക്കൊണ്ട് പോയി സ്പൂൺ കൊണ്ടു കഴിപ്പിക്കണമായിരുന്നു.... അവന്റെ സഭയുടെ അവസ്ഥ അത്തരത്തിലായിരിക്കുന്നു എന്നറിഞ്ഞിട്ട് അവന്റെ കല്ലറയിൽ നിന്നും അവന് തിരികെ നോക്കാൻ കഴിയുമായിരുന്നെങ്കിൽ. അതെന്താണ്? അവരെ കടന്നു വരാൻ ക്ഷണിച്ചു, അതിനെ നിരസിച്ചു കളഞ്ഞു. അതാണ് ആ ഏക കാര്യം. ഇവിടെ യേശു പറയുന്നത്, നിങ്ങൾ ഓർക്കുന്നല്ലോ, ക്ഷണിച്ചിരുന്നവരെല്ലാം, അതിനെ നിരസിച്ചു കളയുകയും, അവന്റെ അത്താഴത്തെ രുചിച്ചതുമില്ല.

56 ദൈവം പരിശുദ്ധാത്മാവിനെ അയച്ച് ഒരു മനുഷ്യന്റെ വാതിലിൽ മുട്ടുമ്പോൾ, അവൻ അതിനെ മനഃപൂർവ്വം നിരസിച്ചുകളയുകയും, ആ ഒന്നിനെ അവൻ അവസാനമായി നിരസിച്ചിരിക്കയും ചെയ്തിരിക്കുന്നു, അതുകഴിഞ്ഞാൽ പിന്നെ നിങ്ങൾ വിശേഷവകാശമുള്ള വ്യക്തി ആയിരിക്കില്ല. നിങ്ങൾക്ക് ഒരു സഭയിൽ ഇരുന്നുകൊണ്ട് സുവിശേഷം കേൾക്കാനും, സുവിശേഷവുമായി യോജിക്കാനും കഴിയും. "അത് ശരിയാണെന്ന് എനിക്കറിയാം," എന്നു നിങ്ങൾ പറയുകയും, അതിനെ, സഹായിക്കാനായി, നിങ്ങൾ തന്നെ അതിൽ ഒരു വിരൽത്താങ്ങ് ഒരിക്കലും കൊടുത്തിരിക്കുകയുമില്ല. കാണുന്നോ? നിങ്ങൾ അതു കേൾക്കുക മാത്രം ചെയ്യുന്നു, എന്തുകൊണ്ടെന്നാൽ നിങ്ങൾ പറയുന്നു, "അത് ശരിയാണെന്നു ഞാൻ വിശ്വസിക്കുന്നു." അതു അതുമായി സഹാനുഭൂതി കാണിക്കുക മാത്രമാകുന്നു.

"*അത്* ഒരു പതിനായിരം ഡോളറിനുള്ളതാണ്," എന്നെനിക്ക് പറയാൻ സാധിക്കും. അതിന്റെ അർത്ഥം എനിക്കത് കിട്ടിയിരിക്കുന്നു എന്നല്ല. കാണുന്നോ? "*അത്* നല്ല തണുത്ത ജലമാണ്," എന്ന്

എനിക്ക് പറയാൻ കഴിയും, എന്നാൽ അതു കുടിക്കാൻ കൂട്ടാക്കുന്നില്ല. ഞാൻ അർത്ഥമാക്കുന്നത് എന്താണെന്നു നിങ്ങൾക്ക് അറിയാമല്ലോ?

മാത്രമല്ല ഇതു നിത്യജീവനാകുന്നു. അതു നിരസിക്കുന്നതിനാൽ സംഭവിക്കുന്നത് എന്താണെന്നാൽ, ഒരുദിവസം നിങ്ങൾ കൃപയുടെയും ന്യായവിധിയുടെയും നിര മുറിച്ചു കടക്കും, അതുകഴിഞ്ഞാൽ പിന്നെ നിങ്ങൾക്ക് കടന്നു വന്ന് അതു എടുക്കാനുള്ള വിശേഷാവകാശം ഉണ്ടായിരിക്കുകയില്ല.

57 ഇവിടെ വരുന്ന ജനങ്ങളായ നിങ്ങൾ. മറ്റൊരു ധർമ്മോപദേശിയോ...മറ്റാരെങ്കിലുമോ നിങ്ങളോടു സംസാരിക്കുന്നെങ്കിൽ ഞാൻ അതിന് ഉത്തരവാദിയല്ല. എന്നാൽ, അത് ശരിയാണെങ്കിൽ, നിങ്ങളുടെ ജീവിതം അതുമായി നിങ്ങൾ പ്രതിജ്ഞയെടുക്കുന്നു. നിങ്ങൾക്ക് നിത്യജീവൻ ലഭിക്കും എന്നു നിങ്ങൾക്ക് അറിയാനാകുന്നതിലും, കൂടുതൽ ഉപകാരപ്രദമായ നല്ല മറ്റൊന്നു, നിങ്ങൾക്ക് എപ്പോഴെങ്കിലും കാണാനാകുമോ?

58 ഞാൻ ഇവിടെ നിങ്ങൾക്ക് ഒരു ഗുളിക നൽകുകയും, അത്, ശാസ്ത്രീയമായി തെളിയിച്ച്, ആ ഗുളിക നിങ്ങളെ ആയിരം വർഷം ജീവിക്കാൻ ഇടയാക്കും എന്നു ശാസ്ത്രീയമായി തെളിയിച്ചതാണെങ്കിലോ? അതെ, എനിക്ക്—എനിക്ക് ഇവിടെ ഒരു രാഷ്ട്രസേനയെ കൊണ്ടുവന്നു, അവയെ ഇവിടെ നിന്നും നീന്തിക്കടത്തി കൊണ്ടുപോകേണ്ടി വരും. അതിനായി നിങ്ങൾക്ക് ഒരു അൾത്താര വിളി നടത്തേണ്ടി വരികയില്ല. ആയിരം വർഷം ജീവിക്കേണ്ടതിനായി, നിങ്ങൾക്ക് അതിൽ നിന്നും അവരെ ദൂരമാക്കേണ്ടതിന് അടിക്കേണ്ടതായി വരും.

അവന്റെ പുനഃരുത്ഥാനത്തിന്റെ സകല ശക്തിയും, അത് നിങ്ങൾക്ക് നിത്യജീവനെ വാഗ്ദാനം ചെയ്യുന്നു, എന്നിട്ടും, ദൈവത്തിന്റെ നിത്യജീവൻ ശാസ്ത്രീയമായി തെളിയിച്ചിട്ടും, സാത്താൻ അവന്റെ ലെഗ്യോൻ കണക്കിനു സേനയെ വിന്യസിച്ചുകൊണ്ട് അതിൽ നിന്നും നിങ്ങളെ ദൂരമാക്കുന്നു. കാണുന്നോ? അപ്പോഴും, നിങ്ങൾ നോക്കി, അതിന്റെ മുഖത്തേയ്ക്ക് നോക്കി അത് ശരിയാണെന്നു കാണാനുള്ള വിവേകമുണ്ടായിരിക്കുന്നു, എന്നാൽ നിങ്ങൾ അതിനെ നിരസിച്ചുകളയുന്നു. കാണുന്നോ?

59 ഏതോ ചില വിധത്തിലെ, ഏതോ വിധത്തിലുള്ള ഒരു ഒഴികഴിവ്. "അത് വളരെ ചൂടാകുന്നു. ഞാൻ വളരെ ക്ഷീണിച്ചിരിക്കുന്നു. നാളെ, ഞാൻ ചെയ്യും." ഒരുവിധമുള്ള ഒഴികഴിവ്, അതുമാത്രമാണ് അവർ ചെയ്യുന്നത്. സന്ദർശനത്തിന്റെ നാളുകളുടെ ദിവസത്തെ

നിരസിക്കുന്നതിനാൽ, അത് നിങ്ങളെ ദൈവത്തിൽ നിന്നും വേർപെടുത്തുന്നു.

60 ഇപ്പോൾ, നമുക്ക് ശ്രദ്ധിക്കാം. മാത്രമല്ല, പഴയ നിയമത്തിലും, അവർക്ക് യോവേൽ സംവത്സരം എന്നു വിളിച്ചിരുന്ന ഒരു വർഷം ഉണ്ടായിരുന്നു. അത് സകല ജനങ്ങളും, യോവേൽ സംവത്സരം മുഴക്കുമ്പോൾ, അടിമകൾക്കെല്ലാം സ്വതന്ത്രരാകാമായിരുന്നു. അപ്പോൾ ഒരു മനുഷ്യൻ പുറപ്പെട്ടു പോകുന്നില്ലെങ്കിൽ, അവന് പറയാനായി ചില ഒഴികഴിവുകളുണ്ടെങ്കിൽ, അതായത് അവൻ തന്റെ നാട്ടിലേയ്ക്ക് തിരികെ പോകാൻ ഇഷ്ടപ്പെടുന്നില്ല, അപ്പോൾ ആലയത്തിന്റെ തൂണിനോടു ചേർത്തു നിർത്തി, ഒരു തോലുരി കൊണ്ട്, അവന്റെ ചെവിയിൽ, ഒരു അടയാളം ഇടുമായിരുന്നു. അതിനുശേഷം എത്രയെത്ര യോവേൽ സംവത്സരം കടന്നു വന്നാലും കാര്യമില്ല, ആ മനുഷ്യൻ വില്ക്കപ്പെട്ടു കഴിഞ്ഞിരിക്കുന്നു. ഒരിക്കൽപ്പോലും, അവൻ യിസ്രായേലിന്റെ പൌരനായി ഒരിക്കലും തിരികെ വരാനാകില്ല. അവൻ ചെയ്തത് എന്താണ്? അവന്റെ ക്ഷണത്തെ അവൻ നിരസിച്ചുകളഞ്ഞു. അവന് ഒന്നും തന്നെ ഒടുക്കേണ്ടതില്ലായിരുന്നു. അവന്റെ അടിമത്വത്തിന്റെ കടം വീട്ടിക്കഴിഞ്ഞിരുന്നു. അവന്റെ കുടുംബത്തെ സ്വതന്ത്രമാക്കിയിരുന്നു. അവന് നേരെ അവന്റെ നാട്ടിലേയ്ക്ക് പോയി അവന്റെ സ്വന്ത ഉടമസ്ഥതാവകാശം കൈവശമാക്കാമായിരുന്നു. എന്നാൽ അവൻ അതു ചെയ്യുന്നതിനെ നിരസിച്ചാൽ, പിന്നെ അവനെ ഒരിക്കലും യിസ്രായേലുമായി കൂട്ടുകയില്ല, മാത്രമല്ല അവന്റെ സ്വത്തിനെ മറ്റൊരുത്തനു കൊടുക്കുകയും ചെയ്യുമായിരുന്നു.

61 ഇപ്പോൾ, പ്രാകൃതമായതിൽ പ്രാവർത്തികമാക്കുന്ന അതേ വിധത്തിൽ തന്നെ ആത്മീയമായതിലും പ്രവാർത്തികമാകുന്നു. അതായത്, നാം, നിത്യജീവന്റെ പിൻതുടർച്ച അവകാശികളായി, സുവിശേഷം കേൾക്കുകയും അത് സത്യമാണെന്നു അറിയുകയും ചെയ്തിട്ട്, അതിനെ നാം നിരസിക്കുന്നു, അങ്ങനെ അതു കേൾക്കാനോ അതു ചെയ്യുന്നതു നിരസിക്കുകയോ ചെയ്യുമ്പോൾ, നാം മൃഗത്തിന്റെ മുദ്രയെ എടുക്കുന്നു.

62 ഇപ്പോൾ, ആരോ പറഞ്ഞു, "ഇപ്പോൾ, മൃഗത്തിന്റെ ഒരു—ഒരു മുദ്ര ചാർത്താൻ പോകുകയാണ്, അത് ഒരുനാൾ വരാൻ പോകുന്നു." ഞാൻ നിങ്ങളോടു ഇതു പറയട്ടെ. അത് ആദ്യമേ തന്നെ വന്നു കഴിഞ്ഞു. കാണുന്നോ? പരിശുദ്ധാത്മാവ് പതിക്കാൻ തുടങ്ങിയപ്പോൾ തന്നെ, മൃഗത്തിന്റെ മുദ്രയും ആരംഭിച്ചു. കാണുന്നോ?

63 രണ്ടു കാര്യങ്ങൾ മാത്രമാണ് നിങ്ങൾക്കുള്ളത്. അതിൽ ഒന്ന്, അതിനെ സ്വീകരിക്കുക, ദൈവത്തിന്റെ മുദ്രയെ എടുക്കുക, എന്നതാകുന്നു. അതിനെ നിരസിക്കുന്നതോ, മൃഗത്തിന്റെ മുദ്ര എടുക്കുന്നതാകുന്നു. ദൈവത്തിന്റെ മുദ്രയെ നിരസിക്കുക എന്നത് മൃഗത്തിന്റെ മുദ്രയെ എടുക്കുന്നതാകുന്നു. എല്ലാവർക്കും മനസ്സിലായോ? [പള്ളിയിൽ കൂടിയിരിക്കുന്നവർ പറയുന്നു, "ആമേൻ."—Ed.] ദൈവത്തിന്റെ മുദ്രയെ നിരസിക്കുന്നത്, മൃഗത്തിന്റെ മുദ്രയെ എടുക്കുന്നതാകുന്നു. എന്തുകൊണ്ടെന്നാൽ, ബൈബിൾ പറയുന്നു, "ദൈവത്തിന്റെ മുദ്ര ഏല്ക്കാത്ത എല്ലാവരും മൃഗത്തിന്റെ മുദ്ര ഏറ്റു."

64 കാഹളം മുഴക്കുമ്പോൾ, സ്വതന്ത്രരാകാൻ ആഗ്രഹിക്കുന്ന ഏവർക്കും സ്വതന്ത്രരായി പോകാം. പോകാതിരുന്നവർക്ക്, അടയാളം ചാർത്തപ്പെട്ടു.

ഇപ്പോൾ, നിങ്ങൾ നോക്കു, മൃഗത്തിന്റെ മുദ്രയെ, നാം ഭാവിയിലുള്ളതാണ് എന്നു പറയുന്നെങ്കിൽ, അത് എപ്പോഴാണ് പ്രത്യക്ഷതയിൽ വരാൻ പോകുന്നത്, അതിനെ നിങ്ങൾ എപ്പോഴാണോ തിരിച്ചറിയുന്നത്, അപ്പോഴേയ്ക്കും അതു ചെയ്തുകഴിഞ്ഞിരിക്കും. കാണുന്നോ? അങ്ങനെ തന്നെയാണ് പരിശുദ്ധാത്മാവും, അതിനു പ്രത്യക്ഷമാകേണ്ടതുണ്ട്. കർത്താവായ യേശു മഹിമയിൽ വരുന്നതു നിങ്ങൾ കണ്ടിട്ട്, ആ രൂപാന്തരപ്പെടുത്തുന്ന ശക്തി അനുഭവിക്കാൻ തുടങ്ങുകയും, മരിച്ചവർ കല്ലറയിൽ നിന്നും എഴുന്നേല്ക്കുന്നതു കാണുകയും ചെയ്തിട്ട്, ഒരു സെക്കന്റു കൂടെ മാത്രമേ ശേഷിക്കുന്നുള്ളൂ എന്നറിഞ്ഞിട്ട്, നമുക്ക് രൂപമാറ്റമുണ്ടായി, അവന്റേതുപോലെയുള്ള ഒരു ശരീരം നമുക്കുണ്ടാകും. അത് പ്രത്യക്ഷമായി വരേണ്ടതായിട്ടുണ്ട്. അതുകഴിയുമ്പോൾ, അതിനെ നിരിസിച്ചിരുന്ന ഓരോരുത്തരും, പുറത്ത്, അവരെ താഴെത്തന്നെ ഉപേക്ഷിക്കുന്നതാണ്.

65 ക്രിസ്തുവിനെ എതിരേല്ക്കാനായി മണവാട്ടികൾ പുറപ്പെട്ടു പോയി എന്നു യേശു തന്നെ പറയുന്നില്ലേ? അവരിൽ ചിലർ, ഒന്നാം യാമത്തിലും, രണ്ടിലും, മൂന്നിലും, നാലിലും, അഞ്ചിലും, ആറിലും, തുടങ്ങി ഏഴാം യാമം വരെയും ഉറങ്ങിയവരായിരുന്നു. എന്നാൽ, ഏഴാം യാമത്തിൽ, ആ ശബ്ദം കേട്ടു, "ഇതാ, മണവാളൻ വരുന്നു. അവനെ എതിരേല്ക്കാൻ പോകുവിൻ." ഉറങ്ങിയിരുന്നവർ, ഉണർന്നെഴുന്നേറ്റു. ഏറ്റവും ആരംഭത്തിലെ, പെന്തെക്കോസ്തു മുതലുള്ളവരെല്ലാം, എഴുന്നേറ്റു. കാണുന്നോ? ഏഴാം യാമം തുടങ്ങി, ഏഴാം സഭാ കാലം മുതൽ, പിന്നിലുള്ള എല്ലാവരും, ഉണർന്നെഴുന്നേറ്റു. ഈ

സഭാകാലങ്ങളിൽ വെച്ച്, ജീവനുള്ളവരെല്ലാം, അവരെല്ലാം മാറ്റപ്പെട്ടു. മാത്രമല്ല അവർ അകത്തേയ്ക്ക് കടക്കുകയും ചെയ്തു.

അവർ അകത്തേയ്ക്ക് കടന്നപ്പോൾ തന്നെ, ഉറങ്ങിയിരുന്ന മണവാട്ടികളും, വന്നു പറഞ്ഞു, "ഞങ്ങൾ നിങ്ങളിൽ നിന്നും കുറച്ചു എണ്ണ വാങ്ങാൻ ആഗ്രഹിക്കുന്നു."

66 അവർ പറഞ്ഞു, "ഞങ്ങളുടെ പക്കൽ ഞങ്ങൾക്കു ആവശ്യമുള്ളതേയുള്ളൂ, നിങ്ങൾ വിൽക്കുന്നവരുടെ അടുക്കൽ പോയി വാങ്ങുവിൻ."

"അവർ ഈ എണ്ണ വാങ്ങാനായി പോയപ്പോൾ, മണവാളൻ വന്നു." ലോക ചരിത്രത്തിൽ ഒരിക്കൽപ്പോലും, എപ്പിസ്കോപ്പിലിയന്മാരും, ബാപ്റ്റിസ്റ്റും, മെഥോഡിസ്റ്റും, പ്രിസ്ബിറ്റേറിയനും...ദിനപത്രങ്ങളെല്ലാം നിറഞ്ഞിരിക്കുന്നു. മതപരമായ ദിനപത്രങ്ങളെല്ലാം, ഉറങ്ങുന്ന മണവാട്ടികളെല്ലാം പെന്തെക്കോസ്തിനെ സ്വീകരിക്കാൻ ശ്രമിക്കുന്നു, പരിശുദ്ധാത്മാവിനെ സ്വീകരിക്കാൻ ശ്രമിക്കുന്നു എന്ന് പറഞ്ഞു, ദൈവത്തെ സ്തുതിക്കുകയാണ്. ദൈവ വചനപ്രകാരം, അത് സംഭവിക്കാൻ പോകുന്നില്ലെന്നുള്ള കാര്യം ജനങ്ങൾക്ക് തിരിച്ചറിയാൻ സാധിക്കുന്നില്ലേ? "അവർ തിരികെ വരാൻ ശ്രമിക്കുമ്പോൾ, മണവാളൻ വന്ന് മണവാട്ടിയെ എടുത്തുകൊണ്ടു പോകുന്നു. അവരെ ന്യായവിധിക്കായി, പുറത്തുള്ള ഇരുട്ടിൽ തള്ളിക്കളയുന്നു," എന്തുകൊണ്ടെന്നാൽ അവർ അവരുടെ ക്ഷണത്തെ നിരസിച്ചുകളഞ്ഞു.

67 എല്ലാവരെയും കടന്നു വരാൻ ക്ഷണിച്ചിരുന്നു. ദൈവം, ഓരോ കാലത്തിലും, അവന്റെ വെളിച്ചം അയയ്ക്കുകയും, അതു നിരസിക്കപ്പെടുകയും ചെയ്തിരുന്നു.

68 പിന്നെ, ഇപ്പോൾ, പരിദർശനത്തിന്റെ ദിവസത്തെ നിരസിച്ചിരുന്ന, മറ്റ് ഏതൊരു ദിവസത്തിൽ നിന്നും ഇന്നും ഒരു വ്യത്യാസവുമില്ല. അതിനെ അപ്പോൾ തന്നെ സ്വീകരിക്കാനായി, ദൈവം സഭയിലും ജനങ്ങളുടെ അടുക്കലും സന്ദർശനം നടത്തിയിരുന്നു. അടുത്ത വർഷം കടന്നു വരുവോളം, അടുത്ത ഉണർവ്വു വരെയ്ക്കും അതിനെ, നീട്ടിക്കൊണ്ടുപോകരുത്. അതാണ് ആ മണിക്കൂർ, "ഇന്നാകുന്നു രക്ഷയുടെ ദിവസം."

69 ഒരു ദിവസത്തിലും, തന്റെ അലൌകീകമായതിനെ സമർത്ഥിക്കാതെ, ദൈവം ഒരിക്കൽപ്പോലും ഒരു സന്ദേശം അയച്ചിട്ടില്ലെന്ന്, ഓർത്തിരിക്കുക. സ്വയം, യേശു തന്നെ പറഞ്ഞു, "ഞാൻ എന്റെ പിതാവിന്റെ പ്രവൃത്തി ചെയ്യുന്നില്ലെങ്കിൽ, നിങ്ങൾ

എന്നിൽ വിശ്വസിക്കേണ്ട. ഞാൻ ആ പ്രവൃത്തി ചെയ്യുന്നെങ്കിലും, നിങ്ങൾക്ക് എന്നെ വിശ്വസിക്കാൻ കഴിയുന്നില്ലെങ്കിൽ, ആ പ്രവൃത്തിയിൽ വിശ്വസിക്കുക," നിങ്ങൾ അതിനെ വളരെ കൃത്യമായി കാണുകയും പിന്നെ—പിന്നെ പ്രത്യക്ഷമാക്കിയിരിക്കുകയും ചെയ്തിരിക്കുന്നു.

70 അവൾ അതിനെ നിരസിക്കുന്ന സമയം ഇപ്പോൾ എത്തിയിരിക്കുന്നു, പിന്നെ അവളുടെ ചെവിയിൽ ഒരു തോലുരിക്കുന്ന സൂചികൊണ്ടു തുളക്കുന്നതായിരിക്കും, അതുകഴിയുമ്പോൾ അവൾ ഒരിക്കലും കേൾക്കുകയില്ല. ഇപ്പോൾ അവൾ അവളെ സ്വയം സഭകളുടെ സമിതിയിലേയ്ക്ക് കൊണ്ടുപോകുകയും, മൃഗത്തിന്റെ മുദ്രയെ എടുക്കുന്നതിലേയ്ക്ക് നേരെ പോയ്ക്കൊണ്ടിരിക്കുകയും ചെയ്യുന്നു.

71 "മഹത്തായ അഭിലാഷങ്ങളിൽ ഒന്നിലേയ്ക്ക്," ഈ പുതിയ പോപ്പ് പറഞ്ഞു, "ഈ സഭകളെയെല്ലാം ഒരുമിച്ചാക്കണം," എന്നു പറഞ്ഞിട്ടുള്ള, ആ പേപ്പർ ഇപ്പോൾ ആരെങ്കിലും എനിക്കു തരൂ. ഞാൻ ഇവിടെ നിൽക്കുന്നത് യാഥാർത്ഥ്യമായിരിക്കുന്നതു പോലെ തന്നെ, അവർ അതു ചെയ്യും. പ്രൊട്ടെസ്റ്റാന്റുകൾ അതിൽ വീണിരിക്കുന്നു. കാണുന്നോ? എന്തുകൊണ്ടെന്നാൽ സഭ...പൌലൊസ്, ബൈബിളിൽ പറയുന്നു, കർത്താവിന്റെ പ്രവാചകൻ, പറഞ്ഞു, "ആദ്യം വിശ്വാസത്യാഗം സംഭവിക്കാതെ, ആ ദിവസം വരികയില്ല, പിന്നീട് ആ...നാശയോഗ്യനും അധർമ്മമൂർത്തിയുമായവൻ വെളിപ്പെട്ടുവരും. അവൻ ദേവലായത്തിൽ ഇരുന്നുകൊണ്ട്, തന്നെത്താൽ ഉയർത്തി, ദൈവത്തെപ്പോലെ, അവനെ; ദൈവത്തിനു മീതെ ഉയർത്തും," ഭൂമിയിലെ പാപങ്ങളും മറ്റും ക്ഷമിക്കുക എന്നായിട്ടാകുന്നു. ഈ കാര്യം സംഭവിച്ചത് എങ്ങനെ! വിശ്വാസത്യാഗം സംഭവിക്കാതെ ഇതു സംഭവിക്കില്ല, സഭ ആത്മീയ വിരുന്നിൽ നിന്നും മാറ്റപ്പെടാൻ തുടങ്ങി, അതിനെ പിന്നിലേയ്ക്ക് വലിച്ചു അതു തന്നെത്താൻ സംഘടിക്കാൻ തുടങ്ങി. അപ്പോൾ വെളിപ്പാട് സഭയോടു ചേർന്നു നില്ക്കുകയില്ല.

72 അഗ്നിസ്തംഭത്താൽ, യിസ്രായേൽ, രാവും പകലും നടന്നിരുന്നു, എന്നു ഓർത്തിരിക്കുക. അഗ്നിസ്തംഭം യാത്ര ചെയ്യുമ്പോൾ, അവർ അതിനോടൊപ്പം പോയിരുന്നു. അത് രാത്രിയിൽ അഗ്നിയായും, പകൽ സമയം മേഘമായും ആയിരുന്നു എന്നും ഓർത്തിരിക്കുക. അതുകൊണ്ട് അതിന്, രാത്രിയിലോ, പകലോ, ഏതു സമയത്തും വരാമായിരുന്നു. എന്നാൽ, അത് എപ്പോഴായിരുന്നാലും ശരി, അവർക്ക് കാണുന്നതിൽ തോല്വിയടയാൻ സാധിക്കാത്ത വിധം, ഒരു പ്രീതിപ്പെടുത്തൽ അവിടെ അത് ഉണ്ടാക്കുമായിരുന്നു. അത് രാത്രിയിൽ വെളിച്ചമായിട്ടും, പകൽ സമയം ഒരു മേഘമായിട്ടും

ആയിരുന്നിട്ട്, അവർ അതിനെ പിൻപറ്റിയിരുന്നു. അതെ, സർ. അതേ കാര്യം തന്നെ!

73 മാർട്ടിൻ ലൂഥർ അതു കണ്ടു. അവൻ എന്തു ചെയ്തു? അവൻ കത്തോലിക്കാ സിദ്ധാന്തത്തിൽ നിന്നും പുറത്തു വന്നു. എന്നാൽ അവർ എന്താണ് ചെയ്തത്? അവർ അവർക്കു ചുറ്റും ഒരു ചെറിയ വേലി കെട്ടിയിട്ട്, പറഞ്ഞു, "ഞങ്ങൾ ലൂഥറിൻകാരാണ്. ഇതാണ് അത്."

74 പിന്നെ അത് അവിടെ നിന്നും മാറിപ്പോകുന്നത് വെസ്ലി കണ്ടു. അവൻ പുറപ്പെട്ടു. അവർ എന്തു ചെയ്തു? അതിനു ചുറ്റിനും ഒരു ചെറിയ വേലി കെട്ടിയിട്ട്, പറഞ്ഞു, "ഇതാണ് അത്." ആ പ്രകാശത്തിനു എന്തു പറ്റി? വീണ്ടും, നേരെ മുന്നോട്ട് പോയ്ക്കൊണ്ടിരുന്നു.

75 പെന്തെക്കോസ്ത് അതു കണ്ടു. അവർ ചെയ്തത് എന്താണ്? വെസ്ലിയനിൽ നിന്നും നസ്രേയനിൽ നിന്നും, അങ്ങനെയുള്ളതിൽ നിന്നെല്ലാം പുറപ്പെട്ടു വന്നു. അവർ എന്തു ചെയ്തു? അവർ അതിനു ചുറ്റമായി ഒരു ചെറിയ വേലി കെട്ടിയിട്ട്, പറഞ്ഞു, "ഞങ്ങൾ ഒൺനസ്സുകാരാണ്," പിന്നെ, "ഞങ്ങൾ ടീനിടിക്കാരാണ്," പിന്നെ, "ഞങ്ങൾ യുണൈറ്റഡുകാരും," മറ്റെല്ലാമാകുന്നു. അവൻ എന്താണ് ചെയ്തത്? ദൈവം നേരെ അതിന്റെ പുറത്തേയ്ക്ക് വന്നു. കാണുന്നോ?

76 നമുക്ക് അതു ചെയ്യാനാകില്ല. വഴിയുടെ ഓരോ പടിയും, ഓരോ ദിവസവും, ദിവസത്തിന്റെ ഓരോ മണിക്കൂറും, നമുക്ക് പിൻപറ്റേണ്ടതായിട്ടുണ്ട്, കർത്താവായ യേശുക്രിസ്തുവിനാൽ നാം നയിക്കപ്പെടേണ്ടതുണ്ട്. നമ്മൾ അതു ചെയ്യുന്നില്ലെങ്കിൽ, നാം ഒരു സംഘടനാപരമായ ജീവിതം എടുക്കും. ഓരോ ദിവസവും, ക്രിസ്തുവിനെ പിൻപറ്റാത്ത ഒരു ജീവിതം, യോഗ്യമുള്ളതല്ല.

77 ക്രിസ്ത്യാനിയായ ഒരു മനുഷ്യൻ ഞായറാഴ്ചയിൽ, പള്ളിയിലേയ്ക്ക് പോകുന്നു, അവിടെ പിന്നിൽ ഇരുന്നുകൊണ്ട്, *ഇതും, അതും, മറ്റേതുമെല്ലാം* ചെയ്യുന്നതിനാൽ അവൻ പള്ളിയെ വിലയ്ക്കു വാങ്ങിയിരിക്കുന്നു എന്നു വിചാരിക്കുകയും, തിങ്കളാഴ്ചയിൽ കള്ളം പറയുകയും മോഷ്ടിക്കുകയും ചെയ്യുന്നു. പുറമെയുള്ള ബീച്ചുകളിലേയ്ക്കു പോകുന്ന, സ്ത്രീകൾ, തെരുവിലൂടെ, അസാന്മാർഗ്ഗീകമായ വസ്ത്രങ്ങൾ ധരിച്ചുകൊണ്ട് പോകുന്നു!

78 പോപ്പിന്റെ മുന്നിലേയ്ക്ക് പോകുന്നതിനു മുമ്പ്, പ്രഥമ വനിത, മേക്കപ്പ് പോലും ചെയ്തിരുന്നില്ലെന്നു ഞാൻ വിചാരിക്കുന്നു; പിന്നെ തിരികെ വന്നിട്ട്, രാജ്യത്തിലുള്ള എല്ലാം സ്ത്രീകളും ആഹ്ലാദത്തിമർപ്പിലാകാനായി, തലമുടിയെ വാട്ടർഹെഡ് ഫാഷനിൽ മുറിച്ചു മാറ്റി. ഈ എല്ലാ വേഷങ്ങളും, അതായത്, അവൾ

അമ്മയായിക്കഴിയുമ്പോൾ, രാജ്യത്തിലെ ഓരോ സ്ത്രീകളും അമ്മമാർ ധരിക്കുന്ന വിധത്തിലെ വസ്ത്രം ധരിക്കാൻ ആഗ്രഹിക്കുന്നു. അതൊരു ഉദാഹരണമായി എടുക്കുന്നു. ആ ജനങ്ങൾ അങ്ങനെ ചെയ്യുമെന്നു അവർ അറിയുകയും ചെയ്യുന്നു. അവർ ലോകത്തിന്റെ ഒരു ആത്മാവിനെ എടുത്തിരിക്കുന്നു. അത് ജീവിക്കുന്ന ദൈവത്തിന്റെ സഭയിൽപ്പെട്ടതല്ല.

79 സ്ത്രീകൾ യേശുക്രിസ്തുവിലേയ്ക്ക് നോക്കേണ്ടതുണ്ട്. പഴയ നിമയത്തിലുള്ളവരെയും സാറയേയും മറ്റും നിങ്ങൾ നോക്കേണ്ടതുണ്ട്.

80 ഇപ്പോൾ, അവർക്ക് അങ്ങനെ കിട്ടിയിട്ട്...എവിടെയോ വെച്ച്, കഴിഞ്ഞ ഒരു രാത്രിയിൽ, ഭാര്യമാർ തങ്ങളുടെ ഭർത്താക്കന്മാരെ അനുസരിച്ചിരിക്കണം എന്നു ഞാൻ പ്രസംഗിച്ചിരുന്നു. അനുസരിക്കുകയോ? അതെ. അത് വളരെ മുമ്പു തന്നെ, കല്ല്യാണത്തിന്റെ ചടങ്ങിൽ നിന്നും നീക്കിയിരിക്കുന്നു. എന്നാൽ അവർ അത് ചെയ്യാൻ പോകുന്നില്ല. ഇല്ല, സർ. അവർ അമേരിക്കയിൽ ജീവിക്കുന്നു, അതു അങ്ങനെയാണെന്നു അവർ നിങ്ങളെ അറിയിക്കും. അവർ അനുസരിക്കാൻ പോകുന്നില്ല. എന്നാൽ, നിങ്ങൾ അനസരിക്കാതിരിക്കുന്നിടത്തോളം, നിങ്ങളെ ക്രിസ്ത്യാനി എന്നു വിളിക്കാൻ ശ്രമിക്കരുത്, കാരണം നിങ്ങൾ അതല്ല. നിങ്ങൾ എത്രമാത്രം നൃത്തം ചെയ്യുന്നു എന്നോ അന്യഭാഷകളിൽ സംസാരിക്കുന്നു എന്നോ ഞാൻ കാര്യമാക്കുന്നില്ല, നിങ്ങൾ നിങ്ങളുടെ ഭർത്താവിനെ അനുസരിക്കുന്നില്ലെങ്കിൽ, നിങ്ങൾ ദൈവത്തിന്റെ ഇച്ഛക്ക് അനുസരണമല്ല.

81 ഒരു സ്ത്രീ ഷോർട്ട്സുകൾ ധരിച്ചുകൊണ്ട് അവൾ തെരുവിൽ ചെയ്യുന്നതുപോലെ ചെയ്യുകയും, പിന്നെ തങ്ങളെ ക്രിസ്ത്യാനികൾ എന്നു വിളിക്കുകയും ചെയ്യരുത്. നിങ്ങൾക്ക് ലോകം ആവശ്യമായിരിക്കുകയും, നിങ്ങൾ നിങ്ങളുടെ സാക്ഷ്യത്തെ പിടിച്ചുകൊള്ളാനും ആഗ്രഹിക്കുന്നു. അതിനെക്കാൾ നന്നായി നിങ്ങൾക്ക് ചെയ്യാൻ അറിയുമ്പോൾ, നിങ്ങൾക്ക് അത് ദൈവത്തിന്റെ മുന്നിൽ ചെയ്യാൻ കഴിയില്ല.

82 ശ്രദ്ധിക്കു, "ചെവിയിൽ ഒരു തുളയിട്ടു," അടയാളപ്പെടുത്തി മാറ്റിയാൽ, നിങ്ങൾ ഒരിക്കലും കേൾക്കുകയില്ല. ഓർക്കു, അതാണ് ചെവിയെ അടയ്ക്കുന്നതിന്റെ അടയാളം. നിങ്ങൾ അതു പിന്നെ ഒരിക്കലും കേൾക്കാൻ ആഗ്രഹിക്കുകയില്ല. നിങ്ങൾ അതു കേൾക്കാൻ ഇഷ്ടപ്പെടുകയില്ല. നിങ്ങൾക്ക് അതു വീണ്ടും കഴിയുകയില്ല, അതു വീണ്ടും ചെയ്യാൻ സാധിക്കില്ല.

83 ഓ! "അവൾ *അതു* വിശ്വസിക്കുന്നില്ല." ഓ, എന്റെ! "അവളോടു പറയരുത്. അവൾ അതു വിശ്വസിക്കുന്നു." "അവൾ നിങ്ങളോടു നേരു പറയും..." അവൾക്കത് അറിയില്ല. എങ്ങനെയാണ് ഒരു—ഒരു മഹിള...ഒരു പ്രാവശ്യം ചോദിക്കു, എങ്ങനെയാണ് ഒരു മഹിളയ്ക്ക്...

സ്ത്രീകളുടെ സൌന്ദര്യം മുമ്പ് ഉണ്ടായിരുന്നതിനെക്കാൾ വർദ്ധിച്ചുകൊണ്ടിരിക്കുന്നു എന്നതിനെക്കുറിച്ച്, ഇന്നു രാത്രി ഒരാഴ്ചയാകുന്നു, കഴിഞ്ഞ ഞായറാഴ്ച രാത്രിയിൽ, "ഒരു ചുവന്ന മിന്നുന്ന വെളിച്ചം," എന്നതിന്മേൽ, ഞാൻ പറഞ്ഞിരുന്നു. ഇപ്പോൾ, ഇത് സ്ത്രീകൾക്കു വിരോധമായിട്ടുള്ള ഒന്നുമല്ല—യാതൊന്നും തന്നെയല്ല, ഇപ്പോൾ, ഇത് ഇങ്ങനെ...എന്നാൽ അവൾ എങ്ങനെയാണ് അത് നിയന്ത്രിക്കുന്നത്. കാണുന്നോ? ആ...അവൾ ആ വിധത്തിലായിട്ട്, ഹവ്വ മരത്തിന്റെ മുന്നിൽ ഇട്ടതുപോലെ, അവളെ ഒരു പ്രലോഭനത്തിലാക്കിയിരിക്കുന്നു.

84 ഓരോ മനുഷ്യനും, ദൈവത്തിന്റെ അടുക്കൽ വരുന്ന ഓരോ പുത്രനും, ആ മണിക്കൂറിന്റെ പരീക്ഷണത്തിലൂടെ കടന്നുപോകേണ്ടതായിട്ടുണ്ട്. ഇത് സ്ത്രീകളുടെ കാലമാണ്, അവിടെ അവൾ ആ പരീക്ഷണത്തിലൂടെ കടക്കേണ്ടതായിട്ട്, ഈ രാജ്യവും അങ്ങനെയാകുന്നു. അവൾക്ക് ഒരു മനോഹരിയായ സ്ത്രീ ആയിരിക്കാനായിട്ട്, ഒരു സഹോദരിയെപ്പോലെ പ്രവൃത്തിക്കാൻ സാധിച്ചാൽ, കർത്താവിന്റെ അനുഗ്രഹങ്ങൾ അവളുടെ മേൽ വസിക്കും. എന്നാൽ ഇതു അറിയാനായി അവൾ കടന്നാൽ, അവൾക്ക് ഒരു—ഒരു തെറ്റായ ആത്മാവാണ് ഉള്ളതെന്നു, അവൾ തന്നെ പ്രദർശിപ്പിച്ച്, തീർച്ചയാക്കി കാണിക്കുന്നു. അവൾ അങ്ങനെ ആയിരിക്കാൻ അർത്ഥമാക്കുന്നില്ല, അനേകർ അങ്ങനെ ആകാൻ ആഗ്രഹിക്കുന്നില്ലെന്നു, ഞാൻ വിചാരിക്കുന്നു. എന്നാൽ അവർ അതു തിരിച്ചറിയുന്നില്ല.

85 അവർ ഇവിടെ തെരുവിലേയ്ക്ക് ധരിച്ചുകൊണ്ട് പോകുന്നതുപോലെ, ഒരു ചിന്തിക്കുന്ന സ്ത്രീ അവളെ അങ്ങനെ അണിഞ്ഞുകൊണ്ട്, ഒരു മാന്യ സ്ത്രീ പോകുമെന്നു, നിങ്ങൾ എന്നോടു പറയാൻ തുനിയുന്നോ?

86 ഇപ്പോൾ ഇവിടെ എന്റെ രണ്ടു പെൺകുട്ടികൾ ഇരിക്കുന്നു. ആ കുഞ്ഞുങ്ങളുടെ ജീവിതം എന്താകും എന്ന് എനിക്കറിയില്ല. ഞാൻ അവർക്കായി പ്രാർത്ഥിക്കുക മാത്രം ചെയ്യുന്നു. ഇന്നു, കുട്ടികളായിട്ട്, എനിക്കറിയില്ല...നിങ്ങൾക്ക് പറയാൻ കഴിയില്ല. എനിക്കറിയില്ല. അവർ അതിൽ നിന്നും വിഷം ബാധിക്കാത്തവരല്ല. യേശുക്രിസ്തുവിന്റെ മുന്നിൽ, അവരുടെ രണ്ടു കാലുകളിലും നിന്നുകൊണ്ട്, അതിനു ഉത്തരം നല്കേണ്ടിവരും. അവർക്ക് എന്തെങ്കിലുമായി...ഞാൻ

വിശ്വസിക്കുന്നതോ, അവരുടെ അമ്മ വിശ്വസിക്കുന്നതോ തുടർന്നും വിശ്വസിക്കണമെന്നില്ല. അവർ എന്തു ചെയ്യും എന്നും എനിക്കറിയില്ല. എന്നാൽ വാസ്തവമായും, ഈ മണിക്കൂറിനെ, ഞാൻ വിശ്വസിക്കുന്നു, അവർ അത്തരത്തിലുള്ള വസ്ത്രങ്ങളും ധരിച്ചുകൊണ്ട്, തെരുവിലേയ്ക്ക് പോകുകയും, അവരെ ഒരു മനുഷ്യൻ പരിഹസിക്കുകയും ചെയ്താൽ, അങ്ങനെയുള്ള വസ്ത്രം ധരിച്ചിരിക്കുന്നതിനാൽ, എനിക്ക് ആ മനുഷ്യനെ കുറ്റപ്പെടുത്താൻ, എന്തെങ്കിലും ഒരു അവസരമുണ്ട്, എന്നു ഞാൻ വിശ്വസിക്കുന്നില്ല. അതു ശരിയാണ്. ഞാൻ ആ പെൺകുട്ടികളെ കുറ്റം പറയും. അവർ അത് അങ്ങനെ ചെയ്യാൻ പാടില്ലാത്തതാകുന്നു.

87 കേൾക്കു. പുരുഷൻ ചിന്തിക്കുകയും, അവർ അതു ഉപദേശിക്കുകയും ചെയ്യുന്നെങ്കിൽ, "മനുഷ്യൻ ഒരു മൃഗത്തിനും മേലെയല്ല. അവൻ മൃഗത്തിന്റെ ശ്രേണിയിൽ നിന്നാണ് കടന്നു വന്നത്." മാത്രമല്ല നോക്കു, പിന്നെ, നിങ്ങളെ നിങ്ങൾ തന്നെ അങ്ങനെ അവിടെ...

88 ഒരു പ്രത്യേക സമയങ്ങളിൽ നിങ്ങൾ ഒരു ചെറിയ നായയെ ഒരു ചെറിയ പെൺവർഗ്ഗത്തിന്റെ അടുക്കലേയ്ക്ക്, വേലിയിലൂടെയും മറ്റ മാർഗ്ഗങ്ങളിലൂടെയും കൊണ്ടുപോയാൽ, ആ ചെറിയ പെൺവർഗ്ഗം അതിന്റെ ആ അവസ്ഥയിൽ ആയിരിക്കുന്നില്ലെങ്കിൽ; പന്നികളോ, പശുക്കളോ, മറ്റ് ഏതൊരു മൃഗമായാലും ശരി അങ്ങനെ തന്നെ. മാത്രമല്ല നാം മൃഗത്തിന്റെ ജീവനുള്ളവരായി; അതു, നമ്മുടെ ജഡിക ഭാഗമാകുന്നു. ഒരു സ്ത്രീ അവളെ അങ്ങനെ പ്രദർശിപ്പിക്കുമ്പോൾ, അവളും അതേ ചെറിയ നായയെപ്പോലെ തന്നെ എന്നു തെളിയിക്കുന്നു, അതെ അതേ കാര്യമായി, കൃത്യമായിട്ടുമാകുന്നു, കാരണം അവൾ അങ്ങനെ ചെയ്തുകൂടാത്തതാകുന്നു. അവൾ അറിയുന്നു. പുരുഷൻ അവളെ നോക്കാൻ പോകുന്നു എന്നു അവളെ പ്രകൃതി പഠിപ്പിക്കുന്നു. ബൈബിൾ ഇങ്ങനെ പറയുന്നു, "സ്ത്രീയെ മോഹിക്കേണ്ടതിനു അവളെ നോക്കുന്നവൻ എല്ലാം ഹൃദയം കൊണ്ടു അവളോടു വ്യഭിചാരം ചെയ്തുപോയി."

89 അത് ഒരു പരീക്ഷണ സമയത്തെ ഇടുന്നു. പിശാച് ആ സ്ത്രീകളെ സുന്ദരികളാക്കുകയും, അവരുടെ വസ്ത്രം ഉരിഞ്ഞുമാറ്റി, നിങ്ങളെ ഒരു പരീക്ഷയിൽ ഇടാനായി, അവരെ അവിടെ ഇരുത്തുകയും ചെയ്തിരിക്കുന്നു. പുരുഷന്മാരെ, നിങ്ങളുടെ തലകളെ തിരിച്ചുകളയുവിൻ. ദൈവത്തിന്റെ പുത്രന്മാരായിരിക്കുക. സ്ത്രീകളെ, നിങ്ങൾ ദൈവത്തിന്റെ പുത്രിമാരെപ്പോലെ വസ്ത്രം ധരിക്കുവിൻ. ആ ദിവസം അങ്ങു വിദൂരതയിൽ വ്യഭിചാരത്തിനായി ഉത്തരം പറയേണ്ടി വരരുത്.

90 എത്ര നിഷ്കളങ്കയായിരുന്നാലും ശരി, ആ സ്ത്രീ...ഒരുപക്ഷേ അവൾ ഒരിക്കലും ഒരു തെറ്റു ചെയ്തിട്ടില്ലെന്നു വരാം, തെറ്റു ചെയ്യണം എന്നുള്ള ചിന്ത ഒരിക്കൽപ്പോലും അവളുടെ മനസ്സിലും ഉണ്ടായിരുന്നില്ല. എന്നാൽ ആ പാപി ആ സ്ത്രീയുടെ ആകർഷകമായ ദേഹത്തിലേയ്ക്ക് നോക്കുമ്പോൾ, (അവൻ ഒരു പുരുഷൻ ആണെന്നറിഞ്ഞ്, പെൺവർഗ്ഗത്തിന്റെ പ്രാകൃതം ഒന്നിലും, ഗ്രന്ഥികൾ ഒന്നിലും, പുരുഷ ഗ്രന്ഥികൾ മറ്റേതിലുമാകുന്നു), ആ പാപി ന്യായവിധിയിൽ അതിനായി ഉത്തരം കൊടുക്കേണ്ടിവരും; അതു ചെയ്തത് ആരാണ്? കുറ്റം ചെയ്തത് ആരാണ്? അവനല്ല. നിങ്ങളാണ്. അവിടെയാണ് നിങ്ങൾ അസാന്മാർഗ്ഗിയായിരിക്കുന്നത്.

91 ഈ രാജ്യത്തിലേയ്ക്ക് നോക്കു. സാധാരണയായി, സ്ത്രീകൾ ധരിക്കുന്ന മുട്ടിനു മേൽ വരെയുള്ള വസ്ത്രങ്ങൾ അവർക്ക് ആവശ്യമുള്ളപ്പോൾ, അവ വാങ്ങാനായി നമുക്ക് ആരെയെങ്കിലും പാരീസ് വരെ അയയ്ക്കണമായിരുന്നു. ഇന്നോ, അവയെ വാങ്ങാനായി പാരീസ് ഇവിടെയ്ക്ക് അയയ്ക്കുന്നു. പാരീസിനു പോലും അതുമായി മുമ്പോട്ടു പോകാൻ കഴിയാതെ അതു അത്രമാത്രം അഴുക്കായിരുന്നു. അതു ശരിയാണ്. മുഴുവൻ...എന്തുകൊണ്ടാണ്? സുവിശേഷത്തെ നിരസിച്ചതിനാൽ. എന്താണ്?

പാരിസിന് അതില്ല. അത് നൂറു ശതമാനം കത്തോലിക്ക മതക്കാരാണ്. പ്രൊട്ടെസ്റ്റാന്റുകൾക്ക് അവിടെ കടക്കാനും കൂടി കഴിയില്ല. ബില്ലി ഗ്രഹാമിനെ നോക്കു. മുഴുവൻ പാരീസിലും കൂടെ, പ്രൊട്ടെസ്റ്റാന്റുകളായ, ക്രിസ്ത്യാനികളായി, അറുന്നൂറുപേർ മാത്രം, ദശലക്ഷക്കണക്കുള്ളതിൽ, അവിടെ വെറും അറുന്നൂറു പ്രൊട്ടെസ്റ്റാന്റുകളെയുള്ളൂ. അത് പരിശുദ്ധാത്മാവ് നിറഞ്ഞിട്ടുമില്ല. അതു കൃത്യമായും പ്രൊട്ടെസ്റ്റന്റുകൾ മാത്രമായി, ദശലക്ഷം ദശലക്ഷം ഉള്ളതിൽ, അവരിൽ വെറും അറുന്നൂറു പേർ മാത്രം. അതിനെ നിരസിക്കാനുള്ള അവസരവും അവർക്കു കിട്ടിയിട്ടില്ല.

92 എന്നാൽ ഈ ജനങ്ങൾക്ക് സുവിശേഷം കിട്ടി. സന്ദേശത്തെയും പ്രകടമാക്കപ്പെട്ട സുവിശേഷത്തെയും കണ്ടതിനുശേഷം, അവർ അതിനെ പരിഹസിച്ച് അതിൽ നിന്നും മാറി നിന്നു. അതു എന്തുകൊണ്ടെന്നാൽ പഴയ ചില വേശ്യാവൃത്തിയുടെ ഉപദേശം അവരുടെ ചുറ്റിനും കെട്ടിയുണ്ടാക്കിയിരുന്നതിനാലാണ്; മാത്രമല്ല ചില പാസ്റ്റർ പുൾപ്പിറ്റിൽ നിന്നുകൊണ്ട്, അവൻ പ്രസംഗിക്കുന്ന ജനങ്ങളോടു, അതു ശരിയാണ്, അതാണ് അതു ചെയ്തത്, അവൻ പ്രാണനുവേണ്ടി ചെയ്യുന്നതിനെക്കാൾ കൂടുതൽ ഡോളറിനെക്കുറിച്ചും

അന്നത്തിന്റെ ചീട്ടിനെക്കുറിച്ചും ചിന്തിച്ചു. ഇപ്പോൾ അവൾ ലോകത്തെ നയിക്കുന്നു.

93 വളരെ നാളുകളാകില്ല, ഈ കൂടാരത്തിൽ, നിങ്ങൾ അത് ഓർക്കുന്നുണ്ട്. ഏകദേശം ഇരുപതു വർഷങ്ങൾക്കു മുമ്പ്, ഞാൻ ഒരു വിഷയത്തെപ്പറ്റി പ്രസംഗിച്ചു, "ഞാൻ അമേരിക്കയുടെ ദേവതയെ നിങ്ങൾക്കു കാണിച്ചു തരാം," അപ്പോൾ ഇവിടെ ഒരു ചെറിയ യുവതി, അതുമായി ഇവിടെ ഇരുന്നിരുന്നു. അത് എന്തായിരുന്നു എന്നത് അതായിരുന്നു. ഇപ്പോൾ അവർ അതിലേയ്ക്ക്, കടക്കുകപോലും ചെയ്തിരിക്കുന്നു. അവർ ചോദിച്ചതു തന്നെ അവർക്ക് കിട്ടിയിരിക്കുന്നു. അവർക്ക് അതു കിട്ടാൻ പോകുകയാണ്, അത്ര തന്നെ.

94 ഇല്ല. അവർ അതു വിശ്വസിക്കുകയില്ല. ഇല്ല, സർ. അവർ അമേരിക്ക പൌരന്മാരാണെന്നു അവർ നിങ്ങളോടു പറയും, അവർ ആഗ്രഹിക്കുന്ന ഏതു വിധത്തിലും പ്രവർത്തിക്കാനുള്ള അവകാശം അവർക്കുണ്ട്. എനിക്ക് കഴിഞ്ഞെങ്കിൽ...

95 ഞാൻ നിങ്ങളോടു പറയട്ടെ. ഇപ്പോൾ നിങ്ങളോടു ഞാൻ പറയാം. ഇല്ല, സർ, രാഷ്ട്രീയം ഒരിക്കലും പ്രവർത്തിക്കുകയില്ല. ഇല്ല, സർ, ജനാധിപത്യം ഒരിക്കലും പ്രാവർത്തികമാകില്ല. ജനാധിപത്യം, അതിന്റെ അസ്ഥിവരെയും, അഴുകിയിരിക്കുന്നു. അതു ഒരു കൂട്ടം ക്രിസ്ത്യാനികളാൽ നടത്തപ്പെട്ടിരുന്നു എങ്കിൽ, അതു നന്നായിരിക്കുമായിരുന്നു. എന്നാൽ നിങ്ങൾ അതിനെ അവിടെ പുറം ലോകത്തേയ്ക്കിട്ടപ്പോൾ, അത് മുഴുവനും പായ്ക്കപ്പൽ പോലെയായി അതിന് നങ്കൂരമില്ലാതായിരിക്കുന്നു. കൃത്യമായും ശരിയാണ്.

96 ഇന്നു, ഇവിടെ നോക്കു. എന്തും സംഭവിക്കാം, അവർ ഇങ്ങനെ... എന്തായാലും, ഒരു ചെറിയ രാഷ്ട്രീയത്താൽ, അവർ അതിനെ കൊല ചെയ്തുകൊണ്ട് എടുക്കുന്നു.

97 രണ്ടു കുഞ്ഞുങ്ങളുടെ ജീവനെ രക്ഷിക്കാൻ ശ്രമിച്ചുകൊണ്ട്, ആ രാത്രിയിൽ ഞാൻ അവിടെ വെച്ചു പ്രസംഗിച്ചു. ഒരു കുറ്റക്കാരൻ ആയിരിക്കുന്നതുപോലെ തന്നെ അവർ കുറ്റക്കാരായിരുന്നു. അപ്പോൾ ആ ന്യായാധിപൻ പോലും എന്നെ പിന്താങ്ങി, അദ്ദേഹം പറഞ്ഞു, "അത് ശരിയാണ്." അദ്ദേഹം പറഞ്ഞു, "ജനങ്ങളുടെ ജീവനെ എടുക്കുന്നതിൽ ഞാൻ വിശ്വസിക്കുന്നില്ല." അദ്ദേഹം പറഞ്ഞു, "നിങ്ങൾക്ക് കുറ്റകൃത്യങ്ങളുടെ രേഖകളെ നോക്കാനായാൽ, ഇലക്ട്രിക് കസേരയിലും മറ്റും വധിക്കപ്പെടുന്നത് ആരാണ്? അതു ധനവാന്മാരല്ല. അവന് ചില വക്കീലന്മാരെ വാദിക്കാനായി കൂട്ടാനും, ചില വൃത്തികെട്ട ട്രിക്കുകൾ, *ഇവിടെ* ചില ഉരുളുകൾ, *ചിലതു* ഇവിടെ,

കാര്യസാദ്ധ്യത്തിനായി കോഴ കൊടുക്കുന്നു." അദ്ദേഹം പറഞ്ഞു, "അങ്ങനെ പാവപ്പെട്ട കുഞ്ഞുങ്ങളായിട്ട്, അവർക്ക് ഒരു മാന്യമായ ഉച്ചയൂണ് വാങ്ങാൻ പോലും കാശില്ല, അത്തരത്തിൽ ഉള്ളവർക്കാണ് അതു ലഭിക്കുന്നത്. അത്തരത്തിലുള്ളവരെയാണ് അവർക്ക് ഇലക്ട്രിക് ചെയറിൽ വെച്ചു കൊല്ലാൻ കിട്ടുന്നത്, ആരെങ്കിലും അവരെ ഒരുകൂട്ടം അജ്ഞരായ ജനങ്ങൾ എന്നു വിളിക്കുന്നതു പോലെ, അവരുടെ പേരുകളെ അവർ വധശിക്ഷയിൽ ഉൾപ്പെടുത്തുകയും ചെയ്യുന്നു."

98 ഞാൻ പറഞ്ഞു, "ലോകത്തിൽ ആദ്യമായി കൊല ചെയ്യപ്പെട്ടത്, ഒരു സഹോദരൻ മറ്റവനെ കൊന്നതായിരുന്നു, അതു ചെയ്തതിനാൽ ദൈവം അവന്റെ ജീവനെ എടുത്തില്ല. അവന്റെ ജീവനെ ആരും എടുക്കാതിരിക്കേണ്ടതിന്, അവൻ അവന്റെമേൽ ഒരു അടയാളം വെച്ചു. ശരിയാണ്. അതാണ് ഏറ്റവും ഉന്നതനായ ന്യായാധിപതി."

അവരുടെ മേൽ നിന്നും അവർ ആ കോടതിവിധി നീക്കുന്നതു ഞാൻ കണ്ടു. ഇപ്പോൾ അവർ മറ്റൊരു വിചാരണ നേരിടാൻ പോകുകയാണ്. കാരണം, ഇപ്പോൾ അവർക്ക് ജീവൻ കിട്ടിയിരിക്കുന്നു, അത് പതിനൊന്നു വയസ്സായതിനാൽ, ഒരുപക്ഷേ പ്രത്യേക വ്യവസ്ഥയിൽപ്പെടുത്തി തടവു മോചനം ലഭിക്കാനിടയുണ്ട്. അവർ കുറ്റക്കാരാണ്. തീർച്ചയായും. അവർ കുറ്റക്കാരാണ്. വേണമെങ്കിൽ അവരെ ജീവപര്യന്തം ശിക്ഷവിധിച്ച്, ജയിലിൽ അടയ്ക്കാം, എന്നാൽ അവരുടെ ജീവൻ എടുക്കാൻ പാടില്ല. ഒരു മനുഷ്യന്റെ ജീവൻ എടുക്കാൻ മറ്റൊരു മനുഷ്യനു അധികാരമില്ല. ഇല്ല, സർ. ഞാൻ അതിൽ വിശ്വസിക്കുന്നില്ല. ഇല്ല, തീർച്ചയായും.

99 ഓ! അവർ പറയും...എന്താ, അവർ ദൈവേഷ്ടത്തിനു പുറത്തായിരുന്നു എന്നു അവർ വിശ്വസിക്കുന്നു, കാരണം അതു മാത്രമാണ് അതിനെക്കുറിച്ച് അവർക്ക് അറിയാവുന്നത്, അത്രയും മാത്രമാണ് കേൾക്കാനായി ആഗ്രഹിക്കുന്നത്. അവിടെ, അവർ അവരുടെ ചെവി സത്യത്തിൽ നിന്നും തിരിച്ചുകളഞ്ഞിരുന്നു.

100 അവിടെ ഉണ്ടായിരുന്ന ഹോളി-റോളകാരുടെ കൂട്ടർ ദൈവേഷ്ടപ്രകാരം ഉള്ളവരായിരുന്നു എന്നു മിസ്രായീമുകളും അറിയാൻ ആഗ്രഹിച്ചിരുന്നില്ല. ഏതോ ഒരു ഭ്രാന്തൻ, വനാന്തരത്തിൽ നിന്നും, അവിടേയ്ക്ക് കടന്നു വന്നിട്ട്, അവന്റെ താടി *ഇപ്രകാരം* ഞാണു കിടന്നിരുന്നു, പറയുന്നു, "ഫറവോനെ, ഞാൻ കർത്താവിന്റെ നാമത്തിൽ വന്നിരിക്കുന്നു. ആ കുഞ്ഞുങ്ങളെ സ്വതന്ത്രരായി വിടൂ" എന്നത് എന്തിന്നു അവർ അറിയേണം?

ഫറവോൻ ഇങ്ങനെ ചോദിച്ചേക്കും, "ആരോടാണ്? എന്നോടോ? അവനെ പുറത്തെറിയൂ." കാണുന്നോ? "എന്നോടോ?"

"നീ അതു ചെയ്യുന്നില്ലെങ്കിൽ, കർത്താവായ ദൈവം ഈ രാജ്യത്തെ പ്രഹരിക്കാൻ പോകുന്നു."

101 അപ്പോഴും, "ആ വയസ്സായ കുറുക്കൻ, അവനെ എവിടേയ്ക്കെങ്കിലും കൊണ്ടെറിയൂ. അവൻ പോയ്ക്കൊള്ളട്ടെ. സൂര്യൻ അവന്റെ ബുദ്ധിയെ തിരികെ കൊടുക്കട്ടെ." കാണുന്നോ? എന്നാൽ അതു ന്യായവിധി കൊണ്ടുവന്നു, കാരണം ആ മനുഷ്യൻ ഒരു പ്രവാചകനും കർത്താവ് ഇപ്രകാരം അരുളി ചെയ്യുന്നു എന്നുള്ളവനുമായിരുന്നു. കൃത്യമായും ശരിയാണ്. അവർ അതു വിശ്വസിക്കാൻ കൂട്ടാക്കിയില്ല.

അതുപോലെ തന്നെ, റോമും അതു വിശ്വസിക്കാൻ കൂട്ടാക്കിയില്ല, അത് അതുപോലെ തന്നെ സംഭവിച്ചു.

102 അത് അത് മിശിഹാ ആയിരുന്നു എന്നു യിസ്രായേൽ വിശ്വസിക്കാൻ ആഗ്രഹിച്ചില്ല. "കൂട്ടർക്ക്—ഗലീലിയക്കാരുടെ കൂട്ടർക്ക്, അവർക്കെങ്ങനെ സാധിക്കും?" പറയും, "ഇവരെല്ലാവരും ഗലീലിയാക്കാരല്ലേ? എവിടെ നിന്നാണ് അവർ വന്നത്? ഏതു തരത്തിലെ ജനക്കൂട്ടമാണ് അവനോടൊപ്പം പോകുന്നത്? ഏറ്റവും പാവപ്പെട്ടവരുടെ കൂട്ടത്തെയാണ് അവർ ഒരുമിച്ചു കൂട്ടുന്നത്, അങ്ങനെയുള്ള കൂട്ടരുമായിട്ടാണ് അവൻ ബന്ധം പുലർത്തുന്നത്. പാവപ്പെട്ട ജനങ്ങളാണ്, അങ്ങനെയുള്ളവരാണ് അവനെ കേൾക്കാനായി വരുന്നത്, ആ ജനങ്ങൾക്ക് യാതൊന്നും തന്നെ അറിയില്ല. അവർ തിരഞ്ഞെടുക്കപ്പെട്ടവരല്ല. അവർ നമ്മെപ്പോലെ ബുദ്ധിയുള്ള കൂട്ടരല്ല അവർ—അവരല്ല. അവർ ഒരു പാവപ്പെട്ട കൂട്ടരാകുന്നു." ഈ ദിവസത്തെ ഉണർവ്വിനെക്കുറിച്ച് നിങ്ങൾ കേൾക്കുന്നുണ്ട്. "ഏതു തരത്തിലുള്ള ജനക്കൂട്ടമാണ് അവയെ കേൾക്കുന്നത്? ഈ യോഗങ്ങൾക്ക് പോകുന്നത് ഏതു വിധമുള്ളവരാണ്? അവർ ഏതു വിധത്തിലുള്ള ജനങ്ങളാകുന്നു?"

103 വളരെ മുമ്പല്ലാതെ, ഒരു വ്യക്തി പറയുന്നതു ഞാൻ കേട്ടു... അതെ, അദ്ദേഹം ഒരു വിധത്തിലെ...അദ്ദേഹം ഹോപ്പിന്റെ ചിറ്റപ്പനാണ്. പരിശുദ്ധാത്മാവിന്റെ അഭിഷേകത്തെപ്പറ്റി ഞാൻ അദ്ദേഹത്തോട് സംസാരിക്കുകയായിരുന്നു. അദ്ദേഹം പറഞ്ഞു, "ഇപ്പോൾ, ഇങ്ങനെയുള്ള ഒരു കാര്യത്തെ, താങ്കൾക്ക് അവിടെ കിട്ടുന്നതു പോലെയുള്ള കൂട്ടർക്കല്ലാതെ, ആർക്കാണ് വിശ്വസിക്കാൻ കഴിയുന്നത്?" അദ്ദേഹം പറഞ്ഞു, "നീ ഇവിടെ പട്ടണത്തിലുള്ള കച്ചവടക്കാരായ, *ഇന്ന-ഇന്ന* ആളിനെ, വളരെ ദുഷ്ടനാണ്, അവൻ

പറയട്ടെ ഞാൻ പരിശുദ്ധാത്മാവിനെ സ്വീകരിച്ചു, അപ്പോൾ ഞാൻ അതു വിശ്വസിക്കും."

104 ഞാൻ പറഞ്ഞു, "വിഷമിക്കേണ്ട. അദ്ദേഹം അതു ഒരിക്കലും പറയില്ല." ആ മനുഷ്യൻ ഉടൻ തന്നെ, ദൈവത്തെക്കൂടാതെ, മരിച്ചുപോയി. കാണുന്നോ?

നിങ്ങൾ ചെയ്യുന്നതിനെ വളരെ ജാഗ്രതോടെ ചെയ്യുക. നിങ്ങൾ സൂക്ഷിച്ചു സംസാരിക്കുക. നിങ്ങളുടെ ജീവിതം സുവിശേഷത്തിനു യോഗ്യമാം വിധമായിരിക്കണം എന്നു നിങ്ങൾ ആഗ്രഹിക്കുന്നു. ശരിയാണ്.

105 ആ ജനങ്ങളുടെ കൂട്ടരെ, യിസ്രായേൽ വിശ്വസിക്കാൻ ആഗ്രഹിച്ചില്ല. "ആ ഭ്രാന്തു പിടിച്ച മനുഷ്യൻ, നസ്രേയനായ യേശു എന്ന പേരിൽ ജനിച്ചവൻ," അവർ ചിന്തിച്ചു, "ഒരു നിയമാനുസൃതമല്ലാത്ത ജനനം." എന്നാൽ ജനങ്ങൾ അത് വിശ്വസിച്ചു. എന്തുകൊണ്ടെന്നാൽ, അവർ പറഞ്ഞു, "അത് അവന്റേതായിരുന്നില്ല, എന്താ, അവന്റെ അപ്പൻ യോസേഫാണ്, അവർ...മുമ്പു തന്നെ മറിയയ്ക്ക് ഈ കുഞ്ഞു ജനിച്ചിരുന്നു, എന്താ, അതു നിയമാനുസൃതമല്ല. മാത്രമല്ല അവൻ എന്താണ്? വെറും ഒരു ഭ്രാന്തൻ. തമാശക്കാരുടെ കൂട്ടരിൽപ്പെട്ട ഒരുവൻ മാത്രം. അവനെ കേൾക്കാനായി പോകരുത്." അവർ ചെയ്തത് എന്തായിരുന്നു? അവരുടെ ആത്മാക്കളെ അവർ നരകത്തിലേയ്ക്ക് അയയ്ക്കുകയായിരുന്നു. അവർ എടുത്ത്...

106 യേശു പറഞ്ഞു, "അവരെ തനിയെ വിട്ടേയ്ക്കു. കുരുടൻ കുരുടനെ വഴികാട്ടിയാൽ, അവർ രണ്ടാളും കുഴിയിൽ വീഴില്ലേ?" അതു ശരിയാണ്. അവർ അതു അറിഞ്ഞിരുന്നില്ല. അവർ അതു വിശ്വസിച്ചിരുന്നില്ല. അവർക്ക് അതു കഴിയുകയില്ലായിരുന്നു.

107 ഒരു എളിയ ജനം ഒരു ലളിതമായ സന്ദേശത്തോട്ടു കൂടെ നിരസിക്കപ്പെട്ടുമ്പോൾ, ഒരു മഹത്തായ രാഷ്ട്രം എങ്ങനെയാണ് നശിക്കാൻ പോകുന്നത് എന്നു അവർക്ക് കാണാൻ കഴിഞ്ഞില്ല. ഇപ്പോൾ കേൾക്കു. ഒരു ലളിതമായ, സാധാരണ, സാധാരണ ജനങ്ങളുടെ കൂട്ടം; അവർക്ക് അതു മനസ്സിലാക്കാൻ സാധിച്ചില്ല. ബൈബിൾ അപ്രകാരം പറയുന്നു, എന്നു നിങ്ങൾക്കറിയാമോ, "സാധാരണ ജനങ്ങൾ യേശുവിനെ ആനന്ദത്തോടെ കേട്ടുപോന്നു."

108 കുറച്ചു നാളുകൾക്കു മുമ്പ്, മെക്സിക്കോയിൽ വെച്ചു സംഭവിച്ച ഒരു ചെറിയ കാര്യം എന്റെ പക്കലുണ്ട്. ദൈവത്താൽ തിരഞ്ഞെടുത്ത, ജനറൽ വൽഡേന, ഒരു യോഗത്തിൽ വെച്ചു, ഒരിക്കൽ

അദ്ദേഹത്തിന്റെ വഴിയ്ക്കു കുറുകെ ആ പ്രകാശം മിന്നി. ആ മഹത്തായ കത്തോലിക്കക്കാരനായ ധീരൻ, മെക്സിക്കോയിലുള്ള ശ്രേഷ്ഠ ജനറൽമാരിൽ ഒരാൾ, എളിമയോടെ അൾത്താരയിലേയ്ക്ക് വന്നു പരിശുദ്ധാത്മാവിനെ സ്വീകരിച്ചു. അദ്ദേഹം തിരികെ മെക്സിക്കോയിലേയ്ക്ക് പോയി. ഞാൻ അവിടേയ്ക്ക് ഒരിക്കൽ പോകാനായി, അദ്ദേഹം നിരന്തരമായി വിളിച്ചു കൊണ്ടിരുന്നു. അവസാനം, ഞാൻ അവിടെ പോകാൻ തീരുമാനിച്ചു. ഒരു ദർശനത്തിലൂടെ; കർത്താവ് എന്നെ നയിച്ചു; എന്റെ ഭാര്യയോടു പറഞ്ഞു. അവിടെയ്ക്ക് കടന്നുപോയി.

അദ്ദേഹം അതു ചെയ്തപ്പോൾ, അദ്ദേഹം അവരുടെ, നാലു നക്ഷത്രങ്ങൾ ഉള്ള, ജനറൽമാരിൽ ഒരാളാകുന്നു, അദ്ദേഹം സർക്കാരിന്റെ, ഉന്നത കാര്യാലയത്തിലേയ്ക്ക് പോയി. അപ്പോൾ, അവർ, അവിടെ അവർ പ്രൊട്ടെസ്റ്റാന്റുകൾക്ക് എതിരാണെന്നു, നിങ്ങൾക്കറിയാം. അതിനാൽ ഇത് ഒരു അതി ഭയങ്കരമായ യോഗമായിരിക്കും എന്ന് അവർ അറിഞ്ഞിട്ട്, ഒരു രാഷ്ട്രീയ സേനയ്ക്കായി അവിടേയ്ക്കു പോയി. അവർ അതു ചെയ്തപ്പോൾ, അവർക്ക് ഒരു വലിയ യോഗം നടത്താനുള്ള സ്ഥലവും കിട്ടി. അവർ എന്നെ അങ്ങനെയുള്ള ഒരു ഇടത്തേയ്ക്ക് കൊണ്ടുപോകാനായി ആഗ്രഹിച്ചിരുന്നു. സർക്കാരാണ് എന്നെ അവിടേയ്ക്ക് കൊണ്ടുവരുന്നത്.

അങ്ങനെ, അവർ അതു ചെയ്തപ്പോൾ, ബിഷപ്പ്, കത്തോലിക്കാ സഭയിലെ ഒരു മഹാനായ ബിഷപ്പ്, അദ്ദേഹത്തിന്റെ അടുക്കലേയ്ക്ക് പോയി, അതു ഗവർണറായിരുന്നു, ചോദിച്ചു, “സർ, ഒരു കത്തോലിക്കൻ അല്ലാത്തയാളെ താങ്കൾ ഇവിടെ കൊണ്ടുവരുന്നു എന്നു ഞാൻ മനസ്സിലാക്കിയിരിക്കുന്നു.”

പറഞ്ഞു, “അതെ, അതിനെപ്പറ്റി എന്താ?”

“എന്താണെന്നോ,” അദ്ദേഹം പറഞ്ഞു, “അങ്ങനെയുള്ള ഒരു മനുഷ്യനെ നിങ്ങൾ ഇവിടെ കൂട്ടിക്കൊണ്ടുവരാൻ പാടില്ല. അങ്ങനെയുള്ള ഒരു കാര്യം ചെയ്യുന്നത് ഈ സർക്കാരും അറിഞ്ഞിട്ടില്ല.”

109 “എന്നാൽ,” പറഞ്ഞു, “ഞങ്ങൾ ഇതു ഇപ്പോൾ ചെയ്യാൻ പോകുകയാണ്.” അദ്ദേഹം പറഞ്ഞു, “എന്താണ്,” പറഞ്ഞു, “ആ മനുഷ്യൻ ഒരു കീർത്തിമാനാകുന്നു. ആയിരക്കണക്കിനു ജനങ്ങൾ അദ്ദേഹത്തെ കേൾക്കാൻ കടന്നു വരും എന്നു ഞാൻ വിശ്വസിക്കുന്നു. ജനറൽ വൽഡേന എന്റെ ഏറ്റവും അടുത്ത

സ്നേഹിതനാകുന്നു." അദ്ദേഹം പറഞ്ഞു...പിന്നെ...പ്രസിഡന്റുപോലും, പ്രൊട്ടെസ്റ്റാന്റിൽപ്പെട്ട, മെഥോഡിസ്റ്റാകുന്നു. അങ്ങനെ അദ്ദേഹം പറഞ്ഞു—അദ്ദേഹം പറയുമ്പോൾ, "എന്റെ ഏറ്റവും നല്ല അറിവിൽ, ആ മനുഷ്യൻ ഒരു മാന്യനായ മനുഷ്യനാകുന്നു." പറഞ്ഞു, "ജനറൽ വൽഡേന ഇവിടെയുണ്ട്, അദ്ദേഹം ഈ മനുഷ്യന്റെ കീഴിലാണ് മനന്തിരിഞ്ഞത്." പറഞ്ഞു, "എന്നാൽ, അദ്ദേഹം, എന്റെ ഏറ്റവും നല്ല അറിവിൻ പ്രകാരം, ഒരു മാന്യനാകുന്നു." പറഞ്ഞു, "അദ്ദേഹത്തെ കേൾക്കാൻ, ആയിരക്കണക്കിനു ജനങ്ങൾ കടന്നു വരും, എന്നാണ് അവർ അവകാശപ്പെടുന്നത്."

അപ്പോൾ ഈ ബിഷപ്പ് പറഞ്ഞു, "അതു ഏതു തരക്കാരായ ജനങ്ങളാണ് സർ? വെറും അജ്ഞർ. അങ്ങനെയുള്ള ഒരു മനുഷ്യനെ കേൾക്കാനായി, അത്തരത്തിലുള്ളവരാണ് പോകുന്നത്."

110 അപ്പോൾ പ്രസിഡന്റ് പറഞ്ഞു, "സർ, നിങ്ങൾക്ക് അവരെ കിട്ടിയിട്ട് അഞ്ഞൂറു വർഷത്തോളമായിരിക്കുന്നു, പിന്നെയും അവർ അജ്ഞരായിരിക്കുന്നത് എന്താ?" അത്രയും മതിയായിരുന്നു. അത് അവിടെ അവസാനിപ്പിച്ചു. ഓ, എന്റെ! അത് അവരെ അപമാനിതനാക്കി. അതെ, സർ. അതെ.

111 അതുകഴിഞ്ഞ് ആ ചെറിയ കുഞ്ഞ് മരണത്തിൽ നിന്നും ഉയിർത്തെഴുന്നേറ്റപ്പോൾ, ഞാൻ ആ മനുഷ്യന്റെ അടുക്കലേയ്ക്ക് ഒരു മനുഷ്യനെ പറഞ്ഞയച്ചു. "ഈ കുഞ്ഞ്, ഇന്നു രാവിലെ ഒമ്പതു മണിയ്ക്ക് മരിച്ചു," എന്നു ആ മഹിള, സ്പാനിഷ് ഭാഷയിൽ, പറയുകയായിരുന്നു. അപ്പോൾ മഴ പെയ്തുകൊണ്ടിരുന്നു. ഓരോ രാത്രിയിലും, പതിനായിരം പേർ മനന്തിരിഞ്ഞുകൊണ്ടിരുന്നു.

ആ രാത്രിയ്ക്കു മുമ്പ്, ഒരു വയസ്സു ചെന്ന അന്ധൻ പ്രസംഗ വേദിയിൽ വെച്ചു തന്നെ കാഴ്ച പ്രാപിച്ചിരുന്നു. ഓ, കൂട്ടിയിട്ടിരുന്ന പഴയ ഷാളുകളും തൊപ്പികളും, *ഇത്രയും* ഉയരവും, ഈ കൂടാരത്തിനെക്കാളും മൂന്നോ നാലോ ഇരട്ടി വലിപ്പവും ഉണ്ടാകും. മാത്രമല്ല ഞാൻ...

112 കയറുകൾ ഉപയോഗിച്ചാണ്, അവർക്ക് എന്നെ പ്രസംഗവേദിയിലേയ്ക്ക് കൊണ്ടുപോകാൻ കഴിഞ്ഞിരുന്നത്. വിശ്വാസത്താൽ, ഞാൻ അവിടേയ്ക്ക് നടന്നു ചെല്ലുകയും പ്രസംഗിക്കുകയും ചെയ്തു.

ബില്ലി വന്നു, പറഞ്ഞു, "ഡാഡി, താങ്കൾ ആ സ്ത്രീയ്ക്കുവേണ്ടി എന്തെങ്കിലും ചെയ്യുന്നുണ്ടോ." പറഞ്ഞു, "അവിടെ വാതിൽ കാവൽക്കാരായി നില്ക്കേണ്ടതിന് എനിക്ക് മൂന്നൂറ് പേരെ കിട്ടിയിട്ടുണ്ട്. ഏകദേശം, നൂറു പൌണ്ടു ഭാരമുള്ള, ഒരു ചെറിയ

മഹിളയെ നിർത്താനായി അവരെക്കൊണ്ടു കഴിയുന്നില്ല." മാത്രമല്ല മനോഹരിയും, കുഞ്ഞു മഹിളയുമായി *ഇത്രയും* ഉയരവും, ഏകദേശം, ഓ, ഒരുപക്ഷേ അത് അവളുടെ ആദ്യത്തെ കുഞ്ഞായിരിക്കാം. അവൾക്ക് ഇരുപത്തിമൂന്നോ ഇരുപത്തിയഞ്ചോ വയസ്സുണ്ടാകും എന്ന് എനിക്ക് പറയാനാകും.

113 അവൾ അവിടെ നിൽക്കുകയായിരുന്നു, അവളുടെ മുടി താഴേയ്ക്ക് തൂങ്ങി കിടന്നിട്ട്, അവൾ ഈ ചെറിയ കുഞ്ഞിനെ കൈയ്യിൽ അടക്കി പിടിച്ചിരുന്നു. ആ നിരയിൽ വരാനായി അവൾക്കു ഒരു കുതിക്കൽ തന്നെ നടത്തണമായിരുന്നു. പുരുഷന്മാർ അവളെ പുറകിലേയ്ക്ക് ഉന്തിവിട്ടുമായിരുന്നു. ആ കുഞ്ഞു അവളുടെ അരയിൽ വെച്ചുകൊണ്ട്, അവൾ അവരുടെ പുറത്തുകൂടെ കയറി, ഏതുവിധേനെയും, അവരുടെ കാലുകൾക്കിടയിലൂടെയും പോകാൻ കഴിഞ്ഞിരുന്ന എല്ലാസ്ഥലത്തിലൂടെയും അവൾ പോയിരുന്നു. അവൾ അവിടെ എത്തിക്കഴിയുമ്പോൾ, പ്രസംഗവേദിയിൽ നിന്നും അവർ അവളെ പുറത്താക്കിക്കളയുമായിരുന്നു.

114 അവൾക്കു കൊടുക്കാനായി അവരുടെ പക്കൽ ഒരു പ്രാർത്ഥന കാർഡു പോലും ഉണ്ടായിരുന്നില്ല. അവൻ പറഞ്ഞു, "ഡാഡി, പ്രാർത്ഥന കാർഡ് ഇല്ലാതെ, അവളുടെ മരിച്ച കുഞ്ഞുമായി, ഞാൻ അവളെ അവിടെ വരാൻ അനുവദിച്ചാൽ പിന്നെ..." പറഞ്ഞു, "അവിടെ നിൽക്കുന്ന മറ്റുള്ളവർ, ഇവിടെ വെയിലത്തും മഴയത്തുമായി, രണ്ടു മൂന്നു ദിവസം കൊണ്ടു നിൽക്കുകയാണ്. അവളെ അവരുടെ മുന്നിൽ കൊണ്ടുവരാൻ അനുവദിച്ചാൽ," പറഞ്ഞു, "അത് അവിടെ താഴെ ഒരു—ഒരു ബഹളത്തിനു ഇടയാക്കും."

115 ഞാൻ പറഞ്ഞു, "ശരി." സഹോദരൻ മൂറെ അവിടെയുണ്ടായിരുന്നു, അദ്ദേഹവും എന്നെപ്പോലെ തലയിൽ മുടിയില്ലാത്തയാളാണ്. ഞാൻ പറഞ്ഞു, "അത്രയേറെ ജനങ്ങൾ ഉള്ളതിനാൽ, ആരാണെന്നു അവൾക്ക് അറിയാൻ കഴിയില്ല." ഞാൻ പറഞ്ഞു, "അയയ്ക്കൂ..." പിന്നെ—പിന്നെ രണ്ടു സഹോദരന്മാരുണ്ടായിരുന്നു, സഹോദരന്മാരിൽ ഒരാൾ ഇവിടെ കൂടാരത്തിൽ ഉള്ളയാളാണ്, അതിപ്പോൾ മഹത്വത്തിലേയ്ക്ക് പോയിരിക്കുന്നു, ഈ സമയം എനിക്ക് അദ്ദേഹത്തിന്റെ പേര് ഓർക്കാൻ കഴിയുന്നില്ല, എന്നാൽ, അദ്ദേഹം അവിടെ പുറകിൽ നിൽക്കുന്നുണ്ടായിരുന്നു. അതിനാൽ ഞാൻ പറഞ്ഞു, "സഹോദരൻ മൂറെ, അവിടെ താഴേയ്ക്കു പോയി, ആ കുഞ്ഞിനു വേണ്ടി പ്രാർത്ഥിക്കു. അതു ഞാനോ താങ്കളോ, ആരാണെന്നു അവൾക്ക് അറിയാൻ

സാധിക്കില്ല. ഒന്നു താഴേയ്ക്ക് പോകൂ. ഇംഗ്ലീഷ് സംസാരിക്കാനും അറിയില്ലായിരുന്നു."

അങ്ങനെ സഹോദരൻ മൂറെ പറഞ്ഞു, "ശരി, ബ്രദർ ബ്രൺഹാം."

116 അദ്ദേഹം താഴേയ്ക്ക് നടക്കാൻ തുടങ്ങി. ഞാൻ പറഞ്ഞു, "ഞാൻ പറയാറുള്ളതു പോലെ, പിതാ-..." ഒരു ചെറിയ മെക്സിക്കൻ കുഞ്ഞ് നേരെ എന്റെ മുന്നിലിരുന്നു ചിരിക്കുന്നതായി, ഞാൻ കണ്ടു. ഞാൻ പറഞ്ഞു, "ഒരു നിമിഷം നില്ക്കു." ഞാൻ പറഞ്ഞു, "ആ മഹിളയെ കടന്നു വരാൻ അനുവദിക്കു."

ബില്ലി പറഞ്ഞു, "എനിക്കതു ചെയ്യാൻ കഴിയില്ല, ഡാഡി. അവൾ..."

ഞാൻ പറഞ്ഞു, "ബില്ലി, ഞാൻ ഒരു ദർശനം കണ്ടു."

പറഞ്ഞു, "ഓ, അത് മറ്റൊന്നായിരിക്കും."

117 അതിനാൽ ഞങ്ങൾ അവളെ അവിടേയ്ക്ക് കൂട്ടിക്കൊണ്ടു വരേണ്ടതിന് ഞങ്ങൾ ജനക്കൂട്ടത്തെ മാറ്റി. അവൾ അതാ അവിടെ മുട്ടിന്മേലായി, അവളുടെ കൈയ്യിൽ ഒരു ജപമാലയുമായി കടന്നുവരുന്നു. ഞാൻ പറഞ്ഞു, "എഴുന്നേല്ക്കു."

അതിനാൽ ഞാൻ പറഞ്ഞു, "സ്വർഗ്ഗീയ പിതാവെ, നീ ഇപ്പോൾ എന്തു ചെയ്യാൻ പോകുന്നു എന്ന് എനിക്കറിഞ്ഞുകൂടാ. ആ കുഞ്ഞിനുവേണ്ടി പ്രാർത്ഥിച്ചുകൊണ്ട് ഈ സ്ത്രീയെ തൃപ്തിപ്പെടുത്താനാണോ അല്ലയോ ചെയ്യുന്നത് എന്നും എനിക്കറിഞ്ഞുകൂടാ. എന്നാൽ," ഞാൻ പറഞ്ഞു, "കർത്താവായ യേശുവിന്റെ നാമത്തിൽ, ഞാൻ എന്റെ കൈകളെ ഈ കുഞ്ഞിന്മേൽ വെയ്ക്കുന്നു." കഴിഞ്ഞ ദിവസം, അവിടെ നിലത്തു കിടന്നിരുന്ന, സഹോദരൻ വേയോട്ട ചെയ്തതു പോലെ തന്നെ. ആ കമ്പിളിയിൽ തൊഴിച്ചുകൊണ്ട്, ആ ചെറിയ കുഞ്ഞ് കരയാൻ തുടങ്ങി. അത് അതിന്റെ ജീവനിലേയ്ക്ക് തിരികെ വന്നു. അപ്പോൾ...

118 സഹോദരൻ എസ്പിനോസായെയും, കൂട്ടി ഞാൻ അവളോടൊപ്പം ഡോക്ടറുടെ അടുക്കലേയ്ക്ക് അയച്ച്, ഡോക്ടറിൽ നിന്നും ഒരു സത്യവാങ്മൂലം, "ആ കുഞ്ഞു മരിച്ചു," എന്നു എഴുതി വാങ്ങണം. അത് അന്ന് രാത്രി ഏകദേശം പത്തു മണിയാകുമ്പോൾ ആയിരുന്നു. "അദ്ദേഹത്തിന്റെ കാര്യാലയത്തിൽ വെച്ച്, ന്യുമോണിയ രോഗം ബാധിച്ച്, അന്നു രാവിലെ ഒമ്പതു മണിക്കു മരിച്ചിരുന്നു." അവൻ ഡോക്ടറുടെ കൈയ്യിൽ നിന്നും പ്രതിജ്ഞാ പത്രം വാങ്ങിക്കൊണ്ടുവന്നു.

പത്രങ്ങൾക്ക് അതിനെ പ്രസിദ്ധീകരിക്കാതിരിക്കാൻ കഴിഞ്ഞില്ല, അതുകൊണ്ട് അവർ കടന്നുവന്നു. അവരും ഞാനും

അഭിമുഖസംഭാഷണം നടത്തി. അവർ എന്നോടു പറഞ്ഞു, അദ്ദേഹം ചോദിച്ചു, “ഞങ്ങളുടെ വിശുദ്ധന്മാർക്കും കൂടെ, അതു ചെയ്യാൻ കഴിയുമെന്നു താങ്കൾ വിശ്വസിക്കുന്നോ?”

ഞാൻ പറഞ്ഞു, “അവർ ജീവിച്ചിരുന്നാൽ.”

“ഓ,” അദ്ദേഹം പറഞ്ഞു, “നിങ്ങൾ മരിക്കുവോളം നിങ്ങൾ ഒരു വിശുദ്ധനാകുന്നില്ല.” അവിടെയാണ് നിങ്ങൾ. കാണുന്നോ? പിന്നെ ജനങ്ങളും...

119 നിങ്ങൾ നോക്കു, കഴിഞ്ഞ ദിവസം, അവർ ഈ കന്യാസ്ത്രീയെ എടുത്തു അതുമായി ചേർത്തിരിക്കുന്നു, അത് പത്രത്തിൽ കണ്ടിരുന്നോ? അങ്ങനെ, ഒരു പുതിയ വിശുദ്ധ മരിച്ചു, ഓ, ഒരു നൂറു വർഷങ്ങൾക്കു മുമ്പോ, അങ്ങനെയോ മറ്റോ ആകും, അവർ ഒന്നുണ്ടാക്കിയിട്ട്... ഇപ്പോൾ അവളെ വിശുദ്ധയായി പ്രഖ്യാപിച്ചിരിക്കുന്നു, അവളെ ഒരു വിശുദ്ധയായി പ്രഖ്യാപിച്ചിരിക്കുന്നു. അവർ അതു പറഞ്ഞിരിക്കുന്നു—അവൾ മരിച്ചിരുന്നവരിൽ നിന്നും തിരികെ വന്ന് രക്താർബുദം ബാധിച്ചിരുന്ന ഒരാൾക്കുവേണ്ടി പ്രാർത്ഥിച്ചു. അത് അങ്ങനെ അല്ലായിരുന്നോ? അത് മാഗസീനുകളിൽ ഒന്നിലായിരുന്നു. ഇവിടെ ജനങ്ങളുടെ മൂക്കിന്റെ കീഴിൽ നൂറു നൂറു കണക്കിനു സംഭവങ്ങൾ ഉള്ളപ്പോൾ, അവർ അതുമായി എങ്ങനെ കളിക്കാൻ ശ്രമിക്കുന്നു എന്നു നോക്കുവിൻ. ആ കാര്യം എന്താകുന്നു? നോക്കു, എന്തെങ്കിലുമൊക്കെ ചിന്തിപ്പിച്ചുകൊണ്ട്, പ്രൊട്ടെസ്റ്റാന്റ് സഭയെ അതിലേയ്ക്ക് തിരികെ കൊണ്ടു പോകണം എന്നുള്ള കളിയാകുന്നു.

മാത്രമല്ല കർത്താവിന്റെ വാസ്തവമായ പ്രവൃത്തി, അവിടെ അതു സമ്പൂർണ്ണമായും സമർത്ഥിച്ച്, തെളിയിച്ചിരുന്നിട്ടും, പത്രത്തിന്റെ ആ വശത്തെ തൊട്ടുനോക്കാൻ പോലും അവർ ഒരുങ്ങുന്നില്ല. അവിടെയാണ് നിങ്ങൾ. അവർക്ക് ഒരു ക്ഷണം ലഭിച്ചിട്ടും അവർ അതിനെ നിരസിച്ചു കളഞ്ഞിരിക്കുന്നു. അതെ, സർ.

120 ഒരു എളിയ കൂട്ടരെ, ഒരു എളിയ സന്ദേശത്തെ, അങ്ങനെയുള്ള ഒന്നിനെ നിരസിച്ചാൽ എങ്ങനെയാണ് കുഴപ്പത്തിലേയ്ക്ക് പോകുന്നത് എന്ന് അവർക്ക് മനസ്സിലാക്കാൻ കഴിയുന്നില്ല.

121 കുറച്ചു നാളുകൾക്ക് മുമ്പ്, ഓറെഗെനിലുള്ള, ഗ്രാന്റ് പാസ്സിൽ വെച്ചു, ഒരു സ്ത്രീ എന്നോടു പറഞ്ഞു, അതിനെക്കുറിച്ചു കുറപ്പെടുത്തി എഴുതാനായി കടന്നു വന്ന ഒരു കത്തോലിക്കാ പെൺകുട്ടിയായിരുന്നു. അവൾ ഒരു പത്ര റിപ്പോർട്ടറായി, അവളുടെ കൈയ്യിൽ ഒരു സിഗരേറ്റും ഏന്തി വന്നിരുന്നു. അവൾ പറഞ്ഞു, “ഞാൻ താങ്കളോടു സംസാരിക്കാൻ ആഗ്രഹിക്കുന്നു.”

ഞാൻ ചോദിച്ചു, “നിങ്ങൾ എന്താണ് ചോദിക്കാൻ ആഗ്രഹിക്കുന്നത്?”

അവൾ പറഞ്ഞു, “താങ്കളുടെ ഈ മതത്തെക്കുറിച്ചുള്ള കുറച്ചു ചോദ്യങ്ങൾ ഞാൻ താങ്കളോടു ചോദിക്കാൻ ആഗ്രഹിക്കുന്നു.”

അപ്പോൾ ഞാൻ ചോദിച്ചു, “നിങ്ങൾ ചോദിക്കാൻ പോകുന്ന ആ കാര്യം എന്താണ്?”

അപ്പോൾ അവൾ ചോദിച്ചു, “താങ്കൾ എന്തു അധികാരത്തിന്മേലാണ് ഇതെല്ലാം ചെയ്യുന്നത്?”

122 ഞാൻ പറഞ്ഞു, “യേശുക്രിസ്തുവിന്റെ നാമത്തിലുള്ള, ഒരു ദിവ്യ വിളിയാൽ ആകുന്നു.” അപ്പോൾ അവൾ വേദനയുളവാക്കും വിധം മുന്നോട്ടു പോയി, പിന്നെയും ചോദിച്ചുകൊണ്ടിരുന്നു. ഞാൻ പറഞ്ഞു, “ഒരു നിമിഷം മാത്രം.”

അവൾ പറഞ്ഞു, “എനിക്ക് അവിടെയുള്ള അജ്ഞരുമായിട്ട് സഹവർത്തിക്കണമെന്നുണ്ടെങ്കിൽ,” പറഞ്ഞു “ഞാൻ ഒരു ക്രിസ്ത്യാനി പോലും ആയിരിക്കാൻ ആഗ്രഹിക്കുന്നില്ല.” അവൾ പറഞ്ഞു, “അവർ... ഒരുനാൾ ആ ജനങ്ങൾ ഭൂമിയെ ഭരിക്കുമെന്നു പറയുന്നു.” അവൾ പറഞ്ഞു, “അവിടെ ഞാൻ ഉണ്ടായിരിക്കുമെന്നു പ്രതീക്ഷിക്കുന്നില്ല.”

ഞാൻ പറഞ്ഞു, “വിഷമിക്കേണ്ട. നിങ്ങൾ ഉണ്ടായിരിക്കില്ല.” ഞാൻ പറഞ്ഞു, “നിങ്ങൾ...അതിനെക്കുറിച്ച് വിഷമിക്കേണ്ടതുണ്ട്.”

അവൾ ചോദിച്ചു, “എന്തിനാണ്, അവിടെയുള്ള സകലരും കരയുകയും നിലവിളിക്കുകയും ചെയ്യുന്നത്!”

ഞാൻ ചോദിച്ചു, “നിങ്ങൾ ഒരു കത്തോലിക്കക്കാരിയാണെന്നു അവകാശപ്പെടുന്നുണ്ടോ?”

അവൾ പറഞ്ഞു, “ഞാൻ ആകുന്നു.”

123 ഞാൻ ചോദിച്ചു, “ദൈവം കന്യകാ മറിയത്തെ സ്വീകരിക്കും മുമ്പ്, അവർ സ്വീകരിച്ച അതേ വിധത്തിൽ തന്നെ, പരിശുദ്ധാത്മാവിനെ സ്വീകരിച്ച് ആത്മാവിൽ നൃത്തമാടുകയും, അന്യഭാഷയിൽ സംസാരിക്കുകയും ചെയ്യേണ്ടതായിട്ടുണ്ടായിരുന്നു എന്നു നിങ്ങൾക്കറിയാമോ? നിങ്ങൾ അവളെ ദൈവത്തിന്റെ അമ്മ എന്നു വിളിക്കുന്നു.”

അവൾ പറഞ്ഞു, “അത് വിഡ്ഢിത്തമാകുന്നു.”

ഞാൻ പറഞ്ഞു, “ഒരു നിമിഷം മാത്രം. ഞാൻ...”

“ഞാൻ അതു ബൈബിളിൽ തന്നെ നോക്കേണ്ടതുണ്ട്.”

124 ഞാൻ ചോദിച്ചു, "എന്താണ് സത്യം അതല്ല അല്ല എന്ന് പിന്നെ എങ്ങനെയാണ് നിങ്ങൾക്ക് അറിയാൻ കഴിയുന്നത്?"

അവൾ പറഞ്ഞു, "ഞാൻ എന്റെ സഭ പറയുന്നത് എടുക്കും."

125 ഞാൻ പറഞ്ഞു, "ഇത് ദൈവത്തിന്റെ വചനമാകുന്നു. ഇവിടെ ശരിയ്ക്കും ഇവിടെ അതുണ്ട്. അതിലേയ്ക്ക് നോക്കാനായി ഞാൻ നിങ്ങളെ വെല്ലുവിളിക്കുന്നു. മറിയ അവിടെ മാളിക മുറിയിലായിരുന്നിട്ട്, മറ്റുള്ള എല്ലാവരെയും പോലെ പരിശുദ്ധാത്മാഭിഷേം സ്വീകരിച്ചു. അതുമല്ല നിങ്ങൾ അവളെ ദൈവത്തിന്റെ അമ്മ എന്നു വിളിക്കുന്നു." ഞാൻ പറഞ്ഞു, "പിന്നെയും അതിനെ, ചണ്ടികൾ, പിൻപോക്കർ എന്നു വിളിക്കുന്നോ?" ഞാൻ പറഞ്ഞു, "വിഷമിക്കേണ്ട. നിങ്ങൾ അവിടെ ഉണ്ടായിരിക്കില്ല. അതു മാത്രമാണ് നിങ്ങളെ വിഷമിപ്പിക്കുന്നതെങ്കിൽ, പിന്നെ അതിനെക്കുറിച്ച് നിങ്ങൾ അതിയായി വിഷമിക്കേണ്ടതില്ല. പെൺകുഞ്ഞേ, നിങ്ങൾ നിങ്ങളുടെ പാവം പിടിച്ച സ്വന്ത പ്രാണനെക്കുറിച്ച് മാത്രം ചിന്തിച്ചാൽ മതി." ഞാൻ അവളെ പോകാൻ അനുവദിച്ചു.

126 ഇപ്പോൾ ലളിതമായി, ഇതെല്ലാം ഒന്നു ചിന്തിച്ചുനോക്കു. ദൈവം അതിനെ അത്രയും ലളിതമാക്കിയിരിക്കുന്നു.

ഏലിയാവ്, അവൻ ഒരു അദ്ധ്യാത്മാവാദി ആയിരുന്നിട്ടും, ആഹാബ് എങ്ങനെ, എങ്ങനെ ഈസബേലിന്, ആ ജനങ്ങൾക്ക് എങ്ങനെയാണ് ഒരു ദുർമന്ത്രവാദിയാണെന്ന് ചിന്തിക്കാനായത്? ആഹാബും പറഞ്ഞു, "ഈ എല്ലാ കഷ്ടങ്ങളും യിസ്രായേലിനു സംഭവിച്ചത് ഇവൻ മുഖാന്തരമാണ്."

അവൻ പറഞ്ഞു, "നീയാണ് യിസ്രായേലിനെ കഷ്ടപ്പെടുത്തുന്നത്."

127 പൌരോഹിത്യപരമായ ഒരു വസ്ത്രധാരണമോ, അങ്ങനെയോ മറ്റോ ഉള്ള ഒന്നുമില്ലാതെ, മുഖത്തു ചുരുണ്ട മുടിയുമായി വന്ന് അത് തെറ്റാണെന്നു വിധിക്കുന്ന, ഒരു മനുഷ്യന്റെ സന്ദേശത്തെപ്പറ്റി ആ രാജ്യം, എങ്ങനെയാണ് ചിന്തിച്ചത്?

മിസ്രായീമിന് എങ്ങനെ, ലോകത്തെ ഭരിച്ചിരുന്നവർ, ഫറവോന്മാർ, അതിന്റെ നിരയിൽപ്പെട്ട പ്രതാപമേറിയവർ...? ശാസ്ത്രീയമായും മറ്റും, ലോകം ഒരിക്കലും അതിന്റെ സ്ഥാനത്തേയ്ക്ക് വരികയില്ല. നരച്ച തലമുടി, താടി മുഖത്തു കൂടി തൂങ്ങിക്കിടക്കുന്നു, ഒരു അഭയാർത്ഥിയെപ്പോലെ, അവിടേയ്ക്ക് ഇടിച്ചു കയറി വന്ന, ആ എണ്പത് വയസ്സുള്ള പ്രവാചകനെ, നിരസിച്ചപ്പോൾ അവർ എന്താണ് ചിന്തിച്ചത്? അവിടേയ്ക്ക് ഒരു സന്ദേശവുമായി വന്നു, "നിങ്ങൾ

അവരെ പോകാൻ അനുവദിച്ചില്ലെങ്കിൽ ദൈവം ഈ രാജ്യത്തെ ഉന്മൂലനം ചെയ്യും." ഫറവോന് എങ്ങനെ? "ഫറവോനെ, നീ എന്നെ അനുസരിക്കുക."

128 ഫറവോൻ ചോദിച്ചു, "അനുസരിക്കുകയോ?" ഓ, അവൻ, ഫറവോനോട്! "മാത്രമല്ല ഒരു വയസ്സനായ, ഏതോ ഒരു കിറുക്കൻ," അവർ ചിന്തിച്ചു, "ആ വ്യക്തിയെ അങ്ങനെ വിട്ടു കളയുക, ഒരു രാജ്യത്തെ നശിപ്പിക്കുകയോ?" എന്നാൽ അതു സംഭവിച്ചു. ഓ, എന്റെ!

നമുക്ക് നിർത്താം, ഒരു ചില നിമിഷങ്ങൾ താല്ക്കാലികമായി നിർത്തി ഒരു പ്രാർത്ഥന നടത്തിയിട്ട്, പിന്നെയും ചിന്തിക്കാം. നാം ജീവിക്കുന്നത് ഏതു ദിവസത്തിലാണ്? നാം എവിടെ എത്തിയിരിക്കുന്നു? മറ്റൊരു അധുനീക, ശാസ്ത്രീയ യുഗത്തിൽ. നാം ചിന്തിക്കുന്നതാണ് നല്ലത്. ചിലപ്പോൾ, നിങ്ങൾ നിന്നേക്കാം, ജനങ്ങൾ നില്ക്കുകയും അല്പം പ്രാർത്ഥിക്കുകയും ചെയ്തേക്കാം, അല്പം ചിന്തിച്ചേക്കാം, നിങ്ങൾ അതിലൂടെ കടന്നു കഴിയുമ്പോൾ നിങ്ങൾക്ക് നന്നായി തോന്നും. അതു ശരിയാണ്.

129 ഒരു ക്രിസ്ത്യാനി എന്നാൽ ഒരു ഉപകരണമോ, അതല്ല ഒരു മഹത്തായ മതപരമായ ഭരണക്രമത്തിന്റെ യാന്ത്രികമായ ഉപകരണമോ അല്ല. അതു ശരിയാണ്. മതപരമായ സംഘടനയെ തുടർന്നും മുന്നോട്ടു കൊണ്ടുപോകുന്ന ഒരു പ്രത്യേക തരത്തിലുള്ള ഉപകരണമല്ല ഒരു ക്രിസ്ത്യാനി. ഒരു ക്രിസ്ത്യാനി, അത് ഒരു ക്രിസ്ത്യാനിയല്ല. ഒരു ക്രിസ്ത്യാനി എന്നാൽ ക്രിസ്തുവിനെപ്പോലെയുള്ള ഒന്ന് എന്നാകുന്നു. ക്രിസ്തു ആ മനുഷ്യനിലേയ്ക്ക് വരുവോളം ഒരു ക്രിസ്ത്യാനിയ്ക്ക് ഒരു ക്രിസ്ത്യാനി ആയിരിക്കാൻ കഴിയില്ല, ക്രിസ്തുവിന്റെ ജീവൻ അവനിൽ ഇരിക്കുന്നു. അപ്പോൾ ക്രിസ്തു ജീവിച്ചിരുന്ന ഒരു ജീവിതത്തെ ഉല്പാദിപ്പിക്കുന്നു, ക്രിസ്തു ചെയ്തിരുന്ന അതേ കാര്യങ്ങളെ നിങ്ങളും ചെയ്യുന്നു.

130 എന്തിനെപ്പറ്റിയാണ് ഞാൻ സംസാരിക്കുന്നത്? ക്രിസ്തുവിനോടുള്ള വ്യക്തിപരമായ ബന്ധത്തെക്കുറിച്ചാകുന്നു. അത് എന്താകുന്നു? നിങ്ങളുടെ ജീവിതം സുവിശേഷത്തിന് യോഗ്യമോ?

ഇപ്പോൾ ഇതു നിങ്ങളെ, പുരുഷന്മാരെയും സ്ത്രീകളെയും, പ്രസിദ്ധിയാർജ്ജിച്ച പുരുഷന്മാരെയും സ്ത്രീകളെയും, കാണിക്കേണ്ടതിന്, അതിന്റെ ഒരു പശ്ചാത്തലം ഇടാൻ ഞാൻ ശ്രമിക്കുകയാണ്.

131 ബൈബിൾ പറയുന്നു. നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടോ? കഴിഞ്ഞ ഞായറാഴ്ച രാത്രിയിൽ, ഉല്പത്തി 6-ാം അദ്ധ്യായത്തിലെ 4-ാം

വാക്യത്തിലുള്ള, ചിലതു ഉൾപ്പെടുത്താനായി ഞാൻ മറന്നുപോയി. “ആ സ്ത്രീകളെ, ഭാര്യമാരായി എടുത്ത, ആ പുരുഷന്മാരെല്ലാം, പഴയ നിയമത്തിലെ, കീർത്തിമാന്മാർ ആയിരുന്നു.” കീർത്തിമാന്മാർ, വീണ്ടും കടന്നു വരുമെന്നു മുൻകൂട്ടി പറഞ്ഞിരിക്കുന്നു. “നോഹയുടെ നാൾക്കളിൽ എന്നതുപോലെ തന്നെ, മനുഷ്യപുത്രന്റെ വരവിങ്കലും ആകും.” “കീർത്തിമാന്മാർ സ്ത്രീകളെ എടുക്കുന്നു,” ഭാര്യമാരെയല്ല, “സ്ത്രീകളെ; അന്യജഡത്തിന് പിന്നാലെ പോകുന്നു.”

132 ഇംഗ്ലണ്ടിൽ ചില ആഴ്ചകൾക്കു മുമ്പുണ്ടായതിലേയ്ക്ക്, നോക്കു. അമേരിക്കയിലേയ്ക്ക് നോക്കു. എല്ലായിടത്തേയ്ക്കും നോക്കു, അത് മുഴുവനും വേശ്യാവൃത്തിയിലായിരിക്കുന്നു. മഹാന്മാരായ മനുഷ്യർ, വലുതും, ഉന്നതവുമായ കാര്യാലയങ്ങൾ, സ്ത്രീകളുടെ പിന്നാലെ ഓടുന്നതിനാൽ, രാജ്യത്തിന്മേൽ അപമാനത്തെ കൊണ്ടുവരുന്നു. അവിടെ ഇംഗ്ലണ്ടിലുള്ള ആ മഹാനായ മനുഷ്യൻ, ഒരുവിധത്തിലെ ഒരു ഗുണ്ടാത്തലവനായിട്ട്, അവന് ഒരു മനോഹരിയായ ഭാര്യയും ഉണ്ടു എന്നുള്ള കാര്യത്തെ നിങ്ങൾ ശ്രദ്ധിച്ചിരിക്കണം. അതിനോടൊപ്പം തന്നെ, അവളുടെ ചിത്രവും അവിടെ ഉണ്ടായിരുന്നു. ആ റഷ്യൻ വേശ്യയെ ശ്രദ്ധിക്കു, അവൾ പൂർണ്ണമായും കാമഭാവമുള്ള വേഷവും ധരിച്ചുകൊണ്ട്, അവളുടെ സ്ത്രൈണമായ ശരീര ഭാഗങ്ങളും, പ്രദർശിപ്പിച്ചുകൊണ്ട് അവളെ അവിടെ എറിഞ്ഞിരുന്നു. പുരുഷന്മാർ അതിനായി വീണുപോകയും ചെയ്യുന്നു.

133 ദൈവത്തിന്റെ പുത്രന്മാരെയാണ് നമുക്കിന്ന് ആവശ്യമായിരിക്കുന്നത്. ദൈവപുത്രന്മാരായ മനുഷ്യർ, സർക്കാരിൽ നമുക്ക് ഉണ്ടായിരിക്കേണ്ടത് ആവശ്യമാകുന്നു. അതു ശരിയാണ്. അതിനാൽ, ഒരു നല്ലതും, ദൈവ ഭയവുമുള്ള ഒരു രാജാവ് ഈ വൃത്തികെട്ടതെല്ലാം നിർത്തിക്കളയും. അതിനെ സ്വാധീനിക്കാനായി ഒന്നും തന്നെയില്ല. ദാവീദ് ചെയ്തതുപോലെ, അവൻ അതിനു ഒരു അന്ത്യം വരുത്തിയിരുന്നു. തീർച്ചയായും ചെയ്തിരുന്നു, എന്തുകൊണ്ടെന്നാൽ അവൻ രാജാവായിരുന്നു. മാത്രമല്ല അവിടെ ഒന്നിനെ...

134 ശരിയായ വഴി, എന്നത്, ദൈവം രാജാവായിരുന്നു, ദൈവം തന്നെ ഒരു പ്രവചാകനെ അയയ്ക്കേണം എന്നുള്ളതാകുന്നു. അവർക്ക് ഒരു രാജാവിനെ ലഭിക്കുന്നതിനു മുമ്പേ തന്നെ ശമുവേൽ അവരോടു അതു പറഞ്ഞതല്ലേ? അവൻ പറഞ്ഞു, “ദൈവമാണ് നിങ്ങളുടെ രാജാവ്. കർത്താവിന്റെ നാമത്തിൽ ഞാൻ നിങ്ങളോടു പറഞ്ഞിട്ടുള്ളതിൽ സംഭവിക്കാത്തതായി എന്തെങ്കിലുമുണ്ടോ?”

അവർ പറഞ്ഞു, “ഇല്ല. അതു ശരിയാണ്.”

"നിങ്ങളുടെ ജീവിതത്തിനായി ഞാൻ എപ്പോഴെങ്കിലും നിയമവിരുദ്ധമായത് പറഞ്ഞിട്ടുണ്ടോ?"

"ഇല്ല. ഒരു ജീവിതത്തിനായി നീ ഒരിക്കലും ഞങ്ങളോടു മോശമായത് പറഞ്ഞിട്ടില്ല."

"കർത്താവിന്റെ മുന്നിൽ, ശരിയല്ലാത്ത ഒന്നും ഞാൻ നിങ്ങളോടു ഒരിക്കലും പറഞ്ഞിട്ടില്ല." പറഞ്ഞു, "ദൈവമാണ് നിങ്ങളുടെ രാജാവ്."

135 "ഓ, ഞങ്ങൾ അതു തിരിച്ചറിയുന്നു. ശമൂവേൽ, നീ ഒരു നല്ല മനുഷ്യനാണെന്ന് ഞങ്ങൾക്കറിയാം. ദൈവത്തിന്റെ വചനം നിന്റെ അടുക്കൽ വരുന്നു എന്നു ഞങ്ങൾക്കറിയാം, എന്നാൽ എങ്ങനെയും, ഞങ്ങൾക്ക് ഒരു രാജാവിനെ വേണം." കാണുന്നോ? അതാണ് അവർക്ക് കിട്ടിയത്.

136 പെന്തെക്കോസ്തിന്, എങ്ങനെയും ഒരു സംഘടന ആവശ്യമായിരുന്നു. അതിനു അതു കിട്ടി. അതു ശരിയാണ്. മറ്റുള്ള സഭകളെപ്പോലെയാകാൻ ആഗ്രഹിച്ചു. നിങ്ങളാകുന്നു. മുന്നോട്ട് പോയ്ക്കൊള്ളുക, അത്, അതാണ് അതു എടുക്കുന്നത്. എന്നാൽ ദൈവം ഞങ്ങളുടെ രാജാവാകുന്നു. ദൈവമാണ് ഞങ്ങളുടെ രാജാവാണ്. അതെ, സർ.

137 അത് എന്താകുന്നു? അത് എന്തുകൊണ്ടെന്നാൽ ജനങ്ങൾ, അവർ ക്രിസ്തുവിന്റെ നാളുകളിൽ ചെയ്തതുപോലെയും, അവർക്ക് ഓരോ കാലത്തിലും ഉണ്ടായിരുന്നതു പോലെയും, അവർ ഒരു ഒഴികഴിവു കണ്ടുപിടിച്ചിരിക്കുന്നു. അവർക്കു അവരുടേതായ മതവിശ്വാസങ്ങളുണ്ട്. "ഞാൻ—ഞാൻ ഒരു പശുവിനെ വാങ്ങിക്കൊണ്ടു വന്നു, അവളെ ഉപയോഗിക്കാനാകുമോ ഇല്ലയോ അഥവാ പാൽ തരുമോ അതുമല്ല—മാത്രമല്ല അവളിൽ എന്തുണ്ട് എന്നു നോക്കട്ടെ എന്നു നിങ്ങൾ പറയാൻ ആഗ്രഹിക്കുന്നില്ല." നിങ്ങൾക്ക് ആ ഒഴികഴിവ് ഉണ്ടായിരിക്കില്ല.

എന്നാൽ ജനങ്ങൾക്ക് പറയാനാകുന്ന ഒരുവിധത്തിലെ ഒഴിവുകഴിവ് ഇവിടെയുണ്ട്, "ഞാൻ ഒരു പ്രിസ്ബിറ്റേറിയനാണ്. ഞങ്ങൾ അതിൽ വിശ്വസിക്കുന്നില്ല. ഞാൻ ബാപ്റ്റിസ്റ്റാണ്. അങ്ങനെയുള്ള ഒരു ചപ്പചവറിൽ ഞങ്ങൾ വിശ്വസിക്കുന്നില്ല. അതെ, ഞാൻ ഒരു ലൂഥറിൻ കാരനാകുന്നു." അതെ, അതിനു അതുമായി ഒന്നും ചെയ്യാനില്ല. നിങ്ങൾ ഒരു ക്രിസ്ത്യാനിയാണെന്നു അത് അർത്ഥമാക്കുന്നില്ല. അതിന്റെ അർത്ഥം നിങ്ങൾ സംഘടിതമായിരിക്കുന്ന ഒരുകൂട്ടം ജനങ്ങളിൽ ഉൾപ്പെട്ടിരിക്കുന്നു എന്നാണ്. നിങ്ങൾ ലൂഥറിൻ ലോഡ്ജിൽ, ബാപ്റ്റിസ്റ്റ് ലോഡ്ജിൽ,

പെന്തെക്കോസ്ത് ലോഡ്ജിൽ ഉൾപ്പെട്ടിരിക്കുന്നു എന്നാകുന്നു. പെന്തെക്കോസ്ത് സഭ എന്നൊരു കാര്യം തന്നെയില്ല. ബാപ്റ്റിസ്റ്റ് സഭ എന്നൊരു കാര്യമില്ല. അതു ബാപ്റ്റിസ്റ്റ് ലോഡ്ജ്, പെന്തെക്കോസ്ത് ലോഡ്ജ്, പ്രിസ്ബിറ്റേറിയൻ ലോഡ്ജ് എന്നതാകുന്നു.

എന്നാൽ ഒരേ ഒരു സഭയേയുള്ളൂ. അതിലേയ്ക്ക് കടക്കാനായി ഒരേ ഒരു വഴിയേയുള്ളൂ, അതു ജനനത്താലാകുന്നു. യേശുക്രിസ്തുവിന്റെ സഭയിലേക്ക് നിങ്ങൾ ജനിക്കുകയും, അവന്റെ ശരീരത്തിലെ ഒരു അംഗമായി, സ്വർഗ്ഗത്തിലെ ഒരു ആത്മീയ പ്രതിനിധിയായി തീരുകയും ചെയ്യുന്നു. അതുകഴിയുമ്പോൾ, ക്രിസ്തു നിങ്ങളോടു കൂടെയും, നിങ്ങളിലൂടെയും ജീവിക്കുന്നതായി, അടയാളങ്ങളാൽ കാണുന്നു.

138 ക്രിസ്ത്യാനികൾ, ഓ, നിങ്ങൾക്ക് ദൈവത്തോടു ഒരു വ്യക്തിപരമായ ബംന്ധം ഉണ്ടായിരിക്കണം. ദൈവത്തിന്റെ ഒരു പുത്രനാകേണ്ടതിന്, നിങ്ങൾ തികച്ചും ദൈവത്തിന്റെ ബന്ധുത്വത്തിൽ ആയിരിക്കണം. നിങ്ങൾ അവന്റെ പുത്രനാകേണ്ടതിന്, അവൻ തികച്ചും നിങ്ങളുടെ പിതാവായിരിക്കണം. സഭയുടെ അംഗങ്ങളല്ല, അവന്റെ പുത്രന്മാരും പുത്രിമാരും മാത്രമേ രക്ഷിക്കപ്പെടുന്നുള്ളൂ, പുത്രന്മാരും പുത്രികളും മാത്രം. അത് ഒരേ ഒരു കാര്യം മാത്രമാണ് ഉല്പാദിപ്പിക്കുന്നത്, അത് പുതുജനനമാകുന്നു. ദൈവവുമായി ബന്ധത്വത്തിലാകാൻ ഉല്പാദിപ്പിക്കുന്ന ഒരേ ഒരു കാര്യം പുതു ജനനമാകുന്നു. അത് ശരിയല്ലേ? [പള്ളിയിൽ കൂടിയിരിക്കുന്നവർ പറയുന്നു, "ആമേൻ."—Ed.] പുത്രന്മാരും പുത്രികളും. ഇതു സംഭവിച്ചു കഴിയുമ്പോൾ, പിന്നെ ഈ മനുഷ്യർ...

139 നിങ്ങൾ അറിഞ്ഞിരിക്കാനായി ഞാൻ ആഗ്രഹിക്കുന്ന ചോദ്യം ഇവിടെയാണ്. ആ മനുഷ്യൻ ചോദിക്കും, "വീണ്ടും ജനിച്ചുകഴിയുമ്പോൾ പിന്നെ നാം എന്തു ചെയ്യും?" അനേകർ എന്നോട് ആ ചോദ്യം ചോദിച്ചിട്ടുണ്ട്. "അതിനു ശേഷം ഞാൻ എന്തു ചെയ്യും ബ്രദർ ബ്രൺഹാം?" നിങ്ങൾ വീണ്ടും ജനിച്ചിട്ടുണ്ടെങ്കിൽ, നിങ്ങളുടെ മുഴുവൻ പ്രാകൃതവും മാറ്റപ്പെട്ടിരിക്കും. നിങ്ങൾ ഒരിക്കൽ ചിന്തിച്ചിരുന്ന കാര്യങ്ങളിൽ നിന്നും നിങ്ങൾ മരിച്ചിരിക്കും.

140 "അതെ," നിങ്ങൾ പറയും, "ബ്രദർ ബ്രൺഹാം, ഞാൻ സഭയിൽ ചേർന്നപ്പോൾ, എനിക്കതു കിട്ടി."

അതെ, അതുകഴിഞ്ഞ്, ദൈവം പറഞ്ഞു, "യേശുക്രിസ്തു ഇന്നലെയും, ഇന്നും, എന്നെന്നേയ്ക്കും മാറ്റമില്ലാവനാണ്. അവൻ ഇപ്പോഴും രോഗികളെ സൌഖ്യമാക്കുന്നു. അവൻ ഇപ്പോഴും ദർശനങ്ങളെ അയയ്ക്കുന്നു."

"എന്നാൽ ബ്രദർ ബ്രൺഹാം, എന്റെ സഭ!" ഇപ്പോൾ, നിങ്ങൾ വീണ്ടും ജനിച്ചിട്ടില്ല. കാണുന്നോ? നിങ്ങൾക്ക് കഴിയില്ല; കാരണം, അതേ ദൈവം തന്നെ, അവന്റെ ജീവൻ നിങ്ങളിലുണ്ടെങ്കിൽ, ഇങ്ങനെ...നിങ്ങളിൽ...നിങ്ങളുടെ പിതാവിന്റെ ജീവൻ ആയിരിക്കുന്നതുപോലെ, മാത്രമല്ല, ദൈവത്തിന്റെ അതേ ജീവൻ തന്നെ നിങ്ങളിലുണ്ടെങ്കിൽ, ക്രിസ്തുവിൽ ഉണ്ടായിരുന്ന അതേ ആത്മാവു തന്നെ, നിങ്ങളിൽ ഉണ്ടെങ്കിൽ, ക്രിസ്തുവിൽ ഉണ്ടായിരുന്നിട്ട് *ഇത്* എഴുതിയിരിക്കുന്ന അതേ ആത്മാവു തന്നെ, നിങ്ങളിലേയ്ക്ക് തിരികെ വന്നാൽ അത് നിരസിക്കുന്നത് എങ്ങനെ? കാണുന്നോ? അതു ചെയ്യാൻ കഴിയില്ല. അത് ഓരോ വചനത്തെയും അങ്ങനെതന്നെ എന്നു ഊന്നിപ്പറയും.

141 പിന്നെ, നിങ്ങൾ പറയുകയാണ്, "അതെ, ഞാൻ സഭയിലെ ഒരു നല്ല അംഗമാകുന്നു," അതിനു ഇതുമായി യാതൊന്നും തന്നെ ചെയ്യാനില്ല.

വിഗ്രഹാരാധികളെ എനിക്കറിയാം. ആഫ്രിക്കയിലെ, എന്റെ കറുത്ത നിറക്കാരായ സഹോദരന്മാരുടെ ഇടയിൽ, ആ ജനങ്ങളുടെ സദാചാരം തൊണ്ണൂറു ശതമാനം അമേരിക്കാക്കാരുടെതിലും ഉന്നതമാണെന്നു ഞാൻ കണ്ടിരിക്കുന്നു. എന്തെന്നാൽ, അവിടെയുള്ള ചില ഗിരി വർഗ്ഗക്കാരിൽ, ഒരു ചെറുപ്പക്കാരി പെൺകുട്ടി, അവൾ ഒരു പ്രത്യേക പ്രായമാകും വരെയോ, അവൾ ഒരു പ്രത്യേക സൈസ് ആയിട്ടും അവളെ ആരെങ്കിലും കൂട്ടുന്നില്ലെങ്കിൽ, അവിടെ എന്തോ ചില കുഴപ്പങ്ങളുണ്ടെന്ന് അവർ അറിയുന്നു. അവർ അവൾക്ക് ഭ്രഷ്ട് കല്പിക്കുന്നു. അവളുടെ ഗിരി വർഗ്ഗത്തിന്റെ ചായം അവൾ നീക്കിക്കളഞ്ഞ്, അവൾ പട്ടണത്തിലേയ്ക്ക് പോകുകയും, അവൾ വെറും ഒരു വിശ്വാസഘാതകിയായി തീരുകയും ചെയ്യുന്നു. അതിനു ശേഷം അവൾ വിവാഹിതയാകുമ്പോൾ, അവളുടെ കന്യകാത്വത്തെ പരിശോധിക്കുന്നു. ആ ചെറു മഹിളയുടെ കന്യകാചർമ്മം പൊട്ടിയിട്ടുണ്ടെങ്കിൽ, അത് ആരാണ് ചെയ്തത് എന്ന് അപ്പോൾ അവൾ പറയേണ്ടതുണ്ട്. അവർ അവരെ രണ്ടാളെയും, ഒരുമിച്ചു കൊന്നുകളയുന്നു. അതു ഇവിടെയും സംഭവിച്ചിരുന്നെങ്കിൽ വളരെയേറെ കൊലകൾ അമേരിക്കയിൽ ഉണ്ടാകുകയില്ലായിരുന്നു അല്ലേ? [പള്ളിയിൽ കൂടിയിരിക്കുന്നവർ പറയുന്നു, "ആമേൻ."—Ed.] കാണുന്നോ? പിന്നെയും നിങ്ങൾ അവരെ വിഗ്രഹാരാധികൾ എന്നു വിളിക്കുന്നോ? ഓ, എന്റെ! അവർ കടന്നു വന്നു, ഞങ്ങൾ സഭയുടെ അംഗങ്ങൾ എന്നു പറയുന്ന, ജനങ്ങളെ എങ്ങനെയാണ്

വിശുദ്ധിയോടെ ജീവിക്കേണ്ടതെന്നു, ഉപദേശിക്കാനാകും. അതു ശരിയാണ്.

142 സൌത്ത് ആഫ്രിക്കയിൽ മുഴുവനുമായി ഒരു യാത്ര നടത്തിയാലും രതിജന്യമായ ഒരു വ്യക്തിയെപ്പോലും ഒരിക്കലും കണ്ടുപിടിക്കാൻ കഴിയുകയില്ല. അങ്ങനെ ഒരു കാര്യം അവർക്കില്ല. അവിടെയാണ് നിങ്ങൾ. കാണുന്നോ? അതു വെള്ളക്കാരായ ജനങ്ങളായി, ദുഷിച്ചതും വൃത്തികെട്ടതുമായ രീതി മാത്രമാകുന്നു. അതു ശരിയാണ്. ദൈവത്തിൽ നിന്നും ദൂരമായിരിക്കുന്നു.

143 പുതുജനനത്താൽ, ഇതു സംഭവിക്കുമ്പോൾ, നിങ്ങൾ ചെയ്യുന്ന കാര്യങ്ങൾ, നിങ്ങൾ വിശ്വസിക്കുകയും നിങ്ങൾക്ക് ചെയ്യേണ്ടതായി ദൈവം പറഞ്ഞിരിക്കുന്ന കാര്യങ്ങൾ നിങ്ങൾ ചെയ്യുന്നു എന്ന്, നിങ്ങളിലേയ്ക്ക് കടന്നു വന്ന ആത്മാവിനാൽ നിങ്ങൾ കണ്ടുപിടിക്കുകയും ചെയ്യും. നിങ്ങൾക്ക് ചെയ്യേണ്ടതുണ്ടെന്നു ബൈബിൾ പ്രതിപാദിക്കുന്നതിനെ, നിങ്ങൾ "ആമേൻ" പറഞ്ഞുകൊണ്ട് ഊന്നിപ്പറയും. നിങ്ങൾ അതു സ്വീകരിക്കുന്നതുവരെ, രാവും പകലും, നിങ്ങൾ നിർത്തുകയില്ല. അതു ശരിയാണ്. അത് ശരിയാണ്. ഈ സമയത്തെല്ലാം, നിങ്ങൾ തീർച്ചയായും, എല്ലാത്തിനും മേലെയായി, ആത്മാവിന്റെ ഫലങ്ങളെ പുറപ്പെടുവിക്കും.

144 നിങ്ങൾ ചോദിക്കും, "ഞാൻ അന്യഭാഷകളിൽ സംസാരിക്കുമോ?" ഒരുപക്ഷേ നിങ്ങൾ ചെയ്തേന്നിരിക്കാം, നിങ്ങൾ ചെയ്തില്ലെന്നും വരാം. "ഞാൻ ആർപ്പിടുമോ?" ഒരുപക്ഷേ നിങ്ങൾ ചെയ്തേക്കാം. ചിലപ്പോൾ നിങ്ങൾ ചെയ്തില്ലെന്നുവരാം.

എന്നാൽ നിങ്ങൾ തീർച്ചയായും ഒരു കാര്യം ചെയ്യും. നിങ്ങൾ ആത്മാവിന്റെ ഫലങ്ങൾ പുറപ്പെടുവിക്കും. ആത്മാവിന്റെ ഫലമോ സ്നേഹം, സന്തോഷം, സമാധാനം, വിശ്വാസം, ദീർഘക്ഷമ, വിനയം, സൌമ്യത, ക്ഷമ എന്നിങ്ങനെയാകുന്നു. നിങ്ങളുടെ കോപം "ഹ്മഹ്!" എന്നായിരിക്കില്ല. ഇത്രയും ഓർത്തിരിക്കു, നിങ്ങൾക്ക് അതു കിട്ടുമ്പോൾ, അത് പരിശുദ്ധാത്മാവിനെ ദോഷപ്പെടുത്തുകയും അതു നിങ്ങളിൽ നിന്നും അകന്നു പോകുകയും ചെയ്യും. കാണന്നോ? നിങ്ങളുമായി ഇടപഴകുന്ന എല്ലാവരുമായി നിങ്ങൾ വഴക്കിടുന്ന ഒരു ഇടത്തേയ്ക്ക് എത്തിക്കഴിയുമ്പോൾ, അവിടെ എന്തോ തെറ്റായിട്ടുണ്ട്. നിങ്ങൾ ഒരു സ്ഥലത്തേയ്ക്ക് എത്തിയിട്ട്...ഒരു പ്രത്യേക കാര്യം ചെയ്യുന്നതു തെറ്റാണെന്ന്, ഒരു ധർമ്മോപദേശി ബൈബിളിൽ നിന്നും വായിക്കുകയും, പിന്നെ, നിങ്ങൾ...ഇത്രയും ഓർത്തിരിക്ക, അവിടെ ഒരു ക്രിസ്തീയതയും ശേഷിക്കുന്നില്ല. അതാണ്, ഇപ്പോൾ, "അവരുടെ

ഫലങ്ങളാൽ നിങ്ങൾ അവരെ തിരിച്ചറിയും." അതാണ് യേശു പറഞ്ഞിരിക്കുന്നത്. കാണുന്നോ?

145 അത് വചനമായി, ദൈവം അപ്രകാരം പറഞ്ഞിരിക്കുന്നെങ്കിൽ, നിങ്ങളിലുള്ള ആത്മാവ്, ഓരോ സമയത്തും, അതുമായി തൃപ്തികരമായി ചേർന്നിരിക്കും. എന്തുകൊണ്ടെന്നാൽ, യഥാർത്ഥ പരിശുദ്ധാത്മാവ് വചനവുമായി തൃപ്തികരമാം വണ്ണം ചേർന്നിരിക്കുന്നു, കാരണം വചനം ആത്മാവും ജീവനുമാകുന്നു. "എന്റെ വചനം ജീവനാകുന്നു," എന്നു യേശു പറഞ്ഞു. നിങ്ങൾക്ക് നിത്യജീവൻ ലഭിച്ചിരിക്കുകയും, അവൻ വചനമായിരിക്കുന്നു എങ്കിലും, വചനത്തെ എങ്ങനെ വചനത്തിനു തന്നെ നിരസിക്കാൻ കഴിയും? കാണുന്നോ? ദൈവത്തെ ഏതു വിധത്തിലുള്ള വ്യക്തിയായിട്ടാണ് നിങ്ങളുണ്ടാക്കുന്നത്? ഓരോ വചനത്തിന്മേലും നിങ്ങൾക്ക് പരിപൂർണ്ണമായി യോജിക്കാൻ കഴിയുന്ന, ആ ഒരു കാര്യമാണ്, നിങ്ങൾ ക്രിസ്ത്യാനിയാണ് എന്നറിയിക്കുന്നത്.

146 നിങ്ങളുടെ ശത്രുക്കളുമായി നിങ്ങൾ സ്നേഹത്തിലായിരിക്കുന്നത് നിങ്ങൾ കണ്ടുപിടിക്കും. ആരെങ്കിലും പറയും, "അതെ, അവൻ ഒരു വിശുദ്ധ-ഉരുളുകാരനല്ലാതെ മറ്റൊന്നുമല്ല." നിങ്ങൾ ഇങ്ങനെ... ആഹ്! എന്നു ശബ്ദിക്കാൻ തുടങ്ങിയാൽ, വളരെ ശ്രദ്ധിക്കുക. ശ്രദ്ധിക്കുക. എന്നാൽ നിങ്ങൾ നിങ്ങളെത്തന്നെ, വാസ്തവമായും കണ്ടുപിടിക്കുമ്പോൾ, നിങ്ങൾ അവനെ സ്നേഹിക്കും! അവർ എന്തു ചെയ്തുകൊണ്ടിരുന്നാലും, നിങ്ങൾ അപ്പോഴും അവരെ സ്നേഹിക്കും. കാണുന്നോ?

147 നിങ്ങളുടെ ക്ഷമ *അത്രയേറെ* ദീർഘമേറിയതായി, അതിനു ഒരു അവസാനം ഇല്ലാതിരിക്കുന്നതായും, നിങ്ങൾ കണ്ടുപിടിക്കാൻ തുടങ്ങും. നിങ്ങളെക്കുറിച്ച് ആർ എന്തുതന്നെ പറഞ്ഞുകൊണ്ടിരുന്നാലും, "അതെ, താങ്കൾ എന്തു പറയുന്നു എന്നു ഞാൻ കാര്യമാക്കുന്നില്ല!" സംഭ്രമിക്കാൻ തുടങ്ങരുത്. നിങ്ങൾ സംഭ്രമിക്കാൻ തുടങ്ങുന്നെങ്കിൽ, നിങ്ങൾ അവരോടു വീണ്ടും സംസാരിക്കുന്നതിനു മുമ്പേ, ആദ്യം പ്രാർത്ഥിക്കുന്നതായിരിക്കും നല്ലത്. അതെ. അതെ.

വഴക്കിടുന്നതിലേയ്ക്ക് കടക്കരുത്. വഴക്കിടുന്നവരുടെ ഇടയിൽ കടന്നു കൂടാൻ ഇഷ്ടപ്പെടരുത്; ആരെങ്കിലും സഭയിൽ എഴുന്നേറ്റിട്ട് ചോദിക്കും, "നിങ്ങൾക്ക് എന്താണെന്ന് അറിയാമോ? ഞാൻ നിങ്ങളോടു പറയാം, *ഇന്ന-ഇന്നയാളും ഇന്ന-ഇന്നയാളും* ഇതെല്ലാം ചെയ്തു, എന്നു പറയുന്നത് കാണാൻ നിങ്ങൾ ഇഷ്ടപ്പെടുന്നെങ്കിൽ."

നിങ്ങൾ പറയണം, "ഇപ്പോൾ, സഹോദരാ, ഞാൻ നിന്നിൽ ലജ്ജിക്കുന്നു."

148 നിങ്ങൾ ചോദിക്കും, "ഓ, അത് അങ്ങനെയാണോ?" ആ അപവാദം കേൾക്കാൻ നില്ക്കുന്നോ? ശ്രദ്ധിച്ചുകൊള്ളുക.

പരിശുദ്ധാത്മാവ് ഒരു ചെളിക്കുണ്ടല്ല. കാണുന്നോ? അല്ല, അല്ല. അല്ല, അല്ല. പരിശുദ്ധാത്മാവിനാൽ മുഴുകിയിരിക്കുന്ന ഹൃദയം, പൂർണ്ണമായും പവിത്രതയാലും, ശുദ്ധതയാലും നിറഞ്ഞിരിക്കും. "ഒരു തിന്മയും ചിന്തിക്കുകയില്ല, ഒരു ദുഷ്ടതയും ചെയ്യുകയുമില്ല; സകലത്തെയും വിശ്വസിക്കുകയും; ദീർഘക്ഷമയാൽ, ഉറച്ചു നില്ക്കുകയും ചെയ്യും." കാണുന്നോ?

149 വഴക്കിടരുത്. വീട്ടുകാർ ഒരു വഴക്കിലേയ്ക്ക് കടന്നാൽ, അവരുമായി വഴക്കിടരുത്. നിങ്ങളുടെ അമ്മ പറയുകയാണ്, "ഇനിമേൽ, ആ പഴഞ്ചൻ സഭയിലേയ്ക്ക്, നീ പോകുന്നത് ഞാൻ ഇഷ്ടപ്പെടുന്നില്ല. അതെ, ഇപ്പോൾ നിങ്ങളുടെ മുടി വളർന്നുകൊണ്ടിരിക്കുന്നു, എന്നു നിങ്ങൾ എല്ലാവരും ചിന്തിച്ചുകൊള്ളുക, നിങ്ങൾ കാഴ്ചയിൽ ഒരു വൃദ്ധയായ അമ്മൂമ്മയെപ്പോലെയാണ്." അവളോട് വഴക്കിടരുത്.

പറയണം, "ശരി, അമ്മ. അതിനു കുഴപ്പമൊന്നുമില്ല. ഇങ്ങനെ തന്നെ, ഞാൻ ഇനിയും നിങ്ങളെ സ്നേഹിക്കുകയും. നിങ്ങൾ ജീവിച്ചിരിക്കും കാലം ഞാൻ നിങ്ങൾക്കായി പ്രാർത്ഥിക്കുകയും ചെയ്യും." കാണുന്നോ?

150 ഇപ്പോൾ, വഴക്കിടരുത്. കാണുന്നോ? കോപം കോപത്തെ ജനിപ്പിക്കുന്നു. ആദ്യത്തെ കാര്യം നിങ്ങൾക്കറിയമോ, നിങ്ങളിൽ നിന്നും പരിശുദ്ധാത്മാവിനെ ദുഃഖിപ്പിച്ചു ദൂരമാക്കുകയും, നിങ്ങൾ തിരികെ വഴക്കിടാൻ തുടങ്ങുകയും ചെയ്യുന്നു. അപ്പോൾ തന്നെ ആ പരിശുദ്ധാത്മാവ് അതിന്റെ പറക്കൽ നടത്തുന്നു. കോപം കോപത്തെ ജനിപ്പിക്കുന്നു.

സ്നേഹം സ്നേഹത്തെ ജനിപ്പിക്കുന്നു. മുഴുസ്നേഹത്താൽ നിറഞ്ഞിരിക്കുക. യേശു പറഞ്ഞു, "നിങ്ങൾ സ്നേഹത്താൽ, അന്യോന്യം സ്നേഹിക്കുമ്പോൾ, എന്റെ ശിഷ്യന്മാരെന്നു, എല്ലാവരും അറിയാനിടയാകും." സ്നേഹം, അതാണ് പരിശുദ്ധാത്മാവിന്റെ ഫലം.

151 സ്വയം, നിങ്ങൾ തന്നെ ഒരു ചെറിയ സൃഷ്ടാവാണെന്നു നിങ്ങൾക്കറിയാമോ? നിങ്ങൾക്ക് അത് അറിയാമോ? തീർച്ചയായും. സ്നേഹിക്കാനാകുന്ന ജനങ്ങൾ നിങ്ങളുടെ ചുറ്റിനും ആയിരിക്കാൻ നിങ്ങൾ ഇഷ്ടപ്പെടുന്നു. എന്തുകൊണ്ടാണെന്നു നിങ്ങൾക്കറിയില്ല. സ്നേഹിക്കാൻ കഴിയുന്ന മനുഷ്യൻ. നിങ്ങൾ അതു കണ്ടിട്ടുണ്ടോ? [പള്ളിയിൽ കൂടിയിരിക്കുന്നവർ പറയുന്നു, "ആമേൻ."—Ed.] ആ വിധത്തിലായിട്ട്, അവിടെ, നിങ്ങൾ അവർക്കു ചുറ്റുമായിരിക്കാൻ

ഇഷ്ടപ്പെടുന്നു. അത്...അവർ ജീവിക്കുന്ന ജീവിതവും, അവരുടെ സംസാര രീതിയും, അവർ നടക്കുന്ന വിധങ്ങളാലും, ആ തരത്തിലുള്ള അന്തരീക്ഷം സൃഷ്ടിക്കുന്നതിനാലാണ്.

പിന്നെ, നിങ്ങൾ അങ്ങനെയുള്ളതു കണ്ടുകഴിയുമ്പോൾ, ഓരോ സമയത്തും, നിങ്ങൾ—നിങ്ങൾ അവരെ ഒഴിവാക്കും. എല്ലാ നേരത്തും, അവർ ആരെക്കുറിച്ചെങ്കിലും, എന്തെങ്കിലും തിന്മയായ കാര്യങ്ങൾ പറയാൻ ആഗ്രഹിക്കുന്നു. പറയും, "ഓ, എന്റെ! അവിടേയ്ക്ക് അവർ വരുന്നു. അവർ അവിടെയുള്ള, ആരെയോ വിമർശിക്കാൻ പോകുകയാണ്. അവൻ ഇപ്പോൾ ഇവിടെയായിരിക്കുന്നു, അവൻ ഈ മനുഷ്യനെക്കുറിച്ച് പറയാൻ പോകുകയാണ്. അവർ എല്ലാമായിട്ട് പറയാൻ പോകുന്നത് ഇങ്ങനെയുള്ള വൃത്തികെട്ട തമാശകളോ, സ്ത്രീകളെക്കുറിച്ചുള്ള എന്തെങ്കിലുമോ, അതുമല്ലെങ്കിൽ അങ്ങനെയുള്ള എന്തെങ്കിലും ആയിരിക്കും." അങ്ങനെയുള്ളവരുടെ ചുറ്റിനും കൂടാനായി നിങ്ങൾ ഇഷ്ടപ്പെടില്ല. കാണുന്നോ? അവർ സൃഷ്ടിക്കുന്നു. കാഴ്ചയിൽ, വളരെ നല്ല ജനങ്ങൾ, എന്നാൽ അവർ ആ അന്തരീക്ഷം സൃഷ്ടിക്കുന്നു.

നിങ്ങൾ ചിന്തിക്കുന്ന കാര്യങ്ങളാലും, നിങ്ങൾ ചെയ്യുന്ന കാര്യങ്ങളാലും, പ്രവൃത്തികളാലും, നിങ്ങൾ സംസാരിക്കുന്ന കാര്യങ്ങളാലും, ആ അന്തരീക്ഷം സൃഷ്ടിക്കുന്നു.

152 ഇവിടെ പട്ടണത്തിലുള്ള, ഒരു മനുഷ്യന്റെ കാര്യാലയത്തിലേയ്ക്ക് ഞാൻ പോയിരുന്നു. ആ മനുഷ്യൻ ഒരു ട്രസ്റ്റിയോ ഡീക്കനോ മറ്റോ ആയിട്ട്, അത് ഒരു, നല്ല സഭയാകുന്നു. ഞാൻ അവിടേയ്ക്ക് പോയത് ആ മനുഷ്യന്റെ ഒരു വാണിജ്യ സംബന്ധമായ കാര്യത്തിനു വേണ്ടിയായിരുന്നു. അവിടെ ഒരു റേഡിയോ ഉണ്ടായിരുന്നിട്ട്, അതിലൂടെ റോക്ക്-ആന്റ്-റോളോ അതോ ചുറ്റിത്തിരിയലിന്റെയോ, മറ്റോ പാട്ട് അതിന്റെ ഏറ്റവും നല്ല ശബ്ദത്തിൽ പാടുന്നുണ്ടായിരുന്നു. അദ്ദേഹത്തിന്റെ കാര്യാലയത്തിൽ, ഒരു സ്ത്രീയുടെ നഗ്നമായ, നാല്പത് ചിത്രങ്ങൾ തൂക്കിയിരുന്നതായി ഞാൻ ഊഹിക്കുന്നു. ഇപ്പോൾ, എത്ര നല്ല ഡീക്കനെന്നോ, അതല്ല അതിലും വലുതെന്നോ നിങ്ങൾക്ക് എന്നോടു പറയാൻ കഴിയില്ല. നിങ്ങൾ എന്തിലേയ്ക്കാണ് നോക്കുന്നതെന്നും, നിങ്ങൾ എന്താണ് വായിക്കുന്നതെന്നും, നിങ്ങൾ ഏതു വിധത്തിലെ പാട്ടാണ് കേൾക്കുന്നതെന്നും, നിങ്ങൾ സംബന്ധിക്കുന്ന കൂട്ടർ ഏതാണെന്നും, എനിക്കു കാണിച്ചു തന്നാൽ, നിങ്ങളിൽ ഏതു വിധത്തിലെ ആത്മാവാണുള്ളതെന്ന് ഞാൻ പറയാം. കാണുന്നോ? അതെ.

153 ഒരു വ്യക്തി പറയുന്നതു നിങ്ങൾ കേൾക്കുന്നു, "ഞാൻ *ഇന്ന-ഇന്നതെല്ലാം* ചെയ്യണോ? ആ കൂട്ടർ..." ഇത്രയും ഓർത്തിരിക്കുക,

അവൻ എന്തു പറയുന്നു എന്നു ഞാൻ കാര്യമാക്കുന്നില്ല. അവന്റെ വാക്കുകൾ ഉച്ചത്തിൽ സംസാരിക്കുന്നു. അവൻ എന്തെങ്കിലും പറയുന്നതിലും ഉച്ചത്തിൽ അവന്റെ പ്രവർത്തികൾ സംസാരിക്കുന്നു. അവൻ സാക്ഷീകരിച്ചുകൊണ്ട്, അവൻ ഒരു ക്രിസ്ത്യാനിയാണെന്നു പറയുന്നുണ്ടാകാം, തീർച്ചയായും, ഒരുപക്ഷേ എന്തും ചെയ്യുന്നുണ്ടാകാം. എന്നാൽ ഏതു തരത്തിലുള്ള ജീവിതമാണ് അവൻ നയിക്കുന്നതെന്ന് മാത്രം ശ്രദ്ധിക്കുക. അത് അവൻ എന്താണെന്നു പറയുന്നു.

154 ഇപ്പോൾ, "ദിവ്യരോഗ സൌഖ്യത്തിൽ വിശ്വസിക്കുന്നതിനെക്കുറിച്ചു പറയുമ്പോൾ, അത് ആഗ്രഹിക്കുന്ന വിധത്തിലല്ല, അത് പണ്ടുള്ള കാലത്തായിരുന്നു, അത്തരത്തിലുള്ള ഒരു കാര്യം ഇന്നില്ല," എന്നുള്ള ഒരു മനുഷ്യന്റെ ജീവിതത്തെപ്പറ്റി, നിങ്ങൾക്ക് ഊഹിക്കാൻ കഴിയുമോ? "ക്രിസ്തു നമ്മുടെ അതിക്രമങ്ങൾക്കായി മുറിവേറ്റു, അവന്റെ അടിപ്പിണരിനാൽ നാം സൌഖ്യം പ്രാപിച്ചുമിരിക്കുന്നു," അത്, ആ ജീവിതം സുവിശേഷത്തിനു യോഗ്യമോ? നിങ്ങൾ പറഞ്ഞേക്കാം, "ഞാൻ ഒരു ഡീക്കനാണ്." ഞാൻ അതു കാര്യമാക്കുന്നില്ല. ഒരുപക്ഷേ നിങ്ങൾ ഒരു ബിഷപ്പായിരിക്കാം.

155 ഏകദേശം രണ്ടു വർഷങ്ങൾക്കു മുമ്പ്, താഴേയ്ക്ക് വരുമ്പോൾ, ബിഷപ്പ് ഷീൻ അതു പറയുന്നതു ഞാൻ കേട്ടു; പിന്നെ ഒരിക്കലും ഞാൻ അദ്ദേഹത്തിന്റെ അടുക്കലേയ്ക്ക് തിരികെ പോയിട്ടില്ല. "ബൈബിളിനെ വിശ്വസിക്കുകയും അതുപോലെ ജീവിക്കാൻ ശ്രമിക്കുകയും ചെയ്യുന്നയാൾ, ചെളിനിറഞ്ഞ വെള്ളത്തിലൂടെ നടക്കാൻ ശ്രമിക്കുന്ന ഒരാളിനെപ്പോലെ ആകുന്നു." ബിഷപ്പ് ഷീൻ, പിന്നെയും പറഞ്ഞു, "ഞാൻ സ്വർഗ്ഗത്തിലേയ്ക്ക് കടക്കുമ്പോൾ, എന്തു ചെയ്യുമെന്നു താങ്കൾക്കറിയാമോ? ഞാൻ യേശുവിനെ കണ്ടുമുട്ടി, 'ഞാൻ ബിഷപ്പ് ഷീനാകുന്നു,' എന്നു പറയാൻ പോകുകയാണ്, അപ്പോൾ അവൻ പറയും, 'ഓ, അതെ, എന്റെ അമ്മ താങ്കളെപ്പറ്റി പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്.'" വിഗ്രഹാരാധന, വചനത്തെ നിന്ദിക്കുന്ന മനുഷ്യർ. ദൈവം കൃപ കാണിക്കട്ടെ. ന്യായാധിപൻ ഞാനല്ല. കാണുന്നോ?

ആ വചനം സത്യമാകുന്നു. ശരിയാണ്. അവന്റെ സ്വന്ത എഴുത്ത് ദൈവാത്മാവ് തിരിച്ചറിയും. അവന്റെ എഴുത്തിനാലാണ് അവൻ തിരിച്ചറിയപ്പെടുന്നത്. അത്—അത്—അത് അവനെക്കുറിച്ച് പറയും. അതു വിശ്വസിക്കുന്നതിനാലാണ് നിങ്ങൾ തിരിച്ചറിയപ്പെടുന്നതും, അതു നിങ്ങളുടെ തിരിച്ചറിയിക്കലിനെയും യോഗ്യതകളെയും നിങ്ങൾക്ക് തരുന്നു.

156 മറ്റുള്ളവരുമായി വഴക്കിടരുത്. ഞാൻ പറഞ്ഞതുപോലെയുള്ള, കുടുംബ വഴക്കുകൾ ഉണ്ടാക്കരുത്. സ്നേഹം സ്നേഹത്തെ ജനിപ്പിക്കുന്നു. കോപം കോപത്തെ ജനിപ്പിക്കുന്നു.

157 ഇപ്പോൾ, ഇപ്പോൾ നമുക്ക് നോക്കാം. ഒരു നിമിഷം, യേശുവിലേയ്ക്ക് നോക്കാം. അവനാണ് നിങ്ങളുടെ മാതൃക. നിങ്ങൾക്ക് വളരെ ക്ഷീണം തോന്നുന്നില്ല എന്നു ഞാൻ കരുതുന്നു. നോക്കു. ഒരു നിമിഷം നമുക്ക് യേശുവിലേയ്ക്ക് നോക്കാം. അവൻ നമ്മുടെ മാതൃകയായിരുന്നു. അവൻ അങ്ങനെ പറയുന്നു. "ഞാൻ നിങ്ങൾക്കു ചെയ്തതുപോലെ നിങ്ങളും മറ്റുള്ളവർക്ക് ചെയ്യേണ്ടതിന് ഞാൻ നിങ്ങൾക്ക് ഒരു ദൃഷ്ടാന്തം തരുന്നു."

158 ഇപ്പോൾ ശ്രദ്ധിക്കു. അവൻ ഈ ഭൂമിയിൽ വന്നപ്പോൾ, അപ്പോൾ ഉണ്ടായിരുന്നതിനെക്കാൾ കൂടുതൽ അവിശ്വാസം ലോകം ഉളവായതുമുതൽ ഉണ്ടായിരുന്നില്ല, അപ്പോൾ അവിടെ വളരെ കൂടുതലായിരുന്നു, അത് അവനെ അല്പം പോലും സാവധാനത്തിലാക്കിയില്ല. അവൻ രോഗികളെ സൌഖ്യമാക്കിയും, അതേ വിധത്തിൽ തന്നെ പ്രസംഗിച്ചു കൊണ്ടും മുന്നോട്ട് പോയി. അവനെ ഒരിക്കലും വിഷമിപ്പിച്ചില്ല. അവിടെ വിമർശകർ ഉണ്ടായിരുന്നു. ആ മനുഷ്യൻ ഒരു കുഞ്ഞായി ജനിച്ചതു മുതൽ കുരിശിൽ മരിക്കുവോളം അവനെ വിമർശിച്ചുകൊണ്ടിരുന്നു. അതു അവനെ നിർത്തിയോ? ഇല്ല, സർ. അവന്റെ ഉദ്ദിഷ്ടസ്ഥാനം എന്തായിരുന്നു? "സദാസമയത്തും പിതാവ് എഴുതിയിരിക്കുന്നത് ചെയ്യുക. എപ്പോഴും അവനെ പ്രസാദിപ്പിക്കുന്നത് ചെയ്യുക."

159 യേശുവിനെ നോക്കു. നമ്മെതന്നെ താഴ്ത്തുന്നതിനെക്കുറിച്ച് സംസാരിക്കുന്നോ? ഏതെങ്കിലും ഒരു മാന്യമായ വീട്ടിൽ ഒരു— ഒരു ചെറിയ തൊട്ടിലിലേയ്ക്ക് വരുന്നതിനു പകരം, സ്വയം ദൈവം തന്നെ ഒരു കുഞ്ഞായി തീർന്ന്, അവിടെ ഉണ്ടായിരുന്ന ഒരു ചാണക കൂമ്പാരത്തിനു മുകളിൽ, ആക്രോശിക്കുന്ന കാളക്കുട്ടികളുടെ ഇടയിൽ ജാതനായി. നുകത്തോടു ചേർത്തുകെട്ടാൻ കാളയുടെ കഴുത്തിൽ കെട്ടുന്ന തുണികൾ കൊണ്ടാണ് അവർ അവനെ പൊതച്ചത്. സ്വർഗ്ഗത്തിന്റെയും ഭൂമിയുടെയും സൃഷ്ടാവായിരുന്നു, എന്നിട്ടും, പാവപ്പെട്ടവരിൽ പാവപ്പെട്ടവനായിരുന്നു.

160 ഒരു തണുത്ത, മഴയുള്ള രാത്രിയിൽ, അവർ പറഞ്ഞു, "ഗുരോ, ഞങ്ങൾ നിന്നോടൊപ്പം വീട്ടിലേയ്ക്ക് വരുന്നു."

161 അവൻ പറഞ്ഞു, "കുറുനരികൾക്ക് കുഴിയും, പറവകൾക്കു കൂടും ഉണ്ട്; എന്നാൽ എന്റെ തല ചായ്ക്കാൻ എനിക്ക് സ്ഥലമില്ല."

യഹോവ, ദൈവം, സ്വയം താഴ്ത്തി ഒരു മനുഷ്യനായി തീർന്നു; എന്നെയും നിങ്ങളെയും വീണ്ടെടുക്കാനായി, ഒരു പാപജഡത്തിൽ വെളിപ്പെട്ടുത്തിക്കാട്ടി. അപ്പോൾ നമ്മൾ ആരാണ്? അവനായിരുന്നു നമ്മുടെ മാതൃക. ഞാൻ ആരാകുന്നു? ഒന്നുമല്ല.

162 ഇന്നു ഉച്ചകഴിഞ്ഞപ്പോൾ, ഒരു ചെറിയ യോഗത്തിൽ വെച്ച്, ഞാൻ ആരോടോ പറയുകയായിരുന്നു. ഞാൻ പറഞ്ഞു, "ദൈവത്തിൽ നിന്നും ജനിച്ചിരിക്കുന്ന ഓരോ പുത്രനും, ആദ്യം, തിരുത്തപ്പെട്ടുകയും, പരീക്ഷിക്കുകയും വേണം." എനിക്ക് എന്റെ, ആ മഹത്തായ മണിക്കൂറുകൾ ഉണ്ടായത് ഞാൻ ഓർക്കുന്നു. ഒരു—ഒരു മനുഷ്യൻ വീണ്ടും ജനിക്കുമ്പോൾ, അവന്റെ വിരലിലെ നഖത്തിന്റെ സൈസിലെ, ഒരു ചെറിയ അടയാളം, ദൈവം അവനിലേയ്ക്ക് കുത്തിവെയ്ക്കുന്നു, പദ്ധതിപോലെ, അത് അവന്റെ ഹൃദയത്തിൽ വീഴുകയും അവിടെ അത് നങ്കൂരമിട്ടുകയും ചെയ്യുന്നു. അതിനുശേഷം സാത്താൻ അവനെ പരിശോധിക്കുന്നു. അത് അവിടെ ഇല്ലെങ്കിൽ, നിങ്ങൾ നഷ്ടപ്പെട്ടതു തന്നെ.

163 ഏകദേശം ഇരുപത്തിരണ്ടോ ഇരുപത്തിമൂന്നോ വയസ്സ പ്രായമുള്ള ഒരു ചെറുപ്പക്കാരനായി, ഞാൻ അവിടെ ആശുപത്രിയിൽ ആയിരുന്നത് ഓർക്കുന്നു. എന്റെ പിതാവ് എന്റെ കൈകളിൽ കിടന്നു മരിക്കുകയും, ദൈവം ഒരു രോഗസൌഖ്യദായകനാണെന്ന് ഞാൻ സംസാരിച്ചു കൊണ്ടിരിക്കുകയും ചെയ്തിരുന്നു. ഒരു ഹൃദയസ്തംഭനത്താൽ എന്റെ സ്വന്തം പിതാവ്, അദ്ദേഹത്തിന്റെ തല എന്റെ കൈകളിൽ ചായ്ച്ചുകൊണ്ട്, ഞാൻ അദ്ദേഹത്തിനായി പ്രാർത്ഥിച്ചു; അപ്പോൾ അദ്ദേഹത്തിന്റെ കണ്ണുകളാൽ എന്നെ വശത്തുകൂടെ നോക്കിക്കൊണ്ട്, ചരിഞ്ഞു കിടന്നിരുന്ന വശത്തേയ്ക്ക് തന്നെ വീണുകൊണ്ട്, ദൈവത്തെ സന്ധിക്കാൻ കടന്നു പോയി. ഞാൻ അദ്ദേഹത്തെ അവിടെ നിന്നും കൊണ്ടു വന്നു എന്റെ സഹോദരന്റെ വശത്തായി അടക്കം ചെയ്തു, അവന്റെ കല്ലറയിൽ ഇപ്പോഴും പൂക്കൾ പുതുതായി വന്നുകൊണ്ടിരിക്കുകയും, ദൈവം രോഗികളെ സൌഖ്യമാക്കുന്നു എന്നു ഞാൻ പ്രസംഗിക്കുകയും ചെയ്യുന്നു. പതിനെട്ടു മാസം മാത്രം പ്രായമുള്ള, ബില്ലി പൌളിനെയും കുടുംബത്തെയും പോറ്റാനായി, ഒരു മണിക്കൂറിൽ ഇരുപത് സെന്റുകൾക്ക്, പബ്ലിക്ക് സർവ്വീസ് കമ്പനിക്കായി ഞാൻ പണിയെടുക്കുമ്പോൾ, എന്റെ ഭാര്യ ഷർട്ടുകൾ ഉണ്ടാക്കുന്ന ഒരു കമ്പനിയിൽ ജോലിയെടുക്കുമായിരുന്നു; അവൾ എട്ടു മാസം പ്രായമുള്ള കുഞ്ഞിനെയും കൂടെ കൂട്ടിക്കൊണ്ടുപോകുമായിരുന്നു.

സഹോദരി വിൽസൺ അവളുടെ തല കുലുക്കുന്നതു ഞാൻ കണ്ടു. അവൾക്കതു ഓർമ്മയുണ്ട്; റോയി സ്ലാട്ടറിനും കുറച്ചു പഴമക്കാർക്കും അറിയാം.

164 ഞാൻ എന്തു ചെയ്യുമായിരുന്നു? പോളിന്റെ അടുത്തു നിന്നും നടന്നകന്ന്, എന്റെ കൈയ്യിൽ ഒരു സാന്റ്വിച്ചുമായി, ഞാൻ തെരുവിലൂടെ നടന്ന്, അതുവഴി വരുന്ന സകലരോടും യേശുക്രിസ്തുവിന്റെ സ്നേഹത്തെക്കുറിച്ച് സാക്ഷീകരിക്കുമായിരുന്നു. അവരുടെ ഗ്യാരേജിലേയ്ക്ക് പോയി, മെക്കാനിക്കിനോടു ഞാൻ അതു ചെയ്യാറില്ലായിരുന്നോ എന്നു ചോദിക്കു. അവിടെ പോയി, ചോദിക്കും, "പുരുഷന്മാരെ, നിങ്ങൾ ഇതുവരെയും രക്ഷിക്കപ്പെട്ടിട്ടില്ലേ? ഞാൻ എന്റെ ഹൃദയത്തിൽ എന്തോ ചിലതു കണ്ടുമുട്ടിയിരുന്നു." രാത്രിനേരം പലവെഞ്ജനക്കടകളിലേയ്ക്ക് പോകും. രാത്രി മുഴുവനും രോഗികളുടെ വിളികളെല്ലാം സംബന്ധിച്ചിട്ട്, രാവിലെ രണ്ടോ മൂന്നോ മണിയാകുമ്പോഴേയ്ക്കും വീട്ടിലേയ്ക്ക് വരും. കഴിയാതെ...അവിടെ ഇരുന്നു തന്നെ, എന്റെ ജോലിയ്ക്കുള്ള വേഷങ്ങൾ മാറും. പ്രഭാത വെളിച്ചം കടന്നു വരുവോളം ആ കസേരയിൽ തന്നെ ഇരുന്നിട്ട്, എഴുന്നേറ്റു പോകുമായിരുന്നു. പ്രാർത്ഥനയാലും ഉപവാസത്താലും, അത്രയേറെ ക്ഷീണിതനായിട്ട്, ഒരു പോളിൽ കയറാനായി കാലിൽ ആണികളുള്ള ഷൂസുവരെ എനിക്കു ധരിക്കണമായിരുന്നു. ജനങ്ങളോടു പ്രസംഗിക്കും, ദൈവം മഹാനാണെന്നു പ്രസംഗിക്കും, ദൈവം ദയാവാനാണെന്നും, ദൈവം സ്നേഹമാകുന്നു എന്നും പ്രസംഗിക്കും.

ഇവിടെ, എന്റെ ഡാഡി എന്റെ കൈകളിൽ കിടന്നു മരിക്കുന്നു. എന്റെ സഹോദരന്മാർ മരിച്ചു, നിറക്കാരുടെ പെന്തെക്കോസ്ത് സഭയിലെ, പുൾപ്പിറ്റിൽ നിന്നും പ്രസംഗിച്ചുകൊണ്ടു നില്ക്കുമ്പോൾ, കൊല്ലപ്പെട്ടു. എന്നോടു വന്നു പറഞ്ഞു, "നിന്റെ സഹോദരൻ ഹൈവെയിൽ വെച്ച് കൊല്ലപ്പെട്ടു. ഒരു കാർ അവനെ വന്നിടിച്ചു അവൻ കൊല്ലപ്പെട്ടു." അവനെ അവൻ ഹൈവെയിൽ നിന്നും ഉയർത്തിയെടുത്തപ്പോൾ, സ്വന്ത സഹോദന്മാരുടെ രക്തം അവന്റെ ഷർട്ടിൽ നിന്നും വീഴുന്നുണ്ടായിരുന്നു. ഞാൻ അവനെ സംസ്കരിച്ചു കഴിഞ്ഞ ഉടൻ തന്നെ, ഡാഡിയും മരിച്ചു. അതാ, അവർ എന്റെ ഭാര്യയെയും അവിടെ കിടത്തിയിരിക്കുന്നു.

165 ഞാൻ പുറപ്പെട്ട്, ഇവിടെ ഈ കൂടാരത്തിലേയ്ക്ക് വന്നു. ഈ പ്രസംഗ വേദിയിൽ നിന്നുകൊണ്ടു തന്നെ, അതു സംഭവിക്കുന്നതിന് ആറു മാസം മുമ്പ് "ഒരു വെള്ളപ്പൊക്കമുണ്ടാകാൻ പോകുന്നു. ഒരു ദൂതൻ അളവു കോൽ എടുത്ത്, 'സ്പ്രിംഗ് സ്ട്രീറ്റിൽ ഇരുപത്തിരണ്ടടി

ഉയരത്തിൽ വെള്ളം,' അളക്കുന്നത് ഞാൻ കണ്ടു എന്നു, ജനങ്ങളോടു പറഞ്ഞിരുന്നു."

സാൻഡി ഡേവിസും മറ്റുള്ളവരും അവിടെ ഇരുന്നുകൊണ്ടു, ചിരിച്ചു, പറഞ്ഞു, "1884-ൽ ഏകദേശം എട്ടോ പത്തോ ഇഞ്ചേ ഉണ്ടായുള്ളൂ, കുട്ടി. നീ എന്താണ് സംസാരിക്കുന്നത്?"

166 ഞാൻ പറഞ്ഞു, "അതു സംഭവിക്കും. എന്തുകൊണ്ടെന്നാൽ, അവയിൽപ്പെട്ട ഒരു ദർശനാവസ്ഥ കണ്ടപ്പോൾ, അതു എന്നോട് അങ്ങനെ തന്നെ എന്നു പറഞ്ഞിരുന്നു" ഇന്നു, സ്പ്രിംഗ് സ്ട്രീറ്റിൽ ഇരുപത്തിരണ്ട് അടി വെള്ളത്തിന്റെ ഒരു അടയാളം രേഖപ്പെടുത്തിയതായിട്ടുണ്ട്. ഞാൻ പറഞ്ഞു, "ഈ കൂടാരത്തിന്റെ മുകളിലൂടെ ഞാൻ ഒരു ബോട്ടിൽ യാത്ര ചെയ്തു പോകുന്നു." ഞാൻ യാത്ര ചെയ്യുകയും ചെയ്തു.

167 ആ സമയത്ത്, എന്റെ ഭാര്യ സുഖമില്ലാതായി. ഞാൻ അവൾക്കായി പ്രാർത്ഥിച്ചു. ഞാൻ കൂടാരത്തിലേയ്ക്ക് വന്നു, ജനങ്ങൾ അവളുടെ സുഖത്തിനായി കാത്തിരുന്നു. ഞാൻ പറഞ്ഞു, "അവൾ മരിച്ചു കൊണ്ടിരിക്കുന്നു."

"ഓ, അതു നിന്റെ ഭാര്യയാണ്, അത്."

168 ഞാൻ പറഞ്ഞു, "അവൾ മരിച്ചുകൊണ്ടിരിക്കുന്നു."

ഞാൻ അവിടേയ്ക്ക് പോയി പ്രാർത്ഥിച്ചു, പിന്നെയും പ്രാർത്ഥിച്ചു, പിന്നെയും പിന്നെയും പ്രാർത്ഥിച്ചു. ഞാൻ എന്റെ കൈ പുറത്തേയ്ക്ക് നീട്ടി. അവൾ എന്റെ കൈകളിൽ പിടിച്ചു. അവൾ പറഞ്ഞു, "ബില്ലി, ഞാൻ അവിടെ നില്ക്കുമ്പോൾ, പ്രഭാതത്തിൽ ഞാൻ നിന്നെ കണ്ടുമുട്ടും." പറഞ്ഞു, "കുട്ടികളെ ഒരുമിച്ചു കൂട്ടിക്കൊണ്ട് എന്നെ അവിടെ പടിവാതില്ക്കൽ വെച്ചു സന്ധിക്കുക."

169 ഞാൻ പറഞ്ഞു, "ഉറക്കെ ശബ്ദമുണ്ടാക്കാൻ തുടങ്ങിയിരുന്നു, 'ബിൽ.' ഞാൻ അവിടെ ഉണ്ടാകും." കാണുന്നോ? അങ്ങനെ അവൾ കടന്നുപോയി. ഞാൻ അവളെ അവിടെ ശവപ്പുരയിൽ കിടത്തി.

ഒന്നു വിശ്രമിക്കാനായി, വീട്ടിലേയ്ക്ക് പോയി. ഞാൻ വിശ്രമിക്കുമ്പോൾ...കുഞ്ഞ് ബില്ലി പൌൾ, വളരെ സുഖമില്ലാതെ, ശ്രീമതി. ബ്രോയിയോടും മറ്റുമായിരുന്നു. അവൻ ഏതു സമയത്തും മരിച്ചേക്കാമെന്നാണ് ഡോക്ടർമാർ പ്രതീക്ഷിച്ചിരുന്നത്. ഞാൻ ബില്ലിയ്ക്കായി പ്രാർത്ഥിക്കുകയായിരുന്നു. ഇതാ സഹോദരൻ ഫ്രാങ്ക് കടന്നു വന്നു എന്നെ കാണുന്നു. പറഞ്ഞു, "നിന്റെ കുഞ്ഞു മകൾ, നിന്റെ കുട്ടി മരിച്ചുകൊണ്ടിരിക്കുന്നു."

170 ഞാൻ ആശുപത്രിയിലേയ്ക്ക് പുറപ്പെട്ടു. ഡോക്ടർ അഡേയർ എന്നെ അകത്തേയ്ക്ക് പോകാൻ അനുവദിക്കാതെ, പറഞ്ഞു, “അവൾക്ക് മസ്തിഷ്ക ജ്വരം ബാധിച്ചിരിക്കുകയാണ്. നീ അതിനെ തിരികെ ബില്ലി പൌളിന്റെ അടുത്തേയ്ക്ക് കൊണ്ടുപോകും.” എന്നെ കുറച്ചു സമയത്തേയ്ക്ക് ശാന്തനാക്കേണ്ടതിന്, ഒരു ചുവന്ന നിറത്തിലെ വസ്തു നേഴ്സ് എനിക്ക് തന്നിട്ട്, അത് ബോധം കെടുത്തുന്ന വസ്തുപോലെയുള്ളതായിരുന്നു, അതിനെ ഉപയോഗിക്കാൻ പറഞ്ഞു. ഞാൻ അതിനെ എടുത്തു മുറിയിലേയ്ക്ക് കൊണ്ടുപോയിട്ട്, ജനാലയിലൂടെ പുറത്തേയ്ക്ക് എറിഞ്ഞു. പിൻവശത്തുള്ള വാതിലിലൂടെ പതുക്കെ ഇറങ്ങി, പുറത്തു കെട്ടിടത്തിന്റെ അടിത്തറയിലേയ്ക്ക് വന്നു.

അവിടെയാണ് കുഞ്ഞ് കിടന്നിരുന്നത്, ആശുപത്രിയ്ക്കു മുൻവശത്തുള്ള, ഒറ്റപ്പെട്ട വാർഡ് (ഐസൊലേറ്റഡ് വാർഡ്), അവളുടെ കണ്ണിനു മേലെ ഇങ്ങനെ ഈച്ചകൾ കൊണ്ടു നിറഞ്ഞിരുന്നു. ഞാൻ ആ പഴയ കൊതുകു വലയുടെ കമ്പി, ഊരിയെറിഞ്ഞിട്ട്, അതിനെ അവളുടെ മേലെ ഇട്ടു. ഞാൻ താഴേയ്ക്കിറങ്ങി, ഞാൻ പറഞ്ഞു, “ദൈവമേ, അവിടെ എന്റെ ഡാഡിയും സഹോദരനും കിടക്കുന്നു, അകലെയായി, അവരുടെ കല്ലറയിൽ പൂക്കളുമുണ്ട്. അവിടെ അതാ, ഹോപ്പ് കിടക്കുന്നു. ഇവിടെ എന്റെ കുഞ്ഞ്, മരിച്ചുകൊണ്ടിരിക്കുന്നു. അവളെ എടുക്കരുതെ, കർത്താവെ.”

171 ഉടൻ തന്നെ അവൻ കർട്ടൻ താഴേയ്ക്ക് വലിച്ചിട്ടു, ഞാൻ അതു പറയുകയാണെങ്കിൽ, “വായ് മൂടുക. ഞാൻ നിന്റെ, ഒന്നും തന്നെ കേൾക്കാൻ ആഗ്രഹിക്കുന്നില്ല.” അവൻ എന്നോടു സംസാരിച്ചതുപോലുമില്ല.

172 അവൻ എന്നോടു സംസാരിക്കാതായപ്പോൾ, പിന്നെ, അത് സാത്താന്റെ സമയമായിരുന്നു. അവൻ പറഞ്ഞു, “അവൻ ഒരു നല്ല ദൈവമാണെന്നു നീ പറയുന്നു എന്നു ഞാൻ വിചാരിക്കുന്നു. നീ ഈ ആക്രോശിച്ച് നടക്കുന്നതിനെപ്പറ്റി എന്തുപറയുന്നു? നീ ഒരു വെറും പയ്യനാണ്. പട്ടണത്തിനു ചുറ്റും, എല്ലായിടത്തേക്കും നോക്കു. നിന്റെ കൂട്ടത്തുണ്ടായിരുന്ന ഓരോ ആൺകുട്ടിയും പെൺകുട്ടിയും നിനക്കു മനോനില നഷ്ടപ്പെട്ടുപോയിരിക്കുന്നു എന്നു പറയുന്നു. നിനക്കു ഉണ്ടായിരുന്നു.” ഇപ്പോൾ, അവൻ ദൈവം ഇല്ല എന്നു പറയുന്നതല്ല, കാരണം ഞാൻ അതു മുന്നമേ തന്നെ കണ്ടിരിക്കുന്നു. എന്നാൽ അവൻ എനിക്കായി കരുതുന്നില്ല എന്നാണ് അവൻ പറയുന്നത്.

173 രാത്രിയും, പകലും മുഴുവനും ഇരുന്നു. ഞാൻ ദൈവത്തോടു ചോദിച്ചു, “ഞാൻ ചെയ്തത് എന്താണ്? എന്നെ കാണിക്കു, കർത്താവെ. ഞാനാണ് തെറ്റ് ചെയ്തതെങ്കിൽ, ആ നിരപരാധികളെ

എനിക്കു പകരം കഷ്ടപ്പെടാൻ അനുവദിക്കരുത്." അവൻ എന്നെ പരിശോധിക്കുകയായിരുന്നു എന്നെനിക്ക് അറിയില്ലായിരുന്നു. എന്നാൽ ദൈവത്തിന്റെ അടുക്കൽ വരുന്ന ഓരോ പുത്രനെയും ഊതി കഴിച്ചിരിക്കണം. ഞാൻ പറഞ്ഞു, "ഞാൻ ചെയ്തത് എന്താണെന്ന് എന്നോടു പറയൂ. ഞാൻ അതിനെ ശരിയാക്കും. രാവിലെ മുഴുവനും, രാത്രി മുഴുവനും, തുടർച്ചയായി എന്റെ ജീവിതത്തെ നൽകിക്കൊണ്ടു പ്രസംഗിച്ചതല്ലാതെ, ഞാൻ ചെയ്തത് എന്താണ്? ഞാൻ ചെയ്തുപോയത് എന്താണ്?"

സാത്താൻ പറഞ്ഞു, "അതു ശരിയാണ്. നീ നോക്കു, ഇപ്പോൾ, ഇതു നിനക്കു സംഭവിച്ചപ്പോൾ, അവൻ ഒരു മഹാനായ സൌഖ്യദായകനാണെന്നു നീ വിശ്വസിക്കുന്നു എന്നു അവരോടെല്ലാം പറയുകയും, അവിടെ നിന്റെ കുഞ്ഞ് മരിക്കാറായി, കിടക്കുകയും ചെയ്യുന്നു. അവൻ അതു കേൾക്കുന്നതു പോലും നിരസിച്ചിരിക്കുന്നു. നിന്റെ ഭാര്യ ക്ഷയരോഗം ബാധിച്ചു മരിച്ചു. ക്യാൻസറിനെ സുഖമാക്കാൻ അവന് കഴിയും എന്നു നീ പറയുകയും, അവൻ അവിടെ അതു ചെയ്യുകയും ചെയ്തു. ഇപ്പോഴും, അവനെപ്പറ്റി നീ നല്ല ദൈവം എന്നു പറയുന്നു, അവൻ ജനങ്ങൾക്കുവേണ്ടി നല്ല ദൈവമാകുന്നു. നിന്നെക്കുറിച്ച് എന്താണ്?"

174 പിന്നെ ഞാൻ അവനെ കേൾക്കാൻ തുടങ്ങി. അതു യുക്തിവാദം ചെയ്യുന്നതാണ്. ഞാൻ ചിന്തിച്ചു, "അതു ശരിയാണ്."

പറഞ്ഞു, "അവന് പറയാൻ കഴിയും...നീ വചനം പറയേണ്ടതില്ല, നിന്റെ കുഞ്ഞിലേയ്ക്ക് മാത്രം *നോക്കു*, അതു ജീവിച്ചിരിക്കില്ല."

ഞാൻ പറഞ്ഞു, "അത് ശരിയാണ്."

"നിനക്ക് കഴിയാവുന്നതെല്ലാം നീ അവനുവേണ്ടി ചെയ്തു, എന്നിട്ടും അവൻ നിന്നോടു എന്താണ് ചെയ്തത്?"

175 ഞാൻ പറഞ്ഞു, "അതു ശരിയാണ്." ഞാൻ ചിന്തിക്കാൻ തുടങ്ങി, "അതെ, എന്താണ്?" കാണുന്നോ? യുക്തിവാദത്തിലേയ്ക്ക് കടക്കുമ്പോൾ, സകലതും പൊട്ടി മാറാൻ തുടങ്ങുന്നു. എന്നാൽ, അത് അതിലേയ്ക്ക് വന്നപ്പോൾ, അത് അവിടെ തൂങ്ങി നിന്നു. അതു അവിടെ തന്നെ നിന്നു. "ഞാൻ അവസാനിപ്പിക്കാൻ പോകുകയാണ്," എന്നു ഞാൻ പറയാൻ തുടങ്ങുകയായിരുന്നു.

എന്നാൽ സകല യുക്തിവാദങ്ങളുടെയും ശക്തികൾ പൊട്ടിപ്പോയപ്പോൾ, ആ നിത്യ ജീവനിലേയ്ക്ക്, പുതിയ ജനനത്തിലേയ്ക്ക്, കടന്നു വന്നു. അത് അവിടെ ഇല്ലായിരുന്നെങ്കിൽ എന്താകുമായിരുന്നു? അത് അവിടെ ഉണ്ടായിരുന്നില്ല എങ്കിൽ

എന്താകുമായിരുന്നു? നാം ഇപ്പോൾ അറിയുന്ന വിധത്തിലല്ലാതെ മറ്റൊരു വിധത്തിൽ നാം തമ്മിൽ അറിയില്ലായിരുന്നു. ലോകമെമ്പാടും ആയിരം ദശലക്ഷക്കണക്കിനായിട്ട്, ഇവിടെ ഈ സഭ ഉണ്ടായിരിക്കില്ലായിരുന്നു. എന്നാൽ, അതു അവിടെയുണ്ടായിരുന്നതിനാൽ, ദൈവത്തിനു നന്ദി.

176 അതിനു ശേഷം ഞാൻ ചിന്തിക്കാൻ തുടങ്ങിയപ്പോൾ, "എന്താണ്? എങ്ങനെയായാലും, ആരാണ് ഞാൻ? അവന്റെ പ്രതാപത്തെ ചോദ്യം ചെയ്യാൻ ഞാൻ ആരാണ്? ഇവിടെ ഈ ഭൂമിയിൽ എനിക്ക് എന്റെ ജീവനെ തന്നെവനെ ചോദ്യം ചെയ്യാൻ ഞാൻ ആരാണ്? എവിടെ നിന്നാണ് എനിക്ക് ആ കുഞ്ഞ് കിട്ടിയത്? അത് എനിക്ക് തന്നത് ആരാണ്? എങ്ങനെയും, എന്റേതല്ല. അവൻ അവളെ എനിക്ക് കുറച്ചു കാലത്തേയ്ക്ക്, കടമായി തന്നു."

ഞാൻ പറഞ്ഞു, "സാത്താനെ, എന്നെ വിട്ടു പോകുക." ഞാൻ അവിടേയ്ക്ക് ചെന്ന്, എന്റെ കൈ കുഞ്ഞിനു മേൽ വെച്ചു. ഞാൻ പറഞ്ഞു, "ദൈവം നിന്നെ അനുഗ്രഹിക്കട്ടെ പ്രിയെ. ഒരു മിനിട്ടിനുള്ളിൽ, ഡാഡി നിന്നെ താഴേയ്ക്ക് എടുത്തുകൊണ്ടു പോയി, നിന്റെ അമ്മയുടെ കൈകളിൽ കിടത്താൻ പോകുന്നു. ദൂതന്മാർ നിന്റെ പ്രാണനെ എടുത്തുകൊണ്ടുപോകും. ഞാൻ ആ പ്രഭാതത്തിൽ നിന്നെ സന്ധിക്കും."

ഞാൻ പറഞ്ഞു, "കർത്താവെ, നീ അവളെ എനിക്കു തന്നു. നീ അവളെ എടുത്തുകൊണ്ടു പോകുന്നു. ഇയ്യോബ് പറഞ്ഞതു പോലെ, നീ എന്നെ കൊന്നാലും, അപ്പോഴും, ഞാൻ നിന്നെ സ്നേഹിക്കുകയും ഞാൻ നിന്നെ വിശ്വസിക്കുകയും ചെയ്യും. നീ എന്നെ നരകത്തിലേയ്ക്ക് അയച്ചാലും, എങ്ങനെയും, ഞാൻ നിന്നെ സ്നേഹിക്കും. എനിക്ക് അതിൽ നിന്നും ദൂരമാകാൻ കഴിയില്ല." അവിടെയാണ് നിങ്ങൾ.

ബുദ്ധിപരമായിരുന്നിട്ട്, അത് സകലതും പൊട്ടി ദൂരമായി. നിങ്ങൾക്ക് വ്യക്തിപരമായ സംബന്ധം ചെയ്യേണ്ടതുണ്ട്. നിങ്ങൾ വീണ്ടും ജനിക്കേണ്ടതുണ്ട്.

177 ആ കാരണത്താലാണ് ധർമ്മോപദേശികൾ ദൂരമായിട്ട്, വലിയ കുറ്റം ചുമത്തലുകളും മറ്റും നടത്തുന്നത്. അവർ പറയും, "ദിവ്യരോഗസൌഖ്യം എന്നൊരു കാര്യമില്ല. ഈ വക കാര്യങ്ങൾ എന്നൊന്നില്ല." ഇന്നു രാവിലെ ഞാൻ സംസാരിച്ചതുപോലെ, അത്തരത്തിലെ ഒരു പരിപാവനമായ സ്ഥലത്തേയ്ക്ക്, അവർ ഒരിക്കലും കടന്നിട്ടില്ല. അതിനെപ്പറ്റി അവർക്ക് ഒന്നും തന്നെ അറിയില്ല. ദൈവ വചനത്തെ നിരസിച്ചുകൊണ്ട്, അവർ ദൈവത്തിന്റെ

കുഞ്ഞുങ്ങളാണെന്നു അവർക്ക് എങ്ങനെ പറയാൻ സാധിക്കും? നിങ്ങളെ കൂട്ടിക്കൊണ്ടു വന്ന പരിശുദ്ധാത്മാവിനെ തന്നെ നിരസിക്കുന്നു, നിങ്ങൾ അത് എങ്ങനെ ചെയ്യുന്നു?

178 ഓ, ഇത്രയും ഓർത്തിരിക്കുക, നിങ്ങൾക്കായി, യേശു മരണത്തോളം, അവനെ സ്വയം താഴ്ത്തി. അവൻ ബഹളം കാട്ടുന്നവനായിരുന്നില്ല. അവന്റെ മുഖത്ത് അവർ തുപ്പിയപ്പോൾ, അവൻ തിരികെ തുപ്പിയില്ല. അവർ അവന്റെ താടി വലിച്ചു പറിച്ചപ്പോൾ, അവൻ അവരുടെതിനെ വലിച്ചു പറിച്ചില്ല. അവർ അവന്റെ മുഖത്ത് ഒരുകന്നത്തടിച്ചപ്പോൾ, മറ്റേതും കാട്ടി, അവൻ അവരെ തിരികെ അടിച്ചില്ല. അവൻ അവർക്കായി പ്രാർത്ഥിച്ചുകൊണ്ട്, എളിമയോടെ, മുന്നോട്ട് നടന്നു പോയി. അവൻ വിനയത്തിന്റെ ഒരു മാതൃകയായിരുന്നു.

179 അവൻ വിശ്വാസത്താൽ നിറഞ്ഞിരുന്നു. എന്തുകൊണ്ടാണ്? അവന്റെ വചനം തോല്വിയടയില്ലെന്നു അവൻ അറിഞ്ഞിരുന്നു. അവൻ വചനമായി മാറുവോളം അവൻ വചനത്താൽ തന്നെ അപ്രകാരം ജീവിച്ചു.

ഓ, ദൈവമേ! ഈ ശ്രോതാക്കളുടെ മുന്നിൽ വെച്ച്, എന്റെ രണ്ടു കൈകളെയും ചേർത്തുപിടിച്ച് ദൈവത്തിന്റെ അടുക്കലേയ്ക്ക് വരാൻ അനുവദിക്കേണമെ. എന്നെ അങ്ങനെ ജീവിക്കാൻ അനുവദിക്കേണമെ. ഈ വചനം അങ്ങനെയായി തീർന്നിട്ട്, ഞാനും ഈ വചനവും ഒരേ കാര്യമായി തീരാൻ ഇടയാകട്ടെ; എന്റെ വാക്കുകൾ ഈ വചനമായിരിക്കട്ടെ; എന്റെ മനസ്സ്, എന്റെ ഹൃദയത്തിന്റെ ധ്യാനം; അവൻ എന്റെ ഹൃദയത്തിലും, എന്റെ മനസ്സിലും ആയിരിക്കേണമെ. എന്റെ ബുദ്ധിമണ്ഡലത്തിന്മേൽ അവന്റെ കല്പനകളെ കെട്ടിവെച്ച്; എന്റെ ഹൃദയത്തോടു ചേർത്തുകെട്ടി; അവനെ മാത്രം എന്നെ കാണാൻ ഇടയാക്കേണമെ; പ്രലോഭനങ്ങൾ ഉയർന്നുവരുമ്പോൾ, എന്നെ ക്രിസ്തുവിനെ കാണാൻ ഇടയാക്കേണമെ; കാര്യങ്ങൾ തെറ്റായി പോകുമ്പോൾ, ഞാൻ അവനെ കാണാൻ ഇടയാകട്ടെ; ഞാൻ തയ്യാറെടുക്കുമ്പോഴും, ശത്രു എന്നെ കോപവാനാക്കാൻ ശ്രമിക്കുമ്പോഴും, ഞാൻ യേശുവിനെ കാണാൻ ഇടയാകട്ടെ, അവൻ എന്തു ചെയ്യാൻ പോകുന്നു?

180 അവൻ അത്രയേറെ വചനത്തിലായിരുന്നിട്ട്, അവനും വചനവും ഒരേ കാര്യമായിതീർന്നു. ശ്രദ്ധിക്കു.

181 അവന് വഴിക്കിടേണ്ടതില്ലായിരുന്നു. അവനും വചനവും ഒരേ കാര്യം തന്നെയായിരുന്നു എന്ന് അവൻ അറിഞ്ഞിരുന്നു.

ദൈവത്തിന്റെ പ്രത്യക്ഷമാക്കപ്പെട്ട വചനം അവനായിരുന്നു എന്ന് അവൻ അറിഞ്ഞിരിക്കുകയും, ദൈവത്തിന്റെ കല്പന അവസാനം ലോകം ജയിച്ചടക്കുകയും ചെയ്തു. അവന്റെ വചനം, അവൻ അത് അറിഞ്ഞിരുന്നു. അവന് വിശ്വാസമുണ്ടായിരുന്നു. അവൻ എവിടെയായിരുന്നു എന്ന് അവൻ അറിഞ്ഞിരുന്നു. അവന് ആശയവിനിമയം നടത്തിക്കൊണ്ട്, "ഇവിടെ, നിങ്ങൾക്ക് *ഇവിടെ* വരെ വരാൻ കഴിയും," എന്നു പറയേണ്ടതായിട്ട് ഇല്ലായിരുന്നു.

182 പിശാച് പറഞ്ഞു, "ഇപ്പോൾ, നോക്കു, നിനക്ക് അത്ഭുതങ്ങളെ പ്രവർത്തിക്കാൻ കഴിയും. നിനക്ക് വലിയ വിശ്വാസമുണ്ടെന്നു നിനക്കറിയാം. നിനക്ക് അത്ഭുതാശ്ചര്യങ്ങളെ ചെയ്യാൻ കഴിയും. ഓറൽ റോബേർട്സിന്റെ കെട്ടിടത്തെക്കാളും രണ്ടിരട്ടിയുള്ള ഒരെണ്ണം ഞാൻ നിനക്കുണ്ടാക്കാം. കാരണം, ജനങ്ങളെല്ലാം...അവരെ നീ കാണിക്കേണ്ട ഏക കാര്യം എന്നത്, നീ അവരെ കാണിക്കണം. ഈ കെട്ടിടത്തിൽ നിന്നും നേരെ ഇവിടേയ്ക്ക് ചാടുക, പോയ്ക്കൊണ്ടിരിക്കുക, നോക്കു, എന്തെന്നാൽ അത് ഇവിടെ എഴുതിയിട്ടുണ്ട്, 'നിന്റെ കാൽ കല്ലിന്മേൽ തട്ടിപ്പോകാതിരിപ്പാൻ, ദൂതന്മാർ നിന്നെ കൈകളിൽ താങ്ങിക്കൊള്ളും.'" കാണുന്നോ?

അവന് അധികാരമുണ്ടായിരുന്നു എന്ന് അവൻ അറിഞ്ഞിരുന്നു. അവന് അത് ചെയ്യാൻ സാധിക്കും എന്നവൻ അറിഞ്ഞിരുന്നു. അത് അവനിൽ ആയിരുന്നു എന്നവൻ അറിഞ്ഞിരുന്നു, എന്നാൽ ദൈവം അവനോടു അതു പറയുവോളം അവൻ അതു ഉപയോഗിക്കാൻ ആഗ്രഹിച്ചിരുന്നില്ല. കാണുന്നോ? അതിൽ മുഴുവനും വചനമായി, അവനിൽ ദൈവമായിരിക്കാൻ അവൻ ആഗ്രഹിച്ചിരുന്നു. അവനതു അറിഞ്ഞിരുന്നു, അവൻ എന്തെങ്കിലും സംസാരിക്കുമ്പോൾ, അത് ദൈവത്തിന്റെ വചനമായിരുന്നു; ആകാശവും ഭൂമിയും ഒഴിഞ്ഞുപോയാലും, ആ വചനം ഏതെങ്കിലും ഒരുനാൾ ജയിച്ചടക്കും.

183 അവൻ വഴക്കിടുന്നവനും മനോവിഷമം ഉണ്ടാക്കുന്നവനും ആയിരുന്നില്ല. ദൈവത്തിന്റെ വചനങ്ങൾ മാത്രമേ അവൻ സംസാരിക്കുക ഉണ്ടായിരുന്നുള്ളൂ. അവന്റെ ചുണ്ടുകളിൽ നിന്നും പുറത്തു വന്നിരുന്ന ഓരോ വചനവും ദൈവത്തിന്റെ അഭിഷേകം ചെയ്യപ്പെട്ട വചനങ്ങളായിരുന്നു.

"എന്റെ വചനവും, ദൈവത്തിന്റെ വചനവും ഒന്നാകുന്നു. ഞാൻ പറയുന്നത് എന്തും, അവൻ അതിനെ മാനിക്കുന്നു, എന്തുകൊണ്ടെന്നാൽ അവൻ എന്നോടു മുന്നമേ പറയാതെ, ഞാൻ ഒന്നും ചെയ്തിരുന്നില്ല," നമുക്ക് ഇത് പറയാൻ സാധിച്ചിരുന്നെങ്കിൽ

ആശ്ചര്യമായിരിക്കില്ലേ? ഓ, അവിടെയാണ് നിങ്ങളുടെ മാതൃക. സുവിശേഷത്തിനു യോഗ്യമായ ഒരു ജീവിതമുണ്ട്.

184 വിദ്യാഭ്യാസത്താൽ തേച്ചു മിനുക്കിയ, വലിയ ഉയർന്ന പദവികളിലെ ആ പുരോഹിതന്മാരെപ്പോലെയല്ല, അവിടെ നിന്നുകൊണ്ട് ദൈർഘ്യമേറിയ പ്രാർത്ഥനകൾ നടത്തുകയും, വിധവകളുടെ വീടുകളെ നശിപ്പിക്കുകയും, കൂട്ടായ്മകളിൽ ഉന്നത സ്ഥാനങ്ങളിൽ ഭക്തിപുരസരമായി ഇരിക്കുകയും മറ്റും ചെയ്യുന്നു. അവർ ആയിരുന്നിട്ട്...അത് സുവിശേഷത്തിന് യോഗ്യമായ വിധമുള്ള ഒരു ജീവിതമല്ല.

എന്നാൽ അവൻ അത്രേയേറെ, സുവിശേഷത്തിനു യോഗ്യമായിരുന്നിട്ട്, ദൈവം പറഞ്ഞു, "ഇവൻ എന്റെ പ്രിയ പുത്രൻ, ഞാൻ ഇവനിൽ പ്രസാദിച്ചിരിക്കുന്നു. ഇവനെ കേൾക്കുവിൻ. അവന്റെ വാക്കുകൾ എന്റേതാകുന്നു. അവൻ എന്റെ വചനമാകുന്നു. ഞാനും അവനും ഒന്നു തന്നെയാകുന്നു."

185 അറിയാനായി, ഇപ്പോൾ ഇതു ശ്രദ്ധിക്കു. അവന്റെ വചനം അവസാനം ലോകത്തെ ജയിച്ചടക്കുമെന്നു അവൻ അറിഞ്ഞിരുന്നു. എവിടെ നിന്നാണ് അവന്റെ വചനം വന്നിരുന്നതെന്ന് അവൻ അറിഞ്ഞിരുന്നു. അതിന് ഒരിക്കലും തോല്വിയടയാൻ സാധിക്കില്ലെന്നു അവൻ അറിഞ്ഞിരുന്നു, ആ കാരണത്താലാണ് അവൻ പറഞ്ഞത്, "ആകാശവും ഭൂമിയും ഒഴിഞ്ഞുപോകും, എന്റെ വചനമോ ഒരുനാളും തോല്വിയടയില്ല." കാണുന്നോ? അവനത് പറയാൻ കഴിയുമായിരുന്നു. അവനും ദൈവത്തിന്റെ വചനവും ഒന്നു തന്നെയായിരുന്ന മനുഷ്യൻ അവനായിരുന്നു. അവൻ അവരോടു പറഞ്ഞു...

"നിങ്ങൾ *ഇതും അതും* ചെയ്യേണ്ടതുണ്ട്."

186 അവൻ ചോദിച്ചു, "എന്നെ പാപത്തെക്കുറിച്ച് ആർ ബോധം വരുത്തും? എന്നെ ആർ കുറ്റം വിധിക്കും?" "*അവിശ്വാസമാകുന്നു*," പാപം. "ദൈവത്തിന്റെ വിരലിനാൽ, ഞാൻ, പിശാചുക്കളെ പുറത്താക്കിയെങ്കിൽ, നിങ്ങളുടെ പുത്രന്മാർ ആരെക്കൊണ്ട് അവയെ പുറത്താക്കും?" കാണുന്നോ? അത് അങ്ങനെ ആയിരുന്നില്ല, അതിനാൽ അതു മറ്റെന്തെങ്കിലും ആയിരിക്കണം. കാണുന്നോ? "ഞാൻ..."

അവർ പറഞ്ഞു, "അതെ, ഞങ്ങൾ പിശാചുക്കളെ പുറത്താക്കുന്നു."

187 അവൻ പറഞ്ഞു, "ദൈവത്തിന്റെ സമർത്ഥിക്കപ്പെട്ട വചനത്താൽ, ഞാൻ അതു ദൈവത്തിന്റെ വിരലിനാൽ ചെയ്യുന്നെങ്കിൽ, നിങ്ങളുടെ

പുത്രന്മാർ അവയെ പുറത്താക്കേണ്ടതിന് ആരെ ഉപയോഗിക്കുന്നു? നിങ്ങൾ തന്നെ ന്യായം വിധിപ്പിൻ."

188 അവന്റെ നാൾക്കളിലെ ജനങ്ങൾ, ജനങ്ങളെല്ലാം അവനെക്കുറിച്ച് സംസാരിക്കുകയും പിരഹസിക്കുകയും ചെയ്തിരുന്നു. എന്നാൽ, അവൻ, അവരാൽ കഴിയുന്ന എല്ലാ വിധത്തിലും, അവർ അവനെ അപമാനിക്കുമായിരുന്നു. അവനെതിരായി, എല്ലാ വിധമുള്ള കുറ്റവും പറഞ്ഞിരുന്നു, എന്നാൽ അവൻ മുന്നോട്ട് പോയ്ക്കൊണ്ടിരുന്നു.

ഇതു പറഞ്ഞുകൊണ്ട്, ഇപ്പോൾ തന്നെ ഞാൻ ഇതു ഒരു മിനിട്ടിനുള്ളിൽ അവസാനിപ്പിക്കും.

189 ഈ ദിവസത്തെ ജനങ്ങൾ നാഢീരോഗം ബാധിച്ച ഒരു കൂട്ടരാകുന്നു. നാഢീരോഗം ബാധിച്ച ഒരു കൂട്ടരാണ് ഈ ദിവസത്തുള്ളത്. അവർ ദൈവത്തിന്റെ വാഗ്ദാനങ്ങളെ എടുക്കാൻ ഭയപ്പെടുന്നു. സഭയിലെ മനുഷ്യർ, സഭാ സംഘടന, ഈ ദിവസത്തേയ്ക്കുള്ള ദൈവത്തിന്റെ തിരുവെഴുത്തോടു ദ്വന്ദയുദ്ധം ചെയ്യാനായി സഭാസംഘടകൾ ഭയപ്പെടുന്നു. അവർ തിരിച്ചറിയുന്നു. ശിംശോന് അവന്റെ അവസ്ഥയിൽ അതിനെ നേരിടാൽ കഴിയാതിരുന്നതുപോലെ തന്നെ, അവരുടെ നൂതന അവസ്ഥകളും അവരുടെ സർവ്വജനികമായ പ്രസംഗങ്ങളും ഈ മണിക്കൂറിനെ പോരിന് വിളിക്കാൻ കഴിയാത്തതാണെന്നു അവർ തിരിച്ചറിയുന്നു. അതു ദൈവം എടുക്കുന്നു.

അതിനുവേണ്ടി വാഗ്ദത്തം ചെയ്തിരുന്ന പദ്ധതി ഇവിടെയാകുന്നു. വെറും ഒരു നിമിഷത്തിനുള്ളിൽ തന്നെ ഞാൻ അതിലേയ്ക്ക് കടക്കുന്നതാണ്.

190 ഒരു നിമിഷം, എന്ന വാക്കിനെ ഞാൻ കാത്തുകൊള്ളാൻ ആഗ്രഹിക്കുന്നു. അവർ അവരെ ക്രിസ്ത്യാനികൾ എന്നു വിളിക്കുന്നുണ്ടെങ്കിലും, ദൈവത്തിന്റെ വചനത്തിന്റെ സ്ഥാനത്തെ എടുക്കുന്നതിനു പകരമായി, മതവിശ്വാസങ്ങളെയും, മനുഷ്യ നിർമ്മിത മതവിശ്വാസങ്ങളെയും ഏറ്റെടുത്തിരിക്കുന്നു. അതുകൊണ്ട്, അവർക്ക് മതവിശ്വാസത്തെ എടുക്കാൻ കഴിയും, എന്തെന്നാൽ അതു മനുഷ്യ നിർമ്മിതമാകുന്നു. എന്നാൽ അവർ സ്നേഹിക്കുന്നു എന്നു അവകാശപ്പെടുന്ന ദൈവത്തിന്മേൽ അവരുടെ വിശ്വാസത്തെ ഇടാനായി അവർ ഭയപ്പെടുന്നു. അത് ശരിയാണ്. പിന്നെയും നിങ്ങൾ ആ ജീവിതത്തെ സുവിശേഷത്തിനു യോഗ്യം എന്നു പറയുന്നോ? അവർക്ക് സഭാ വിശ്വാസികൾ ഉണ്ടായിരുന്നിട്ടും, കഴിയില്ല. എന്നാൽ അത് സുവിശേഷത്തിന് യോഗ്യമല്ല. അല്ല, തീർച്ചയായും അല്ല.

191 സുവിശേഷം! യേശു പറഞ്ഞു, "ലോകമെമ്പാടും പോയി സകല സൃഷ്ടിയോടും സുവിശേഷം പ്രസംഗിപ്പിൻ. വിശ്വസിക്കുന്നവരാൽ ഈ അടയാളങ്ങൾ നടക്കും."

വിശ്വാസികളെ പിൻപറ്റുന്നതിനെ നിങ്ങൾ നിരസിക്കുമ്പോൾ, നിങ്ങൾക്ക് എങ്ങനെ ഒരു ജീവിതം...നിങ്ങൾ ഒരിക്കലും ഒരു മോശമായ വാക്ക് ഉച്ചരിച്ചിട്ടില്ല, നിങ്ങൾ പത്തു കല്പനകളെയും പ്രമാണിക്കുന്നു, എങ്കിലും ഒരു കാര്യവുമില്ല, അതിനു ഇതുമായി ഒന്നും ചെയ്യാനില്ല. അത് അപ്പോഴും സുവിശേഷത്തിനു യോഗ്യമായതല്ല. കാണുന്നോ? അതിനു കഴിയില്ല.

ആ പുരോഹിതന്മാരെല്ലാം അതു ചെയ്തുപോന്നു, അപ്പോഴും അതിനു യോഗ്യരായിരുന്നില്ല. അവൻ പറഞ്ഞു, "നിങ്ങൾ പിശാചെന്ന, പിതാവിന്റെ മക്കൾ." അവരിൽപ്പെട്ട ഒരു മനുഷ്യനുമേൽ ആർക്ക് ഒരു വിരൽ ചൂണ്ടാൻ കഴിയുമായിരുന്നു? ഒരു തെറ്റായ പുള്ളി, അവരെ ഒരു ദയയും വിചാരിക്കാതെ കല്ലെറിഞ്ഞു കൊല്ലുമായിരുന്നു. പരിശുദ്ധരായ മനുഷ്യർ! സുവിശേഷം കടന്നു വന്നപ്പോൾ, യേശു പറഞ്ഞു, "നിങ്ങൾ പിശാചെന്ന, പിതാവിന്റെ മക്കൾ."

192 അവർ അവരെതന്നെ ക്രിസ്ത്യാനികൾ എന്നു വിളിക്കുന്നുണ്ടെങ്കിലും, അവരുടെ മതവിശ്വാസത്തെ, മതവിശ്വാസങ്ങളെ മുറുകെ പിടിച്ചു കൊണ്ടിരിക്കാൻ അവർ ഇഷ്ടപ്പെടുന്നു. ഓ! ഈ ദിവസത്തെ നൂതന ജനങ്ങളുടെ ചിന്തകളെ, മതവിശ്വാസങ്ങളുടെ സ്ഥാപനങ്ങൾ നിറവേറ്റുന്നു. ഈ ദിവസങ്ങളിൽ വിജയിക്കാൻ പുറപ്പെടുന്ന ഒരു മനുഷ്യനാണെങ്കിൽ, നൂതനമായി ഗതിയ്ക്കനുസരിച്ച് ചിന്തിച്ചുകൊണ്ട് പോകേണ്ടിയിരിക്കുന്നു. ഞാൻ ഇത് വ്യക്തവും സ്പഷ്ടമായും പറയട്ടെ. കാണുന്നോ? ഒരു മനുഷ്യൻ, നിങ്ങൾക്ക് കാര്യസിദ്ധി പ്രാപിക്കണമെങ്കിൽ, നിങ്ങൾ ഈ ദിവസത്തിലെ നൂതന ചിന്തയിലൂടെ പോകേണ്ടതായിട്ടുണ്ട്. അത്...അവർ ചുറ്റിനുമായി പോയി പറയും, "ഓ, അവൻ ഒരു ഓമനത്വമുള്ളവനല്ലേ? അവൻ ആശ്ചര്യവാനല്ലേ? അവൻ അവിടെ വളരെ നേരായി നിന്നിട്ട്, അവൻ നമ്മെ പതിനഞ്ചു മിനിട്ടിൽ കൂടുതൽ ഇരുത്തുകയില്ല. നമ്മുടെ പാസ്റ്ററോ ഈ വക കാര്യങ്ങളാൽ നമ്മോടു എപ്പോഴും ആക്രോശിക്കുമായിരുന്നു."

ആ പാസ്റ്ററിന്മേൽ ലജ്ജിക്കുന്നു. പുൾപ്പിറ്റിൽ നില്ക്കുന്ന ഏതൊരു മനുഷ്യനും ഈ ദിവസത്തിലെ പാപത്തിലേയ്ക്ക് നോക്കി, നിലവിളിക്കുന്നില്ലെങ്കിൽ, ആ മനുഷ്യനിൽ എന്തോ ചില കുറവുകളുണ്ട്. അവൻ പ്രസംഗിക്കുന്നു എന്നു പറയുന്ന സുവിശേഷത്തിൽ അവൻ യോഗ്യനായി കാണുന്നില്ല. അതു ശരിയാണ്. അതിനാൽ, അതു

ചെയ്യുന്നതിലൂടെ, ഇങ്ങനെ പറഞ്ഞുകൊണ്ട്, അവർ ഒഴികഴിവുകളെ ഉണ്ടാക്കുന്നു, “ഇപ്പോൾ, നോക്കൂ, എന്റെ കൂട്ടായ്മ!”

193 വളരെ നാളുകൾക്കു മുമ്പല്ലാതെ, ഒരു പ്രത്യേക വിഭാഗത്തിൽപ്പെട്ട, ഒരു—ഒരു മനുഷ്യൻ ഇവിടെ വന്നിരുന്നു, അയാൾ ഒരു പ്രബന്ധം എഴുതുന്നുണ്ടായിരുന്നു. “ഞാൻ ദിവ്യ രോഗസൌഖ്യത്തെപ്പറ്റി എഴുതുകയാണ്,” എന്ന് അയാൾ പറഞ്ഞു. പറഞ്ഞു, “ബ്രദർ ബ്രൺഹാം, ഞങ്ങളുടെ വിഭാഗീയ സഭയിൽ, ഞങ്ങൾ നിങ്ങളെ സ്നേഹിക്കുന്നു.” ലോകം ആകമാനമോ, രാജ്യത്തിലുള്ളതോ ആയ, വലിയ വിഭാഗീയ സഭകളിൽപ്പെട്ട ഒന്നായിരുന്നു. പിന്നെയും അയാൾ പറഞ്ഞു, “ഈ വിഭാഗീയ സഭയിലും, ഞങ്ങൾ നിങ്ങളെ സ്നേഹിക്കുന്നു.” അയാൾ ഇവിടെ ജെഫെർസൺ വില്ലെയിൽ നിന്നുമുള്ള ആളായിരുന്നു. എന്നാൽ, പറഞ്ഞു, “ഈ ദിവ്യരോഗസൌഖ്യത്തെക്കുറിച്ച് അറിയാനായിട്ടാണ് ഞാൻ വന്നിരിക്കുന്നത്.” അയാൾ പറഞ്ഞു, “എന്റെ സഭ കണ്ട ഒരേ ഒരു കുറ്റമേയുള്ളൂ.” കാണുന്നോ? അയാൾ പറഞ്ഞു, “താങ്കൾ പെന്തെക്കോസ്തുകൾക്കു ചുറ്റമായി വളരെ കൂട്ടായ്മ ചെയ്യുന്നു.”

ഞാൻ പറഞ്ഞു, “കൊള്ളാം, ഇപ്പോൾ, അത് ശരിയാണെന്ന്, താങ്കൾ അറിയുന്നു.” ഞാൻ പറഞ്ഞു, “അത് സത്യമാണ്. ഞാൻ അവരിൽ നിന്നും അകലാനുള്ള ഒരു അവസരത്തിനായി എപ്പോഴും നോക്കിക്കൊണ്ടിരിക്കുകയാണ് എന്നും, താങ്കളറിയണം.” ഞാൻ പറഞ്ഞു, “എന്താണെന്നു ഞാൻ താങ്കളോടു പറയാം. താങ്കളുടെ സഭയാൽ എന്റെ യോഗത്തെ ഏറ്റെടുത്തു നടത്തിക്കാമെങ്കിൽ, ഞാൻ താങ്കളുടെ പട്ടണത്തിലേയ്ക്ക് വരാം.”

“ഓ,” അയാൾ പറഞ്ഞു, “അവർ അതു ചെയ്യുകയില്ല.”

ഞാൻ പറഞ്ഞു, “അതുതന്നെയാണ് ഞാനും ചിന്തിക്കുന്നത്. അങ്ങനെ തന്നെയാണ് ഞാനും ചിന്തിക്കുന്നത്.”

194 പറഞ്ഞു, “നോക്കൂ, എന്റെ വിഭാഗീയ സഭ അങ്ങനെ ഒരു കാര്യത്തിനായി നിലപാടെടുക്കില്ല.” അത്, “ഞാൻ ഇപ്പോൾ വിവാഹം കഴിച്ചിരിക്കുന്നു,” അതല്ലെങ്കിൽ, “ഞാൻ അഞ്ചേർ കാളയെ കൊണ്ടിരിക്കുന്നു,” എന്നു മറ്റും പറയും പോലെ തന്നെയാകുന്നു. നിങ്ങൾക്ക് എത്രമാത്രം ഡോക്ടേറ്റിന്റെ ഡിഗ്രികൾ കിട്ടിയിട്ടുണ്ടെന്നോ, നിങ്ങളുടെ വിഭാഗീയ സഭ, നിങ്ങളെ എത്ര വലിയ ആളായി കാണുന്നു എന്നോ, ഞാൻ കാര്യമാക്കുന്നില്ല. അത്തരത്തിലുള്ള ഒരു മിനിസ്ട്രി ഈ പുസ്തകത്തിൽ എഴുതിയിരിക്കുന്ന സുവിശേഷത്തിനു യോഗ്യമായതല്ല. ശരി.

195 അത്തരത്തിലെ ഒരു ചപ്പചവറിന്റെ വശത്തായിരിക്കുകയും, ഒരു ക്രിസ്ത്യാനി എന്നു വിളിക്കുകയും, ചെയ്യുന്ന, ഏതൊരു സഭാംഗവും! പുറത്തേയ്ക്ക് പോയി ജീവിച്ചിട്ട്...സ്ത്രീകൾ അവരുടെ മുടി ബോബ് ചെയ്യുന്നു, അവർ ധരിച്ചുകൂടെന്നു ബൈബിൾ പറയുന്ന വസ്ത്രങ്ങൾ ധരിക്കുന്നു. പുരുഷന്മാർ ഇപ്പോൾ തുടർന്നു കൊണ്ടിരിക്കുന്ന വിധത്തിൽ തന്നെ തുടർന്നുകൊണ്ട്, "ഭക്തിയുടെ വേഷം ധരിക്കുകയും," മദ്യം കുടിക്കുകയും സിഗരേറ്റ് വലിക്കുകയും, പല പ്രാവശ്യം വിവാഹം കഴിച്ചിട്ടും സഭയിലെ ഡീക്കന്മാരും, പാസ്റ്റർമാരും, അങ്ങയുള്ളതും മറ്റും ആയിരിക്കുകയും ചെയ്യുന്നു. അങ്ങനെയുള്ളതിനെ ധരിക്കുകയും, അത്തരത്തിലെ ജീവിതം നയിക്കുകയും ചെയ്യുന്നവർ സുവിശേഷത്തിനു യോഗ്യമായ ജീവിതം നയിക്കുന്നില്ല.

196 ടെലിഫോണിലൂടെ നിസ്സാര സംസാരം നടത്തിക്കൊണ്ട്, നടക്കുന്ന സ്ത്രീകളും, സഭയിൽ വഴക്കിടുവാൻ തുടങ്ങുകയും, മറ്റും ചെയ്യുന്നവരുടെ ജീവിതം ഞങ്ങൾ പ്രിതിനിധാനം ചെയ്യുന്ന സുവിശേഷത്തിനു യോഗ്യമായതല്ല. ജനങ്ങളുടെ ഇടയിലേയ്ക്ക് ഒരു വിദ്വേഷം കടത്തിവിടുകയും, സഭയെ ചെറിയ കഷ്ണങ്ങളാക്കി തകർക്കുകയും, അങ്ങനെയുള്ളതും മറ്റും ചെയ്യുന്ന ഏതൊരു വ്യക്തിയും, ഞങ്ങൾ പ്രസംഗിക്കുന്ന സുവിശേഷത്തിനു യോഗ്യമല്ല. കൃത്യമായും ശരിയാണ്. "അത് ഭക്തിയുടെ വേഷമിട്ട്, അതിന്റെ ശക്തിയെ ത്യജിക്കുന്നതാകുന്നു," അത്തരത്തിലുള്ളതിൽ നിന്നും ദൈവത്തിന്റെ ശക്തി നിങ്ങളെ ദൂരമാക്കി വെയ്ക്കുന്നു.

197 ശ്രദ്ധിക്കു, ഇപ്പോൾ, അവർ അതു ചെയ്യുകയില്ല. അവർ അങ്ങനെ ചെയ്യുകയില്ല. അവരുടെ സഭ അതിൽ വിശ്വസിക്കുന്നില്ല, എന്നുള്ള ആ ഒഴികഴിവ് അവർക്കുണ്ട്. അവർ...

അതെ, എന്നാൽ, ഇന്നു രാത്രിയിൽ, യേശു ഒരു മനുഷ്യനോട്, അവന്റെ ഹൃദയത്തിൽ ഇപ്രകാരം, "നീ പോയി മുഴു സുവിശേഷം പ്രസംഗിക്കേണം എന്നു ഞാൻ ആഗ്രഹിക്കുന്നു," എന്നു പറയുകയാണെങ്കിൽ.

"എന്റെ സഭ അതിനായി നിലപാട് എടുക്കില്ല, കർത്താവെ, കഴിയുമെങ്കിൽ, നീ എന്നോടു ക്ഷമിച്ചുകൊള്ളേണം. എനിക്ക് ഒരു നല്ല അധികാരം കിട്ടിയിരിക്കുന്നു. ഞാൻ—ഞാൻ—ഞാൻ, ഈ പട്ടണത്തിലുള്ള ഏറ്റവും നല്ല സഭകളിൽ ഒന്നിൽ, ഒരു പാസ്റ്ററായിരിക്കുന്നു, എന്നു നിനക്കറിയാമല്ലോ, കർത്താവെ. ഓ, ഞങ്ങൾ നിന്റെ നാമത്തെ അവിടെ കീർത്തിക്കുന്നു! അതെ, സർ. തീർച്ചയായും ഞങ്ങൾ ചെയ്യും. എനിക്ക് അത് ചെയ്യാൻ കഴിയും." അതേ ഒഴികഴിവ്, അതേ കാര്യം തന്നെ. അങ്ങനെ

അവർ സമർത്ഥിക്കപ്പെട്ട വചനത്തിനായി, അവന്റെ വാഗ്ദത്തം ചെയ്യപ്പെട്ടിരുന്ന ആത്മീയ വിരുന്നിനായി കടന്നു വരുന്നില്ല.

198 "ശവം ഉള്ളേടത്തു കഴുക്കൾ കൂട്ടം, എന്നു യേശു പറഞ്ഞിട്ടില്ലേ"? "കഴുകന്മാർ," ഇപ്പോൾ, ശവന്തീനി പരുന്തുകളല്ല. കഴുകന്മാർ! ചെളിവെള്ളം കൊണ്ടു മലിനമായിരിക്കുന്ന സ്ഥലത്ത്, ജീർണ്ണിച്ച മൃഗമാംസം ഉള്ളേടത്ത്, ശവന്തീനി പരുന്തുകൾ കൂടിവരുന്നു. എന്നാൽ, പച്ചയും, ശുദ്ധവുമായ മാംസമുള്ളേടത്ത്, അവിടെ, കഴുകന്മാർ കൂടിവരുന്നു. കാണുന്നോ? തീർച്ചയായും. വചനം ഉള്ളേടത്ത്, കഴുകന്റെ ഭക്ഷണം, അവർ കൂടിവരുന്നു.

199 അതുകൊണ്ട് അവരെ ക്ഷണിച്ചിരിക്കുന്ന ആത്മീയ ഭോജനത്തിനായി അവർ വരുന്നില്ല. ഒരു ആത്മീയ വിരുന്നിനായി, ഒരു മഹത്തായ ഉണർവ്വിനായി, കഴിഞ്ഞ പതിനഞ്ചു വർഷം കൊണ്ട്, ദൈവം അമേരിക്കയ്ക്ക് ഒരു ക്ഷണം നല്കിയിരിക്കുന്നു എന്നു നിങ്ങൾ വിശ്വസിക്കുന്നോ? [പള്ളിയിൽ കൂടിയിരിക്കുന്നവർ പറയുന്നു, "ആമേൻ."—Ed.] അവർ കടന്നു വന്നോ? ഇല്ല, സർ. ഇല്ല, സർ. അപ്പോൾ, കടന്നു വരുന്നത് നിരസിക്കുക എന്നത്, അവർ അവരെ അതാണ് എന്നു പറയുന്നുണ്ടെങ്കിലും, ആ ജീവിതം സുവിശേഷത്തിനു യോഗ്യമോ?

200 കുറച്ചു നാളുകൾക്കു മുമ്പ്, ഞാൻ ഒരു മേശയ്ക്കരുകിൽ ഇരിക്കുമ്പോൾ, ഒരു മനുഷ്യൻ എന്റെ അടുക്കൽ വന്നിട്ട്, ഇങ്ങനെ പറഞ്ഞു, "ബ്രദർ ബ്രൺഹാം, ഞാൻ മേശയുടെ അപ്പുറത്തേയ്ക്ക് വരാൻ ആഗ്രഹിക്കുന്നു," ഒരു മഹാനായ മനുഷ്യനായിരുന്നു, "താങ്കളുടെ കൈ പിടിച്ചു കുലുക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഞാൻ നിങ്ങളെ സ്നേഹിക്കുന്നു." ഞാൻ ഒരു സഭയിൽ ഉണ്ടായിരിക്കുന്ന സമയം, അയാൾ പ്രസംഗിക്കുന്നത് കേട്ടിരുന്നു. പറഞ്ഞു, "ഞാൻ നിങ്ങളെ സ്നേഹിക്കുന്നു. താങ്കൾ ദൈവത്തിന്റെ ദാസനാണെന്നു ഞാൻ വിശ്വസിക്കുന്നു."

ഞാൻ പറഞ്ഞു, "നന്ദിയുണ്ട്, ഡോക്ടർ. ഞാനും, നിങ്ങളെ സ്നേഹിക്കുന്നു."

അയാൾ പറഞ്ഞു, "ഒരു സഹോദരനായി, ഞാൻ നിങ്ങളെ എത്രയധികം സ്നേഹിക്കുന്നു എന്നു പറയാൻ ആഗ്രഹിക്കുന്നു." പിന്നെയും പറഞ്ഞു, "എന്റെ ഭാര്യ, എന്റെ ചെറിയ രാജ്ഞി അവിടെ ഇരിക്കുന്നത് താങ്കൾ കാണുന്നല്ലോ? താങ്കൾ അവളെ ഓർക്കുന്നോ?"

ഞാൻ പറഞ്ഞു, "ഞാൻ ഓർക്കുന്നു."

പറഞ്ഞു, "സംയുക്ത കോശങ്ങളിൽ ക്യാൻസർ ബാധിച്ചതിനാൽ, ഡോക്ടർമാർ എന്റെ ഭാര്യയ്ക്ക് ജീവിച്ചിരിക്കാൻ രണ്ടാഴ്ചകൾ മാത്രമാണ് നല്കിയിരുന്നത്. താങ്കൾ പട്ടണത്തിലേയ്ക്ക് വരികയും, അവൾക്കായി പ്രാർത്ഥിക്കുകയും ചെയ്തു. മുകളിലേയ്ക്ക് നോക്കി, ഒരു ദർശനം കണ്ടു. തിരികെ എന്നെ നോക്കി, 'കർത്താവ് ഇപ്രകാരം അരുളി ചെയ്യുന്നു, അവൾ സുഖം പ്രാപിക്കും,' എന്നു പറഞ്ഞു." അവളുടെ പിൻഭാഗത്ത് വളരെ വലിയ പാടുണ്ടായിട്ട്, *അങ്ങനെ* ആഴ്ത്തപ്പെട്ടിരുന്നു, കാഴ്ചയ്ക്ക് ഒരു വലിയ...ഒരു സ്ത്രീയുടെ സ്തനം ഉള്ളിലേയ്ക്ക് വലിഞ്ഞു പോയതുപോലെ ആയിരുന്നു, നേരെ അവളുടെ പിൻഭാഗത്ത്, അവളുടെ പൃഷ്ഠാസ്ഥിയിൽ തന്നെയായിരുന്നു. ഇന്ന് അവിടെ അതിന്റെ ഒരു അടയാളം പോലുമില്ല. പറഞ്ഞു, "അവിടെ അതാ എന്റെ രാജ്ഞി, ജീവനുള്ള ഒരുവളായിരിക്കുന്നു." പറഞ്ഞു, "ആ വിശ്വാസ പ്രാർത്ഥന പ്രാർത്ഥിച്ചതിനാൽ, എനിക്ക് താങ്കളെ സ്നേഹിക്കാനല്ലാതെ മറ്റെന്തു ചെയ്യാനാകും? താങ്കൾ എന്നെ നോക്കിക്കൊണ്ട്, എന്തു സംഭവിക്കാൻ പോകുന്നു എന്നു കൃത്യമായും പറഞ്ഞപ്പോൾ, എനിക്ക് താങ്കൾ ദൈവത്തിന്റെ ഒരു—ഒരു ദാസനാണെന്നു വിശ്വസിക്കാതിരിക്കാൻ കഴിയുന്നതെങ്ങനെ?" അയാൾ പറഞ്ഞു, "ഇപ്പോൾ ബ്രദർ ബ്രൺഹാം, എന്റെ പക്കൽ താങ്കൾക്കായി ചിലതുണ്ട്." അയാൾ പറഞ്ഞു, "ഞാൻ പെന്തെക്കോസ്ത് കൂട്ടത്തിലെ ഏറ്റവും വലിയ വിഭാഗത്തിൽ ഉൾപ്പെട്ടിരിക്കുന്നു."

ഞാൻ പറഞ്ഞു, "അതെ, സർ. എനിക്ക് അതറിയാം."

അയാൾ പറഞ്ഞു, "കുറച്ചു നാളുകൾക്ക് മുമ്പ്, ഞാൻ സഹോദരന്മാരുമായി സംസാരിച്ചപ്പോൾ, താങ്കളുമായി ബന്ധപ്പെടാൻ അവർ എന്നോടു പറഞ്ഞു, അത് എന്തെന്നാൽ ദൈവത്താൽ നൽകപ്പെട്ട ഒരു മിനിസ്ട്രിയുമായി നദിക്കരയിലുള്ള ജനങ്ങളുടെ ചുറ്റുമുള്ള ഒരു കൂട്ടരുമായിട്ടു മാത്രമായിരിക്കുന്നതിന് ലജ്ജാകരമായ ഒരു കാര്യമാകുന്നു."

ഞാൻ ചോദിച്ചു, "അതു ശരിയാണോ?"

പറഞ്ഞു, "അതെ." പറഞ്ഞു, "ദൈവം ആ മിനിസ്ട്രിയെ അയച്ചത് പ്രാധാന്യമുള്ള, വളരെ പ്രാധാന്യമുള്ള, പ്രധാന വാർത്താ ഭാഗത്തിലേയ്ക്കുമാണ്."

201 അപ്പോൾ തന്നെ പിശാച് സംസാരിക്കുന്നതായി ഞാൻ മനസ്സിലാക്കി. ഞാൻ വിചാരിച്ചു, "അതെ, 'ഈ മലയിൽ നിന്നും

താഴേയ്ക്ക് ചാടുക, കെട്ടിടത്തിൽ നിന്നും പുറത്തായിട്ട്, നിനക്ക് അറിയാം, എന്നു കാണിക്കുക.'" കാണുന്നോ? കാണുന്നോ?

ഞാൻ വിചാരിച്ചു, "അയാളെ അല്പം നേരം അങ്ങനെ പോകാൻ അനുവദിക്കുക." എന്റെ വൃദ്ധയായ അമ്മ ഇങ്ങനെ പറയാറുണ്ടായിരുന്നു, "പശുവിന്റെ കയറ് അയച്ചു വിട്ടുകൊടുക്കുക, അവൾ തന്നെത്താൻ അതിൽ ചുറ്റിപ്പോകും."

ഞാൻ ചോദിച്ചു, "അത് ശരിയാണോ?"

"അതെ." പറഞ്ഞു, "അതൊരു ലജ്ജയാണ്, അതിനാൽ താങ്കൾ എന്താണ് ചെയ്യുന്നത്?" പറഞ്ഞു, "താങ്കൾ എന്താണ്? ഇന്നു താങ്കൾക്ക് കഷ്ടിച്ചേ ഒരു ഉച്ചഭക്ഷണം വാങ്ങാൻ കഴിയുന്നുള്ളൂ." പിന്നെയും പറഞ്ഞു, "താങ്കളുടെ മിനിസ്ട്രിയുടെ നൂറിൽ ഒരംശം ലഭിച്ചിട്ടും, ഓറൽ റോബേർട്സിനെ മറ്റുള്ളവരെയും, കടന്നു പോയി, നോക്കു. അവർ എങ്ങനെയാണ് പോയ്ക്കൊണ്ടിരിക്കുന്നതെന്ന് നോക്കു."

ഞാൻ പറഞ്ഞു, "അതെ. അത് ശരിയാണ്." കാണുന്നോ?

അയാൾ പറഞ്ഞു, "എന്റെ ഗ്രൂപ്പ് താങ്കളെ എടുക്കും. ഞങ്ങളുടെ ഒരു സഹോദരൻ എന്നതുപോലെ നേരെ നിങ്ങളെ അകത്തേയ്ക്ക് കൂട്ടിക്കൊണ്ടു വരും. അവർ നിങ്ങൾക്ക് കൂട്ടായ്മയുടെ വലതു കരം നല്കുകയും, നിങ്ങൾക്ക് യാത്ര ചെയ്യാൻ ഒരു വിമാനം തരപ്പെടുത്തുകയും, നിങ്ങളുടെ ശമ്പളം ആഴ്ചയിൽ അഞ്ഞൂറ് ഡോളറോ, അതല്ല അതിലും അധികം ആവശ്യമുണ്ടെങ്കിലും നല്കുകയും ചെയ്യും. രാജ്യത്തിലെ എല്ലാ പ്രധാന നഗരങ്ങളിലേയ്ക്കും ഞങ്ങൾ നിങ്ങളെ അയയ്ക്കും." ഇതു സംഭവിച്ചത്, ഇവിടെ അരിസോണയിലുള്ള, ഫിനിക്സിൽ വെച്ച്, ഒരു മേശയ്ക്ക് അപ്പുറത്തും ഇപ്പുറത്തും ഇരുന്നപ്പോഴായിരുന്നു. പിന്നെയും അദ്ദേഹം പറഞ്ഞു, "ഞങ്ങൾ നിങ്ങളുടെ...പണം അടയ്ക്കും" പറഞ്ഞു, "അപ്പോൾ ലോകം, പുറമെയുള്ള ലോകം, വിശിഷ്ട വ്യക്തികളും, വലിയ മഹാന്മാരും, അങ്ങനെ മുകളിലേയ്ക്ക് മുകളിലേയ്ക്ക്..." പറഞ്ഞു, "അവർ കർത്താവിന്റെ കരം കാണാൻ ഇടയാകട്ടെ. പിന്നെ, എനിക്ക് എന്റെ ഭാര്യയേയും മറ്റുള്ളവരെയും കൂട്ടിക്കൊണ്ടു ചെന്ന്, താങ്കൾ പറയുന്നതു പോലെ തന്നെ സംഭവിക്കുന്നു എന്നു തെളിയിച്ചു കാണിക്കാൻ കഴിയും."

202 പറഞ്ഞു, "അതെ, സർ. അത് വളരെ മഹത്തായതായിരിക്കും."

ഇപ്പോൾ, നോക്കു, ആ മനുഷ്യന്, ഒരു ഡി.എല്ലും., എൽ.എൽ.ഡിയും., ഉണ്ടായിരിക്കുകയും, പുസ്തക രചയിതാവും, നോക്കു, സാഹിത്യത്തിന്റെ ഡോക്ടറും, നല്ല രചയിതാവും,

വളരെ നല്ല മനുഷ്യനുമായിരുന്നു. കാണുന്നോ? അദ്ദേഹത്തിന് തിരുവെഴുത്തറിയില്ല.

അത്തരത്തിലുള്ള പ്രവൃത്തികൾ ചെയ്ത ദൂതൻ സൊദോമിലേയ്ക്ക് കടന്നിരുന്നില്ല എന്നുള്ളത് നിങ്ങൾക്കറിയാമോ? വിളിച്ച് പുറത്താക്കപ്പെട്ട കൂട്ടരോട്, അബ്രഹാമിനോടൊപ്പം, അവൻ നിന്നു.

അയാൾക്ക് അതറിയില്ലായിരുന്നു. ഞാൻ അയാളെ അല്പം നേരം അവിടെ ഒറ്റയ്ക്ക് വിട്ടു, എന്നിട്ട് അവിടെ അല്പം നേരം ഇരുന്നു. ആ പിടിത്തം എന്തായിരുന്നു എന്നു കാണാൻ ഞാൻ ആഗ്രഹിച്ചു. ഞാൻ പറഞ്ഞു, "അതെ, എനിക്ക് എന്താണ് ചെയ്യാനുള്ളത്?"

പറഞ്ഞു, "അതെ, ബ്രദർ ബ്രൺഹാം, അവർ പറഞ്ഞ ഒരേ ഒരു കാര്യം...ചില കാര്യങ്ങൾ ഞങ്ങൾ, അത് ചർച്ച ചെയ്തു, താങ്കൾ ഉപദേശിക്കുന്ന കുറച്ചു നിസ്സാര കാര്യങ്ങളെ, താങ്കൾ ഒരു വശത്തേയ്ക്ക് വെയ്ക്കേണം."

ഞാൻ ചോദിച്ചു, "ഉദാഹരണമായിട്ട്, എന്താണ്, സഹോദരാ?"

"ഓ," അയാൾ പറഞ്ഞു, "താങ്കളുടെ സ്നാനം, താങ്കൾക്കറിയാം. താങ്കൾക്കറിയാമല്ലോ, താങ്കൾ ഒൺനസ്സുകാരെപ്പോലെയാണ് സ്നാനം കഴിപ്പിക്കുന്നത്, അങ്ങനെയുള്ളതും മറ്റുമാകുന്നു." പറഞ്ഞു, "അങ്ങനെയുള്ള ചെറിയ കാര്യങ്ങളാണ്."

ഞാൻ പറഞ്ഞു, "ഓ?" ഞാൻ മുന്നോട്ട് പോയി.

പിന്നെ അയാൾ പറഞ്ഞു, "പ്രാരംഭ തെളിവുകൾ; സ്ത്രീ പ്രസംഗികർ; അങ്ങനെയുള്ള നിസ്സാരമായ കുറച്ചു കാര്യങ്ങൾ."

203 ഞാൻ പറഞ്ഞു, "ഊ-ഹാ?" ഞാൻ പറഞ്ഞു, "താങ്കൾ എനിക്ക് നല്കിയ ആദരവിനു ശേഷം, എന്നെ ഒരു പ്രവാചകൻ എന്നു വിളിച്ചുകൊണ്ട്, ഒരു ദൈവത്തിന്റെ ദാസൻ ദൈവത്തിന്റെ മറ്റൊരു ദാസനോടു ചോദിക്കുന്നതിൽ ഞാൻ അതിശയിക്കുന്നു. കർത്താവിന്റെ വചനം, വചനത്തിന്റെ വെളിപ്പാട്, പ്രവാചകന്മാരുടെ അടുക്കലേ വരികയുള്ളൂ എന്നറിഞ്ഞിട്ടും. താങ്കൾ നേരെ തിരിഞ്ഞു കളയുന്നോ, ഡോക്ടർ പോപ്പ്, (അത് നിങ്ങളുടെ നല്ല വിവേകത്തെയല്ല സംസാരിക്കുന്നത്), അങ്ങനെയുള്ള ഒരു കാര്യവുമായി അനുരഞ്ജനം ചെയ്യണമെന്നു ഒരു ദാസൻ മറ്റൊരു ദാസനോടു പറയുകയും ചോദിക്കുകയും ചെയ്യുന്നോ...?...അത് അവന്റെ ജീവനിലും കൂടുതലാകുന്നു." ഞാൻ പറഞ്ഞു, "ഇല്ല, സർ, സഹോദരൻ പോപ്പ്. ഒരു കാരണവശാലും ഞാൻ അതു ചെയ്യുകയില്ല. ഇല്ല, സർ."

അത് എന്താണ്? അവിടെ ജീവന്റെ ഒരു വിത്ത്; ജീവിച്ചാലും മരിച്ചാലും, നിങ്ങൾ ഒരു മഹാനായ വ്യക്തിയായാലും അതല്ല ഒരു മഹാനായ വ്യക്തി അകാതിരുന്നാലും.

204 കഴിഞ്ഞ ദിവസം ഞാൻ അതുവഴി കടന്നു പോകുമ്പോൾ...ഈ രണ്ടു മനുഷ്യരെയും അവഹേളിക്കാൻ വേണ്ടിയല്ല. ഞാൻ അവിടേയ്ക്ക് നോക്കുമ്പോൾ, ഒക്ലഹോമായിലെ, ടുൽസായിൽ ഒരു വലിയ ചിത്രം കണ്ടു; ധർമ്മോപദേശികളെ പഠിപ്പിക്കാനുള്ള, ഒരു സെമിനാരി, ഓറൽ റോബേർട്സിന്റെ ഒരു പുതിയ സ്ഥലം ഉയർന്നു വരുന്നു. അതിന്റെ മുതൽമുടക്ക് (ഡേമോസ് ഷേക്കേറിയനും, സഹോദരൻ കാൾ വില്ല്യംസും, അതിന്റെ ട്രസ്റ്റി ബോർഡിൽ ഉണ്ടായിരുന്നു എന്ന് ഞാൻ അറിയുന്നു.) ഒരു മൂന്നു ദശലക്ഷം ഡോളറിന്റെ കെട്ടിടത്തിൽ നിന്നുള്ള; ഒരു പെന്തെക്കോസ്ത് പയ്യൻ, അമ്പത് ദശലക്ഷം ഡോളറുകളിൽ പണിയുന്നു, അത് അവന് ദൈവം ചെയ്ത മഹത്തായ കാര്യങ്ങൾക്കും അപ്പുറമായിരിക്കുന്നു.

205 ഞാൻ ചിന്തിച്ചു, "എനിക്ക്, ഒരു സെമിനാരിയോ? ഞാൻ തുടക്കം മുതലേ അതിനു എതിരായിരുന്നു."

206 അതിൽ ഇങ്ങനെ എഴുതിയിരുന്നു, "ഓറൽ റോബേർട്സിന്റെ ഭാവിയിലെ വീട്, മഹത്തായ സെമിനാരി." നേരെ റോഡിലൂടെ താഴ്വരയിലേയ്ക്ക് പോയ്ക്കൊണ്ടിരിക്കുമ്പോൾ, അവിടെ ഒരു മഹത്തായ നൂതന കാര്യം ഉണ്ടായിരുന്നു. കെൻസാസിലെ, കെൻസാസ് പട്ടണത്തിൽ ഞാൻ, ഒരു ചെറിയ കീറിപ്പറിഞ്ഞ തമ്പിൽ, യോഗം നടത്തിക്കൊണ്ടിരിക്കുമ്പോൾ, ഓറൽ റോബേർട്സ് എന്റെ അടുക്കൽ വന്നു.

അതു ഇങ്ങനെ പറഞ്ഞിരുന്നു, "ടോമി ഓസ്ബോണിന്റെ ഭാവിയിലെ വീട്," ഓ, മനുഷ്യാ, ഏകദേശം മൂന്നോ-നാലോ-ദശലക്ഷത്തിന്റെ ഒരു സ്ഥലം അങ്ങനെ ഉയർന്നു വരുന്നു.

ടോമി ഓസ്ബോൺ, ഏറ്റവും നല്ല ക്രിസ്ത്യാനികളിൽപ്പെട്ട ഒരാൾ. അദ്ദേഹം ഒരു യഥാർത്ഥ മനുഷ്യനായി, ദൈവം-അയച്ച ഒരു യഥാർത്ഥ മനുഷ്യനാകുന്നു. തെരുവിന്റെ നേരെ മറുവശത്തായി അവിടെ നില്ക്കുമ്പോൾ; കുഞ്ഞ്, ഭയാശങ്കകളോടു കൂടിയ പയ്യൻ, ചെറിയ പയ്യനും ഒരു പെൺകുട്ടിയും ഒരു കാറിലിരുന്നിട്ട്; ചുറ്റുമായി ഓടിച്ചിട്ട്, പുറത്തേയ്ക്കിറങ്ങി. പറഞ്ഞു, "ബ്രദർ ബ്രൺഹാം, ആ ഭ്രാന്തൻ ഓടിപ്പോകുമ്പോൾ, അതു കാണാനായി, ഞാൻ അവിടെ ഉണ്ടായിരുന്നു. താങ്കളുടെ വിരൽ അവന്റെ മുഖത്തേയ്ക്ക് ചൂണ്ടിക്കൊണ്ട്, 'യേശുക്രിസ്തുവിന്റെ നാമത്തിൽ, അവനിൽ നിന്നും പുറത്തു വരിക,'

എന്നു താങ്കൾ പറയുന്നതു ഞാൻ കണ്ടിരുന്നു. 'ഇന്നു രാത്രിയിൽ, അറുപത്തയ്യായിരം ശ്രോതാക്കളുടെ മുന്നിൽ, അവരുടെ ഇടയിൽ വെച്ചു തന്നെ താങ്കളെ അടിച്ചു നിലത്തു വീഴ്ത്തും,' എന്നുള്ള അവന്റെ പ്രവചനം നടത്തിയ ശേഷം, അവൻ നേരെ താങ്കളുടെ മുന്നിലേയ്ക്ക് വീഴുന്നത് ഞാൻ കണ്ടു." പിന്നെയും പറഞ്ഞു, "'കർത്താവിന്റെ നാമത്തിൽ, എന്നു താങ്കൾ പറഞ്ഞതിനു ശേഷം, പിന്നെ ഒരു ശബ്ദവും പുറപ്പെടുവിക്കാതെ, താങ്കൾ അവിടെത്തന്നെ നില്ക്കുന്നതും ഞാൻ കണ്ടു, ദൈവത്തിന്റെ ആത്മാവിനെ നീ വെല്ലുവിളിച്ചതിനാൽ ഇന്നു രാത്രിയിൽ, നീ എന്റെ കാല്ക്കലിൽ വീഴും എന്നു അവനോടു താങ്കൾ പറഞ്ഞു.' അവൻ പറഞ്ഞു, 'ഞാൻ ആരുടെ കാല്ക്കലിലാണ് വീഴാൻ പോകുന്നതെന്നു ഞാൻ നിന്നെ കാണിക്കാം.'"

207 അപ്പോൾ ഞാൻ പറഞ്ഞു, "സാത്താനെ, അവനെ വിട്ടു പുറത്തു വരിക." ഉടൻ തന്നെ അവൻ പുറകിലേയ്ക്ക് വീഴുകയും എന്റെ കാലും തറയും തമ്മിൽ ചേർത്തു പിടിച്ചു.

അവൻ പറഞ്ഞു, "ദൈവം ദൈവം തന്നെ, ബ്രദർ ബ്രൺഹാം. അത്ര തന്നെ." പറഞ്ഞു, "ഞാനും സ്വയം ഒരു വീട്ടിനുള്ളിൽ രണ്ടു മൂന്നു ദിവസം ഇതേ വിധം പറ്റിപ്പിടിച്ചിരുന്നിട്ടുണ്ട്." അവൻ ഒരു കാര്യം പോലും മറച്ചുവെച്ചില്ല. അവൻ അതിനെക്കുറിച്ച് എല്ലാം പറഞ്ഞു. അവൻ അതിനെക്കുറിച്ച് ലജ്ജിച്ചിരുന്നില്ല. ചോദിച്ചു, "എനിക്ക് സൌഖ്യമാക്കാനുള്ള ഒരു ദാനം ലഭിച്ചിട്ടുണ്ടെന്നു താങ്കൾ കരുതുന്നുണ്ടോ?"

208 ഞാൻ പറഞ്ഞു, "അതു മറന്നു കളയൂ, ടോമി. സുവിശേഷം പ്രസംഗിക്കാനായി താങ്കളെ അയച്ചിരിക്കുന്നു. പോകൂ, അതു പ്രസംഗിക്കൂ. സഹോദരൻ ബോസ്വർത്തുമായി ചേർന്നു പോകൂ."

209 ഞാൻ അവിടേയ്ക്ക് നോക്കി, അതു കണ്ടിരുന്നു. അതിനു മുമ്പായി തന്നെ ഞാൻ അവരെ രണ്ടുപേരെയും കണ്ടിരുന്നു.

ഞാൻ ചിന്തിച്ചു, "അവിടെ അതാ ഓറൽ റോബേർട്സിന് അഞ്ഞൂറ് മെഷീനുകൾ, കത്തുകളിൽ മനുഷ്യകരം തൊടേണ്ടതില്ല; കഴിഞ്ഞ വർഷം തന്നെ, കത്ത് ഇടപാടുകളാൽ നാല് ദശലക്ഷം ഡോളറുകൾ കിട്ടി." നാലു ദശലക്ഷം; മുഴുവൻ ലോകത്തിലും, ലോകത്തിൽ എമ്പാടുമുള്ള ക്രൈസ്തവ ലോകത്തിന് മുഴുവനും കൂടി ലഭിച്ച പണത്തിന്റെ നാലിൽ ഒന്ന് ഒരു മനുഷ്യന് കിട്ടുന്നു. എന്താ ഒരു സ്ഥലം! അത് കാണാനായി ഞാൻ അവിടേയ്ക്ക് പോയിരുന്നു.

210 ഇപ്പോൾ, ഓറൽ എന്റെ സഹോദരനാണ്. എന്റെ! ഞാൻ അവനെ സ്നേഹിക്കുന്നു. അവൻ ഒരു യഥാർത്ഥ വ്യക്തിയായി,

വളരെ നല്ല മനുഷ്യനായി, ഞാൻ അവനെ സ്നേഹിക്കുന്നു. ലോകം എന്റേതാണെന്ന് അവൻ ചിന്തിക്കുന്നു, അതു അവന്റേതും കൂടെ ആകുന്നു എന്നു ഞാനും ചിന്തിക്കുന്നു. ഞങ്ങൾ തിരുവെഴുത്തിന്മേൽ യോജിക്കുന്നില്ലെന്നു മാത്രം.

ടോമി ഓസ്ബോൺ, അത്രത്തോളം നന്നായിരിക്കുന്നില്ല. ലോകം അവന്റേതാണെന്നു ഞാൻ ചിന്തിക്കുന്നു. ടോമി ഓസ്ബോൺ, ഞാൻ കണ്ടിട്ടുള്ളതിൽ വെച്ച് ഏറ്റവും നല്ല മനുഷ്യരിൽ ഉൾപ്പെട്ട ഒരുവനാകുന്നു.

"ആ പുരുഷന്മാരെപ്പറ്റി," ഞാൻ ചിന്തിക്കുന്നത്, അവർക്കുള്ളത് കാണാനായി ഞാൻ അവരുടെ കാര്യാലയത്തിലേയ്ക്ക് പോയപ്പോൾ, "അവർ കടന്നു വന്നു എന്റേതിനെ കണ്ടിരുന്നെങ്കിൽ ഞാൻ ലജ്ജിച്ചു പോകുമായിരുന്നു": കത്തുകൾ പുറത്തേയ്ക്ക് അയയ്ക്കാനായി, ഒരു ചെറിയ ടേപ്പ്റൈറ്റർ. എന്തൊരു കാര്യം! ആ സമയം, ട്രൈലറിന്റെ ഏറ്റവും അവസാന ഭാഗത്തായി വെച്ചിരുന്നു. ഞാൻ ചിന്തിച്ചു, "അത് എന്തായി തീരാൻ പോകുന്നു?"

പിന്നെ ഞാൻ പുറത്തേയ്ക്ക് വന്നു. ഞാൻ ചിന്തിച്ചു, "അതെ, 'ഓറൽ റോബേർട്സിന്റെ ഭാവിയിലെ വീട്.' 'ടോമി ഓസ്ബോണിന്റെ ഭാവിയിലെ വീട്.' ഒന്ന് മറ്റൊന്നിനെക്കുറിച്ച് പറയുന്നില്ല."

അങ്ങനെ, ഞാൻ റോഡിലൂടെ പോയ്ക്കൊണ്ടിരിക്കുമ്പോൾ. ഞാൻ ചിന്തിച്ചു, "എന്നെക്കുറിച്ച് എന്താണ്?"

211 എന്തോ ഒന്നു പറഞ്ഞു, "മുകളിലേയ്ക്ക് നോക്കുക."

212 ചിന്തിച്ചു, "അതെ, കർത്താവെ, എന്റെ ഹൃദയം സ്വർഗ്ഗത്തിലാകുന്നു, ഞാൻ അവിടെ എന്റെ നിക്ഷേപം ഇടട്ടെ." ഇപ്പോൾ, ഇത് അനുകമ്പ കാണിക്കാൻ വേണ്ടി ഞാൻ പറയുന്നതല്ല. ഇതു സംഭവിച്ചിരിക്കുന്നു എന്നതിനാലാണ് ഞാൻ പറയുന്നത്, അത് അതു ശരിയാണെന്നു ദൈവം അറിയുന്നു. കാണുന്നോ?

213 നിങ്ങളുടെ നിക്ഷേപങ്ങൾ എവിടെയാകുന്നു? നിങ്ങൾ മഹാനായ ആരെങ്കിലും ആകാൻ ആഗ്രഹിക്കുന്നോ? നിങ്ങൾ ആകുന്നെങ്കിൽ, നിങ്ങൾ ആരുമല്ല. മഹാനായ ആരെങ്കിലും ആയിതീരാൻ ആഗ്രഹിക്കാത്ത ഒരു സ്ഥലത്തേയ്ക്ക് നിങ്ങൾ കടന്നു കൂടുക. നിങ്ങൾ ക്രിസ്തുവിന്റെ ഒരു എളിയ ദാസനായി തീരാൻ ആഗ്രഹിക്കുക. അതാണ് അതിന്റെ രീതി. അത്ര തന്നെ.

214 സഹോദരൻ ബോസെയും മറ്റും ചിക്കാഗോയിൽ ഒരു സഭയുണ്ടാക്കുന്നു. അവർ ഫിൽഡെൽഫിയൻ സഭയെ വളരെ അടുത്തായി ആ വിഭാഗീയ സഭയ്ക്കു കൊടുത്തതേയുള്ളൂ. ഇപ്പോൾ

ഡിഡി ലഭിച്ചിരിക്കുകയും, തന്റെ കോട്ടിന്റെ പിൻഭാഗത്തെ *ഇങ്ങനെ* തിരിച്ച് വെയ്ക്കുകയും ചെയ്തിരിക്കുന്ന ഒരു വ്യക്തിയെ അവർ അന്വേഷിക്കുന്നു. ഞാൻ പറഞ്ഞു, "നിങ്ങളുടെ വഴിയിൽ നിന്നും നിങ്ങൾ മാറിപ്പോയിരിക്കുന്നു. ആ സഭയ്ക്കായി നിങ്ങൾ ഒരു യഥാർത്ഥ പാസ്റ്ററിനെ അന്വേഷിക്കുന്നെങ്കിൽ, തന്റെ പേരുപോലും കഷ്ടിച്ചേ വായിക്കാൻ അറിയാവൂ, എന്നിട്ടും തന്റെ ഹൃദയം ദൈവത്തിനായി കത്തിക്കൊണ്ടിരിക്കുന്ന, പ്രായമുള്ള ഒരു എളിയ മനുഷ്യനെ കണ്ടുപിടിക്കുക. ആ മനുഷ്യനെ അങ്ങനെ എടുക്കുക. ഈ വക കാര്യങ്ങളൊന്നും തന്നെ അറിയാത്ത, അങ്ങനെയുള്ള ഒരു വ്യക്തിയാണ് നിങ്ങൾക്ക് ആവശ്യമായിരിക്കുന്നത്, ആജ്ഞാപിക്കാത്തതും തിരുകിക്കയറ്റാത്തതുമായ ആരെങ്കിലും ആയിരിക്കണം, അതു നിങ്ങളെ സകല സംശയങ്ങളിലേയ്ക്ക് എറിയുകയും, മറ്റും ചെയ്യും, നിങ്ങളെ വചനം മാത്രം ഭോഷിപ്പിക്കണം. അത്തരത്തിലുള്ള വ്യക്തിയെയാണ് എടുക്കേണ്ടത്."

അങ്ങനെ, അവർ ആത്മീയ ഭോജനത്തിനായി വരാൻ ആഗ്രഹിക്കുന്നില്ല. എനിക്ക് അവസാനിപ്പിക്കേണ്ടതുണ്ട്. ഞാൻ ഇപ്പോൾ തന്നെ അധികസമയം എടുത്തിരിക്കുന്നു. കർത്താവ് അനുവദിച്ചാൽ, ഏകദേശം ആറു നിമിഷത്തിനുള്ളിൽ തന്നെ, നാം പിരിച്ചു വിടുന്നതായിരിക്കും.

215 ഇവിടെ ആരോ പറയുന്നത് ഞാൻ കേട്ടു, "എന്നാൽ, ബ്രദർ ബ്രൺഹാം, താങ്കൾ ആ പ്രസ്താവന തിരികെ എടുക്കുന്നതായിരിക്കും നല്ലത്." പറഞ്ഞു, "ജനങ്ങൾ ഞരമ്പു രോഗികളല്ല. ഇവർക്ക് നാഡീ രോഗം ബാധിച്ചിട്ടില്ല. അവർ വിദ്യാഭ്യാസമുള്ളവരാണ്." അപ്പോൾ അവർ വിദ്യാസമ്പന്നരായ ഞരമ്പു രോഗികളാകുന്നു. അതു ശരിയാണ്. അതെ. "അവർ നാഡീ രോഗമുള്ളവരല്ല. അവർ വിദ്യാസമ്പന്നരാകുന്നു."

അപ്പോൾ ഞാൻ നിങ്ങളോടു ഒരു ചോദ്യം ചോദിക്കാൻ ആഗ്രഹിക്കുന്നു. കാണുന്നോ? നിങ്ങൾ മനസ്സിലാക്കുന്നു. പിന്നെ ഞാൻ നിങ്ങളോടു ഒരു ചോദ്യം ചോദിക്കാൻ ആഗ്രഹിക്കുന്നു. അവർ നാഡീരോഗം ബാധിച്ചവർ അല്ലെങ്കിൽ അവരുടെ ഇന്നത്തെ പ്രവർത്തികൾ ദയവായി വിവരിച്ചാലും. അവർ നാഡീരോഗം ബാധിച്ചവരല്ലെങ്കിൽ, ഇന്നു അവർ ചെയ്തുകൊണ്ടിരിക്കുന്നതു പോലെ അവരെക്കൊണ്ട് ചെയ്യിപ്പിക്കുന്നത് എന്താണ്; നോക്കു, അത്യാർത്തി പൂണ്ട്; ഓരോരുത്തരും അവരവരുടെ വിഭാഗീയ സഭയിലേയ്ക്ക് വലിച്ചുകൊണ്ടിരിക്കുന്നു. യേശു അങ്ങനെയല്ല ആഗ്രഹിച്ചത്. അവൻ

ഒന്നിനെക്കുറിച്ചും ധൃതിപ്പെടുന്നില്ല. കാണുന്നോ? അവൻ അത്യാർത്തി നിറഞ്ഞവനല്ല. നമ്മുടെ മാതൃക അവനായിരുന്നു.

216 രാജ്യത്ത്, കുറ്റകൃത്യം, അതിൽ എപ്പോഴും ഉണ്ടായിരുന്നതിലും അധികം കുറ്റകൃത്യം ഇപ്പോൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. തെറ്റുപറ്റിയത് എന്തിനാണ്? പതിമൂന്നിനും പതിനെട്ടിനും മദ്ധ്യേ പ്രായമുള്ളവർ, സഭാംഗങ്ങൾ, ജീവിതം ആരംഭിക്കുകയും, പുരുഷന്മാർ തന്റെ ഭാര്യമാരെയും കുടുംബത്തെയും വെടിവെച്ചുകൊല്ലുന്നു, അവരുടെ കുഞ്ഞുങ്ങളെ ചുട്ടെരിയ്ക്കുന്നു. കുറ്റകൃത്യത്തിന്റെ തരംഗം ശ്രദ്ധിക്കുക. അവർക്ക് നാഡീരോഗം ബാധിച്ചിട്ടില്ലേ? പിന്നെ എന്താണ് സംഭവിച്ചിരിക്കുന്നത്? അവരുടെ പ്രവർത്തികൾ എന്താണ്?

പ്രഭാവ ശക്തിയാൽ അത്യാർത്തി പൂണ്ട രാജ്യങ്ങൾ, ഓരോന്നും എല്ലാം എടുക്കാൻ ആഗ്രഹിച്ചുകൊണ്ട്...മറ്റുള്ള എല്ലാറ്റിനെയും വശത്താക്കി, ഒരു രാജ്യമാക്കി, അവരുടെ രാജ്യത്തിന്റെ പതാക അത്രയും വലിയതാക്കാൻ ആഗ്രഹിക്കുന്നവർ. പ്രഭാവ ശക്തിയാൽ അത്യാർത്തി പൂണ്ടവർ!

217 അസാന്മാർഗ്ഗികത, എന്താണ്, ലോകം അത് എപ്പോഴെങ്കിലും ആയിരുന്നതിനെക്കാളും കൂടുതൽ അസാന്മാർഗ്ഗികതയിൽ ആയിരിക്കുന്നു. തെരുവിൽ സ്ത്രീകൾ നഗ്നരായിരിക്കുന്നു, സ്ത്രീകൾ നഗ്നരായിട്ട്, പറയൂ, അവർ അവരുടെ ശരിയായ മനോനിലയിലാണോ? അവർക്ക് കഴിയില്ല. അവർക്ക് അങ്ങനെയാകാൻ കഴിയില്ല.

218 കേൾക്കൂ. തന്റെ വസ്ത്രം അഴിച്ചു കളഞ്ഞതായി ബൈബിളിൽ എഴുതിയിട്ടുള്ള ഒരേ ഒരു വ്യക്തിയേയുള്ളൂ, അതു ലഗ്യോൻ ബാധിച്ചവനായിരുന്നു. അവന് സ്വബോധം ഉണ്ടായിരുന്നില്ല. യേശു അവനെ കണ്ടുമുട്ടി, അവന്റെ നേരായ മനസ്സ് അവന് കൊടുത്തപ്പോൾ, അവൻ തന്റെ വസ്ത്രം ധരിച്ചു. ശരിയാണ്.

നിങ്ങളുടെ വസ്ത്രങ്ങൾ അഴിച്ചു കളയാൻ നിങ്ങളെ പ്രേരിപ്പിക്കുന്നത് എന്താണ്? പിശാചാകുന്നു. അതു ശരിയാണ്. പിന്നെയും അവർ നാഡീരോഗം ബാധിച്ചവരല്ലെന്നു പറയുന്നോ? ഇവിടെ തെരുവിലൂടെ യാത്ര ചെയ്യൂ, പട്ടണത്തിലെ നാലു ബ്ലോക്കുകൾ പിന്നിട്ട് കഴിഞ്ഞിട്ടും, ഒരു നഗ്നയായ സ്ത്രീയെയും കണ്ടില്ലെന്നു, എന്നോടു തിരികെ വന്നു പറയൂ. ശരി. കണ്ടുപിടിക്കൂ.

219 പിന്നെയും അവർ നാഡീരോഗം ബാധിച്ചവരെല്ലെന്നു നിങ്ങൾ എന്നോടു പറയുന്നോ? കുഴപ്പം എന്താണ്? അവർക്ക് അവരുടെ നേരായ മനോനിലയിൽ ആകാനാകില്ല. ശരിയായ

മനോനിലയുള്ള ഒരു സ്ത്രീ അങ്ങനെ ചെയ്യില്ല; അവൾക്ക് അതിലും നല്ല ബോധമുണ്ട്. അവൾ അവളെതന്നെ എന്തായി പ്രദർശിപ്പിക്കുന്നു എന്നവൾ അറിയുന്നു; അവിടെ പുറമെ, വെറും വൃത്തികെട്ടതും, അഴുക്കാട്ടുന്നതുമായി, അലസന്മാരായ, മദ്യപാനികളും, കൊലപാതകന്മാരും, മറ്റെല്ലാമായി, ഒരു കൂട്ടം ജഡദാഹികളായ പിശാചുക്കളുണ്ട്. നിങ്ങൾ പറയും...

220 ലോകം ഇപ്പോൾ വളരെയധികം മദ്യം കുടിക്കുന്നു. അമേരിക്കയിൽ, അവരുടെ ആഹാര സാധനങ്ങൾക്കു ചെലവഴിക്കുന്നതിനെക്കാൾ അധികം കാശ് അവർ മദ്യപിക്കാനായി ചിലവാക്കുന്നു. അതിനെക്കുറിച്ച് ഞാൻ ചിന്തിക്കുന്നത്...പണ്ടു ഉണ്ടാക്കിയിരുന്നതിലും, രാജ്യം, എത്രത്തോളം മദ്യത്തിന്റെ കടബാദ്ധ്യത ഉണ്ടാക്കിയിരിക്കുന്നു എന്നെനിക്ക് ഇപ്പോൾ ഓർക്കാൻ കഴിയുന്നില്ല. അമിത മദ്യപാനം ചെയ്യുന്നത് എന്താണ്? നിങ്ങളെ മനോരോഗിയുടെ സ്ഥാപനത്തിലേയ്ക്ക് അയയ്ക്കുന്നു.

221 ക്യാൻസർ. "വളരെയധികം പേർക്കും ക്യാൻസർ," ഉണ്ടാകുന്നത് എങ്ങനെ എന്നു ലോകമെമ്പാടുമുള്ള ഡോക്ടർമാർ മാഗസിനുകളിൽ എഴുതി, നിങ്ങളോടു പറയുമ്പോഴും. സിഗരേറ്റുകൾ. അതിനെ എലികളുടെ പുറത്തു പുരട്ടിയിട്ട്, അതു നിങ്ങൾക്ക് ശ്വാസകോശത്തിൽ ക്യാൻസർ ഉണ്ടാക്കുന്നു എന്നു തെളിയിച്ചു. ശ്വാസകോശത്തിൽ ഉണ്ടാകുന്ന ക്യാൻസറിൽ എഴുപത് ശതമാനവും സിഗരേറ്റ് വലിക്കുന്നതിനാലാണ് ഉണ്ടാകുന്നത്. ആ സ്ത്രീകളും പുരുഷന്മാരും അതിൽ നിന്നും പുക വലിച്ചെടുത്തശേഷം നേരെ നിങ്ങളുടെ മുഖത്തേയ്ക്ക് തന്നെ ഊതിവിടുന്നു. അതല്ല നാഡീരോഗം എങ്കിൽ പിന്നെ, നാഡീരോഗം എന്നാൽ എന്താണ്?

222 യേശുക്രിസ്തുവിന്റെ സുവിശേഷം പ്രസംഗിക്കാനും തെളിയിക്കാനും സാധിക്കുകയും, സ്വർഗ്ഗത്തിലെ ദൈവം അഗ്നിസ്തംഭത്തിന്റെ രൂപത്തിലായി ജനങ്ങളുടെ മേൽ തരംഗമായി തീർന്ന്, യേശുക്രിസ്തുവിന്റെ വരവിന്റെ അവസാന ഭാഗത്തേയ്ക്ക് എത്തിയിരിക്കുന്നു എന്നറിയിച്ചു കൊണ്ട് അവൻ അവർക്ക് അവസാന അടയാളത്തെ കാണിക്കുകയും ചെയ്തിരിക്കുന്നു. അതിനെ നോക്കി ചിരിക്കുകയും പരിഹസിക്കുകയും ചെയ്തിട്ട്, അവർ അവരെ സഭാംഗങ്ങൾ എന്നു വിളിക്കുന്നു; എന്നിട്ടും അവർ നാഡീരോഗം ബാധിച്ചവരല്ലെന്നു പറയുന്നോ? അതിനെ വിശദീകരിക്കു. എന്റെ സമയം പോയ്ക്കൊണ്ടിരിക്കുന്നു. അവർ നാഡീരോഗം ബാധിച്ചവരല്ലേ എന്നു മാത്രം ചോദിച്ചു നോക്കു. തീർച്ചയായും. അവർ വിദ്യാഭ്യാസമുള്ള

നാഡീരോഗികളാകുന്നു. അതു കൃത്യമാകുന്നു. അവരുടെ അവസ്ഥയെ വിശദീകരിക്കു. നിങ്ങൾക്ക് സാധിക്കില്ല.

223 അവർ അവരുടെ മുടി മുറിയ്ക്കുന്നു, ലോകപരമായ വസ്ത്രങ്ങൾ ധരിക്കുന്നു, അപ്രകാരമായി തെരുവിലൂടെ നടക്കുന്നു. അതിൽ അവരുടെ ബോബ്ബ് ചെയ്ത മുടിയുമായി പ്രാർത്ഥിക്കാൻ പോലും വിലക്കിയിരിക്കുകയും ചെയ്തിരിക്കുന്നു. അതു പിന്നെയും പറയുന്നു ഒരു പുരുഷൻ...അവൾ അതു ചെയ്യുകയും ചെയ്യുന്നു. അത് അവൾ ദുർന്നടപ്പുകാരിയാണെന്നു, സ്വയം അവൾ തന്നെ, അവളുടെ ഭർത്താവിനോട് അവകാശപ്പെടുകയും, അവളെ വിവാഹമോചനം ചെയ്ത് അവനിൽ നിന്നും വിട്ടയയ്ക്കാനുള്ള പൂർണ്ണ അവകാശം അവന് ഉണ്ടായിരിക്കുകയും ചെയ്യുന്നു. അതു കൃത്യമായും ശരിയാകുന്നു. ദൈവത്തിന്റെ വചനം അതു പറയുന്നു, സ്ത്രീകൾ അതു കേൾക്കുകയും, തുടർന്നും മുടി നീളം കുറയ്ക്കുകയും, അവളെ സ്വയം ക്രിസ്ത്യാനി എന്നു വിളിക്കുകയും ചെയ്യുന്നു. അത് നാഡീരോഗം ബാധിച്ചതല്ലെങ്കിൽ, നാഡീരോഗം എന്നാൽ എന്താണ്? പിന്നെയും, ആരെങ്കിലും എന്നോടു നാഡീരോഗം എന്താണെന്നു പറഞ്ഞു തരാൻ ഞാൻ ആഗ്രഹിക്കുന്നു. അതെ. അവർ നാഡീരോഗമുള്ളവരാകുന്നു.

224 ഉന്നത വിദ്യാഭ്യാസമുള്ള, കോളെജിലെ, ഡിഗ്രികൾ! ബൈബിളിനെയും യേശുക്രിസ്തുവിനെയും കുറിച്ച് നാം നമ്മുടെ കുട്ടികളെ പഠിപ്പിക്കുന്നതിലും കൂടുതലായി നാം അവരെ ഗണിതശാസ്ത്രവും ജീവശാസ്ത്രവും പഠിപ്പിക്കുന്നു. ഡേവിഡ് ക്രോക്കേറ്റ് ആരാണെന്നു പറയാൻ കഴിയാത്ത ഒരു ചെറിയ കുട്ടി പോലും ഈ രാജ്യത്ത് ഉണ്ടായിരിക്കില്ല. അവരിൽ മൂന്നിൽ ഒരു ഭാഗത്തിനു പോലും യേശുക്രിസ്തു ആരാണെന്നു നിങ്ങളോടു പറയാൻ കഴിയില്ല. പിന്നെയും, അതല്ലേ നാഡീരോഗം? തീർച്ചയായും, അതാകുന്നു. എങ്ങനെ നമുക്ക് അതു തുടർന്നുകൊണ്ടു മുന്നോട്ട് പോകാനും, അവർക്ക് അതു ചെയ്യാൻ സാധിക്കുന്നതും!

225 ഇത്രയും ഓർത്തിരിക്കു. ബൈബിൾ അതിനെ കുറ്റം വിധിച്ചിരിക്കുമ്പോൾ, സഭകൾ അതിനെ അംഗീകരിച്ച് ഒപ്പിട്ടിരിക്കുന്നു. മിനിസ്ട്രിയ്ക്കും നാഡീരോഗം ബാധിച്ചോ? വിദ്യാഭ്യാസമുള്ള നാഡീരോഗികൾ. അതു കൃത്യമായും ശരിയാണ്. സഭകൾ അതിനെ അംഗീകരിച്ച് ഒപ്പിട്ടിരിക്കുന്നു.

226 ലോത്തിനെ ഓർത്തുകൊള്ളുക. അവൻ ഒരു മിടുക്കനായ മനുഷ്യനായിരുന്നു. ഒരു നിമിഷം മാത്രം, അവനെ നോക്കു. ചെയ്യരുത്—ചെയ്യരുത്...നമുക്കല്ല...

ചില നിമിഷങ്ങൾ കൂടെ കൂടിപ്പോയതിന് എന്നോടു ക്ഷമിക്കണം. ഇത്—ഇത് വളരെ ഗൌരവമുള്ളതാണ്. ഇത് ഇങ്ങനെ പുറത്തേയ്ക്ക് പോയിട്ട്...ഇത് ടേപ്പിൽ റെക്കോർഡ് ചെയ്യുമ്പോഴാണ് നിങ്ങൾ എന്നെ കേൾക്കാൻ കടന്നു വന്നിരിക്കുന്നത്.

227 നോക്കൂ. ശ്രദ്ധിക്കൂ. ഒരു നിമിഷത്തേയ്ക്ക് നമുക്ക് നിർത്താം. "കർത്താവെ, ഞാൻ അതു കാണാൻ ഇടയാകട്ടെ," നിങ്ങളുടെ ഹൃദയത്തിൽ, ഒരു നിമിഷം പ്രാർത്ഥിക്കൂ. നിങ്ങളുടെ ഗ്രഹണശക്തിയെ തുറക്കുക. ദൈവം അതു ചെയ്യാനിടയാകട്ടെ. നോക്കൂ...ഈ രാജ്യത്തെ മാത്രം പരിഗണിക്കൂ. ദൈവം പറയുന്നതു മാത്രം നമുക്ക് പറയാം.

228 ബൈബിൾ ഇങ്ങനെ പറയുന്നു, അതായത്, "സൊദോമിലെ പാപങ്ങൾ നീതിമാനായ ലോത്തിന്റെ പ്രാണനെ ദിനംപ്രതി വ്യസനിപ്പിച്ചിരുന്നു." അതിനെതിരായി നിലകൊള്ളാനുള്ള നട്ടെല്ല് അവന് അത്രയധികം ഇല്ലാതെ പോയി. അതു ശരിയല്ലേ? [പള്ളിയിൽ കൂടിയിരിക്കുന്നവർ പറയുന്നു, "ആമേൻ."—Ed.] അവൻ പട്ടണത്തിലെ മേയർ ആയിരുന്നതിനാൽ, അവനതു ചെയ്യാൻ സാധിച്ചില്ല. അവന് കഴിഞ്ഞില്ല. എന്നാൽ ബൈബിൾ പറയുന്നത്, "സൊദോമ്യരുടെ പാപങ്ങൾ അവന്റെ പ്രാണനെ വ്യസനിപ്പിച്ചു," എന്നാണ്. അത് തെറ്റായിരുന്നു എന്ന് അവൻ അറിഞ്ഞിരുന്നു, എന്നാൽ അതിനെ വിരോധിക്കാൻ, അതു ചെയ്യുന്നതിനുള്ള മനോധൈര്യം അവന് ഇല്ലാതെ പോയി.

229 ഇപ്പോൾ നോക്കൂ. അമേരിക്കയിൽ എത്രയോ ലോത്തുമാർ, ഇന്നത്തെ സന്ദേശം തയ്യാറാക്കാനായി അവർ, ഇന്നലെ, അവരുടെ ബൈബിൾ വായിക്കുമ്പോൾ, കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിലെ സ്നാനത്തെക്കുറിച്ച് എഴുതിയിരിക്കുന്ന സ്ഥാനത്തുകൂടെ കടന്നു പോയിട്ടുണ്ടാകും? പരിശുദ്ധാത്മാവിന്റെ അഭിഷേകം എഴുതിയിരിക്കുന്നിടത്തു കൂടെ കടന്നുപോയിരിക്കാം? "യേശുക്രിസ്തു ഇന്നലെയും, ഇന്നും, എന്നെന്നേയ്ക്കും അനന്യനല്ലേ?" മർക്കൊസ് 16, "വിശ്വസിക്കുന്നവരാൽ ഈ അടയാളങ്ങൾ പിന്തുടരേണ്ടതല്ലേ?" യോഹന്നാൻ 14:12 "എന്നിൽ വിശ്വസിക്കുന്നവൻ, ഞാൻ ചെയ്യുന്ന പ്രവൃത്തികൾ അവനും ചെയ്യും എന്നല്ലേ?" "നിങ്ങൾ എന്നിലും, എന്റെ വചനം നിങ്ങളിലും വസിച്ചാൽ, നിങ്ങൾ ഇച്ഛിക്കുന്നത് എന്തും അപേക്ഷിപ്പിൻ അതു നിങ്ങൾക്കു കിട്ടും എന്നല്ലേ?" എത്രമാത്രം ലോത്തുകൾ അതു കണ്ടിട്ടുണ്ടാകാം? എന്നാൽ, അവരുടെ ഒഴികഴിവുകളാൽ, അവരുടെ വിഭാഗീയ സഭകളാൽ! അത്... ബൈബിൾ തുറന്നു അതിലേയ്ക്ക് നോക്കൂ.

230 അവരുടെ പള്ളികളിൽ മുടി ബോബ് ചെയ്ത സ്ത്രീകളുടെ കൂട്ടരെ നോക്കു, ബൈബിൾ അതിനെ കുറ്റപ്പെടുത്തുന്നു എന്ന് അവർ അറിയുന്നു. നേരെ തെരുവിലേയ്ക്ക് നോക്കു, അവരുടെ സഭാംഗങ്ങൾ തന്നെ, വചനം അതിന് എതിരാണ് എന്നറിഞ്ഞിട്ടും, ഷോർട്ടുകൾ ധരിച്ചുകൊണ്ട്, തെരുവിലൂടെ നടക്കുന്നു. എന്നിട്ടും അതിനു എതിരായി നിലവിളിക്കാനുള്ള നട്ടെല്ല് അവർക്കില്ലാതിരിക്കുന്നു. എന്നാൽ, അപ്പോഴും, മനുഷ്യൻ ഒരു ക്രിസ്ത്യാനിയാണെന്നു ഏറ്റുപറയുകയും, അവന്റെ പ്രാണൻ അതിനു എതിരായി അവന്റെ ഉള്ളിൽ തന്നെ നിലവിളിക്കുകയും ചെയ്യുന്നു, അവനതു ചെയ്യാനുള്ള മനോധൈര്യം ഇല്ല. അത് നൂതന സൊദോം അല്ലെങ്കിൽ, പിന്നെ അത് എവിടെയാണ്?

അതിനെതിരായി നിലവിളിക്കുന്ന ആരെയെങ്കിലും, ദൈവം നമുക്ക് നല്കും. അത് ശരിയാണ്. യോഹന്നാൻ സ്നാപകൻ പറഞ്ഞതു പോലെ, “വൃക്ഷങ്ങളുടെ ചുവട്ടിന് കോടാലി വെച്ചിരിക്കുന്നു.” അതാണ് ഇന്നു നമുക്ക് ആവശ്യമായിരിക്കുന്നത്.

231 ശ്രദ്ധിക്കു. അവർ ഒരു നൂതന സൊദോം ആകുന്നു. ഓർക്കുക. കാണുന്നോ? മുഴുവൻ ദേശവും നൂതന സൊദോമും ഗൊമേരയും ആയി തീർന്നിരിക്കുന്നു. ലോത്ത് വീണ്ടും ജീവിക്കുന്നു. ഇല്ല...അവന്റെ സത്യസന്ധമായ ദൃഢവിശ്വാസം വചനത്താൽ അവൻ തെറ്റാണെന്ന് പറഞ്ഞിട്ടും, അതിന്റെ എല്ലാം മുകളിലായി അവൻ ജീവിക്കുന്നു.

232 ചിക്കാഗോയിൽ, ഗ്രേറ്റർ ചിക്കാഗോയിൽ ആ മൂന്നൂറ് പ്രാസംഗികർ ഇരുന്ന സമയത്തെ, നോക്കു. അവർ എന്തു ചെയ്യാൻ പോകുകയായിരുന്നു എന്നു രാത്രിയിൽ കർത്താവ് എന്നോടു പറഞ്ഞു. അവർ എനിക്കായി ഒരു കെണി ഒരുക്കി വെച്ചിരുന്നു. ഞാൻ, അവിടെ കടന്നു പോയി. ഞാൻ പോയി, സഹോദരൻ കാൾസനോടു അതു പറഞ്ഞു. ഞാൻ പറഞ്ഞു, “നിങ്ങൾക്ക് അതു ആ ഹോട്ടലിൽ വെച്ചു നടത്താൻ കഴിയില്ല. നിങ്ങൾ അതു മറ്റൊരു സ്ഥലത്തു വെച്ചു നടത്തും, അതു ഒരു നീല നിറത്തിലെ മുറിയായിരിക്കും. അവർ എനിക്കായി ഒരു കെണി ഒരുക്കിയിരിക്കുന്നു, അവർ അതു ചെയ്തിട്ടില്ലേ, സഹോദരൻ കാൾസ്?” അവൻ തന്റെ തല കുനിച്ചു കളഞ്ഞു.

ചിക്കാഗോയിലെ യോഗത്തിലേയ്ക്ക്, എന്നെ ക്ഷണിക്കാനായി, കുറച്ചു ദിവസങ്ങൾക്കു മുമ്പ്, അദ്ദേഹം എന്റെ മുറിയിലിരിക്കുമ്പോൾ. പറഞ്ഞു, “ബ്രദർ ബ്രൺഹാം, ഞാൻ അതു ഒരിക്കലും മറക്കുകയില്ല.”

അപ്പോൾ ഞാൻ ചോദിച്ചു, “അവർ എനിക്കായി ഒരു കെണി ഒരുക്കി വെച്ചിരുന്നു. എന്തുകൊണ്ടാണ്, സഹോദരൻ കാൾസൻ?

ടോമി ഹിക്സും, താങ്കളും, എന്നോടു അതു പറയാൻ ഭയക്കുന്നത് എന്താണ്?" അവർ അവരുടെ തല കുമ്പിട്ടു നിന്നു. ഞാൻ ചോദിച്ചു, "ടോമി, താങ്കൾ എന്തുകൊണ്ടാണ് ഒന്നും പറയാത്തത്?"

പറഞ്ഞു, "എനിക്ക് അത് പറയാൻ കഴിയില്ല."

ഞാൻ പറഞ്ഞു, "താങ്കൾ എനിക്ക് ഒരു സഹായം ചെയ്യാൻ പോകുന്നു എന്നു പറയും എന്നു ഞാൻ കരുതി."

233 ഞാൻ പറഞ്ഞു, "കഴിഞ്ഞ രാത്രിയിൽ കർത്താവ് എന്നോടു പറഞ്ഞു. ഇന്നു താങ്കൾ അവിടേയ്ക്ക് പോകാൻ പോകുകയാണ്, അപ്പോൾ നിങ്ങൾക്ക് ആ കെട്ടിടം കിട്ടാൻ പോകുന്നില്ലെന്നു അറിയാനാകും. നിങ്ങൾ മറ്റൊരു കെട്ടിടത്തിലേയ്ക്ക് പോകാൻ പോകുന്നു. ഡോക്ടർ മീഡ് *ഈ* വശത്തായി ഇരിക്കും. ആ പാട്ടു പാടിയ, നിറക്കാരനായ മനുഷ്യനും, അദ്ദേഹത്തിന്റെ ഭാര്യയും, നേരെ *ഇവിടെ* ഇരിക്കും, അങ്ങനെയും മറ്റുമായിരുന്നു, അവിടെതന്നെ അവരെല്ലാം ഇരിക്കാൻ പോകുന്നു." ഞാൻ പറഞ്ഞു, "അവിടെ ഒരു ബുദ്ധന്റെ പുരോഹിതനും ഉണ്ടായിരിക്കും." പിന്നെയും ഞാൻ പറഞ്ഞു, "ഇപ്പോൾ കണ്ടുപിടിക്കു. നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിലുള്ള ജല സ്നാനത്തെക്കുറിച്ച് ഞാൻ സംസാരിക്കുന്നതാണ്, അവർ എനിക്ക് എതിരായി കണ്ടുപിടിച്ചിരിക്കുന്നത്. അവർ എനിക്ക് വിരോധമായി കണ്ടിപിടിച്ചിരിക്കുന്നത് എന്തുകൊണ്ടെന്നാൽ, ഞാൻ സർപ്പത്തിന്റെ സന്തതിയെപ്പറ്റി പ്രസംഗിക്കുകയും; അന്യഭാഷകളിൽ സംസാരിക്കുന്നത് ഒരോ മനുഷ്യനും പരിശുദ്ധാത്മാവ് ലഭിച്ചിരിക്കുന്നു എന്നതിന്റെ തെളിവാണ്, എന്നുള്ള കാര്യങ്ങളിലും അവർ കണ്ടുപിടിച്ചിരിക്കുന്നതിനാലാണ്." ഞാൻ പറഞ്ഞു, "കടന്നു വന്നു ദൈവത്തെ ശ്രദ്ധിക്കുവിൻ."

234 അവിടേയ്ക്ക് പോകുക...അവർ അവിടേയ്ക്ക് കടന്നു പോയി, അപ്പോൾ തുടങ്ങി രണ്ടു മണിക്കൂറിനുള്ളിൽ തന്നെ, അതോ അതിൽ അല്പം കൂടുതലോ ആയേക്കാം, ഉച്ച കഴിഞ്ഞ് കുറച്ചു കഴിയുമ്പോൾ, അവർ സഹോദരൻ കാൾസിനെ വിളിച്ചു. അദ്ദേഹം പറഞ്ഞു, "അതു കൈകാര്യം ചെയ്തിരുന്ന വ്യക്തി, അതിനായിട്ടു കാശ് കെട്ടിക്കഴിഞ്ഞിരുന്നു, പറഞ്ഞു, 'ഞങ്ങൾക്ക് അത് റദ്ദു ചെയ്യേണ്ടതുണ്ട്, എന്തുകൊണ്ടെന്നാൽ ആ രാത്രിയിലേയ്ക്കോ ആ പകൽ സമയത്തേയ്ക്കോ വേണ്ടി അതിന്റെ മാനേജർ ആദ്യം തന്നെ ഒരു പാട്ടു സംഘത്തിന് വാക്ക് കൊടുത്തിരുന്നു.'" അവർക്ക് അത് എടുക്കാൻ കഴിഞ്ഞില്ല.

235 അതിനാൽ ഞങ്ങൾ ദേശത്തുള്ള എല്ലാ പട്ടണങ്ങളിലേയ്ക്കും പോയി. ഞങ്ങൾ അവിടേയ്ക്ക് കടന്നു പോയി ആ പ്രഭാതത്തിൽ, ഞങ്ങൾ അവിടെ നിന്നു, സഹോദരൻ കാൾസൻ പറഞ്ഞു, "ഒരു കാര്യമുണ്ട്. ഒരുപക്ഷേ സഹോദരന്മാരായ നിങ്ങൾ ബ്രദർ ബ്രൺഹാമിനോടു വിയോജിക്കുന്നുണ്ടാകാം, എന്നാൽ," പറഞ്ഞു, "അദ്ദേഹം വിശ്വസിക്കുന്ന കാര്യത്തെ പറയാൻ അദ്ദേഹം ഭയപ്പെടാറില്ല." അദ്ദേഹം പറഞ്ഞു, "ഇവിടെ എപ്രകാരമാണോ സംഭവിച്ചത് അപ്രകാരം തന്നെ അദ്ദേഹം എന്നോട് കാര്യങ്ങളെല്ലാം എങ്ങനെ സംഭവിക്കും എന്നു പറഞ്ഞിരുന്നു." അദ്ദേഹം പറഞ്ഞു, "ഇപ്പോൾ അദ്ദേഹം ഇവിടെയുണ്ട്. അദ്ദേഹം സ്വയം സംസാരിക്കട്ടെ."

236 "ഞാൻ സ്വർഗ്ഗീയ ദർശനത്തിനു അനുസരണക്കേട് കാണിക്കാതെ," എന്ന തിരുവെഴുത്ത് പൌലൊസ് പറഞ്ഞതുപോലെ എടുത്തു. ഞാൻ പറഞ്ഞു, "യേശുക്രിസ്തുവിന്റെ നാമത്തിലുള്ള ജലസ്നാനമാണ്, എനിക്ക് വിരുദ്ധമായി നിങ്ങൾക്കു കിട്ടിയിരിക്കുന്നത്. ഡോക്ടർ *ഇന്ന-ഇന്നയാൾ*, ഡോക്ടർ *ഇന്ന-ഇന്നയാൾ* എന്നു മൂന്നൂറിൽ കുറയാതെ നിങ്ങൾ നിങ്ങളെ തന്നെ പരിചയപ്പെടുത്തിയിരുന്നു." ഞാൻ പറഞ്ഞു, "എനിക്ക് ഗ്രാമറിന്റെ ഒരു വിദ്യാഭ്യാസവും ലഭിച്ചിട്ടില്ല. എന്നാൽ പറയപ്പെട്ട വചനങ്ങളിൽ ഒരെണ്ണത്തെയെങ്കിലും നിരസിക്കാൻ കഴിയുന്ന ആരെങ്കിലും ഉണ്ടെങ്കിൽ, തന്റെ ബൈബിളുമായി എന്റെ വശത്തായി വന്നു നില്ക്കാൻ ഞാൻ ഓരോ മനുഷ്യനെയും വെല്ലുവിളിക്കുന്നു."

അതു ഇവിടെ നിങ്ങൾക്ക് ടേപ്പുകളിൽ ലഭ്യമാണ്, നിങ്ങൾക്ക് ആവശ്യമുണ്ടെങ്കിൽ അതു കേൾക്കാം. ഏറ്റവും ശാന്തമായ ജനക്കൂട്ടം അതായിരുന്നു. ഞാൻ ചോദിച്ചു, "പ്രശ്നം എന്താണ്?" ആ രാവിലെ നേരത്തുണ്ടായിരുന്ന യോഗത്തിൽ സംബന്ധിച്ച ആരെങ്കിലും ഇന്നു രാത്രിയിൽ ഇവിടെ ഇരുപ്പുണ്ടോ? ഞങ്ങൾക്ക് കാണാനായി, നിങ്ങളുടെ കൈ ഉയർത്തു. അതെ, തീർച്ചയായും, എല്ലായിടത്തുമായി കാണപ്പെടുന്നു.

ഞാൻ പറഞ്ഞു, "പിന്നെ, നിങ്ങൾക്ക് അതിനെ പിന്താങ്ങാൻ കഴിയുന്നില്ലെങ്കിൽ, എന്റെ പിന്നിൽ നിന്നും ഒഴിഞ്ഞു മാറിക്കൊൾക." ശരിയാണ്. അവർ മൂലയ്ക്കു ചുറ്റുമായിരുന്നപ്പോൾ, ഓരിയിടുന്ന ലോത്തുമാരായിരുന്നു. ആ സംഗതിയുമായി മുഖാ-മുഖം വന്നപ്പോൾ, അതു വ്യത്യസ്തമായിരുന്നു. അത് ശരിയാണ്. അത്...ആ മനുഷ്യരെല്ലാം പുറത്തേയ്ക്ക് പോയ്ക്കളഞ്ഞു.

237 ടോമി ഹിക്സ് പറഞ്ഞു, "ട്രിനിറ്റിയുടെ രാജ്യവകാശം ഉന്നയിക്കുന്നതായി എനിക്കറിയാവുന്ന സകല പ്രാസംഗികർക്കും അയയ്ക്കാനായി എനിക്ക് അതിന്റെ മുന്നൂറ് ടേപ്പുകൾ ആവശ്യമുണ്ട്."

ആ മനുഷ്യർ എന്റെ കൈ പിടിച്ചു കുലുക്കിക്കൊണ്ട് പറഞ്ഞു, "വീണ്ടും സ്നാനമേല്ക്കാനായി ഞങ്ങൾ കൂടാരത്തിലേയ്ക്ക് തിരികെ വരുന്നതാണ്."

അവരെല്ലാം എവിടെയാണ്? ഒഴികഴിവുകൾ. "എനിക്കതു ചെയ്യാൻ കഴിയില്ല. അതു ചെയ്യാൻ എന്റെ സംഘടനാസഭ അനുവദിക്കുന്നില്ല. ഞാൻ വിവാഹം കഴിച്ചിരിക്കുന്നു. ഞാൻ ഒരു നുകത്തെയും കാളയെയും വാങ്ങിയിരിക്കുന്നു അഥവാ ശരിയ്ക്കും പറഞ്ഞാൽ ഒരു ഏറു കാളയെ വാങ്ങിയിരിക്കുന്നു. ഞാൻ—ഞാൻ അല്പം ഭൂമി വിലയ്ക്കു വാങ്ങിയിരിക്കുന്നു. എനിക്ക് പോയി അതിനെ നോക്കേണ്ടതുണ്ട്." കാണുന്നോ? അങ്ങനെയുള്ള, അത്തരത്തിലെ ചില ഒഴികഴിവുകൾ. അത് ശരിയല്ലേ? [പള്ളിയിൽ കൂടിയിരിക്കുന്നവർ പറയുന്നു, "ആമേൻ."—Ed.] ആ ജീവിതം സുവിശേഷത്തിനു യോഗ്യമോ? ["അല്ല."]

സുവിശേഷം ശരിയാണെങ്കിൽ, നമുക്കുള്ളതെല്ലാം വിറ്റഴിച്ചിട്ട് അതിനു വേണ്ടി ജീവിക്കാം. ഒരു ക്രിസ്ത്യാനിയായിരിക്കാം. അതെ, സർ. ആമേൻ. അവസാനിപ്പിക്കുമ്പോൾ, ഇപ്പോൾ ശ്രദ്ധിക്കു.

238 എന്നാൽ അവരുടെ ഒഴികഴിവുകളോ അവരുടെ മതപ്രമാണങ്ങളും അവരുടെ വിഭാഗീയ സഭകളുമാകുന്നു.

അത് ഒരു വൃക്ഷം പോലെയാകുന്നു. കഴിഞ്ഞ ദിവസം, സഹോദരൻ ബാങ്ക്സിന്റെ അടുക്കൽ ഞാനത് കണ്ടിരുന്നു. എനിക്ക് ഒരു—ഒരു പൈൻ മരം ഉണ്ടായിരുന്നു, ഏകദേശം, ഓ, ഏകദേശം പതിനഞ്ചു വർഷമോ അതിനു മുമ്പോ, ഞാൻ അവിടെയ്ക്ക് ആദ്യമായി താമസം മാറിയപ്പോൾ അതിനെ അവിടെ നട്ടിരുന്നു. ആ പൈൻ മരത്തിൽ ശാഖകൾ ഉളവായപ്പോൾ, ഞാൻ മുന്തിരിയെ പടർന്നു പോകാൻ ഇടയാക്കി, ഞങ്ങൾക്ക് ആ മരത്തിന്റെ കീഴിലേയ്ക്ക്, ഒരുവിധത്തിലും പുല്ല് അരിയുന്ന യന്ത്രത്തെ കൊണ്ടുപോകാൻ കഴിഞ്ഞിരുന്നില്ല. ഏതെങ്കിലും വിധത്തിൽ, അവിടെയുള്ള പുല്ലിന്റെ തളിരുകളെല്ലാം നീക്കികളയുമായിരുന്നു. ഞാൻ അവിടേയ്ക്ക് പോയിട്ട്, ഒരു ഈർച്ചവാളെടുത്ത് അവയുടെ ശാഖകളെല്ലാം, ആ പൈൻ മരം *ഇവിടെ* ഇത്രമാത്രം ഉയരമായിട്ട്, അതിന്റെ കീഴിലൂടെ ഒരു പുല്ലരിയുന്ന യന്ത്രം കൊണ്ടുപോകാൻ സാധിക്കുവോളം വെട്ടിക്കളയുമായിരുന്നു. നിങ്ങൾ കണ്ടിട്ടുള്ളതിൽ ഏറ്റവും മനോഹരമായ പുല്ലുകളാണ്

ഇപ്പോൾ അതിന്റെ കീഴിലുള്ളത്. അത് എന്തായിരുന്നു? വിത്ത് അവിടെ ഉണ്ടായിരുന്നു. അതിന് ആവശ്യമായിട്ടുണ്ടായിരുന്നത് വെളിച്ചമായിരുന്നു.

239 വിത്ത് അവിടെ കിടക്കുന്നു എന്നു നിങ്ങൾ വാസ്തവമായി അറിയുകയും, നിങ്ങളുടെ സംഘടനാ സഭയും, നിങ്ങളുടെ ഒഴികഴിവുകളും, അതിന്റെ മേൽ നിഴലുണ്ടാക്കാൻ ശ്രമിക്കുകയും ചെയ്യുന്നെങ്കിൽ, നിങ്ങൾ ലോത്തിന്റെ ഒരു ഭാഗം എടുക്കുകയാണ്. യേശുക്രിസ്തുവിന്റെ ശക്തിയാലുള്ള, സുവിശേഷ പ്രകാശം അതിന്മേൽ പ്രകാശിക്കാനായി, ആ വക കാര്യങ്ങളെ ദൂരെയെറിയുക. അതെ. അതിൽ നിന്നും വെളിച്ചത്തെ ദൂരമാക്കിയാൽ, അത് ജീവിച്ചു വരുന്നതിൽ നിന്നും തടയാൻ കഴിയും. കാരണം, പ്രകാശം എപ്പോഴെങ്കിലും അതിലേയ്ക്ക് പതിച്ചാൽ, അതിൽ നിന്നും ജീവൻ കടന്നു വരും.

ആ കാരണത്താലാണ്, "അത്തരത്തിലെ യോഗങ്ങളിലേയ്ക്ക് ഒന്നും തന്നെ പോകരുത്," എന്നു ജനങ്ങൾ പറയുന്നത്. അവരുടെ അംഗങ്ങളിൽ ചിലരുടെ മേൽ ആ വെളിച്ചത്തിൽ അല്പം പതിക്കാം എന്നവർ ഭയപ്പെടുന്നു.

240 ആ കിണറ്റിങ്കരയിലെ സ്ത്രീയെ ഓർത്തു നോക്കു. അവൾ ഒരു വേശ്യയായിരുന്നു.

അവിടെ ആ പുരോഹിതന്മാർ നിന്നിരുന്നു. നഥനെയേലിനെക്കുറിച്ച് യേശു, "നീ ആ അത്തി മരത്തിന്റെ ചുവട്ടിൽ ഇരിക്കുമ്പോൾ, ഞാൻ നിന്നെ കണ്ടു," എന്നു പറഞ്ഞത് അവർ കേട്ടു.

അപ്പോൾ പുരോഹിതന്മാർ പറഞ്ഞു, "അവൻ ഒരു ബേത്സബൂബാണ്. അവൻ ഒരു ഭാവി പറച്ചിലുകാരനാണ്. അത് പിശാചിൽ നിന്നുമാകുന്നു."

241 ആ ചെറിയ സ്ത്രീ, ആറു പുരുഷന്മാരൊടൊപ്പം ജീവിച്ചിരുന്ന, അവളുടെ അസാന്മാർഗ്ഗീകമായ വഴിയിലായി, അവൾ അവിടേയ്ക്ക് നടന്നു ചെന്നു. ആ അവസ്ഥയിലായി അവൾ അവിടേയ്ക്ക് നടന്നു ചെന്നപ്പോൾ, ആ അവസ്ഥയിലായിരുന്നു അവൾ. യേശു പറഞ്ഞു, "എനിക്ക് കുടിക്കാൻ തരിക." വർത്തമാനം തുടങ്ങി. അവൻ പറഞ്ഞു, "പോയി നിന്റെ ഭർത്താവിനെ ഇവിടെ കൂട്ടിക്കൊണ്ടു വരിക."

അവൾ പറഞ്ഞു, "എനിക്ക് ഭർത്താവില്ല."

പറഞ്ഞു, "നീ പറഞ്ഞതു സത്യം തന്നെ. നിനക്ക് അഞ്ചുപേർ ഉണ്ടായിരുന്നു, ഇപ്പോൾ നിന്നോടൊപ്പം ഉള്ളവനോ, നിന്റെ ഭർത്താവല്ല."

അവൾ പറഞ്ഞു, "യജമാനനെ, നീ ഒരു പ്രവാചകൻ എന്നു ഞാൻ കാണുന്നു. മിശിഹാ വരുമ്പോൾ അവൻ ഇതെല്ലാം ചെയ്യുമെന്നു ഞാൻ അറിയുന്നു."

യേശു പറഞ്ഞു, "ഞാൻ തന്നെ അവൻ."

242 അതിനെ അത് അവിടെ അവസാനിപ്പിച്ചു. ആ വേശ്യയുടെ ഉള്ളിൽ കിടന്ന വിത്തിനു മുകളിലൂടെ ആ പ്രകാശം മിന്നിയപ്പോൾ, വേശ്യാത്വത്തിന്റെ ദിവസങ്ങൾ കഴിഞ്ഞുപോയി. ദൈവത്തെ മഹത്വപ്പെടുത്തിക്കൊണ്ട്, അവൾ തെരുവിലൂടെ പോയി, പറഞ്ഞു, "വരൂ, ഞാൻ ചെയ്തതെല്ലാം എന്നോടു പറഞ്ഞ ഒരു മനുഷ്യനെ വന്നു കാണൂ. ഇതായിരിക്കില്ലേ ആ മിശിഹാ?" അത് എന്തായിരുന്നു? ആ വേശ്യ എന്നെ കവചത്തിന്റെ നിഴലിൽ കിടന്നിരുന്ന ആ വിത്തിലേയ്ക്ക് പ്രകാശം കടന്നു ചെല്ലേണ്ടതുണ്ടായിരുന്നു. അതെ, സർ.

ഇപ്പോൾ, ഇതു പറഞ്ഞുകൊണ്ട് നമുക്ക് അവസാനിപ്പിക്കാം. എത്ര പേജുകൾ കൂടെ, എന്റെ പക്കലുണ്ടെന്നു എനിയ്ക്കറിയില്ല. ഞാൻ—ഞാൻ അതെല്ലാം എടുക്കാൻ പോകുന്നില്ലെന്നു തീർച്ചയാണ്. ഏകദേശം പത്തെണ്ണം, നേരെ പകുതിയെ ആയിട്ടുള്ളൂ. എന്നിരിക്കിലും നമുക്ക് ഇതു പറഞ്ഞുകൊണ്ട് അവസാനിപ്പിക്കാം.

243 ഒരിക്കൽ, യോഗ്യമായ ജീവിതം നിയിച്ചിരുന്ന, ആരെങ്കിലുമായി നമുക്ക് ഇതിനെ താരതമ്യപ്പെടുത്താം. ധനികനായ ന്യായാധിപനെയും വിശുദ്ധ പൌലൊസിനെയും തമ്മിൽ നമുക്ക് താരതമ്യപ്പെടുത്താം. രണ്ടുപേരെയും ഒരേ പ്രകാശം തന്നെയാണ് സന്ധിച്ചത്. യേശുക്രിസ്തുവിൽ നിന്നും ഒരേ ക്ഷണം തന്നെ രണ്ടു പേർക്കും ലഭിച്ചു. അത് ശരിയല്ലേ? [പള്ളിയിൽ കൂടിയിരിക്കുന്നവർ പറയുന്നു, "ആമേൻ."—Ed.] അവർക്ക് രണ്ടുപേർക്കും തിരുവെഴുത്തിൽ നല്ല പ്രാവിണ്യം സിദ്ധിച്ചിരുന്നു. അവർ രണ്ടും മതതത്വവേദ ശാസ്ത്രികളായിരുന്നു. "കല്പനകളെ പ്രമാണിക്കുക," എന്ന് യേശു ആ ചെറുപ്പക്കാരനായ ന്യായാധിപനോടും പറഞ്ഞിരുന്നു എന്നും ഓർത്തിരിക്കുക.

244 പറഞ്ഞു, "ഞാൻ എന്റെ ചെറുപ്പം മുതലേ ഇവയെല്ലാം ചെയ്തുപോരുന്നു."

അവൻ പരിശീലനം സിദ്ധിച്ച വ്യക്തിയായിരുന്നു. പൌലൊസും അങ്ങനെ തന്നെയായിരുന്നു. രണ്ടാളും തിരുവചനത്തിൽ നല്ല പ്രാവിണ്യം സിദ്ധിച്ചവർ. എന്നാൽ, രണ്ടാൾക്കും വചനം ഉണ്ടായിരുന്നു. ഒരുവനുണ്ടായിരുന്നത് ജ്ഞാനത്തിൽ നിന്നും; മറ്റെയാളിന് അതിനുള്ളിൽ ജീവന്റെ ബീജവും ഉള്ളതായിട്ടുള്ളതായിരുന്നു. ആ

പ്രകാശം, പൌലൊസിന്റെ മുന്നിലൂടെ മിന്നിയപ്പോൾ, അവൻ ചോദിച്ചു, "കർത്താവേ, നീ ആരാണ്?"

പറഞ്ഞു, "യേശു ആകുന്നു ഞാൻ."

"എങ്കിൽ, ഇതാ ഞാൻ." അവൻ തയ്യാറായിരുന്നു.

245 പ്രകാശം രണ്ടു മനുഷ്യരിലും പതിച്ചു. ഒരുവനിൽ കിളിർക്കാൻ പാകമായിരുന്നു; മറ്റെവനിൽ അങ്ങനെ ആയിരുന്നില്ല. അങ്ങനെ തന്നെ ഇന്ന്; ആത്മീയ സഭയിലും, പ്രാകൃത സഭയിലും കാണപ്പെടുന്നു.

246 ധനവാന് അവന്റേതായ ഒഴികഴിവുകൾ ഉണ്ടായിരുന്നു. അവന് അതു ചെയ്യാൻ കഴിഞ്ഞില്ല. ലോകത്തിലുള്ള വളരെയേറെ സുഹൃത്തുക്കളുടെ ഭാരത്താൽ അവൻ വളരെ താണു കിടന്നിരുന്നു. കൂട്ടുകെട്ടുകളിൽ നിന്നും പുറത്തു വരാൻ അവൻ ഇഷ്ടപ്പെട്ടില്ല.

അതു തന്നെയാണ് ഇന്നുള്ള വളരെയേറെ ജനങ്ങളുടെയും പ്രശ്നം. നിങ്ങൾ ഒരു ലോഡ്ജിൽ ഉൾപ്പെട്ടിരിക്കുന്നതിനാൽ, നിങ്ങൾക്ക് ആ സഹോദരബന്ധം വിച്ഛേദിക്കുന്നതിനെക്കുറിച്ച് ചിന്തിക്കാൻ കഴിയില്ല. "അവരെല്ലാവരും കുടിക്കുകയും അങ്ങനെയുള്ള കാര്യങ്ങളും മറ്റും ചെയ്യുകയും ചെയ്യും. അവർ *ഇതു* ചെയ്യുന്നു." ശരി തന്നെ, അതുമായി തന്നെ പോയ്ക്കൊള്ളുക; ലോഡ്ജിന് എതിരായി ഒന്നുമില്ല, സഭയ്ക്ക് എതിരായി ഒന്നും തന്നെയില്ല. ഞാൻ സംസാരിക്കുന്നത് നിങ്ങളെക്കുറിച്ചാണ്. കാണുന്നോ? അതെ. കാണുന്നോ? അതിനു എതിരായി ഒന്നുമില്ല. കാരണം, ആറിൽ ഒന്ന്, മറ്റേതിൽപ്പെട്ട അര ഡസൻ. വിഭാഗീയ സഭ എന്നത്, അവർ ദൈവ വചനത്തെ നിരാകരിക്കുന്നെങ്കിൽ, അവ ലോഡ്ജല്ലാതെ മറ്റൊന്നുമല്ലെന്നു കുറച്ചു നാളുകൾക്കു മുമ്പ് ഞാൻ പറഞ്ഞതേയുള്ളൂ.

247 ശ്രദ്ധിക്കുക. ധനവാനായ മനുഷ്യന് അവന്റേതായ ഒഴികഴിവുകൾ ഉണ്ടായിരുന്നു. എങ്ങനെയും, അവൻ കടന്നു വന്ന, സാക്ഷ്യത്തെ അവന് മറക്കാൻ സാധിച്ചിരുന്നില്ല. അവൻ ഒരു വലിയ കച്ചവടത്തിലേയ്ക്ക് കടന്നതായി നാം കാണുന്നു. അവൻ ജ്ഞാനമുള്ളവനായിരുന്നു. അവൻ അത്തരത്തിലുള്ള ഒരു ഇടത്തേയ്ക്ക് കടന്നിട്ട് അവന് തന്റെ പുതിയ സാമഗ്രികൾ സൂക്ഷിക്കേണ്ടതിനായി നൂതന ധാന്യപ്പുരകൾ പോലും പണിയേണ്ടതായി വന്നു. അവൻ മരിച്ചപ്പോൾ; ചില ഡിഗ്രികളുള്ളതും, തന്റെ കോളറിനെ *ഇങ്ങനെ* തിരിച്ചു വെച്ചിരുന്ന ഒരുവൻ, അവന്റെ ശവസംസ്കാര ശുശ്രൂഷ ചെയ്തിരിക്കും എന്നതിലും ഒരു സംശയവുമില്ല. അവൻ അതു ചെയ്യുമ്പോൾ, ഇങ്ങനെ പറഞ്ഞേക്കാനിടയുണ്ട്...അവരുടെ പതാക പകുതി താഴ്ത്തിക്കെട്ടിക്കൊണ്ട്, ഇങ്ങനെ പറഞ്ഞേക്കാം, "ഞങ്ങളുടെ

പ്രിയ സഹോദരനും, ഈ പട്ടണത്തിലെ മേയറുമായ ഇവൻ, ഇപ്പോൾ സർവ്വശക്തന്റെ കൈകളിലാകുന്നു, എന്തുകൊണ്ടെന്നാൽ അവൻ സഭയിലെ ഒരു മഹാൻ അംഗമായിരുന്നു. അവൻ *ഇതും-അതും മറ്റേതുമെല്ലാം* ചെയ്തിട്ടുണ്ട്."

എന്നാൽ, "നരകത്തിൽ, യാതന അനുഭവിക്കുമ്പോൾ മേലോട്ടു നോക്കി," എന്നു ബൈബിൾ പറയുന്നു. കാണുന്നോ?

248 അപ്പോഴും, തന്റെ തൊഴിലിനെ പിടിച്ചുകൊണ്ടിരിക്കാൻ അവൻ ആഗ്രഹിച്ചിരുന്നു, എന്നതു ഓർത്തുകൊള്ളുക. അബ്രഹാമിന്റെ മടിയിൽ, ലാസർ കിടക്കുന്നതു അവൻ കണ്ടിട്ട്, പറഞ്ഞു, "അബ്രഹാം പിതാവെ, ലാസറിനെ ഇവിടേയ്ക്ക് അയയ്ക്കേണമെ." അപ്പോഴും അവനെ "പിതാവ്," എന്നു വിളിക്കുന്നു. കാണുന്നോ?

അവൻ തന്റെ ജ്ഞാനവുമായി, ഒരു ബുദ്ധിപരമായി നടത്തപ്പെടുന്ന സഭയിലേയ്ക്ക് പോയി. ആ പ്രകാശം അവനിൽ പതിച്ചപ്പോൾ, അവൻ അതിനെ നിരാകരിച്ചുകളഞ്ഞു.

ഇന്നുള്ള നൂതന സഭകളുടെയും പ്രവണത അതല്ലെങ്കിൽ പിന്നെ, എനിക്ക് അതിനെക്കുറിച്ചൊന്നും അറിയില്ല. അവരുടെ വഴിയ്ക്കു കുറുകെ ദൈവം എന്തു തന്നെ മിന്നിച്ചാലും, അത് അഗ്നിസ്തംഭമല്ല മറ്റെന്തായാലും ശരി; അവരുടെ ജ്ഞാനത്താൽ, അവർ അപ്പോഴും, ബുദ്ധിപരമായ കൂട്ടരോടൊപ്പം, സാമൂഹികമായി നിലനില്ക്കാനായി, അവർക്ക് അതിനെ ദൂരത്താക്കാൻ സാധിക്കും.

249 മഹാൻ പണ്ഡിതനായിരുന്ന ഗമാലീയേലിന്റെ കീഴിൽ നിന്നും നേടിയ മഹത്തായ ജ്ഞാനത്താൽ, പൌലൊസ് മുന്നമേ തന്നെ സാമൂഹികമായി നിലനിന്നുകൊണ്ട്, പുരോഹിതന്മാരുടെ അടുക്കൽ പോയി അധികാര പത്രം വാങ്ങി ആ വിശുദ്ധ-ഉരുളകാരെയെല്ലാം തടവിൽ അടയ്ക്കാനുള്ള സാമർത്ഥ്യമുണ്ടായിരുന്ന, മഹാപുരോഹിതന്റെ ഒരു വലങ്കൈ ആയിരുന്നു. എന്നാൽ അവന്റെ വഴിയിൽ വെച്ച് ആ പ്രകാശം മിന്നിയപ്പോൾ, അവൻ യിസ്രായേൽ മക്കളെ മരുഭൂമിയിലൂടെ വഴിനടത്തിയ അഗ്നിസ്തംഭം യേശുക്രിസ്തുവായിരുന്നു എന്നു കാണുകയും, അവൻ അന്നുവരെ അറിഞ്ഞിരുന്ന സകലതും മറന്നുകളയുകയും ചെയ്തു. അവൻ ജീവനിലേയ്ക്ക് വന്നു.

250 ആ ധനികനായ മനുഷ്യന്റെ ജീവിതം, താൻ കേട്ട സുവിശേഷത്തിനു യോഗ്യമായ ജീവിതമാണെന്നു നിങ്ങൾക്കു പറയാൻ സാധിക്കുമോ? അവൻ ഒരു വിശ്വാസിയായിരുന്നിട്ടും, ആ ജീവിതത്തെ നിങ്ങൾക്ക് വിളിക്കാൻ സാധിക്കുമോ...ബുദ്ധിമാന്മാരുടെയും സത്കാരം നടത്തുന്നവരുടെയും ഇടയിൽ, ആ രാത്രിയിൽ അവിടെ...

സൂര്യൻ അസ്തമിച്ചപ്പോൾ, അവിടെ മുകളിലായി, പൊരിച്ച റൊട്ടി കൊട്ടുത്തുകൊണ്ട്, ഒരുപക്ഷേ ഒരു പുരോഹിതൻ ഒരു പ്രാർത്ഥന ചൊല്ലി എന്നും വരാം. അവൻ സത്കാരത്തിൽ ആയിരുന്നപ്പോൾ, അവന്റെ ഗേറ്റിനു പുറത്ത് ഒരു യാചകൻ കിടന്നിരുന്നു. അവൻ തന്റെ പൊരിച്ച റൊട്ടി കൊട്ടുത്തുകൊണ്ടിരിക്കുമ്പോൾ, ദൈവത്തിലുള്ള അവന്റെ മഹത്തായ വിശ്വാസത്തെ പറയുകയായിരുന്നു. അടുത്ത പ്രഭാതത്തിനു മുമ്പേ, സൂര്യൻ ഉദിക്കും മുമ്പേ, അവൻ നരകത്തിലേയ്ക്ക് പോയി. അതാണ് ശരി. അവിടെയാണ് നിങ്ങളുടെ ബുദ്ധിവൈഭവം.

251 എന്നാൽ പൌലൊസ്, ആ പ്രകാശം അവനിൽ പതിച്ചപ്പോൾ, അവന്റെ ജീവിതം യോഗ്യമായിരുന്നോ എന്നു നമുക്ക് താരതമ്യം ചെയ്തുനോക്കാം. സംഭവിച്ചത് എന്തായിരുന്നു? പൌലൊസിൽ, ആ പ്രകാശം, അവനിൽ പതിച്ചപ്പോൾ, അവന്റെ ജ്ഞാനം മുഴുവൻ അവൻ ഉപേക്ഷിച്ചിട്ട് ആ ബുദ്ധിപരമായ കൂട്ടരിൽ നിന്നും അകന്ന്, അവൻ യേശുക്രിസ്തുവിന്റെ ആത്മാവിനാൽ നടന്നു. ദൈവത്തിനു മഹത്വം! അവൻ വളരെ മിടുക്കനായിരുന്നിട്ടും, ഒരിക്കലും ഒരു വലിയ വാക്കു പോലും ഉച്ചരിച്ചിരുന്നില്ല.

അവൻ കൊരിന്ത്യരുടെ ഇടയിൽ വന്നപ്പോൾ, പറഞ്ഞു, "ഞാൻ മനുഷ്യരുടെ ജ്ഞാനത്തിന്റെ വാക്കുകളാലല്ല വന്നത്. നിങ്ങളുടെ വിശ്വാസം അതിന്മേലിടാൻ തക്കവണ്ണം, ഞാൻ മനുഷ്യന്റെ വീർപ്പിക്കുന്ന വാക്കുകളായിട്ടല്ല നിങ്ങളുടെ അടുക്കൽ വന്നത്. എന്നാൽ ഞാൻ നിങ്ങളുടെ അടുക്കൽ വന്നത് നിർവ്യാജമായും, നിങ്ങളുടെ വിശ്വാസം അതിന്മേൽ അർപ്പിക്കാൻ തക്കവണ്ണം, യേശുക്രിസ്തുവിന്റെ പുനഃരുത്ഥാനത്തിന്റെ ശക്തിയായിട്ടായിരുന്നു." അവിടെ ഒരു ജീവനുണ്ട്. അതു ശ്രദ്ധിക്കു.

252 അവൻ തന്റെ വിദ്യാഭ്യാസത്തെ ഉപയോഗിച്ചിരുന്നില്ല. അവൻ ഒരിക്കലും വിദ്യാസമ്പന്നരുടെ കൂട്ടരുമായി നടന്നിരുന്നില്ല. അത് അവരുടെ മതപ്രമാണങ്ങൾക്ക് വളരെയേറെ എതിരായിരുന്നപ്പോഴും, അവൻ ദൈവ വചനത്തിനു അനുസരിച്ച്, താഴ്മയോടെ, ക്രിസ്തുവിന്റെ ആത്മാവിനാൽ നടന്നു. പൌലൊസ് ആ പ്രകാശം കാണുകയും അതിൽ തന്നെ നടക്കുകയും ചെയ്തു (അതു ശരിയല്ലേ?), അവൻ ജീവിച്ചിരുന്ന കാലത്തിലെ യേശുക്രിസ്തുവിനെ ക്രിസ്തുവിന്റെ ജീവനിലൂടെ പ്രതിഫലിപ്പിച്ചു കാണിച്ചിരുന്നു.

താഴ്മയുള്ളവർ, അത്രമാത്രം വിശ്വസിച്ചിട്ട്, അവർ തുവാലകൾ പോലും അവന്റെ മേൽ ഇടുവാൻ കൊണ്ടുവരാൻ ആഗ്രഹിച്ചിരുന്നു. അവയെ അവർ അവന്റെ ശരീരത്തിൽ നിന്നും എടുത്തുകൊണ്ടു പോകുമായിരുന്നു. അവൻ യേശുക്രിസ്തുവിന്റെ ഒരു പ്രതിനിധിയാകുന്നു,

എന്ന് അവർ അത്രമാത്രം വിശ്വസിച്ചിട്ട്, അവൻ തൊടുന്നതെല്ലാം അനുഗ്രഹിക്കപ്പെട്ടത് എന്നും അവർ വിശ്വസിച്ചിരുന്നു. അതെ. അവന്റെ ജീവനും, അവന്റെ ധനവും, അവനുള്ള സകലത്തെയും നല്കിയ, എന്തൊരു മനുഷ്യനായിരുന്നു അവൻ! അവന് വിദ്യാഭ്യാസം ഉണ്ടായിരുന്നു; മീൻ പിടിത്തക്കാരോടും തെരുവിലെ യാചകരോടും അലഞ്ഞു തിരിഞ്ഞു നടക്കുന്നവരോടൊപ്പം നടന്നു കൊണ്ട്, യേശുക്രിസ്തുവിന്റെ സ്നേഹത്തിന്റെ പ്രകാശത്തെ പ്രതിഫലിപ്പിക്കാനായി, സകലതും മറന്നു കളഞ്ഞു

അവൻ പറഞ്ഞു, “നാല്പത്തി ഒമ്പത് വട്ടം, ഞാൻ എന്റെ മുതുകിൽ അടികൊണ്ടു; അത് എന്നെ വിഷമിപ്പിച്ചില്ല.” പിന്നെയും പറഞ്ഞു, “ഞാൻ യേശുക്രിസ്തുവിന്റെ ചുടടയാളം എന്റെ ശരീരത്തിൽ വഹിക്കുന്നു.” ആ പാവം പിടിച്ച മനുഷ്യൻ അത്രമാത്രം ഒരു ഭയാനകമായ അവസ്ഥയിലായിട്ട്, പറഞ്ഞു, “ഞാൻ യേശുക്രിസ്തുവിന്റെ അടയാളങ്ങൾ എന്റെ ശരീരത്തിൽ വഹിക്കുന്നു.” അവനു ചുറ്റുമുണ്ടായിരുന്ന പുരോഹിതന്മാരും മഹാന്മാരായ വിശിഷ്ട വ്യക്തികളിൽ നിന്നും എത്ര വ്യത്യസ്തമായ കാര്യമായിരുന്നു അത്.

253 അവൻ റോമിൽ ആയിരുന്നപ്പോൾ, അവനോടൊപ്പം ആരും തന്നെ നിന്നില്ല. അവിടെ വെച്ചു തന്നെ, അവന്റെ തല വെട്ടിമാറ്റാൻ, അവർ ഒരു കെട്ടിട ബ്ലോക്ക് ഉണ്ടാക്കുകയായിരുന്നു. അവിടെ വെച്ചാണ് അവൾ അതു പറഞ്ഞത്. ഓ, എന്റെ! അവൻ പറഞ്ഞു, “ഇനി നീതിയുടെ കിരീടം എനിക്കായി വെച്ചിരിക്കുന്നു; അതു നീതിയുള്ള ന്യായാധിപതിയായ കർത്താവ് ആ ദിവസം എനിക്കു നല്കും; എനിക്കു മാത്രമല്ല, അവന്റെ പ്രത്യക്ഷതയിൽ പ്രിയം വെച്ച ഏവർക്കും കൂടെ തന്നെ.” സുവിശേഷത്തിനു യോഗ്യമായ ഒരു ജീവിതമുണ്ട്, ഒരു യഥാർത്ഥ മകൻ.

254 അവൻ ക്രിസ്തുവിനായി നിന്നു. അവനിലൂടെ സുവിശേഷത്തെ പ്രതിഫലിപ്പിക്കാൻ അവൻ അനുവദിച്ചു. അവൻ അതു ചെയ്യും മുമ്പേ, അവൻ സുവിശേഷം പഠിച്ചിരുന്നു. പഴയ നിയമം എടുത്തുകൊണ്ട്, അറേബ്യയിലേയ്ക്ക് പോയി അവിടെ മൂന്നു വർഷം താമസിച്ചു. പഴയ നിയമത്താൽ, അവൻ യേശുക്രിസ്തുവായിരുന്നു എന്നു, കാണിച്ചു. അത് അവനിലൂടെ പ്രതിഫലിപ്പിച്ചുകൊണ്ട്, ഒരു എളിയ കൂട്ടരായ ജനങ്ങൾക്ക് കാണിക്കാൻ അനുവദിച്ചു. അതായത്, അവൻ...അവൻ പറഞ്ഞു, “വയറു നിറയെ എങ്ങനെ കഴിക്കാമെന്നും, വിശന്ന് അലഞ്ഞു നടക്കുന്നത് എങ്ങനെ എന്നും എനിക്കറിയാം.”

ആ ദിവസത്തിലെ മഹാന്മാരായ ഉപദേഷ്ടാക്കാന്മാരിൽ ഒരാളായ ഗമാലിയേലിൽ നിന്നുള്ള സ്കോളർഷിപ്പുള്ളവനും,

മഹാപുരോഹിതനുമായി കൈകോർത്തു നിന്നിരുന്ന ഒരു മനുഷ്യൻ, അവനെപ്പോലെ ജ്ഞാനിയും, വിദ്യാഭ്യാസമുള്ളവനും അതിന് അടുത്തായി നില്ക്കുമ്പോൾ...സഹോദരാ, അവന് എല്ലാ തരത്തിലുള്ള കെട്ടിടങ്ങളും ദശലക്ഷക്കണക്കിനു ഡോളറുകളും സമ്പാദിക്കാമായിരുന്നു. അത് ശരിയാണ്. എന്നാൽ അവൻ പറഞ്ഞു, "ഞാൻ..."

255 അവന് ഒരു കോട്ട് അല്ലാതെ മറ്റൊരെണ്ണം കൂടെ ഉണ്ടായിരുന്നില്ല. അത്തരത്തിലെ മിനിസ്ട്രിയുള്ള ഒരു മനുഷ്യനെ ദേമാസ് കണ്ടു! രണ്ടു തീമൊഥെയൊസ്, 3-ാം അദ്ധ്യായത്തിൽ അവൻ പറഞ്ഞു, "ഈ കാലത്തെ സ്നേഹിക്കുന്ന, ദേമാസും കൂട്ടരും എന്നെ വിട്ടേച്ചു പോയി." പറഞ്ഞു, "നീ വരുമ്പോൾ, ഞാൻ അവിടെ വെച്ചേച്ചു പോന്ന ആ കോട്ടും കൂടെ എടുത്തുകൊണ്ടു വരേണം. ഇതാ തണുപ്പ് കടന്നു വരാൻ തുടങ്ങിയിരിക്കുന്നു." അത്തരത്തിലെ മിനിസ്ട്രിയുള്ള ഒരു മനുഷ്യന്, ഒരേ ഒരു കോട്ടു മാത്രമേ ഉണ്ടായിരിക്കുകയുള്ളോ? ദൈവത്തിനു മഹത്വം!

256 മാനസാന്തരപ്പെടും മുമ്പ്, വിശുദ്ധ മാർട്ടിൻ, സുവിശേഷത്തിനായി നില്ക്കാൻ ശ്രമിച്ചിരുന്ന കാര്യവും മറ്റും എന്റെ ഓർമ്മയിൽ വരുന്നു. നിഖ്യാ കൌൺസിലിനു മുമ്പോ നിഖ്യാ കൌൺസിലിലോ, *നിഖ്യാ പിതാക്കന്മാരുടെ*, ചരിത്രത്തിലോ ആണെന്നു തോന്നുന്നു. ഒരുനാൾ അദ്ദേഹം അവിടെയുള്ള ഗേയ്റ്റിലൂടെ പോകുകയായിരുന്നു. അദ്ദേഹം ഫ്രാൻസിലെ, ടോർസിൽ നിന്നുള്ളയാളാകുന്നു. അവിടെ ജനങ്ങൾ... അവിടെ ഒരു അലഞ്ഞു നടന്നിരുന്ന വൃദ്ധൻ, വസ്ത്രങ്ങൾ ഒന്നുമില്ലാതെ, കിടന്നു മരിക്കുകയായിരുന്നു. അവന് വസ്ത്രങ്ങൾ കൊടുക്കാൻ കഴിയുമായിരുന്ന, അവന്റെ ജനങ്ങൾ അവന്റെ അടുക്കൽ കൂടെ തന്നെ പോയിരുന്നു, അവർ അതു ചെയ്തില്ല. അവരെല്ലാം അവന്റെ അടുക്കലൂടെ കടന്നു പോകുകയും ആ വൃദ്ധനായ മനുഷ്യനെ ശ്രദ്ധിച്ചതുമില്ല. വിശുദ്ധ മാർട്ടിൻ അവിടെ നിന്നുകൊണ്ടു അതു ശ്രദ്ധിച്ചുകൊണ്ടിരുന്നു. അവർ പറഞ്ഞു അവൻ...

257 ഓരോ പട്ടാളക്കാർക്കും തന്റെ ബൂട്ട് മിനുക്കാനായി ഒരു—ഒരുവന്റെ ആവശ്യമുണ്ടായിരുന്നു. എന്നാൽ അദ്ദേഹം തന്റെ ദാസന്റെ ബൂട്ടുകൾ മിനുക്കിയിരുന്നു.

തന്റെ കോട്ട് അഴിച്ചെടുത്ത്, ഒരു കത്തിയെടുത്ത് അതിനെ രണ്ടായി കീറി, തന്റെ വാളിനാൽ, രണ്ടാക്കി, പകുതി വീതം രണ്ടു കഷ്ണമാക്കി. അതിനാൽ ആ അലഞ്ഞു തിരിഞ്ഞു നടന്നിരുന്ന വൃദ്ധനെ പുതപ്പിച്ചുകൊണ്ടു, പറഞ്ഞു, "നമുക്ക് രണ്ടാൾക്കും ജീവിച്ചിരിക്കാൻ കഴിയും."

അവൻ വീട്ടിലേയ്ക്ക് പോയി ഉറങ്ങാൻ കിടന്നു. ആ വൃദ്ധനായ മനുഷ്യൻ കരഞ്ഞിരുന്നതിനെപ്പറ്റി ചിന്തിച്ചുകൊണ്ട്, അവിടെ കിടന്നു. ഉടൻ തന്നെ, എന്തോ ഒന്നു അവനെ ഉണർത്തി. അവൻ മുകളിലേയ്ക്ക് നോക്കി. അവൻ ആ അലഞ്ഞു തിരിഞ്ഞു നടന്നിരുന്നവനെ പുതപ്പിച്ച അതേ വസ്ത്രവുമായി, ആ മുറിയിൽ അതാ യേശുക്രിസ്തു നില്ക്കുന്നു. പറഞ്ഞു, "എന്റെ ഈ ഏറ്റവും ചെറിയ സഹോദരന്മാരിൽ ഒരുത്തനു നീ ചെയ്തിടത്തോളം എല്ലാം എനിക്ക് ചെയ്തിരിക്കുന്നു." ആ ജീവിതമാണ് സുവിശേഷത്തിനു യോഗ്യമായത്. അവന്റെ ജീവനും കൂടെ, എങ്ങനെ മുദ്രയിട്ടിരുന്നു എന്നു നിങ്ങൾ അറിയുന്നു.

258 റോമൻ കത്തോലിക്കാ സഭയ്ക്കെതിരായി, യേശുവിന്റെ നാമത്തിലുള്ള ജല സ്നാനത്തിനായി നിലകൊണ്ട, പോളി കോർപ്പിനെ നോക്കു. അവർ അവനെ ഒരു കുറ്റിയിൽ ബന്ധിച്ചു ചുട്ടെരിച്ചു; ഒരു കുളിപ്പുര ഇടിച്ചു നിരത്തി അവനെ കത്തിയെരിച്ചു കളഞ്ഞു. ഈ കാരണത്തിനായി കഷ്ടമനുഭവിച്ച, ഇറാനിയോസിനെയും, മറ്റുള്ളവരെയും നോക്കുവിൻ. ആ ജീവിതങ്ങൾ യോഗ്യമായവയായിരുന്നു.

259 എബ്രായരുടെ പുസ്തകം 11-ാം അദ്ധ്യായത്തിൽ പൌലൊസ് എന്തു പറഞ്ഞിരിക്കുന്നു എന്നു നോക്കു. പറയുന്നു, "അവർ ഈർച്ചവാളാൽ അറുക്കപ്പെട്ടു, പരീക്ഷിക്കപ്പെട്ടു, വാളാൽ കൊല്ലപ്പെട്ടു, ജടയാട്ടുകളുടെയും കോലാട്ടുകളുടെയും തോൽ ധരിച്ചു, ബുദ്ധിമുട്ടും മറ്റും സഹിച്ചു; യോഗ്യമായത് എന്നാൽ ഈ ലോക പ്രകാരം ജീവിക്കുന്നതല്ല." അവിടെയാണ് നിങ്ങൾ. ആ ജീവിതമാണ് സുവിശേഷത്തിനു യോഗ്യമായത്. അത്തരത്തിലുള്ള മനുഷ്യരോടൊപ്പം, എന്റേയും നിങ്ങളുടെതും ന്യായവിധിനാളിൽ നിൽക്കുന്നത് എങ്ങനെ?

260 ഇപ്പോൾ പൌലൊസിനെ ശ്രദ്ധിക്കു. നാം നേരെ താഴേയ്ക്ക് പോകുകയാണ്. യേശു അവനിലൂടെ ഒഴുകാൻ തക്കവണ്ണം, അവൻ സുവിശേഷത്തിനായി നിലകൊണ്ടു. എങ്ങനെയും, എന്തും, അതിനെക്കുറിച്ച് ആർ എന്തു ചിന്തിക്കുന്നു എന്നത് അവൻ കാര്യമാക്കിയില്ല. അവിടെ, അതിനായി ആ മഹാപുരോഹിതന്റെ, അടുക്കൽ അവൻ കടന്നു പോയി അവന്റെ തലയെ വെട്ടി മാറ്റി. അവൻ സുവിശേഷത്തിനു യോഗ്യമായ ഒരു പ്രതിരൂപമായിരുന്നു. അനുവദിക്കൽ...അവിടെ നോക്കു. ജനങ്ങൾ ചിന്തിക്കുന്നത് എന്താണെന്നു കാര്യമാക്കാതെ, നിത്യജീവന്റെ ധാരയെ അവനിലൂടെ കടന്നു പോകാൻ അനുവദിക്കുകയും, അത് അത്രയേറെ ആയിട്ട്, അവൻ പറഞ്ഞു, "എന്റെ സഹോദരന്മാർക്കായി, എന്നെ

ക്രിസ്തുവിൽ നിന്നും വേറുവിടുവിച്ച് ശാപഗ്രസ്തനാവാൻ എനിക്ക് ആഗ്രഹിക്കാമായിരുന്നു.”

ഇപ്പോൾ നിങ്ങൾക്ക് നിത്യജീവൻ കിട്ടിക്കഴിയുമ്പോൾ നിങ്ങൾ എന്തു ചെയ്യുമെന്നു നിങ്ങൾക്കറിയാമോ? അവിടെയാണ് നിങ്ങളുടെ ചോദ്യം. അവിടെയാണ് നിങ്ങളുടെ ഉത്തരവും. നിങ്ങൾ ബുദ്ധിപരമായ വശമെടുക്കും; അതല്ല, നിങ്ങൾക്ക് വാസ്തവമായും നിത്യജീവൻ കിട്ടിയിരിക്കുന്നെങ്കിൽ, നിങ്ങൾ *ഈ* വശമെടുക്കും. അതാണ് സംഭവിക്കുന്നത്.

261 അതാണ് സംഭവിച്ചത്. പൌലൊസ്, അവന്റെ സുവിശേഷത്തെ! കേൾക്കാൻ കൂട്ടാക്കാത്ത അന്ധരായിരുന്ന തന്റെ ജനങ്ങൾക്കായി... ക്രിസ്തുവിൽ നിന്നും ശാപഗ്രസ്തനാകാൻ തയ്യാറായിരുന്നില്ല.

എന്നിൽ തന്നെ ഇതൊരു ലജ്ജയാണെന്നു, ഞാൻ ചിന്തിച്ചു. അവർ എന്നെ കേൾക്കാൻ കൂട്ടാക്കിയില്ല, അതിനാൽ അവരെ വിട്ടുകളയാൻ ഞാൻ തയ്യാറായിരുന്നു. ഞാൻ മാനസാന്തരപ്പെടും പോലെ എനിക്ക് തോന്നി. ഞാൻ മാനസാന്തരപ്പെട്ടു. കാണുന്നോ?

262 ശ്രദ്ധിക്കു. മറ്റുള്ളവർ എന്തു ചിന്തിക്കുന്നു എന്നതിൽ കാര്യമില്ല, ഈ വിധത്തിലെ ജീവിതം സുവിശേഷത്തിനു യോഗ്യമാകുന്നു.

ഇപ്പോൾ ഞാൻ അവസാനിപ്പിക്കുകയാണ്.

263 ഇന്നു നമ്മെപ്പോലെയുള്ള വളരെയധികം പേർ ചെയ്യുന്നതുപോലെ, ആ ധനികനായ മനുഷ്യൻ, ജീവന്റെ വചനത്തെ നിരസിച്ച് പുറത്തേയ്ക്ക് എറിഞ്ഞിട്ട്, ഒരു സഭാംഗമായി തീർന്നു; ജീവിച്ചു കാണിച്ചിരുന്നതു, സുവിശേഷത്തിനു അയോഗ്യമായിരുന്ന ഒരു ജീവിതമാണ്, എന്നു ബൈബിളിൽ നിന്നും തെളിയിച്ചു കാണിച്ചു, അതിനാലാണ് അവനോടു സ്വീകരിക്കാനായി ആവശ്യപ്പെട്ടത്. അത് ശരിയല്ലേ? [പള്ളിയിൽ കൂടിയിരിക്കുന്നവർ പറയുന്നു, “ആമേൻ.”—Ed.] ദൈവശക്തിയെ നിരസിക്കുന്ന, അങ്ങനെയുള്ള ഇരുണ്ട പ്രകാശത്തിലൂടെ എങ്ങനെയാണ് സുവിശേഷം മിന്നുന്നത്?

264 ഇപ്പോൾ, യോഗ്യമായ ജീവിതം ജീവിക്കാനായുള്ള ഒരേ ഒരു വഴി, ക്രിസ്തുവിനെയും അവന്റെ വചനത്തെയും, (അത്, അവൻ വചനമാകുന്നു) അവന്റെ വചനത്തിൽ അവൻ പറഞ്ഞിരിക്കുന്നതിനെ സമ്പൂർണ്ണമാക്കി ദൈവം സമർത്ഥിക്കുകയും നിങ്ങളിലൂടെ സ്വയം പ്രതിഫലിപ്പിക്കുകയും ചെയ്യുക എന്നതാകുന്നു. കാരണം, ഒരു ബലിയായി, ദൈവത്തിന്റെ മുമ്പാകെ സ്വയം സമർപ്പിക്കാനായിട്ടാണ് ക്രിസ്തു മരിച്ചത്. മാത്രമല്ല അത് പരിശുദ്ധാത്മാവിന്റെ രൂപത്തിൽ തിരികെ വന്ന്, തന്റെ പ്രവൃത്തി തുടർന്നു കൊണ്ടു പോകാനായി,

അവന്റെ ജനങ്ങളിലൂടെ സ്വയം പ്രതിഫലിപ്പിക്കുന്നു; ഈ ഭാവി കാലത്തേയ്ക്ക് പറയപ്പെട്ടിരുന്ന അവന്റെ വാഗ്ദത്ത വചനത്തെ പൂർത്തീകരിക്കാനായി, അവൻ സ്വയം നിങ്ങളിലൂടെ പ്രതിഫലിക്കുന്നു.

ക്രിസ്തു വരുന്നു എന്ന് യോഹന്നാൻ സ്നാപകൻ കേട്ടു, അവൻ അതു കേട്ടു. ക്രിസ്തു വെള്ളത്തിലേയ്ക്ക് നടന്നു വരികയായിരുന്നു. അപ്പോൾ യോഹന്നാൻ പറഞ്ഞു, “ഇതാ ദൈവത്തിന്റെ കുഞ്ഞാട്.”

മറ്റാരും അതു കണ്ടില്ല. എന്നാൽ അവൻ, ആ പ്രകാശം ഒരു പ്രാവിന്റെ രൂപത്തിൽ, ആകാശത്തിൽ നിന്നും താഴേയ്ക്ക് ഇറങ്ങുന്നത് കണ്ടു. അപ്പോൾ ഒരു ശബ്ദം ഉണ്ടായി, “ഇവൻ എന്റെ പ്രിയ പുത്രൻ ഇവനിൽ വസിപ്പാൻ എനിക്ക് ഇഷ്ടം തോന്നിയിരിക്കുന്നു.” അത് വരുന്നത് അവൻ കണ്ടു.

പുരോഗമനതീവ്രവാദപരമായ ഒരു—ഒരു പ്രാസംഗികന്റെ മുന്നിലേയ്ക്ക്, ഇമ്മാനുവേലായ, യേശു വെള്ളത്തിലേയ്ക്ക് നടന്നു ചെന്നു. ജനങ്ങളുടെ മുന്നിലൂടെ, വെള്ളത്തിലേയ്ക്ക് നടന്നു ചെന്നു പറഞ്ഞു, “നിന്നാൽ എനിക്ക് സ്നാനമേല്ക്കാൻ ആവശ്യം.”

265 യോഹന്നാൻ പറഞ്ഞു, “കർത്താവെ, എനിക്ക് നിന്നാൽ സ്നാനമേല്ക്കാൻ ആവശ്യം. പിന്നെ നീ എന്റെ അടുക്കൽ വരുന്നതെന്തിന്?” ഒരു പ്രവാചകന്റെയും അവന്റെ ദൈവത്തിന്റെയും, അവരുടെ രണ്ടുപേരുടെയും കണ്ണുകൾ തമ്മിൽ സന്ധിച്ചു. ആമേൻ. നിങ്ങൾക്ക് കഴിയുമോ...ഞാൻ...അവിടെ നിന്നുകൊണ്ട് അതു കാണാൻ എനിക്ക് ആഗ്രഹിച്ചുകൂടെ? നോക്കു, ദൃഢമായ അവ, ആഴത്തിൽ പതിഞ്ഞ ദൃഢമായ യോഹന്നാന്റെ കണ്ണുകൾ അല്പം തുറന്നു ആഴത്തിൽ പതിഞ്ഞ യേശുവിന്റെ കണ്ണുകളിലേയ്ക്ക് നോക്കി; ജഡപ്രകാരം, ഒരാൾ മറ്റെയാളിന്റെ അപ്പന്റെയോ അമ്മയുടെയോ ആദ്യ അളിയൻ.

266 യേശു പറഞ്ഞു, “യോഹന്നാനെ, ഇപ്പോൾ സമ്മതിക്ക, ഇങ്ങനെ സകല നീതിയും നിവൃത്തീകരിക്കുന്നത് നമുക്ക് ഉചിതം. ഈ സമയത്തിന്റെ സന്ദേശം നമ്മളാകുന്നു. സകല നീതിയും നിവൃത്തീകരിക്കുന്നത് നമുക്ക് ഉചിതം.”

267 യോഹന്നാൻ ചിന്തിച്ചു, “അതെ. അവനാണ് ആ ബലി. സമർപ്പിക്കപ്പെടും മുമ്പ് അത് തികച്ചും കഴുകപ്പെട്ടിരിക്കണം.” പിന്നെ അവൻ പറഞ്ഞു, “കടന്നു വരൂ.” അങ്ങനെ അവൻ അവനെ സ്നാനപ്പെടുത്തി. മറ്റു വാക്കുകളിൽ, “സകല നീതിയും നിവൃത്തിയാക്കുന്നത് നമുക്കു ഉചിതം.”

ആ മനുഷ്യൻ ശരിയായ ഒരുവനാണെന്ന്, യേശു അറിഞ്ഞിട്ട്, പറഞ്ഞു, "അവനെപ്പോലെ, ഒരുവൻ ഒരു സ്ത്രീയിൽ നിന്നും ജനിച്ചിട്ടില്ല. നിങ്ങൾക്ക് അതു അംഗീകരിക്കാൻ കഴിയുമെങ്കിൽ, ഇത് ഒരു പ്രവാചകനിലും ഏറിയവനാകുന്നു; അവൻ ഒരു പ്രവാചകനിലും മികച്ചവൻ തന്നെ." മാത്രമല്ല യേശു, അവന്റെ ഹൃദയത്തിലേയ്ക്ക് നോക്കി, അതറിഞ്ഞിരുന്നു. അവന്റെ സ്വന്ത അളിയൻ അവനെ അവിടെ വെച്ചു, മുഖാ-മുഖം സന്ധിക്കുന്നു.

268 യോഹന്നാൻ പറഞ്ഞു, "കർത്താവെ, എനിക്ക് നിന്നാൽ സ്നാനമേല്ക്കാൻ ആവശ്യം. പിന്നെ നീ എന്റെ അടുക്കൽ വരുന്നുവോ?"

269 പറഞ്ഞു, "യോഹന്നാനെ, ഇപ്പോൾ സമ്മതിക്ക. എന്നാൽ, ദൈവം വാഗ്ദത്തം ചെയ്തിരിക്കുന്ന സകലത്തെയും നിവൃത്തിയാക്കുന്നതാണ് നമുക്ക് നല്ലത് എന്ന് ഓർക്കുക. ഞാൻ ബലിയാകുന്നു. സമർപ്പിക്കപ്പെടും മുമ്പേ എന്നെ കഴികേണ്ടതുണ്ട്." ഓ, എന്റെ! എന്റെ!

270 മാത്രമല്ല, ഇന്ന്, സന്ധ്യാ സമയത്തെ വെളിച്ചം തിളങ്ങിക്കൊണ്ടിരിക്കുമ്പോൾ, തന്റെ ശരിയായ മനോനിലയിലെ ഏതൊരു മനുഷ്യനും ഞാൻ എന്തു പറയേണ്ടു (ഏതൊരു ബൈബിൾ പണ്ഡിതനും, ബൈബിളിലേയ്ക്ക് നോക്കിയാൽ, അറിയാനാകും) ഇത് അവസാന ദിവസമാണെന്നു അറിയാൻ സാധിക്കും. ആയതിനാൽ, ഈ വലിയ ച്ചമരുകളിൽ നിന്നും കിഴെ വീണുകൊണ്ട്, അഥവാ ഈ വക കാര്യങ്ങളിൽ നിന്നും ദൂരമായിക്കൊണ്ട്, ഈ അവസാന ദിവസത്തേയ്ക്കുള്ള യേശുക്രിസ്തുവിന്റെ നീതിയിലേയ്ക്ക് കടന്ന്, പിശാച് നമുക്ക് മൃഗത്തിന്റെ മുദ്ര ഇടും മുമ്പേ ദൈവത്തിന്റെ മുദ്ര എടുക്കുന്നതാണ് നല്ലത്. ഓ, എന്റെ. അതെ.

271 ദൈവത്തിന്റെ അനുസരണയുള്ള ഒരു ദാസനായിരിക്കാൻ, ഈ ദിവസത്തെ പ്രകാശം നിങ്ങളിൽ ഉദിക്കാനായി ദൈവത്തോടു പ്രാർത്ഥിക്കുക. നിങ്ങൾ ജീവിതത്തിലുടനീളം എപ്പോഴും ആത്മഫലങ്ങൾ ഉളവാക്കുന്നവർ ആകട്ടെ. ഈ ജീവിതം സുവിശേഷത്തിനു യോഗ്യമായിട്ടുള്ള ഒരു ജീവിതമാകുന്നു.

272 അവസാനിപ്പിക്കുമ്പോൾ, ഞാൻ ഇതു പറയട്ടെ. ഏക വഴി, സുവിശേഷത്തിനു യോഗ്യമായി നിങ്ങൾക്ക് ജീവിക്കാനാകുന്ന ഒരേ ഒരു വഴി എന്നത്, സ്വയം സുവിശേഷത്തെ, സുവിശേഷത്തിന്റെ ഓരോ കഷ്ണത്തെയും, നിങ്ങളിലേയ്ക്ക് കടന്നു വരാൻ അനുവദിച്ചിട്ട് അവന്റെ വാഗ്ദത്തങ്ങൾ തിരികെ പ്രതിഫലിക്കാനും, അവയെ സമർത്ഥിക്കാനും ഇടയാക്കണം എന്നതാകുന്നു. ഈ ദിവസത്തിന്റെ

വാഗ്ദത്തം സമർത്ഥിക്കാനായി, ദൈവം നിങ്ങളിൽ ജീവിക്കാൻ ഇടയാകട്ടെ.

യോഹന്നാനെപ്പോലെ, യേശു യോഹന്നാനോട്ടു പറഞ്ഞതു പോലെ, “അങ്ങനെ തന്നെ ഇപ്പോൾ സമ്മതിക്ക യോഹന്നാനെ. നമ്മൾ ഈ ദിവസത്തിന്റെ സന്ദേശ വാഹകന്മാരാകുന്നു, നമുക്ക് സകല നീതിയും നിവൃത്തിയാക്കേണ്ടതുണ്ട്.”

ഈ ദിവസത്തെ ക്രിസ്ത്യാനികളാണ് നമ്മളെങ്കിൽ, യേശുക്രിസ്തുവിനെ നമ്മുടെ ഹൃദയത്തിലേയ്ക്ക് എടുക്കാം. അവൻ വചനമാകുന്നു. അതിലെ ഒന്നും തന്നെ നിരസിച്ചുകളയരുത്. പറയൂ, “ഇതു സത്യമാകുന്നു.” മാത്രമല്ല അതിനെ നിങ്ങളുടെ ഹൃദയത്തിലേയ്ക്ക് ഇടുകയും, നിങ്ങളുടെ മേലുള്ള ആത്മാവിന്റെ ഫലങ്ങളിൽ ശ്രദ്ധവെയ്ക്കുകയും ചെയ്തുകൊണ്ട്, അവൻ ബൈബിളിൽ പറഞ്ഞിരിക്കുന്ന ഓരോ വാഗ്ദത്തത്തെയും പൂർത്തീകരിക്കുക. ദൈവം തന്റെ വചനത്തെ പൂർത്തീകരിക്കാൻ ആഗ്രഹിക്കുന്നു, എന്റെയും നിങ്ങളുടെയും കൈകളല്ലാതെ അവന് കൈകളില്ല. എന്റെയും നിങ്ങളുടെയും കണ്ണുകളല്ലാതെ അവനു കണ്ണുകളില്ല. എന്റെയും നിങ്ങളുടെയും നാവല്ലാതെ അവന് നാവില്ല. “ഞാൻ മുന്തിരി വള്ളിയാകുന്നു. നിങ്ങൾ ശാഖകളും.” ശാഖകൾ ഫലം ഉല്പാദിപ്പിക്കുന്നു. ശാഖകളെ മുന്തിരിവള്ളി ചൈതന്യമുള്ളതാക്കുന്നു. ആ ജീവിതമാണ് യോഗ്യമായത്.

273 റേഡിയോയിലും മറ്റും...ആയിരിക്കുന്നവർക്കും, ടേപ്പ് കേൾക്കുന്ന ദേശത്തുള്ളവർക്കും, ഇപ്പോൾ സന്നിഹിതരായിരിക്കുന്നവർക്കു വേണ്ടിയുള്ള എന്റെ പ്രാർത്ഥന ഇതാകുന്നു. സ്വർഗ്ഗത്തിലെ, സകല കൃപകളുടെയും ദൈവം, നമ്മുടെ എല്ലാവരുടെയും മേൽ അവന്റെ അനുഗ്രഹീതമായ പരിശുദ്ധാത്മാവിനെ മിന്നിക്കാൻ ഇടയാകട്ടെ, അതിനാൽ നാം, ഈ രാത്രി മുതൽ, ഇപ്പോൾ മുതൽ, “ഞാൻ വളരെ ആനന്ദിക്കുന്നു. ലോകരാംഭം മുതല്ക്കേ നിങ്ങൾക്കായി തയ്യാറാക്കിയിരിക്കുന്ന നിത്യാനന്ദത്തിലേയ്ക്ക് കടന്നു വരുവിൻ,” എന്നു ദൈവം പറയാൻ തക്കവണ്ണമുള്ള ഒരു ജീവിതം നയിക്കാൻ ഇടയാകട്ടെ. സ്വർഗ്ഗത്തിലെ ദൈവം തന്റെ അനുഗ്രഹങ്ങളെ ജനങ്ങളായ നിങ്ങളുടെ എല്ലാവരുടെയും മേൽ ചൊരിയാൻ ഇടയാകട്ടെ.

274 മുടി നീളം കുറച്ചിരിക്കുന്ന സ്ത്രീകളോട്, നിങ്ങൾ ആ രീതിയിൽ കാണപ്പെടുന്നതിൽ നിന്നും, ഈ ദിവസത്തിന്റെ നൂതനമായ പ്രവണതയിൽ നിന്നും ദൂരമായി, നിങ്ങൾ അതു ചെയ്യരുടാ എന്ന് ബൈബിൾ പറയുന്നു എന്നു തിരിച്ചറിയാൻ ഇടയാകാൻ തക്കവണ്ണം,

ഇന്നു രാത്രിയിൽ, അങ്ങനെയുള്ള സ്ത്രീകളെ അനുഗ്രഹിക്കട്ടെ എന്നു ഞാൻ പ്രാർത്ഥിക്കുന്നു. മാത്രമല്ല നിങ്ങൾ സദാചാര വിരുദ്ധമായ വസ്ത്രം ധരിക്കുന്നതിനു കുറ്റക്കാരാണെങ്കിൽ, സ്വർഗ്ഗത്തിലെ ദൈവം തന്റെ കൃപ നിങ്ങളുടെ ഹൃദയത്തിലേയ്ക്ക് പകരാൻ ഇടയായിട്ട്, നിങ്ങൾ വീണ്ടും അതു ഒരിക്കലും ചെയ്യാതിരിക്കാൻ ഇടയാകട്ടെ, അതിനാൽ നിങ്ങൾ അങ്ങനെയുള്ള കാര്യത്തിൽ കുറ്റക്കാരാകാതിരിക്കാൻ ഇടയാകട്ടെ. ഇപ്പോൾ തന്നെ പരിശുദ്ധാത്മാവ് അത് നിങ്ങൾക്കു അതു തുറന്നു തന്ന് കാണിക്കട്ടെ. പരിശുദ്ധാത്മാവിന്റെ അഭിഷേകത്തെ കൂടാതിരിക്കുന്ന, നിങ്ങളിൽ...

275 ഭാര്യമാരെ കിട്ടിയിട്ടുള്ള അനേക പുരുഷന്മാർ, അവരെ വീട്ടിലെ അധികാരികളായി നിയമിച്ചുകൊണ്ട് നിങ്ങളെ ചുറ്റിനും കൊണ്ടു നടക്കാൻ അനുവദിച്ചിരിക്കുന്നു, നിങ്ങളുടെ പാദത്തെ നിലത്തു ശരിയായി വെച്ചുകൊണ്ട് ആ സ്ത്രീയെ അവളുടെ ശരിയായ മനോനിലയിലേയ്ക്ക് കൊണ്ടുവരുവാൻ സ്വർഗ്ഗത്തിലെ ദൈവം നിങ്ങളെ സഹായിക്കട്ടെ, അതെ, അത് ക്രിസ്തുവിൽ നിങ്ങൾക്കുള്ള സ്ഥാനമാകുന്നു. ഒരു മേലധികാരിയല്ല, എന്നാൽ ഭവനത്തിന്റെ തലവൻ നിങ്ങളാകുന്നു. അവൾ സൃഷ്ടിയുടെ ആരംഭത്തിപ്പോലും ഉണ്ടായിരുന്നില്ലെന്നു, ഓർക്കുക. അവൾ നിങ്ങളുടെ ഒരു ഉപസൃഷ്ടി മാത്രമായി, ദൈവത്താൽ, നിങ്ങളെ സംരക്ഷിക്കാനായി, നിങ്ങൾക്കു നല്കിയിരിക്കുന്നു, നിങ്ങളുടെ വസ്ത്രങ്ങൾ കഴുകുവാനും നിങ്ങൾക്ക് ആഹാരം പാകം ചെയ്തു വിളമ്പുവാനും, മറ്റുമായിട്ടുമാകുന്നു. അവൾ നിങ്ങളുടെ മേൽനോട്ടക്കാരിയല്ല.

276 അമേരിക്കയിലെ സ്ത്രീകൾ നിങ്ങളുടെ മുഖത്തു അല്പ ചായം തേയ്ച്ചുകൊണ്ട് ഒരു ജോലിയ്ക്കു ചുറ്റും നടക്കുകയും, നിങ്ങളുടെ മൂക്ക് ആകാശത്തേയ്ക്ക് ഉയർത്തിപ്പിടിക്കയും (മഴ പെയ്യുന്നു, അത് നിങ്ങളെ മുക്കിക്കളയും) പിന്നെ നിങ്ങൾ ഏതോ വിധത്തിലെ ഏകാധിപതിയാണെന്നു വിചാരിക്കുകയും ചെയ്യുന്നു. നിങ്ങൾ ഒരു ആണും പെണ്ണും കെട്ടവനോട് കൂടെയായിട്ട്, ദൈവത്തിന്റെ ഒരു യഥാർത്ഥ മകനോടൊപ്പം അല്ല. ശരിയാണ്.

277 ദൈവത്തിന്റെ പുത്രന്മാരായി, അത്തരത്തിലുള്ള വിഢിത്തം നിർത്താൻ, ദൈവം പുരുഷന്മാരായ നിങ്ങൾക്ക് കൃപ നല്കട്ടെ. അത് ശരിയാണ്. അങ്ങനെയുള്ള വിഢിത്തങ്ങളും, വൃത്തികെട്ട തമാശകൾ കേൾക്കുന്നതു നിർത്താനും, സിഗരേറ്റുകളെ നിലത്തേയ്ക്ക് വലിച്ചെറിയാനുമുള്ള കൃപ, അവൻ നിങ്ങൾക്ക് നല്കാനിടയാകട്ടെ. സുവിശേഷത്തിനു യോഗ്യമായ ഒരു ജീവിതം നയിക്കാനായി, നമുക്ക് ദൈവത്തിന്റെ പുത്രന്മാരായി തീരാം.

ആരെങ്കിലും തെരുവിലൂടെ പോകുമ്പോൾ, പറയും, "എപ്പോഴെങ്കിലും ഒരു ക്രിസ്ത്യാനി ഉണ്ടായിരുന്നിട്ടുണ്ടെങ്കിൽ, അതാ ഒരാൾ പോകുന്നു. ശരിയ്ക്കും ദൈവം തന്നെ സ്വയം പ്രകടമാക്കുന്ന ഒരുവൻ അതാ പോകുന്നു, ഒരു ക്രിസ്ത്യാനി എപ്പോഴെങ്കിലും ഉണ്ടായിട്ടുണ്ടെങ്കിൽ, ആ മനുഷ്യൻ ഒരു യഥാർത്ഥ ക്രിസ്ത്യാനിയാകുന്നു. അവൾ ഒരു പഴഞ്ചൻ സ്ത്രീയെന്നു നിങ്ങൾ ചിന്തിക്കാനിടയുണ്ട്. അവൾ ഒരു യഥാർത്ഥ മഹിളയാകുന്നു." അവിടെയാകുന്നു അത്.

278 ഒരു ശ്ലാഘനീയമായ ക്രിസ്ത്യാനി ആയിരിക്കുക, കാരണം നാം ഇവിടെ പരദേശിയാകുന്നു. നമ്മുടെ വീട് ഇതല്ല. നമ്മുടെ വീട് മുകളിലാകുന്നു. നാം *ആ* രാജാധി രാജാവിന്റെ പുത്രന്മാരും പുത്രികളുമാകുന്നു. നമുക്ക്...നമ്മുടെ ജീവിതം ഒരു—ഒരു മാന്യമായ ജീവിതം ആയിരിക്കട്ടെ. നമുക്ക് ജീവിക്കാം... ഒരു ക്രിസ്ത്യാനിയാണ്; എന്നു നാം അവകാശം ഉന്നയിക്കുന്നതും അതിനെ ബഹുമാനിക്കുന്നതുമായ ഒരു ജീവിതം നമുക്ക് ജീവിക്കാം. അത്തരത്തിലുള്ള ഒരു ജീവിതം നിങ്ങൾക്ക് ജീവിക്കാൻ കഴിയുന്നില്ലെങ്കിൽ, പിന്നെ ക്രിസ്ത്യാനി എന്നു വിളിക്കുന്നത് നിർത്തുക. എന്തെന്നാൽ നിങ്ങൾ ആ കാര്യത്തിന്മേൽ അധിക്ഷേപം മാത്രമാണ് കൊണ്ടുവരുന്നത്.

279 ഈ ചൂടുള്ള രാത്രിയിൽ, ഇവിടെ ഇരിക്കുന്നതിനാൽ, നിങ്ങൾക്ക്, നന്ദിയുണ്ട്. ആ ദിവസത്തിൽ, നിങ്ങളിൽ ഒരാൾ പോലും നഷ്ടമായിപ്പോകരുത് എന്നു ഞാൻ ആശിക്കുന്നു. ഞാനും നിങ്ങളും, ഒരുമിച്ച്, ദൈവ മുമ്പാകെ കൃപലഭിച്ചവരായി, സത്യത്തിനു വേണ്ടി എനിക്ക് എപ്പോഴും നില്ക്കാൻ കഴിയേണ്ടതിനും, നിങ്ങളെ വേദനിപ്പിക്കാൻ വേണ്ടിയല്ല, നിങ്ങളിലേയ്ക്ക് ഒരു പ്രഹരം ഇടാനും വേണ്ടിയായിരുന്നില്ലെന്നും ഞാൻ—ഞാൻ—ഞാൻ പ്രതീക്ഷിക്കുന്നു. കാണുന്നോ? എനിക്ക് കഴിഞ്ഞാൽ, എന്റെ കുട്ടികളെ ഞാൻ എന്തും ചെയ്യാൻ അനുവദിക്കുന്നെങ്കിൽ ഞാൻ ശരിയായ വിധമുള്ള ഒരു ഡാഡിയല്ല. ഞാൻ അവരെ തിരുത്തും. ഏതൊരു സ്നേഹവും അതു ചെയ്യുന്നു. സ്നേഹം തെറ്റു തിരുത്തുന്നു. പാറ്റ്, ആ ദിവസം, താങ്കൾ ആ കുറിമാനം എനിക്ക് എഴുതിയത് ഞാൻ ഓർക്കുന്നു. എന്റെ പക്കൽ ഇപ്പോഴും അതുണ്ട്. സ്നേഹം തെറ്റു തിരുത്തുന്നതാകുന്നു. ബൈബിൾ അപ്രകാരം പറയുന്നു. അത് ശരിയല്ലെങ്കിൽ, ആ കാരണത്താലാണ് ദൈവം നമ്മെ തിരുത്തുന്നത്. അവൻ നമ്മെ സ്നേഹിക്കുന്നു.

280 മാധുര്യവും, മാന്യതയുമുള്ള, ഒരു ജീവിതം ജീവിക്കുവാൻ, ഇപ്പോൾ മുതൽ, നമുക്ക് കഴിയട്ടെ. "അതെ, ദൈവം അനുഗ്രഹിക്കപ്പെടട്ടെ, അവൾക്ക് അതു കിട്ടിയെന്നു ഞാൻ അറിയുന്നു. അവൾ

അന്യഭാഷയിൽ സംസാരിച്ചു. അവൾ ആത്മാവിൽ നൃത്തമാടി," എന്നൊന്നും പറയുന്നതിൽ, ഒരു ശ്രദ്ധയും കൊടുക്കരുത്. അതെല്ലാം ശരിതന്നെ. എന്നാൽ അവളിൽ ആത്മാവിന്റെ ഫലങ്ങളില്ലെങ്കിൽ, ആത്മാവ് അവിടെ ഇല്ല. അവൾ ഏതോ വിധത്തിലുള്ള ഒരു വികാരാവേശത്തിന്റെയോ മറ്റെന്തിന്റെയോ ആൾമാറാട്ടം ചെയ്യുക മാത്രമാകുന്നു, എന്തെന്നാൽ പരിശുദ്ധാത്മാവിന് ആത്മാവിന്റെ ഫലങ്ങളാൽ മാത്രമേ ജീവിക്കാനാകൂ. അവന് ചെയ്യാനാകുന്ന വഴി അതു മാത്രമാകുന്നു.

281 ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ. ഒരു നിമിഷത്തേയ്ക്ക് നമുക്ക് നമ്മുടെ തലകളെ വണക്കാം.

തന്റെ പ്രകാശത്തെ ഈ അവസാന ദിവസത്തേയ്ക്ക് ചൊരിഞ്ഞ ദൈവം...അത് അവന്റെ ബൈബിളിൽ, എന്റെ മുന്നിലായി കിടക്കുകയും; ഈ ദൂതന്മാരുടെ ചിത്രങ്ങൾ, ഒരു പിരമിഡിന്റെ ആകൃതിയിലായി തീർന്ന നിഗൂഢമായ പ്രകാശമായിട്ട്, അത് അവിടെ എങ്ങനെ പതിച്ചു എന്നു ശസ്ത്രജ്ഞന്മാർക്കു പോലും മനസ്സിലാക്കാനായിട്ടില്ല. അവർക്ക് അതു വിവരിക്കാൻ സാധിച്ചിട്ടില്ല. എന്നാൽ, പിതാവെ, ഞങ്ങൾ നന്ദിയുള്ളവരാകുന്നു. അത് സംഭവിക്കുന്നതിന് മാസങ്ങൾക്കു മുമ്പ്, തന്നെ നീ ഞങ്ങളോടു പറഞ്ഞതിനാൽ, ഞങ്ങൾക്ക് നിന്നോടു കൃതജ്ഞതയുണ്ട്.

282 ഇന്നു രാത്രിയിൽ, നിന്റെ നാമം വിളിച്ചപേക്ഷിക്കുന്ന ജനം, പാപത്തിൽ നിന്നും, അവിശ്വാസത്തിൽ നിന്നും അകലാൻ ഇടയാകട്ടെ, കർത്താവെ. ഇങ്ങനെ ആയിട്ട്...ഞങ്ങളുടെ സഹോദരിമാർക്കു വിരോധമായി വളരെ കാഠിന്യതയോടെ എനിക്ക് സംസാരിക്കേണ്ടി വന്നത്, ഞാൻ അവരെ സ്നേഹിക്കുന്നില്ല എന്നതിനാലല്ല, എങ്കിലോ, ഈ ദിവസങ്ങളിൽ ഒന്നിൽ, ഇത്തരത്തിലെ, ദൈവത്തിന്റെ സത്യത്തെക്കുറിച്ച കേട്ടതിനു ശേഷവും, ആ വിധത്തിലായിക്കൊണ്ട് അവർ നിന്നെ സന്ധിക്കാനായി ശ്രമിക്കുമ്പോൾ അവർ മരിച്ചു വീഴുവോളം അവരെ പിശാച് കെട്ടി വരിഞ്ഞു വെച്ചിരിക്കാൻ ഞാൻ ആഗ്രഹിക്കാത്തതിനാലാകുന്നു. അത് ശരിയാണോ എന്നു കാണാൻ, പോയി തിരുവെഴുത്തിലേയ്ക്ക് തിരഞ്ഞു നോക്കും എന്നു, അവരെത്തന്നെ ശപഥം ചെയ്യും എന്ന് അവർക്ക് അനുഭവപ്പെടട്ടെ. പിന്നെ, അവരുടെ മുട്ടിന്മേൽ ആത്മാർത്ഥമായി ആയിക്കൊണ്ട്, പറയട്ടെ, "ദൈവമേ, ഇത് സത്യമാണോ?" അവർ അതിനെക്കുറിച്ച് ആത്മാർത്ഥതയോടെ ആയിരിക്കുന്നെങ്കിൽ, അപ്പോൾ അതു മാത്രമാണ് ആവശ്യമായിരിക്കുന്നത്, കർത്താവെ, കാരണം നിന്റെ വചനം സത്യമാകുന്നു.

283 ജനങ്ങൾ ഇപ്പോഴും ഇരിക്കുകയാണ്. ഒരുപക്ഷേ, അവരിൽ അനേകർക്ക്, അവരിൽ വളരെ വിഷമമുണ്ടാക്കിയ കാര്യങ്ങൾ ഉണ്ടായെന്നു വരാം. എന്നാൽ അവർ ഇരുന്നു കൊണ്ട് അതു കേൾക്കുമ്പോൾ, ദൈവത്തിന്റെ ആത്മാവാണ് അവരോടു സംസാരിച്ചത്. സമയം താമസിച്ചു പോയിരിക്കുന്നു. സമയത്തിന്റെ സന്ധ്യാ സമയം കഴിഞ്ഞു പോയിരിക്കുകയും, നാം ജീവിച്ചുകൊണ്ടിരിക്കുന്ന സമയത്തിലും താമസിച്ചു പോയിരിക്കുകയും ചെയ്തിരിക്കുന്നു. സൂര്യൻ അസ്തമിച്ചു കൊണ്ടിരിക്കുന്നു. ലോകം തണുപ്പിൽ നിന്നും പുറത്തു വന്നുകൊണ്ടിരിക്കുന്നു. ദൈവമേ, അന്ധകാരം ഉടൻ തന്നെ കടന്നു വരികയും, തന്റെ സഭയെ കൊണ്ടു പോകാനായി, കർത്താവ് കടന്നു വരികയും ചെയ്യും. കർത്താവെ, ഇതിനായി ഞങ്ങൾ എങ്ങനെയാണ് നിനക്ക് നന്ദി പറയേണ്ടത്!

284 ദിവ്യ സാന്നിദ്ധ്യത്തിലായിരിക്കുന്ന ഓരോ വ്യക്തിയെയും നീ അനുഗ്രഹിക്കേണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു. ലോകത്തെമ്പാടുമായി, ഈ ടേപ്പു കേൾക്കുന്ന ഓരോരുത്തരും, അവർ ആ പഴഞ്ചൻ മതപ്രമാണങ്ങൾ എല്ലാം ഉപേക്ഷിക്കാൻ ഇടയായിട്ട്, ജീവനുള്ള ദൈവത്തെ സേവിക്കാനും, കടന്നു വന്ന് അതിൽ നിക്ഷേപിക്കാനും ഇടയാകട്ടെ. തെക്കെ രാജ്ഞി ചെയ്തതുപോലെ ചെയ്യാനിടയാകട്ടെ. യേശുക്രിസ്തുവിനെ അഥവാ സ്വർഗ്ഗത്തിലെ ദൈവത്തെ പ്രതിനിധാനം ചെയ്തിരുന്ന ഒരു മനുഷ്യന്റെ; ശലോമോന്റെ അടുക്കേലേയ്ക്ക് വരാനായി അവൾക്കു മൂന്നു മാസമെടുത്തു, അവൾ കടന്നു വന്നു. യേശു പറഞ്ഞു, "ശലോമോന്റെ ജ്ഞാനം കേൾപ്പാൻ ഭൂമിയുടെ അറുതികളിൽ നിന്നും, അവൾ കടന്നു വന്നു, ഇതാ ശലോമോനിലും വലിയവൻ ഇവിടെ." "ശലോമോനിലും വലിയവനായ," മഹാൻ പരിശുദ്ധാത്മാവ് സ്വയം ഇവിടെ ആയിരിക്കുകയും, ജനങ്ങളിലൂടെ പ്രവർത്തിക്കുകയും ചെയ്യുന്നു, എന്നു ഞങ്ങൾ അറിയുന്നു. പിതാവെ, ഇതിനായി ഞങ്ങൾ എങ്ങനെ നന്ദി പറയേണ്ടു. ഇപ്പോൾ അനുഗ്രഹങ്ങൾക്കായി ഞാൻ പ്രാർത്ഥിക്കുന്നു.

285 ഞങ്ങളുടെ പ്രിയ പാസ്റ്റർ, സഹോദരൻ നേവിലിനെ അനുഗ്രഹിക്കേണമെ. കർത്താവെ, ഞാൻ അദ്ദേഹത്തെ നോക്കിക്കൊണ്ട് അദ്ദേഹത്തിന്റെ സ്നേഹത്താലുള്ള അദ്ധ്വാനത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ, എന്റെ ഹൃദയം തുടിക്കുന്നു. ഞാൻ അദ്ദേഹത്തെ സ്നേഹിക്കുന്നു. അദ്ദേഹം തന്റെ ഭാര്യയെയും കൊച്ചു കുഞ്ഞുങ്ങളെയും നോക്കുന്നതിനെ ഞാൻ നോക്കുമ്പോൾ, ദൈവമേ, നീ അദ്ദേഹത്തെ ബലപ്പെടുത്തേണമെന്നു, ഞാൻ—

ഞാൻ പ്രാർത്ഥിക്കുന്നു. അദ്ദേഹത്തിനു ധൈര്യം നല്കേണമെ. ഞങ്ങൾ ആയിരിക്കുന്ന ഈ മഹത്തായ വിളവെടുപ്പിന്റെ വയലിൽ, അനേക അനേക വർഷങ്ങൾ സേവ ചെയ്യാൻ അദ്ദേഹത്തെ അനുഗ്രഹിക്കേണമെ.

286 ഇന്നു രാത്രിയിൽ ഇവിടെ ഇരിക്കുന്ന എല്ലാ ധർമ്മോപദേശികളായ സഹോദരന്മാരെയും അനുഗ്രഹിക്കേണമെ. അവരിൽ അനേകരും മറ്റു സ്ഥലങ്ങളിൽ നിന്നും സന്ദർശകരാകുന്നു. അവരോടൊപ്പം നീ അവിടെ ആയിരിക്കേണമെന്നു ഞാൻ പ്രാർത്ഥിക്കുന്നു, ഇവിടെയുള്ള സഭയുടെ സഹോദരി സഭകളിലായി, ചുറ്റുവട്ടത്തുള്ള പട്ടണങ്ങളിലും രാജ്യത്തിന്റെ വ്യത്യസ്ത ഇടങ്ങളിലും, ഇതേ സുവിശേഷ പ്രകാശത്തെ തൃപ്തിപ്പെടുത്താൻ, അതിനെ പിടിച്ചുകൊണ്ട് നില്ക്കുന്ന, ജൂനിയും സഹോദരൻ റൂഡേലുമുണ്ട്. കർത്താവെ, ആ മനുഷ്യർക്കായി നന്ദിയർപ്പിക്കുന്നു. അവരെ പ്രോത്സാഹിപ്പിക്കേണമെ. സകല ക്രിസ്ത്യാനികളെയും പരിശോധന കഴിക്കാനായി ഭൂമിയിലേക്ക് വരുവാനുള്ള ആ മഹത്തായ പരീക്ഷയിലും മറ്റു കാര്യങ്ങളിലും നില്ക്കാനായിട്ടുള്ള കൃപ അവർക്കു നല്കേണമെ.

287 രോഗികളെയും പീഢിതരെയും സൌഖ്യമാക്കേണമെ, കർത്താവെ. ഇപ്പോൾ കടന്നു വരാനുള്ള ആഴ്ചയിൽ ഞങ്ങളോടൊപ്പം ആയിരിക്കേണമെ. ഞങ്ങൾക്ക് ധൈര്യം നൽകേണമെ. ഈ ചെറിയ മുറിഞ്ഞ സണ്ടേസ്കൂൾ പാഠം അവരുടെ ഹൃദയത്തിൽ നിന്നും ഒരിക്കലും വിട്ടുപോകാൻ ഇടയാകരുതെ. അവർ രാവും പകലും ധ്യാനിക്കാൻ ഇടയാകട്ടെ. പിതാവെ, ഈ അനുഗ്രഹങ്ങളെ അനുവദിക്കേണമെ. യേശുക്രിസ്തുവിന്റെ നാമത്തിൽ ഞാൻ ഇതു ചോദിക്കുന്നു, ആമേൻ.

288 നിങ്ങൾ അവനെ സ്നേഹിക്കുന്നോ? [പള്ളിയിൽ കൂടിയിരിക്കുന്നവർ പറയുന്നു, “ആമേൻ.”—Ed.] നിങ്ങൾ ഇതു വിശ്വസിക്കുന്നോ? [“ആമേൻ.”] നാം അന്യോന്യം ഒന്നു ചേരുമ്പോൾ, നമുക്ക് നമ്മുടെ ആ നല്ല പാട്ട് വീണ്ടും പാടാം, “ഞാൻ അവനെ സ്നേഹിക്കുന്നു, ഞാൻ അവനെ സ്നേഹിക്കുന്നു.” സഹോദരി അൺഗ്രേൻ എവിടെയാണ്? അവൾ ഇവിടെയുണ്ടോ, അവരിൽ ആരെങ്കിലുമോ അതല്ല പിയാനോ വായിക്കുന്ന സഹോദരിയോ, ആ മഹിളകളിൽ ആരെങ്കിലും ഇവിടെയുണ്ടോ? എനിക്ക് അതു കാണാൻ കഴിയുന്നില്ല. അതെ, അവൾ ഇവിടെയുണ്ട്, ആ മഹിള ഇവിടെത്തന്നെയുണ്ട്. അതു കൊള്ളാം.

289 ഇന്നു രാത്രിയിൽ, സകല ആദരവോടും കൂടെ, ഞാൻ ആഗ്രഹിച്ചിരുന്നു, എന്നാൽ എനിക്ക് സഹോദരൻ അൺഗ്രനെ കാണാൻ കഴിയുന്നില്ല. ഇന്നു രാത്രിയിൽ, *അങ്ങ് എത്ര മഹാനാണ്!*

എന്ന പാട്ട് അവൻ എനിക്കു വേണ്ടി പാടാൻ ഞാൻ ആഗ്രഹിച്ചിരുന്നു. ആ സഹോദരൻ വീട്ടിലേയ്ക്ക് പോയിരിക്കും എന്നു ഞാൻ ഊഹിക്കുന്നു. ആണോ? ഇന്നു രാവിലെ നേരം ഞാൻ ആ പാട്ടു കേട്ടിരുന്നു, ഞാൻ അതിനെ നന്നേ വിലമതിക്കുന്നു. എന്റെ, ഓ, എന്റെ! അത് എന്റെ ഹൃദയത്തിലൂടെ മാറ്റൊലികൊണ്ടു പോയി. *അങ്ങ് എത്ര മഹാൻ!* എന്ന പാട്ട് ഞാൻ—ഞാൻ—ഞാൻ അവൻ പാടി കേൾക്കാൻ ഇഷ്ടപ്പെട്ടിരുന്നു.

290 ഇപ്പോൾ ഒരുമിച്ച്, *ഞാൻ അവനെ സ്നേഹിക്കുന്നു* എന്നത് പാടാം. ഇപ്പോൾ നിങ്ങളുടെ കണ്ണുകളെ അടയ്ക്കുക. ഇപ്പോൾ നമുക്ക് അവനിലേയ്ക്ക് നോക്കി, പറയാം, “കർത്താവെ, ഏതെങ്കിലും സുഖാസക്തി എന്നിൽ ഉണ്ടെങ്കിൽ, ഇപ്പോൾ തന്നെ, എന്നിൽ നിന്നും എടുത്തു മാറ്റേണമെ. അതിനെ പുറത്തേയ്ക്ക് എടുക്കേണമെ.” പുറമെ ആയിരുന്ന്, ടേപ്പു കേൾക്കുന്നവരായ നിങ്ങൾ, നിങ്ങൾ ഈ പാട്ടു കേൾക്കുമ്പോൾ, തുടർന്നും, നിങ്ങൾ ഇരിക്കുന്ന ഇരുപ്പിടത്തിൽ ഇരുന്നുകൊണ്ട് തന്നെ, ഞങ്ങളൊടൊപ്പം പാടുക.

അത് അവിടെ ഉണ്ടായിട്ട്, നിങ്ങളെ വചനത്താൽ കുറ്റപ്പെടുത്തുന്നെങ്കിലും, അതു വചനമല്ലെന്നു നിങ്ങൾ വിചാരിക്കുന്നെങ്കിൽ, അത് ശരിയാണോ എന്നു, തിരുവെഴുത്തിൽ അന്വേഷിച്ചു നോക്കുക. അത് നമ്മെ സമ്മതിപ്പിക്കുന്നു. അത് ജീവനോ മരണമോ അർത്ഥമാക്കുന്നു.

പിന്നെ നാം ഈ പാട്ടു പാടുമ്പോൾ, നിങ്ങളുടെ ജീവിതത്തിൽ ജഡാസക്തി ഉണ്ടെങ്കിൽ, നിങ്ങളുടെ കസേരയിൽ ഇരുന്നുകൊണ്ട് തന്നെ, നിങ്ങൾ നിങ്ങളുടെ കൈ ഉയർത്തിക്കാട്ടില്ലേ? നിങ്ങൾ സ്നേഹിക്കുന്നവർ നിങ്ങളുടെ ചുറ്റിനും ഇരിക്കുമ്പോൾ, നിങ്ങളുടെ ഭാര്യയുടെയും നിങ്ങളുടെ കുഞ്ഞുങ്ങളുടെയും കൈകളെ ഉയർത്തി കാണിക്കാനിടയാക്കില്ലേ. *ഞാൻ അവനെ സ്നേഹിക്കുന്നു,* എന്നു പാടിക്കൊണ്ട്, നിങ്ങളുടെ ജീവൻ അവനു നല്കു. പറയൂ, “എല്ലാ തിന്മയിൽ നിന്നും, എന്നെ ശുദ്ധീകരിക്കേണമെ, കർത്താവെ.”

ഇപ്പോൾ നാം പാടുന്നേരം, നമുക്ക് എഴുന്നേറ്റു നില്ക്കാം.

ഞാൻ അവനെ സ്നേഹിക്കുന്നു, ഞാൻ...

കർത്താവായ യേശുവെ, ഈ തുവാലകളെ ധരിക്കാൻ പോകുന്ന ജനങ്ങളെ നീ സൌഖ്യമാക്കേണമെന്നു ഞാൻ പ്രാർത്ഥിക്കുന്നു. ഞാൻ അവയെ യേശുക്രിസ്തുവിന്റെ നാമത്തിൽ അനുഗ്രഹിക്കുന്നു. ആമേൻ.

എൻ രക്ഷയെ വിലയ്ക്കു വാങ്ങി
കാല്വരി മരത്തിന്മേൽ.

291 ഇപ്പോൾ, ഈ മഹത്തായ അനുഗ്രഹത്തിന്മേൽ! സഹോദരി, അങ്ങനെ തന്നെ തുടർന്നും വായിച്ചുകൊണ്ടിരിക്കു. ഇപ്പോൾ ഒരു നിമിഷം, നിങ്ങളുടെ കണ്ണുകളെ അടച്ചു ചിന്തിക്കു. നമ്മുടെ ഹൃദയത്തിൽ, നമുക്ക് പ്രാർത്ഥിക്കാം, "കർത്താവായ യേശുവെ, എന്നെ തിരയേണമെ. വാസ്തവമായും ഞാൻ നിന്നെ സ്നേഹിക്കുന്നുണ്ടോ? 'നിങ്ങൾ എന്നെ സ്നേഹിക്കുന്നെങ്കിൽ, ഞാൻ പറഞ്ഞതെല്ലാം നിങ്ങൾ കാത്തുകൊള്ളും, നിങ്ങൾ എന്നെ സ്നേഹിക്കുന്നെങ്കിൽ, നിങ്ങൾ എന്റെ വാക്കിനെ പ്രമാണിക്കും,'" എന്നു നീ പറഞ്ഞു. പിന്നീട് നിങ്ങളുടെ ഹൃദയത്തിൽ തന്നെ പറയൂ, "കർത്താവെ, എന്നെ നിന്റെ വചനം കാത്തുകൊള്ളാൻ അനുവദിക്കേണം. നിനക്കെതിരായി ഒരിക്കലും പാപം ചെയ്യാതിരിപ്പാൻ, ഞാൻ അതിനെ ഹൃദയത്തിൽ മറച്ചു വെയ്ക്കട്ടെ, അത്, നീ പറഞ്ഞിരിക്കുന്നതെല്ലാം അവിശ്വസിക്കുന്നതാകുന്നു."

292 ഇപ്പോൾ *ഞാൻ അവനെ സ്നേഹിക്കുന്നു* എന്നു നാം പാടുമ്പോൾ, നമ്മുടെ അടുത്തു നില്ക്കുന്ന ആരെങ്കിലുമായി കൈ പിടിച്ചു കുലുക്കാം. അടുത്തയാളിലേയ്ക്ക് കൈ നീട്ടിക്കൊണ്ട് പറയൂ, "ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ, സഹോദരാ, അഥവാ സഹോദരി." ഇപ്പോൾ വളരെ ശാന്തമായി ചെയ്യൂ.

"ഞാൻ..." ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ, സഹോദരാ. "ഞാൻ..." ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ, എന്റെ സഹോദരി. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ, സഹോദരി. "എൻ രക്ഷ..." ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ, എന്റെ സഹോദരി. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ. "...കാൽവരി മരത്തിന്മേൽ."

293 ഇപ്പോൾ നമുക്ക് നമ്മുടെ കൈ അവങ്കലേയ്ക്ക് ഉയർത്താം.

ഞാൻ—ഞാൻ അവനെ സ്നേഹിക്കുന്നു
കാരണം...

ഇതിനും പുറമെ, താങ്കൾ മറ്റെന്തെങ്കിലും ചെയ്യാൻ ആഗ്രഹിക്കുന്നോ? താങ്കൾ പിരിച്ചു വിടാൻ ആഗ്രഹിക്കുന്നുണ്ടോ?

...എന്നെ
എൻ രക്ഷയെ വിലക്കു വാങ്ങി
കാല്വരി മരത്തിന്മേൽ

294 നിങ്ങൾ അവനെ സ്നേഹിക്കുന്നോ? [പള്ളിയിൽ കൂടിയിരിക്കുന്നവർ പറയുന്നു, "ആമേൻ."—Ed.] അവൻ ആശ്ചര്യവാനല്ലേ?

[“ആമേൻ.”] കുഞ്ഞുങ്ങളെ, നിങ്ങൾക്ക് ഓരോരുത്തർക്കായും ഞാൻ പ്രാർത്ഥിക്കുന്നു. ഇതു നിങ്ങളെ സഹായിക്കാൻ പോകുന്നില്ലെന്നു, എന്റെ ഹൃദയത്തിൽ തോന്നിയശേഷവും, ഞാൻ ഇവിടെ നിന്നുകൊണ്ട് ഇതു പറഞ്ഞാൽ, എനിക്ക് എന്തു നന്മയാണ് ഉണ്ടാകാൻ പോകുന്നത്? ഞാൻ ക്ഷീണിച്ചും തളർന്നും ഇരിക്കുന്നു. എനിക്ക് ഇവിടെ നില്ക്കാൻ പോലും കഴിയുന്നില്ല. എന്റെ കാലുകൾ വേദനിക്കുന്നു. എന്റെ ഷൂസുകൾ, ഞാൻ അവയെ ധരിച്ചു കൊണ്ടു നിന്നിട്ട്, എന്റെ കാലുകൾ വിയർത്തിട്ട് അവ പുണ്ണായിപ്പോയി. മാത്രമല്ല ഞാൻ അത്രയേറെ ക്ഷീണിച്ചിരിക്കുന്നു. ഞാൻ ഇനിയും, ഒരു കൊച്ചു കുട്ടിയല്ല. ഞാൻ മൂന്നോ നാലോ, നാലു പ്രസംഗങ്ങൾ പ്രസംഗിച്ചിരിക്കുകയും, രോഗികൾക്കായി പ്രാർത്ഥിച്ചുകൊണ്ട്, രാവും പകലുമായി കടന്നു പോയിരിക്കുന്നു. എന്തിനുവേണ്ടിയാണ് ഞാൻ ഇവിടെ നില്ക്കുന്നത്, അതു ചെയ്യില്ലേ?

ഈ കഴിഞ്ഞ മുപ്പതു വർഷങ്ങളിലും, അത് പ്രശസ്തിയ്ക്കു വേണ്ടി ആയിരുന്നെങ്കിൽ, ഞാൻ ഇതു വിട്ടു കളയുമായിരുന്നു, എന്നു നിങ്ങൾക്കറിയാം. ഞാൻ കാശ് എടുക്കാറില്ലെന്നു നിങ്ങൾക്കറിയാം. നിങ്ങൾക്ക് അതറിയാം. ഞാൻ എടുത്തിട്ടില്ല. ഞാൻ നിങ്ങളോടു കർത്താവിന്റെ നാമത്തിൽ പറഞ്ഞിട്ടുള്ള കാര്യങ്ങളിൽ എന്തെങ്കിലും സംഭവിക്കാതിരുന്നിട്ടുണ്ടോ? അത് ശരിയാണെന്നു നിങ്ങൾക്കറിയാം.

ഞാൻ നിങ്ങളെ സ്നേഹിക്കുന്നു. ദൈവത്തിന്റെ സ്നേഹമാണ് എന്റെ ഹൃദയത്തിൽ നിങ്ങൾക്ക് ഓരോരുത്തന്ധക്കായും ഉള്ളത്. എനിക്ക് കഴിഞ്ഞെങ്കിൽ...“ദൈവമേ, അവരെ സഹായിക്കാനായി എന്നെ അനുവദിക്കേണമെ. എന്നെ ഇതു ചെയ്യാൻ അനുവദിക്കേണമെ,” എന്നു പറഞ്ഞുകൊണ്ട്, ദൈവത്തിന്റെ മുമ്പിൽ നില്ക്കാൻ എനിക്ക് കഴിഞ്ഞിരുന്നെങ്കിൽ എന്നു ഞാൻ ആശിക്കുന്നു. എനിക്ക് അതു ചെയ്യാൻ കഴിയില്ല. ഓരോ വ്യക്തിയും അവരവർ തന്നെ അതിനായി നില്ക്കേണ്ടതുണ്ട്. കാണുന്നോ?

295 ഈ വരും ദിവസങ്ങളിൽ ഒന്നിൽ നാം എല്ലാവരും മുകളിലേയ്ക്ക് പോകാൻ പോകുന്നു എന്നു ഞാൻ—ഞാൻ—ഞാൻ വിശ്വസിക്കുന്നു. ആ സമയത്തിനു മുമ്പേ, നമ്മൾ നിദ്ര പ്രാപിക്കാൻ ഇടയുണ്ടെങ്കിൽ, ഓർക്കു, ഞാൻ നിങ്ങളിൽ നിന്നും എടുക്കപ്പെട്ടാൽ, ഞാൻ അവിടെ നിങ്ങളെ കണ്ടുമുട്ടും. അത് അവിടെയാണെന്നു ഞാൻ അറിയുന്നു. സകലതും നിങ്ങളോടു പറഞ്ഞ ദർശനങ്ങൾ തന്നെ, അത്രയേറെ സമ്പൂർണ്ണമായിട്ട്, അവൻ പറഞ്ഞ പ്രകാരം തന്നെ വന്നുഭവിച്ചു. ഈ കഴിഞ്ഞു പോയ വർഷങ്ങളിൽ എല്ലാം, അതു പറഞ്ഞതു പോലെ സംഭവിച്ചില്ലെന്നു പറയാനായി, ആർക്കും തന്നെ കഴിയുന്നതല്ല, അതു

പറഞ്ഞതുപോലെ തന്നെ സംഭവിക്കുകയും ചെയ്തു. ലോകമെമ്പാടും, അത് അറിയാം. പ്രസംഗവേദിയിൽ വെച്ച് ആരോടു എന്തു പറഞ്ഞാലും, അതു കൃത്യമായും ശരിയായിരുന്നു നിങ്ങൾ എപ്പോഴും കണ്ടിരുന്നു. കാണുന്നോ? അതു എപ്പോഴുമായിരുന്നു. അതേ ദൈവം തന്നെ സമയത്തിന്റെ തിരിശീലയുടെ മറുഭാഗം എന്നെ കാണാൻ അനുവദിച്ചു. “ഓ, ബ്രദർ ബ്രൺഹാം,” എന്നു വിളിച്ചുകൊണ്ട് സ്ത്രീകളും പുരുഷന്മാരും അവരുടെ കരങ്ങളെ എന്റെ മേൽ ചുറ്റിപ്പുണരുന്നത് ഞാൻ കണ്ടു.

296 എനിക്ക്—എനിക്ക് ഇങ്ങനെ ഇരിക്കാൻ കഴിയുന്നില്ല. അങ്ങനെ, ഞാൻ ക്ഷീണിച്ചിരിക്കുന്നെങ്കിൽ, എങ്ങനെയും, എനിക്ക് പോകേണ്ടതുണ്ട്. എന്റെ പുറം വേദനിക്കുന്നു. പിന്നെ ഞാൻ, ഓരോ ദിവസവും...എനിക്ക്—എനിക്ക്—എനിക്ക് അമ്പത്തി നാലു വയസ്സ് പ്രായമുണ്ട്. ഓരോ ദിവസവും നിങ്ങൾക്ക് ഒരു വേദന അധികമായി കിട്ടുന്നു എന്നു നിങ്ങൾക്കറിയാം.

എന്റെ പ്രാർത്ഥനയോ, “ദൈവമേ, എന്നെ ഒരുമിച്ചു പിടിച്ചുകൊള്ളേണം. എന്റെ ആൺകുഞ്ഞ്, ജോസഫ്, പരിശുദ്ധാത്മാവ് നിറഞ്ഞവനും പ്രായമുള്ളവനുമായി തീർന്ന്; എനിക്ക് എന്റെ ഈ പഴയ ബൈബിൾ എടുത്ത് അവന്റെ കൈകളിൽ വെച്ചുകൊണ്ട്, ‘മകനെ, നിന്റെ ജീവിതാന്ത്യം വരെയും ഇതിനെ വഹിക്കുക. നീ ഇതിന്മേൽ ഒരു അനുരഞ്ജനവും നടത്തരുത്,’ എന്നു പറയാനും, സത്യത്തിനായി നിലകൊണ്ടുകൊണ്ടു, വചനം പ്രസംഗിക്കാനുമായി, എന്നെ ഒരുമിച്ചു പിടിച്ചുകൊള്ളേണമേ.”

297 ഒരുപക്ഷേ ബില്ലി സുവിശേഷം പ്രസംഗിച്ചേക്കാമെന്നു ഞാൻ വിചാരിച്ചു. ദൈവം അവനെ വിളിച്ചിട്ടില്ല.

എന്നാൽ ഞാൻ വിശ്വസിക്കുന്നത്, ജോസഫ്, അവൻ ഒരു ശരാശരിയിലും താണ ആൺകുഞ്ഞാണെങ്കിലും, ദൈവം അവനെ വിളിച്ചിരിക്കുന്നു എന്നു ഞാൻ വിശ്വസിക്കുന്നു. ആ കാരണത്താലാണ് മറ്റു കുട്ടികൾ അവനുമായി നല്ല ബന്ധത്തിലായിരിക്കാത്തത്, അവൻ ഒരു നായകനാകുന്നു. ദൈവം അവനെ വിളിച്ചിരിക്കുന്നു എന്നു ഞാൻ—ഞാൻ—ഞാൻ അറിയുന്നു. ഞാൻ അവനെ വചനത്തിന്റെ രീതിയിൽ തന്നെ, കർത്താവിന്റെ വചനത്തിന്റെ രീതിയിൽ, പരിശീലിപ്പിക്കാൻ ആഗ്രഹിക്കുന്നു, അതിനാൽ അവൻ ആ വചനത്തെ മറന്നു പോകുകയില്ല. കർത്താവിന്റെ ഇഷ്ടമെങ്കിൽ, ഞാൻ തന്നെ അതു ചെയ്യാൻ ആഗ്രഹിക്കുന്നു. എനിക്ക് വയസ്സു ചെന്ന് അവിടെ പിന്നിൽ ഇരിക്കുമ്പോൾ, അവനെ അവിടെ പുൾപിറ്റിൽ നില്ക്കുന്നത് കാണാനിടയായിട്ട്, അവൻ പറയും, “എന്റെ ഡാഡി

നിലകൊണ്ടിരുന്ന, അതേ സുവിശേഷം തന്നെ. അദ്ദേഹം ഇന്നു രാത്രിയിൽ, വയസ്സു ചെന്നവും നറുങ്ങിയും അവിടെ ഇരുപ്പുണ്ട്. എന്നാൽ ഞാൻ അദ്ദേഹത്തിന്റെ ജോലിക്കായി ഈ സ്ഥാനത്തു നില്ക്കുകയാണ്."

298 അപ്പോൾ ഞാൻ മുകളിലേയ്ക്ക് നോക്കി, പറയും, "കർത്താവെ, നിന്റെ ദാസനെ സമാധാനത്തോടെ പറഞ്ഞയക്കേണമെ." അതാണ് വളരെ പ്രയാസത്തോടെ, ഞാൻ കാണാൻ ആഗ്രഹിക്കുന്നത്. ആ സമയം കടന്നു വരുവോളം...

299 പിന്നെ ഞാൻ മറ്റൊരു തലമുറയിൽ എഴുന്നേറ്റിരുന്നെങ്കിലോ? എനിക്ക് അതിന് കഴിയില്ല. എനിക്ക് ഈ തലമുറയോടൊപ്പം തന്നെ വരേണ്ടതുണ്ടായിരുന്നു. എനിക്ക് നിങ്ങളോടൊപ്പം നില്ക്കേണ്ടതുണ്ടായിരുന്നു. ഞാൻ പ്രസംഗിച്ച സുവിശേഷത്തിന്, ദൈവ മുമ്പാകെ എനിക്ക് കണക്കു ബോധിപ്പിക്കേണ്ടവർ, നിങ്ങളാകുന്നു. ഞാൻ ശരിയെന്നു വിചാരിച്ചിരുന്ന എന്തിന്റെയെങ്കിലും ചുറ്റിനും നിങ്ങളെ ചുറ്റിക്കറക്കാനായി ശ്രമിച്ചു എന്നു നിങ്ങൾ വിചാരിക്കുന്നോ? നിങ്ങളതു പോയി ചെയ്യുന്നതിനാൽ എനിക്ക് പ്രചോദനം കിട്ടുന്നു. എന്നാൽ അത് തെറ്റായിരിക്കുമ്പോൾ, നിങ്ങൾ അതിൽ നിന്നും പുറത്ത് വന്ന്, ശരിയായിരിക്കുന്നത് എടുക്കേണം എന്നെനിക്കറിയാം. തീർച്ചായും, എന്റെ ഹൃദയത്തിൽ നിന്നുമായിട്ട്, ദൈവം എന്റെ കണക്കെടുക്കുന്നു, ഞാൻ നിങ്ങളെ, ഓരോരുത്തരെയും, വാസ്തവമായും, ദിവ്യമായ ക്രിസ്തീയ സ്നേഹത്താൽ, സ്നേഹിക്കുന്നു. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ. എനിക്കായി പ്രാർത്ഥിക്കുക.

300 എന്റെ ഭാവികാലം എന്തു പിടിച്ചിരിക്കുന്നു എന്നെനിക്കറിയില്ല, എന്നാൽ ആരാണ് എന്റെ ഭാവി പിടിച്ചിരിക്കുന്നത് എന്നെനിക്കറിയാം, അതുകൊണ്ട് ഞാൻ അതിൽ വിശ്രമിക്കുന്നു.

301 ഞാൻ ഈ പ്രസംഗവേദിയെ, ഞാൻ ഏറ്റവും അധികം വിശ്വാസം വെച്ചിരിക്കുന്ന ഒരു മനുഷ്യനു, യേശുക്രിസ്തുവിന്റെ ഒരു ദാസനായ, നമ്മുടെ പാസ്റ്റർ, സഹോദരൻ നേവിലയെ, ഏല്പിപ്പിക്കുന്നു.

***നിങ്ങളുടെ ജീവിതം സുവിശേഷത്തിനു യോഗ്യമോ?*** MAL63-0630E

(Is Your Life Worthy Of The Gospel?)

അമേരിക്കയിൽ, ഇൻഡ്യാനെയിലെ, ജെഫെർസൺവില്ലെ, ബ്രൺഹാം കൂടാരത്തിൽ വെച്ച്, 1963 ജൂൺ മാസം 30-ാം തീയതി, ഞായറാഴ്ച രാവിലെ, ഈ സന്ദേശം ബ്രദർ വില്യം മാരിയൺ ബ്രൺഹാം, ആദ്യം ഇംഗ്ലീഷിൽ പ്രസംഗിച്ചതിനെ, കാന്തശക്തിയുള്ള ടേപ്പിൽ നിന്നും പുസ്തക രൂപത്തിലേക്ക് കൂട്ടുകയോ കുറയ്ക്കുകയോ ചെയ്യാതെ, കൃത്യമായി ഇംഗ്ലീഷിൽ പകർത്തിയിരിക്കുന്നു. ഈ മലയാളം പരിഭാഷ Voice Of God Recordings-ൽ നിന്നും പ്രിന്റ് ചെയ്തു വിതരണം ചെയ്യുന്നു.

MALAYALAM

©2018 VGR, ALL RIGHTS RESERVED

VOICE OF GOD RECORDINGS, INDIA OFFICE
19 (NEW NO: 28) SHENOY ROAD, NUNGAMBAKKAM
CHENNAI 600 034, INDIA
044 28274560 • 044 28251791
india@vgroffice.org

VOICE OF GOD RECORDINGS
P.O. BOX 950, JEFFERSONVILLE, INDIANA 47131 U.S.A.
www.branham.org

## Copyright notice

All rights reserved. This book may be printed on a home printer for personal use or to be given out, free of charge, as a tool to spread the Gospel of Jesus Christ. This book cannot be sold, reproduced on a large scale, posted on a website, stored in a retrieval system, translated into other languages, or used for soliciting funds without the express written permission of Voice Of God Recordings®.


For more information or for other available material, please contact:


VOICE OF GOD RECORDINGS
P.O. BOX 950, JEFFERSONVILLE, INDIANA 47131 U.S.A.
www.branham.org